04
ആഗസ്റ്റ് 2024
ഞായർ
1446 മുഹറം 29
1199 കർക്കിടകം 20
പേജ് 14
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika



ചാലിയാറിലെ തിരച്ചിൽ ഇന്ന് വനമേഖല കേന്ദ്രീകരിച്ച് 10




- ഇന്നലെ കണ്ടെടുത്തത് നാല് മൃതദേഹങ്ങൾ
- ചാലിയാറിൽ നിന്ന് മൂന്ന് മൃതദേഹങ്ങളും 13 ശരീരഭാഗങ്ങളും കൂടി ലഭിച്ചു
- 349 പേർ മരിച്ചതായി അനൗദ്യോഗിക കണക്ക്
- ഔദ്യോഗികമായി സ്ഥിരീകരിച്ചത് 218 മരണം
- മരിച്ചവരിൽ 30 കുട്ടികളും
- തിരച്ചിൽ ഇന്നും തുടരും

# ബാക്കിയില്ലൊന്നും



ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട് മുണ്ടക്കൈയിലെ തകർന്ന വീടിന്റെ അവശിഷ്ടങ്ങൾക്കുള്ളിൽ കാണാതായവർക്കായി തിരച്ചിൽ നടത്തുന്ന സൈന്യം

കെ.എസ് മുസ്തഫ
കൽപ്പറ്റ

ഒലിച്ചെത്തിയ പാറക്കൂട്ടങ്ങൾക്കും വൻമരങ്ങൾക്കും ചളിക്കൂനക്കും മറവിൽ പിഞ്ചുകുഞ്ഞുങ്ങളടക്കം നൂറ്കണക്കിന് പേർ ഇനിയും കാണാമറയത്താണ്. ഉറ്റവരുടെ ചേതനയറ്റ ശരീരമെങ്കിലും ഒരു നോക്ക് കാണാൻ, അവരവിടെയെങ്കിലും ഉണ്ടെന്നറിയാൻ തോരാത്ത കണ്ണീരുമായി ബന്ധുക്കൾ ആശുപത്രി വാതിൽക്കൽ തന്നെയയായിരുന്നു ഇന്നലെയും.

മരണമൊഴിയാത്ത ചൂരൽമല, മുണ്ടക്കൈ ഭാഗങ്ങളിൽ നിന്ന് നാല് മൃതദേഹങ്ങൾ ഇന്നലെയും കണ്ടെടുത്തു. ചാലിയാറിൽ നിന്ന് മൂന്ന് മൃതദേഹങ്ങളും 13 ശരീരഭാഗങ്ങളും കണ്ടെടുത്തതിന് പുറമെയാണിത്. ഇതോടെ മരിച്ചവരുടെ എണ്ണം 349 ആയി. 30 കുട്ടികളടക്കം 216 പേരുടെ മരണമാണ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. 143 ശരീര ഭാഗങ്ങൾ കണ്ടെത്തി. 148 മൃതദേഹങ്ങളാണ് ബന്ധുക്കൾ തിരിച്ചറിഞ്ഞത്. 212 മൃതദേങ്ങളുടെ പോസ്റ്റ്മോർട്ടം നടന്നു. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി 82 പേരാണ് ചികിത്സയിലുള്ളത്. 205 പേർ ആശുപത്രിവിട്ടു.

അവസാനത്തെ മനുഷ്യനെയും കണ്ടെത്തുമെന്ന ദൃഢനിശ്ചയത്തോടെയായിരുന്നു ഇന്നലെയും തിരച്ചിൽ. ഇന്ന് മുതൽ ഡ്രോൺ ഉപയോഗിച്ചുള്ള ആകാശ നിരീക്ഷണം ആരംഭിക്കും. മേഖലയിലെ പഴയകാല ചിത്രവുമായി താരതമ്യം ചെയ്താവും തിരച്ചിൽ. ഉരുൾപൊട്ടലിൽ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മൺകൂനകളുടെ ഉയർച്ച താഴ്ച്ച വ്യത്യാസം മനസ്സിലാക്കിയാകും പരിശോധന. പ്രഭവകേന്ദ്രങ്ങളിൽ പലയിടങ്ങളിലും യന്ത്രങ്ങൾക്കോ മനുഷ്യർക്കോ ഇതുവരെ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ കൂടുതൽ വിവരങ്ങൾ ലഭിക്കാൻ ഡ്രോൺ പരിശോധന ആവശ്യമാണ്. തിരിച്ചറിയുന്ന മുറക്ക് സൈന്യത്തിന്റെ നേതൃത്വത്തിലുള്ള രക്ഷാ പ്രവർത്തകർ, മണ്ണുമാന്തി യന്ത്രങ്ങളും മറ്റുമായി ഇവിടെ പരിശോധനകൾ നടത്തും.

ചൂരൽമലയിലും മുണ്ടക്കൈയിലും പുഞ്ചിരിമറ്റത്തും ആദ്യഘട്ട പരിശോധന പൂർത്തിയായതായി അധികൃതർ വ്യക്തമാക്കി.

എൻ.ഡി.ആർ.എഫ്, കെ 9 ഡോഗ് സ്ക്വാഡ്, ആർമി കെ 9 ഡോഗ് സ്ക്വാഡ്, സ്പെഷ്യൽ ഓപറേഷൻ ഗ്രൂപ്പ്, മദ്രാസ് എൻജിനിയറിങ് ഗ്രൂപ്പ്, പൊലിസ്, ഫയർഫോഴ്സ്, ഫോറസ്റ്റ്, തമിഴ്നാട് ഫയർ ആൻഡ് റസ്ക്യൂ, മെഡിക്കൽ ടീം, ദേശീയ ദുരന്തനിവാരണ അതോറിറ്റി ഡെൽറ്റ സ്ക്വാഡ്, നേവൽ, കോസ്റ്റ് ഗാർഡ് തുടങ്ങിയ 11 സേനാ വിഭാഗങ്ങളിലെ 1264 പേരാണ് ആറ് മേഖലകളിലായി തിരിഞ്ഞ് ഇന്നലെ തിരിച്ചിൽ നടത്തിയത്. പുഞ്ചിരി മറ്റം, മുണ്ടക്കൈ, ചൂരൽമല, വില്ലേജ് പരിസരം, സ്കൂൾ റോഡ് എന്നിവടങ്ങളിലായി 31 മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ചും പരിശോധന നടത്തി.

ദുരന്ത ബാധിത പ്രദേശത്ത് ഇന്നലെ മുതൽ രാത്രിയിൽ പൊലീസ് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. തകർന്ന വീടിനുള്ളിൽ നിന്ന് മോഷണമടക്കമുള്ള പരാതികൾ ഉയർന്ന പശ്ചാത്തലത്തിലാണിത്. ആവശ്യമില്ലാതെ ദുരന്ത ഭൂമിയിലേക്ക് എത്തുന്നവരെ തടയാനാണ് തീരുമാനം. ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച പത്ത് ക്യാമ്പും ദുരന്ത മേഖലയിൽ നിന്നും ഒഴിപ്പിച്ചവരെ താമസിപ്പിച്ച ഏഴ് ക്യാമ്പും ഉൾപ്പെടെ വയനാട് ജില്ലയിൽ നിലവിൽ 85 ദുരിതാശ്വാസ ക്യാമ്പുകളിലായി 2586 കുടുംബങ്ങളിലെ 8908 പേരാണ് കഴിയുന്നത്.

## ഔദ്യോഗിക കണക്ക് പുറത്തുവിട്ട് സർക്കാർ

# കാണാമറയത്ത് 206 പേർ

- രക്ഷാപ്രവർത്തനം അവസാന ഘട്ടത്തിലെന്ന് മുഖ്യമന്ത്രി
- തിരിച്ചറിയാത്ത മൃതദേഹങ്ങൾ കൂട്ടത്തോടെ സംസ്കരിക്കും
- സംസ്കാരത്തിന് മുമ്പ് സർവമത പ്രാർത്ഥന

തിരുവനന്തപുരം: വയനാട് ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ ഇനിയും 206 പേരെ കണ്ടെത്താനുണ്ടെന്ന് ഔദ്യോഗിക സ്ഥിരീകരണം നൽകി മുഖ്യമന്ത്രി പിണറായി വിജയൻ. ഇതുവരെ 218 പേർ മരിച്ചതായാണ് സർക്കാരിന്റെ കണക്ക്. മരണ സംഖ്യ മുന്നൂറ് പിന്നിട്ടെന്ന അനൗദ്യോഗിക റിപ്പോർട്ടുകൾക്കിടെയാണ് പുതിയ കണക്കുകൾ പുറത്തുവിട്ടത്. ഉരുൾപൊട്ടൽ നടന്ന് അഞ്ച് ദിനങ്ങൾ പിന്നിടുമ്പോൾ ഇന്നലെ രണ്ട് മൃതദേഹങ്ങളാണ് കണ്ടെടുത്തത്.

ഔദ്യോഗിക കണക്കുകൾ പ്രകാരം മരിച്ചവരിൽ 98 പുരുഷന്മാരും 90 സ്ത്രീകളും ഉൾപ്പെടുന്നു. 30 കുട്ടികളുടെ മരണവും സ്ഥിരീകരിച്ചിട്ടുണ്ട്. 217 മൃതദേഹങ്ങളുടെ പോസ്റ്റ്മോർട്ടം പൂർത്തിയാക്കി. മരിച്ചവരിൽ 152 പേരുടെ മൃതദേഹങ്ങൾ ബന്ധുക്കൾ തിരിച്ചറിഞ്ഞു. ചിന്നിച്ചിതറിയ നിലയിൽ 152 ശരീര ഭാഗങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 143 ശരീരഭാഗങ്ങളുടെ പോസ്റ്റ്മോർട്ടം പൂർത്തിയാക്കി. സംസ്കരിക്കുന്നതിനായി ജില്ലാ ഭരണകൂടത്തിന് 62 മൃതദേഹങ്ങളും 87 ശരീരഭാഗങ്ങളും കൈമാറിയതായും ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്ന് 33 മൃതദേഹങ്ങൾ ഏറ്റുവാങ്ങി ബന്ധുക്കൾക്ക് കൈമാറിയിട്ടുണ്ട്. 119 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറുകയും ചെയ്തു. 518 പേരെയാണ് ദുരന്തമേഖലയിൽ നിന്ന് ആശുപത്രികളിലേക്ക് എത്തിച്ചത്. 89 പേർ വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നുണ്ടെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

വയനാട്ടിലെ ദുരന്തഭൂമിയിൽ രക്ഷാപ്രവർത്തനം അവസാന ഘട്ടത്തിലേക്കെത്തിയിരിക്കുകയാണെന്നും ദുരന്ത മേഖലയിലും ചാലിയാറിലും തിരച്ചിൽ തുടരുകയാണെന്നും മുഖ്യമന്ത്രി അറിയിച്ചു. അതേസമയം ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ച തിരിച്ചറിയാത്ത മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് 2005ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 22, 72 പ്രകാരം സർക്കാർ പ്രത്യേക മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ മൃതദേഹങ്ങൾ സംസ്കരിക്കുക. മൃതദേഹങ്ങൾ സംസ്കരിക്കുമ്പോൾ മതപരമായ ചടങ്ങുകൾ നടത്തണമെന്ന ആവശ്യം നിലനിൽക്കുന്നതിനാൽ പഞ്ചായത്തുകൾക്ക് മുൻകയ്യെടുത്ത് സർവ്വമത പ്രാർഥന നടത്താവുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നൊമ്പരമായി നീതു; പാപ്പിക്ക് ഇനി പപ്പ മാത്രം 10

തലനാരിഴക്ക് മെഡൽ നഷ്ടം 08



02 ഹനിയ വധം റോക്കറ്റ് ആക്രമണം വിശദീകരിച്ച് ഇറാൻ

## വയനാടിന് വിദ്യാർഥികളുടെ കൈത്താങ്ങ്

മലപ്പുറം: പാണക്കാട് ദാറുൽ ഉലൂം ഹയർസെക്കന്ററി സ്കൂൾ ജെ.ആർ.സി യൂണിറ്റ് സമാഹരിച്ച വിഭവങ്ങൾ മലപ്പുറത്ത് ഐ.ആർ.സി.എസിന് കൈമാറി. അരി, പഞ്ചസാര, ചായപ്പൊടി, റവ, കുപ്പിവെള്ളം, ബിസ്ക്കറ്റ്, പുതപ്പ്, ബെഡ്ഷീറ്റ്, ലുങ്കി, തോർത്ത്, നൈറ്റി, സോപ്പ്, ബ്രഷ്, സാനിറ്ററി നാപ്കിൻ, ഡയപ്പർ തുടങ്ങിയവയാണ് സമാഹരിച്ചു നൽകിയത്. പ്രധാനാധ്യാപകൻ കെ.ജെ പോൾ, ജെ.ആർ.സി കൺവീനർ എ. മുഹമ്മദ് ഷാഫി, സ്റ്റാഫ് അംഗങ്ങളായ അസ്‌ലം, അമീർ പങ്കെടുത്തു.

## രണ്ടുദിവസം കൊണ്ട്

# മൂന്നരക്കോടി കവിഞ്ഞു

## മനുഷ്യ സ്നേഹികളുടെ കരുതൽ; മുസ്‌ലിംലീഗ് വയനാട് പുനരധിവാസ ഫണ്ടിലേക്ക് സഹായം ഒഴുകുന്നു




കോഴിക്കോട്: വയനാടിന് വേണ്ടി സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ച പുനരധിവാസ ഫണ്ട് രണ്ട് ദിവസംകൊണ്ട് തന്നെ മൂന്നരക്കോടി കവിഞ്ഞു. പ്രത്യേകം തയ്യാറാക്കിയ ആപ്പ് വഴി ഓരോ മണിക്കൂറിലും പുനരധിവാസ ഫണ്ടിലേക്ക് ആയിരങ്ങളാണ് സാന്ത്വനത്തിന്റെ കരുതലുമായി സഹായം എത്തിച്ചുകൊണ്ടിരിക്കുന്നത്. വയനാടിന്റെ കണ്ണീരൊപ്പാൻ മുസ്‌ലിം ലീഗ് പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് സംബന്ധിച്ച രൂപരേഖ തയ്യാറായിവരികയാണ്.

ദുരന്തത്തിന്റെ ആഘാതം വിട്ടുമാറാത്ത വയനാട്ടിൽ ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റിയുമായി ചേർന്ന് പി.കെ ബഷീർ എം.എൽ.എയുടെ നേതൃത്വത്തിലുള്ള സംസ്ഥാന കമ്മിറ്റിയുടെ പ്രത്യേക സമിതിയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. മുസ്‌ലിം യൂത്ത് ലീഗിന്റെ വൈറ്റ് ഗാർഡ് വളണ്ടിയർ വിഭാഗവും സേവനനിരതരാണ്. വയനാട്ടിലെ സേവനത്തിന് പുറമെ കഴിഞ്ഞ ദിവസങ്ങളിൽ നിലമ്പൂരിൽ മൃതദേഹങ്ങൾ തിരയുന്ന പ്രവർത്തനങ്ങളിലും വൈറ്റ് ഗാർഡ് സജീവമായിരുന്നു.

പുനരധിവാസ ഫണ്ട് വിജയിപ്പിക്കാൻ ജില്ല, മണ്ഡലം, പഞ്ചായത്ത്, മുനിസിപ്പൽ കമ്മിറ്റികളും പോഷക ഘടകങ്ങളുടെ കീഴ്ഘടകങ്ങളും സജീവമായി രംഗത്തിറങ്ങണമെന്ന് മുസ് ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി. എം.എ സലാം അഭ്യർത്ഥിച്ചു. പരമാവധി വീടുകൾ കേന്ദ്രീകരിച്ച് ധനസമാഹരണം നടത്തണം. വീടുകൾ കേന്ദ്രീകരിച്ചുള്ള ഫണ്ട് സമാഹരണത്തിന് ശാഖാ കമ്മിറ്റികൾ നേതൃത്വം നൽകണം. അതത് രാജ്യങ്ങളിലെ കെ.എം.സി.സി കമ്മിറ്റികൾ പ്രത്യേകം യോഗം ചേർന്ന് നിശ്ചിത സമയത്തിനകം സംസ്ഥാന കമ്മിറ്റിക്ക് തുക കൈമാറേണ്ടതാണ്. നാട്ടിലുള്ള കെ.എം.സി.സി പ്രവർത്തകർക്ക് ആപ്പ് വഴി സ്വന്തം യൂണിറ്റുകൾ തിരഞ്ഞെടുത്ത് പണമയയ്ക്കാവുന്നതാണ്.

ആഗസ്റ്റ് 15ന് ഫണ്ട് സമാഹരണം അവസാനിപ്പിച്ച് പുനരധിവാസ പാക്കേജ് അനുസരിച്ചുള്ള കാര്യങ്ങൾ വേഗത്തിലാക്കാനാണ് പാർട്ടി ഉദ്ദേശിക്കുന്നത്. കുറഞ്ഞ സമയം കൊണ്ട് തന്നെ മികച്ച പ്രതികരണമാണ് പുനരധിവാസ ഫണ്ടുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്ന് ഉണ്ടായതെന്നും ദുരന്തത്തിന് ഇരയായവരെ ചേർത്തുപിടിക്കാൻ മുസ്‌ലിംലീഗ് പ്രതിജ്ഞാബദ്ധമാണെന്നും പി.എം.എ സലാം പറഞ്ഞു.



ദുരിതമേഖലയിൽ നിന്ന് കാടിറങ്ങാൻ കൂട്ടാക്കാതിരുന്ന പണിയർ വിഭാഗത്തിൽപെട്ടവർക്ക് വനാതിർത്തി മേഖലയിൽ സംരക്ഷണമൊരുക്കിയ വനം വകുപ്പ് ഉദ്യോഗസ്ഥൻ വി.എസ് ജയചന്ദ്രനെ കെട്ടിപ്പിടിച്ചുകരയുന്ന ആദിവാസി ബാലകൃഷ്ണൻ സി.കെ തൻസീർ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 04 ഞായർ
ഗൾഫ് ചന്ദ്രിക



## പൗരത്വം ഉപേക്ഷിക്കൽ; സമ്പദ് വ്യവസ്ഥക്ക് ആഘാതം

ന്യൂഡൽഹി: ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കുന്നവരുടെ എണ്ണം വർധിച്ചുവരുന്നത് സമ്പദ് വ്യവസ്ഥക്ക് ഗുരുതര ആഘാതം സൃഷ്ടിക്കുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് ജയറാം രമേശ്. കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിങ് രാജ്യസഭയിൽ അംഗങ്ങളുടെ ചോദ്യത്തിന് നൽകിയ മറുപടിയിൽ പറയുന്നത് 2023ൽ മാത്രം 2.16 ലക്ഷം പൗരത്വം ഉപേക്ഷിച്ചുപോയെന്നാണ്. ലാഘവത്തോടെയാണ് മന്ത്രി ഇത് പറയുന്നത്. ഇത് സമ്പദ് വ്യവസ്ഥക്ക് ഏൽപ്പിക്കുന്ന ആഘാതം സർക്കാർ കാണുന്നില്ല.



## നിതിൻ അഗർവാളിനെ നീക്കി

ന്യൂഡൽഹി: സർവീസ് കാലാവധി ബാക്കി നിൽക്കെ ബി.എസ്.എഫ് മേധാവിയെ നീക്കി. ബി.എസ്.എഫ് മേധാവിയായ നിതിൻ അഗർവാളിനെ സ്ഥാനത്തു നിന്ന് നീക്കി കേരള കേഡറിലേക്ക് തിരിച്ചയച്ചു. നിതിൻ അഗർവാളിനു പുറമെ ബി.എസ്.എഫ് വെസ്റ്റ് സ്പെഷ്യൽ ഡി.ജി (വെസ്റ്റ്) വൈ.ബി ഖുറാനിയയെയും നീക്കി. 2026 വരെ നിതിൻ അഗർവാളിന്റെ കാലാവധി നിലനിൽക്കെയാണ് കേന്ദ്രത്തിന്റെ അസാധാരണ നടപടി. ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിച്ച യോഗത്തിനു ശേഷമാണ് മാറ്റം. ഏകോപനത്തിലെ പാളിച്ചയടക്കം ചൂണ്ടിക്കാട്ടിയാണ് നിതിൻ അഗർവാളിനെ ബി.എസ്.എഫ് തലപ്പത്തുനിന്ന് നീക്കിയത്.

**വിദേശ വാർത്തകൾ**

ചുരുക്കത്തിൽ



### പ്രമുഖ നർത്തകി യാമിനി കൃഷ്ണ മൂർത്തി അന്തരിച്ചു

ന്യൂഡൽഹി: പ്രമുഖ നർത്തകിയും പത്മ പുരസ്കാര ജേത്രിയുമായിരുന്ന യാമിനി കൃഷ്ണമൂർത്തി (84) അന്തരിച്ചു. വാർധക്യ സഹജമായ അസുഖങ്ങളെതുടർന്ന് ഡൽഹി അപ്പോളോ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ രാവിലെ ഒമ്പത് മണിയോടെയായിരുന്നു അന്ത്യം. രണ്ട് സഹോദരിമാരുണ്ട്. ക്ലാസിക്കൽ ഡാൻസ് കരിയറായി തിരഞ്ഞെടുത്ത യാമിനി പിന്നീട് ഭരതനാട്യത്തിൽ പ്രത്യേകം ശ്രദ്ധയൂന്നി. 1968ൽ പത്മശ്രീയും 2001ൽ പത്മഭൂഷണും 2016ൽ പത്മവിഭൂഷണും നൽകി രാജ്യം ആദരിച്ചിരുന്നു.

### താജ് മഹലിനുള്ളിൽ ഗംഗാജലം ഒഴിച്ച് തീവ്രഹിന്ദുത്വ പ്രവർത്തകർ

ലക്നോ: താജ്മഹലിനുള്ളിൽ ഗംഗാജലം ഒഴിച്ച് തീവ്ര ഹിന്ദുത്വ പ്രവർത്തകർ. സംഭവത്തിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്നു. രണ്ടംഗ അക്രമി സംഘത്തെ കസ്റ്റഡിയിൽ എടുത്തതായും ഇവരെ പൊലീസിന് കൈമാറിയതായും സുരക്ഷാ ഉദ്യോഗസ്ഥർ വ്യക്തമാക്കി.

കുടിവെള്ള ബോട്ടിലിൽ ഗംഗാജലം നിറച്ച് ഇതുമായി താജ്മഹലിനകത്തു കയറിയാണ് അക്രമികൾ ഖബറിടത്തിനു മുകളിൽ ഒഴിക്കുകയും നിലത്ത് തളിക്കുകയും ചെയ്തത്. വിനേഷ് ചൗധരി, ശ്യാം കുമാർ എന്നിവരാണ് കൃത്യം നടത്തിയതെന്ന് ചരിത്രസ്മാരകത്തിന്റെ സുരക്ഷാചുതലയുള്ള സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് അറിയിച്ചു. ഒരാൾ വെള്ളം ഒഴിക്കുകയും മറ്റൊരാൾ വീഡിയോ പകർത്തുകയുമായിരുന്നു. അതേസമയം നടപടിയെ ന്യായീകരിച്ച് ആൾ ഇന്ത്യാ ഹിന്ദു മഹാസഭ രംഗത്തെത്തി. അക്രമികൾ രണ്ടുപേരും ഹിന്ദു മഹാസഭാ പ്രവർത്തകരാണെന്ന് ഹിന്ദുമഹാസഭാ വക്താവ് സഞ്ജയ് ജാട്ട് പറഞ്ഞു.

കസ്റ്റഡിയിൽ എടുത്ത യുവാക്കളെ കൂടുതൽ ചോദ്യം ചെയ്യലിനായി താജ്ഗഞ്ച് പൊലീസ് സ്റ്റേഷനിലേക്ക് മാറ്റിയതായി ആഗ്ര സനീയർ പൊലീസ് ഓഫീസർ അറിയിച്ചു. ഇരുവർക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### വിദ്യാർത്ഥി ഓടിച്ച കാറിടിച്ച് യുവതി മരിച്ചു

കാൺപൂർ: ഉത്തർപ്രദേശിലെ കാൺപൂരിൽ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥി ഓടിച്ച കാർ നിയന്ത്രണം വിട്ട് സ്കൂട്ടർ യാത്രക്കാരെ ഇടിച്ചു തെറിപ്പിച്ചു. സ്കൂട്ടർ യാത്രക്കാരിയായ യുവതി മരിച്ചു. കൂടെയുണ്ടായിരുന്ന ഇവരുടെ മകൾക്ക് ഗുരുതരമായി പരിക്കേറ്റു.

സ്കൂളിൽ നിന്ന് ക്ലാസ് കട്ട് ചെയ്ത് കാറിൽ കറങ്ങാനിറങ്ങിയ വിദ്യാർത്ഥികൾ സഞ്ചരിച്ച വാഹനമാണ് അപകടം വരുത്തിയത്. കാർ ഓടിച്ച വിദ്യാർത്ഥിക്കു പുറമെ മൂന്ന് സഹപാഠികളും കാറിലുണ്ടായിരുന്നു. അമിത വേഗതയിലെത്തിയ കാർ സ്കൂട്ടർ യാത്രക്കാരെ ഇടിച്ചു തെറിപ്പിക്കുന്നതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പുറത്തുവന്നു. നൂറകിലോമീറ്ററിലധികം വേഗതയിലാണ് കാർ സഞ്ചരിച്ചിരുന്നതെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. കാർ ഓടിച്ച വിദ്യാർത്ഥിക്കെതിരെയും രക്ഷിതാവിനെതിരെയും കേസെടുത്തതായി പൊലീസ് പറഞ്ഞു.

## ഹനിയ്യ വധം: അഭ്യൂഹങ്ങൾ പലതരം

# റോക്കറ്റാക്രമണമെന്ന് ഇറാൻ വിശദീകരണം

തെഹ്റാൻ: ഹമാസ് രാഷ്ട്രീയ മേധാവി ഇസ്മാഈൽ ഹനിയ്യ കൊല്ലപ്പെട്ടത് ഹ്രസ്വദൂര റോക്കറ്റാക്രമണത്തിലാണെന്ന് ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ്. തലസ്ഥാനമായ തെഹ്റാനിൽ അദ്ദേഹം താമസിച്ചിരുന്ന ഗസ്റ്റ് ഹൗസിനു പുറത്തുനിന്നാണ് ഏഴു കിലോഗ്രാം സ്ഫോടക വസ്തുക്കളുമായി റോക്കറ്റ് വിക്ഷേപിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ഹനിയ്യയുടെ കൊലപാതകത്തിന് ഉചിതമായ സമയത്ത് ഉചിതമായ സ്ഥലത്തുവെച്ച് തന്നെ ഇസ്രാഈലിനെ ശിക്ഷിക്കുമെന്ന് റെവല്യൂഷണറി ഗാർഡ് വ്യക്തമാക്കി. അമേരിക്കയിലെ ക്രിമിനൽ ഭരണകൂടത്തിന്റെ അറിവോടെയും പിന്തുണയോടെയുമാണ് കൊലപാതകം നടത്തിയതെന്ന് ഇറാൻ ആരോപിക്കുന്നുണ്ട്. പശ്ചിമേഷ്യയെ കൂടുതൽ വലിയ സംഘർഷത്തിലേക്ക് തള്ളിയ ആക്രമണത്തിൽ തങ്ങൾക്ക് പങ്കില്ലെന്നാണ് അമേരിക്ക പറയുന്നത്. ഇറാന്റെ പുതിയ പ്രസിഡന്റ് മസ്ഊദ് പെസഷ്കിയാൻ ചുമതലയേൽക്കുന്ന ചടങ്ങിൽ പങ്കെടുക്കാനെത്തിയ ഹനിയ്യയെ കൊലപ്പെടുത്താൻ ഇസ്രാഈലിന്റെ മൊസാദ് മാസങ്ങൾക്കുമുമ്പ് തന്നെ പദ്ധതി തയാറാക്കിയിരുന്നതായി റിപ്പോർട്ടുണ്ട്. തെഹ്റാനിൽ ഇസ്ലാമിക റെവല്യൂഷണറി ഗാർഡിന്റെ സംരക്ഷണ വലയത്തിലുള്ള ഗസ്റ്റ് ഹൗസിലാണ് സ്ഫോടനമുണ്ടായത്. രണ്ട് മാസം മുമ്പ് തന്നെ അദ്ദേഹം തങ്ങുന്ന മുറിയിൽ ബോംബ് സ്ഥാപിച്ചിരുന്നുവെന്ന ന്യൂയോർക്ക് ടൈംസ് വാർത്തക്ക് വിരുദ്ധമാണ് ഇസ്ലാമിക് റെവല്യൂഷണറി ഗാർഡിന്റെ വെളിപ്പെടുത്തൽ. കൊലപാതകവുമായി ബന്ധപ്പെട്ട് ഇപ്പോഴും അവ്യക്തത തുടരുകയാണ്. അന്വേഷണ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഇസ്രാഈലിന് എങ്ങനെ മറുപടി നൽകണമെന്ന് ഇറാൻ സേന തീരുമാനിക്കുകയെന്ന് സുരക്ഷാ വിദഗ്ധർ പറയുന്നു.

ഹനിയ്യ വധവുമായി ബന്ധപ്പെട്ട് ഇറാൻ നിരവധി സംശയങ്ങൾക്ക് മറുപടി പറയേണ്ടതുണ്ട്. മാസങ്ങൾക്കുമുമ്പ് മുറിയിൽ ബോംബ് സ്ഥാപിച്ചതാണെങ്കിൽ കനത്ത സുരക്ഷയുണ്ടായിട്ടും ഏങ്ങനെ സാധ്യമായെന്ന ചോദ്യം പ്രധാനമാണ്. റോക്കറ്റാണക്രമണമാണെങ്കിൽ ഇറാനിലേക്ക് സ്ഫോടക വസ്തു കടത്തിക്കൊണ്ടുവന്നത് വൻ സുരക്ഷാ വീഴ്ചയായി വിലയിരുത്തപ്പെടുന്നു. ബെയ്റൂത്തിൽ ഹിസ്ബുല്ല കമാൻഡർ ഫുആദ് ഷുക്ർ ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ട് മണിക്കൂറുകൾക്കകമാണ് ഹനിയ്യയും കൊല്ലപ്പെട്ടത്.



ഇസ്മാഈൽ ഹനിയ്യ

### ഇറാനിൽ രണ്ട് മൊസാദ് ഏജന്റുമാർ; മൂന്നു മുറികളിൽ ബോംബ്

വാഷിങ്ടൺ: ഇസ്രാഈലി ചാരസംഘടനയായ മൊസാദ് ഹമാസ് തലവൻ ഇസ്മാഈൽ ഹനിയ്യയെ വധിച്ചത് ഇറാനിലെ സുരക്ഷാ ഉദ്യോഗസ്ഥരെ ഉപയോഗിച്ചാണെന്ന് ദി ടെലഗ്രാഫ്. ഇറാൻ ഉദ്യോഗസ്ഥരെ ഉദ്ധരിച്ചാണ് റിപ്പോർട്ട്. വിമാനാപകടത്തിൽ കൊല്ലപ്പെട്ട ഇറാൻ മുൻ പ്രസിഡന്റ് ഇബ്രാഹിം റഈസിയുടെ ഖബറടക്ക ചടങ്ങിൽ പങ്കെടുക്കാനായി തെഹ്റാനിലെത്തിയപ്പോൾ വധിക്കാനായിരുന്നു ആദ്യ പ്ലാൻ. അനിയന്ത്രിത ജനക്കൂട്ടമുണ്ടായതിനെത്തുടർന്ന് ശ്രമം ഉപേക്ഷിക്കുകയായിരുന്നു. ഏറെ നാളത്തെ ആസൂത്രണത്തിനൊടുവിലാണ് കഴിഞ്ഞ ദിവസം അദ്ദേഹത്തെ വധിച്ചത്. പരിഷ്കരിച്ച പദ്ധതിയുമായി ഹനിയ്യ താമസിച്ചിരുന്ന ഗസ്റ്റ് ഹൗസിലെ മൂന്നു മുറികളിൽ ബോംബ് സ്ഥാപിച്ചു. വിദൂര നിയന്ത്രിത ഉപകരണം ഉപയോഗിച്ച് സ്ഫോടനം നടത്തുകയായിരുന്നുവെന്ന് ദി ടെലഗ്രാഫ് റിപ്പോർട്ട് ചെയ്തു.



തിയോഡോർ റൂസ്വെൽറ്റ് വിമാനവാഹിനി

## ഇസ്രാഈലിന് സംരക്ഷണമൊരുക്കി

# ഇറാനെതിരെ യു.എസ് യുദ്ധക്കപ്പലുകൾ

തെഹ്റാൻ: ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യയുടെ കൊലപാതത്തിന് മറുപടി നൽകാൻ ഇറാൻ തയാറെടുപ്പ് ആരംഭിച്ച പശ്ചാത്തലത്തിൽ ഇസ്രാഈലിന് സംരക്ഷണമൊരുക്കാൻ പശ്ചിമേഷ്യയിലേക്ക് യുദ്ധക്കപ്പലുകളും പോർവിമാനങ്ങളും അയച്ച് അമേരിക്ക. ഇറാനും സഖ്യകക്ഷികളും ആക്രമണത്തിന് മുതിർന്നാൽ ഇസ്രാഈലിനെ സഹായിക്കാനാണ് ഇതെന്ന് യു.എസ് പ്രതിരോധ വിഭാഗം അറിയിച്ചു. ഇറാനിൽ ഹനിയ്യയും ലബനാനിൽ മുതിർന്ന ഹിസ്ബുല്ല കമാൻഡറും കൊല്ലപ്പെട്ട ശേഷം എന്തും സംഭവിക്കാമെന്നിരിക്കെ പശ്ചിമേഷ്യയിൽ യുദ്ധഭീതി വളർന്നിട്ടുണ്ട്. ഇറാന്റെ തീരത്തുനിന്ന് 10 കിലോമീറ്റർ അകലെ ഹോർമുസ് കടലിടുക്കിൽ അമേരിക്കൻ വിമാനവാഹിനിയായ തിയോഡോർ റൂസ്വെൽറ്റ് നങ്കൂരമിട്ടിട്ടുണ്ട്.

ഇസ്രാഈലിന് സംരക്ഷണ കവചമൊരുക്കി കൂടുതൽ ബാലിസ്റ്റിക് മിസൈൽ വേധ യുദ്ധക്കപ്പലുകളും യുദ്ധവിമാന സ്ക്വാഡ്രനും വിന്യസിക്കാൻ യു.എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിൻ ഉത്തരവിട്ടു. ഒക്ടോബർ ഏഴിന് നടന്ന ഹമാസ്ആക്രമത്തിനുശേഷം പശ്ചിമേഷ്യയിൽ തങ്ങളുടെ ജനങ്ങളെയും താൽപര്യങ്ങളെയും സംരക്ഷിക്കുമെന്ന് പ്രതിരോധ സെക്രട്ടറി ആവർത്തിച്ച് വ്യക്തമാക്കിയതാണെന്ന് പെന്റഗൺ ഡെപ്യൂട്ടി പ്രസ് സെക്രട്ടറി സബ്രീന സിങ് പറഞ്ഞു. ഏപ്രിലിൽ ദമസ്കസിലെ എംബസിക്കുനേരെയുണ്ടായ ആക്രണത്തിന് മറുപടിയായി ഇറാൻ ഇസ്രാഈലിനുനേരെ അയച്ച മിസൈലുകളും ഡ്രോണുകളും വെടിവെച്ചിവെടാൻ അമേരിക്കയും ബ്രിട്ടനും ജോർദാനും സഹായിച്ചിരുന്നു.

### മൊഗാദിഷു ബീച്ചിൽ അൽശബാബ് ആക്രമണം; 32 മരണം

മൊഗാദിഷു: സോമാലിയൻ തലസ്ഥാനമായ മൊഗാദിഷുവിലെ തിരക്കേറിയ ബീച്ചിൽ അൽശബാബ് തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ 32 പേർ കൊല്ലപ്പെട്ടു. 63 പേർക്ക് പരിക്കേറ്റു. ബീച്ച് വ്യൂ ഹോട്ടലിന്റെ പ്രവേശന കവാടത്തിൽ നടത്തിയ ചാവേർ സ്ഫോടനത്തോടെയാണ് ആക്രമണത്തിന്റെ തുടക്കം. അതോടൊപ്പം ഒരുകൂട്ടം അക്രമികൾ ഹോട്ടലിലേക്ക് ഇരച്ചുകയറാൻ ശ്രമിക്കുകയും ബീച്ചിൽ ഇരിക്കുന്നവർക്കുനേരെ വെടിവെക്കുകയും ചെയ്തു.

അൽഖാഇദയുമായി ബന്ധമുള്ള തീവ്രവാദ സംഘടനയായ അൽശബാബ് ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിട്ടുണ്ട്. പരിക്കേറ്റവരിൽ ഏറെപ്പേരുടെയും നില അതീവ ഗുരുതരമാണ്. അക്രമികളെ സുരക്ഷാ ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തുവെച്ചു തന്നെ കൊലപ്പെടുത്തി. സ്ഫോടക വസ്തുക്കൾ നിറച്ച കാറുമായി രക്ഷപ്പെടാൻ ശ്രമിച്ച ഒരാളെ പിടികൂടി. ഏറ്റുമുട്ടലിൽ ഒരു സൈനികൻ കൊല്ലപ്പെടുകയും മറ്റൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തു. മൊഗാദിഷുവിൽ ഏറെ പ്രശസ്തമായ ലിഡോ ബീച്ചിൽ വെള്ളിയാഴ്ച വൈകുന്നേരങ്ങളിൽ ധാരാളം പേർ എത്താറുണ്ട്. സോമാലിയയിൽ ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുന്ന അൽശബാബ് പതിനേഴ് വർഷത്തിലേറെയായി പോരാട്ടത്തിൽ ഭരണകൂടവുമായി പോരാട്ടത്തിലാണ്.

# ഗസ്സയിലും വെസ്റ്റ്ബാങ്കിലും മനുഷ്യക്കശാപ്പ് തുടരുന്നു

### സ്കൂളിനുനേരെ വ്യോമാക്രമണം; 10 മരണം

ഗസ്സ: സ്ത്രീകളും കുട്ടികളുമടക്കം പതിനായിരങ്ങളെ കൊലപ്പെടുത്തി ഗസ്സയിൽ കണ്ണിൽ ചോരയില്ലാത്ത ക്രൂരകൃത്യങ്ങൾ തുടരുന്ന ഇസ്രാഈൽ അധിനിവേശ വെസ്റ്റ്ബാങ്കിലും ഫലസ്തീനികളെ കൊന്നുതള്ളുന്നു. ഗസ്സ സിറ്റിയിൽ അഭയാർത്ഥികളെ പാർപ്പിച്ചിരിക്കുന്ന സ്കൂളിനുനേരെയുണ്ടായ ആക്രമണത്തിൽ പത്തുപേരും ബുറൈജ് അഭയാർത്ഥി ക്യാമ്പിൽ ഒരു വീടിനുനേരെയുണ്ടായ ബോംബാക്രമണത്തിൽ മൂന്ന് പേരും കൊല്ലപ്പെട്ടു. ഖാൻ യൂനിസിന് സമീപം ഒരു കുട്ടിയും മൂന്ന് സ്ത്രീകളുമടക്കം അഞ്ചുപേരും സെയ്തൂനിൽ രണ്ടുപേരും കൊല്ലപ്പെട്ടു. ഇതോടെ പത്ത് മാസമായി തുടരുന്ന കൂട്ടക്കുരുതിയിൽ മരണനിരക്ക് 39,550 ആയി.

അതേസമയം അധിനിവേശ വെസ്റ്റ് ബാങ്കിലെ തൂൽകറമിൽ ഒരു വാഹനത്തിനുനേരെയുണ്ടായ ഇസ്രാഈൽ ആക്രമണത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു. സൈനിക ഹെലികോപ്ടറുകൾ തൂൽകറമിനെ ഉഴുതുമറിക്കുന്നതോടൊപ്പം ബോംബുവർഷവും തുടരുന്നുണ്ട്. തൂൽകറമിൽ ഇസ്രാഈൽ സേന മാധ്യമപ്രവർത്തകർക്കുനേരെ കണ്ണീർവാതകം പ്രയോഗിച്ചു. അതേസമയം ഇസ്രാഈലിന്റെ ഇന്റലിജൻസ് മേധാവിമാർ വെടിനിർത്തൽ ചർച്ചകൾക്കായി ഈജിപ്തിലെത്തി. ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യ കൊല്ലപ്പെട്ട പ്രത്യേക പശ്ചാത്തലത്തിൽ ചർച്ചകൾക്ക് ഏറെ പ്രസക്തിയുണ്ട്.

### ബംഗ്ലാദേശിൽ വീണ്ടും പ്രതിഷേധം

ധാക്ക: ബംഗ്ലാദേശിലെ സംവരണ വിരുദ്ധ വിദ്യാർത്ഥി പ്രക്ഷോഭത്തിൽ കൊല്ലപ്പെട്ടവർക്കും അറസ്റ്റിലായവർക്കും നീതി ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധക്കാർ വീണ്ടും തെരുവിൽ. പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയെ കൂടുതൽ സമ്മർദ്ദത്തിലാക്കി രാജ്യവ്യാപക നിസ്സഹകരണ പ്രക്ഷോഭത്തിന് തുടക്കം കുറിക്കുകയാണെന്ന് വിദ്യാർത്ഥി നേതാക്കൾ അറിയിച്ചു. തലസ്ഥാനമായ ധക്കായിലെ ഗാസിപൂർ, കോമില്ല ജില്ലകളിൽ പ്രതിഷേധക്കാരും പൊലീസും ഏറ്റുമുട്ടി.

കഴിഞ്ഞ മാസം രാജ്യവ്യാപകമായി നടന്ന സംവരണ വിരുദ്ധ പ്രക്ഷോഭത്തിൽ 200ലേറെ പേർ കൊല്ലപ്പെടുകയും ആയിരക്കണക്കിന് ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. വിവാദ സംവരണ നിയമം സുപ്രീംകോടതി റദ്ദാക്കിയതോടെയാണ് പ്രക്ഷോഭം അവസാനിപ്പിച്ചത്. ഇന്നലെ സർക്കാരിന്റെ രാജി ആവശ്യപ്പെട്ട് പുനരാരംഭിച്ച പ്രക്ഷോഭത്തിന് പിന്തുണ അറിയിച്ച് ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ രംഗത്തെത്തിയിട്ടുണ്ട്. അതേസമയം പ്രതിഷേധക്കാരുമായി ചർച്ച നടത്താൻ ഷെയ്ഖ് ഹസീന സന്നദ്ധത അറിയിച്ചു. ചർച്ചക്കായി വാതിൽ തുറന്നിരിക്കുകയാണെന്നും വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ കേൾക്കാൻ തയാറാണെന്നും അവർ വ്യക്തമാക്കി. പ്രക്ഷോഭങ്ങളെ അടിച്ചമർത്തുന്നതിനെതിരെ അമേരിക്കയും യൂറോപ്യൻ യൂണിനയും ബംഗ്ലാദേശ് ഭരണകൂടത്തിന് മുന്നറിയിപ്പ് നൽകിയിരുന്നു.

## യു.പിയിൽ മുസ്ലിം യുവാവിന്റെ വീടിന് തീവെച്ചു; സംഘർഷം

ലക്നോ: ഉത്തർപ്രദേശിലെ സിരോളിയിൽ ഇതര സമുദായത്തിൽ പെട്ട പെൺകുട്ടിയെ പ്രണയിച്ചെന്നാരോപിച്ച് മുസ്ലിം യുവാവിന്റെ വീടിന് തീവെച്ചു. സംഭവത്തെച്ചൊല്ലി ഇരു വിഭാഗങ്ങൾ തമ്മിൽ പ്രശ്നങ്ങൾ ഉടലെടുത്തതോടെ പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുകയാണ്.

സിരോളിയിലെ ശിവനഗർ വില്ലേജിൽ ചന്ദുപുരയിലാണ് സംഭവം. പ്രദേശവാസിയായ മൈക്കുലാൽ എന്നയാൾ 19 വയസ്സുള്ള തന്റെ മകളെ കാണാനില്ലെന്ന് കാണിച്ച് കഴിഞ്ഞ ദിവസം പൊലീസിൽ പരാതി നൽകിയിരുന്നു. ഇതേതുടർന്ന് പൊലീസ് അന്വേഷണം നടക്കുന്നതിനിടെ ഇതേ നാട്ടുകാരൻ തന്നെയായ 21 വയസ്സുള്ള സദ്ദാം എന്നയാൾക്കൊപ്പം പെൺകുട്ടി സിരോളി പൊലീസ് സ്റ്റേഷനിൽ ഹാജരായി. ഇഷ്ടത്തിലായതിനെതുടർന്നാണ് സദ്ദാമിനൊപ്പം പോയതെന്ന് യുവതി മൊഴി നൽകിയെങ്കിലും പിതാവിനെ വിളിച്ചുവരുത്തി പെൺകുട്ടിയെ പൊലീസ് പിതാവിനൊപ്പം അയക്കുകയായിരുന്നു. പരാതിയില്ലെന്ന് മൈക്കുലാൽ എഴുതി നൽകിയതിനെതുടർന്ന് സദ്ദാമിനെ പൊലീസ് കസ്റ്റഡിയിൽ ചോദ്യം ചെയ്ത ശേഷം വിട്ടയച്ചു. അടുത്ത ദിവസം രാത്രി ഒരു സംഘം ആളുകൾ സദ്ദാമിന്റെ വീടിന്റെ വാതിൽ തകർത്ത് അകത്ത് കടന്ന് പെട്രോളൊഴിച്ച് വീടിന് തീ കൊളുത്തുകയായിരുന്നു. നാട്ടുകാർ വിവരം അറിയിച്ചെങ്കിലും സ്ഥലത്തെത്തിയ പൊലീസ് അക്രമികളെ തടയാൻ കൂട്ടാക്കിയില്ലെന്നാരോപിച്ച് ജനം തമ്പടിച്ചത് സംഘർഷാവസ്ഥ സൃഷ്ടിച്ചു.

ഉന്നത പൊലീസ് ഉദ്യോഗസ്ഥർ ഇടപെട്ടാണ് രംഗം തൽക്കാലത്തേക്ക് ശാന്തമാക്കിയത്. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയെന്നാരോപിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസറേയും രണ്ട് പൊലീസുകാരെയും സസ്പെന്റു ചെയ്തു.

## ഹൈദരാബാദ് ഭീകരാക്രമണകേസ് പ്രതിയെ ഡൽഹി കേസിൽ വെറുതെ വിട്ടു

### വിട്ടയച്ചത് തെളിവുകളുടെ അഭാവത്തിൽ

മുംബൈ: ഹൈദരാബാദ് ഭീകരാക്രമണ കേസിൽ വധശിക്ഷക്കു വിധിക്കപ്പെട്ട ഇന്ത്യൻ മുജാഹിദീൻ പ്രവർത്തകൻ ഐജാസ് ഷെയ്ഖിനെ ഡൽഹി കേസിൽ വെറുതെവിട്ടു. ന്യൂഡൽഹിയിൽ ഭീകരാക്രമണം സംബന്ധിച്ച് നിരോധിത സംഘടനക്കുവേണ്ടി ഇ-മെയൽ സന്ദേശം അയക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്ത സംഭവത്തിൽ 2010-ൽ രജിസ്റ്റർ ചെയ്ത കേസിലാണ് മുംബൈ കോടതി ഇയാളെ കുറ്റവിമുക്തനാക്കിയത്. തെളിവുകളുടെ അഭാവത്തിൽ പ്രത്യേക ജഡ്ജി ബി.ഡി ഷെൽക്കെയാണ് ഇതുസംബന്ധിച്ച വിധി പ്രസ്താവം നടത്തിയത്. ബി.പി.ഒയിൽ ജോലി ചെയ്തിരുന്ന സാങ്കേതിക വിദഗ്ധനായ ഐജാസ് ഷെയ്ഖ് നിലവിൽ ഹൈദരാബാദ് ജയിലിലാണ്.

2015 ഫെബ്രുവരിയിലാണ് മുംബൈ ക്രൈംബ്രാഞ്ച് ഭീകരവാദ മെയിൽ സന്ദേശവുമായി ബന്ധപ്പെട്ട് ഷെയ്ഖിനെ അറസ്റ്റു ചെയ്തത്. ഇംഗ്ലണ്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബിബിസി ചാനലിനു നേരെ ഇന്ത്യൻ മുജാഹിദീൻ ആക്രമണം നടത്തുമെന്ന് അറിയിച്ച് 2010 ഒക്ടോബർ പത്തിന് അയച്ച മെയിലുമായി ബന്ധപ്പെട്ടായിരുന്നു അറസ്റ്റ്. മറ്റൊരാളുടെ പേരിൽ സിം കാർഡ് സ്വന്തമാക്കിയതിനും ഭീഷണി സന്ദേശങ്ങൾ അയച്ചതിനും വ്യാജരേഖ ചമച്ചതിനുമാണ് ഇയാൾക്കെതിരെ കേസെടുത്തത്.

വ്യാജ തിരിച്ചറിയൽ രേഖകളിൽ ഷെയ്ഖ് സിം കാർഡുകൾ വാങ്ങിയ കട ഉടമ ഉൾപ്പെടെ എട്ടു സാക്ഷികളെ പ്രോസിക്യൂഷൻ വിസ്തരിച്ചു.

എഫ്.ഐ.ആറിൽ പറഞ്ഞിരിക്കുന്ന ഐ.പി അഡ്രസ്സ് നോർവേയുടേതാണെന്ന് പ്രതികൾക്കുവേണ്ടി ഹാജരായ അഭിഭാഷകൻ ഹസ്നൈൻ കാസി വാദിച്ചു.

ഇ-മെയിൽ മുംബൈയിൽ നിന്നാണയച്ചതെന്ന് തെളിയിക്കുന്നതിന് ഉതുകുന്ന തെളിവുകളൊന്നും വാദി ഭാഗം ഹാജരാക്കിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

# ഉത്തരാഖണ്ഡിൽ മഴക്കെടുതി രൂക്ഷം

ഡെറാഡൂൺ: ഉത്തരാഖണ്ഡിൽ രണ്ടു ദിവസമായി തുടരുന്ന ശക്തമായ മഴയിൽ കെടുതികൾ രൂക്ഷം. നിരവധി റോഡുകളും പാലങ്ങളും ഒലിച്ചുപോയി. വീടുകൾ തകർന്നു. കൂറ്റൻ മരങ്ങൾ കടപുഴകി വീണും മറ്റും വൈദ്യുതി ബന്ധവും തകരാറിലായി. കാലവർഷക്കെടുതി സംബന്ധിച്ച മുന്നറിയിപ്പുണ്ടായിരുന്നതിനാൽ മുൻകരുതൽ നടപടികൾ സ്വീകരിച്ചത് വഴി ആളപായം ഒഴിവാക്കാനായി. ദുരന്ത സാധ്യത മുന്നിൽ കണ്ട് നിരവധി പേരെ മാറ്റിപ്പാർപ്പിച്ചിരുന്നു. സ്കൂളുകൾക്കും അവധി നൽകിയിരുന്നു. അതേസമയം റോഡുകൾ തകർന്നതോടെ നിരവധി പ്രദേശങ്ങളിൽ വിനോദ സഞ്ചാരികളും തീർത്ഥാടകരും ഉൾപ്പെടെ കുടുങ്ങിക്കിടക്കുന്നതായി റിപ്പോർട്ടുണ്ട്.

ദേശീയ ദുരന്ത നിവാരണ സേനയുടെ നേതൃത്വത്തിൽ രക്ഷാ പ്രവർത്തനം തുടരുകയാണ്. താഴ്ന്ന പ്രദേശങ്ങളെല്ലാം വെള്ളത്തിലായിട്ടുണ്ട്. ബന്ദഗരിയിൽ കുടുങ്ങിയ 40ഓളം പേരെ രക്ഷപ്പെടുത്തിയതായി റാഞ്ചി നഗരഭരണകൂടം അറിയിച്ചു.

റാഞ്ചി മുനിസിപ്പൽ കോർപ്പറേഷൻ ദുരിത ബാധിതർക്കായി കൺട്രോൾ റൂം തുറന്നു. ബൊക്കാരോ ജില്ലയിലെ ഗോമിയ ബ്ലോക്കിൽ ബൊക്കാരെ പട്ടണത്തെ ധുംറി, ഗിരിഡ് ജില്ലകളെ ബന്ധിപ്പിക്കുന്ന പാലം മഴയിൽ ഒലിച്ചുപോയി. കന്ദാറ വില്ലേജിനെ ഗുംല, ലോഹർദഗ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡും മഴയിൽ പൂർണമായി തകർന്നു. ചൈൻപൂർ ബ്ലോക്കിൽ റോഡ് ഒലിച്ചുപോയതിനെതുടർന്ന 15,000ത്തോളം ഗ്രാമീണർ ഒറ്റപ്പെട്ടു. രാംഗഢ്, രാജരപ്പ ക്ഷേത്രത്തിൽ നിരവധി തീർത്ഥാടകർ കുടുങ്ങിക്കിടക്കുകയാണ്. ഇവിടേക്ക് രക്ഷാ പ്രവർത്തകർക്ക് എത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് വിവരം. ദാമോദർ നദിക്കു കുറുകെ നിർമ്മിച്ച പാലം വഴിയാണ് ക്ഷേത്രത്തിലേക്ക് എത്താനും പുറത്തു പോകാനുമുള്ള വഴി. കനത്ത മഴയിൽ പാലം ഒലിച്ചുപോയതോടെയാണ് നിരവധി പേർ ക്ഷേത്രത്തിൽ കുടുങ്ങിയതെന്ന് ക്ഷേത്രത്തിലെ പൂജാരി അജയ് പാണ്ഡ ഫോണിലൂടെ പ്രതികരിച്ചു.

### ഹിമാചൽ മേഘവിസ്ഫോടനം മരണം 50 കവിഞ്ഞു

ഷിംല: ഹിമാചൽ പ്രദേശിലുണ്ടായ മേഘ വിസ്ഫോടനത്തിലും മലവെള്ളപ്പാച്ചിലിലും മരിച്ചവരുടെ എണ്ണം 50 കവിഞ്ഞു. നിരവധി പേരെ ഇനിയും കാണാനില്ലെന്നാണ് റിപ്പോർട്ട്. മേഘവിസ്ഫോടനമുണ്ടായ സമേജിൽ വ്യാപക നാശനഷ്ടമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. നിരവധി വീടുകളും കെട്ടിടങ്ങളും തകർന്നു. റോഡുകളും പാലങ്ങളും ഒലിച്ചുപോയി. സമേജ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പൂർണമായും തകർന്നു. ഇവിടെ എട്ട് വിദ്യാർത്ഥികളെ കാണാതായിട്ടുണ്ട്. ദുരന്തം നടക്കുമ്പോൾ സ്കൂളിൽ 72 വിദ്യാർത്ഥകിളുണ്ടായിരുന്നു. അപകട സാധ്യത മുന്നിൽ കണ്ട് കുട്ടികളെ കെട്ടിടത്തിന് പുറത്തേക്ക് മാറ്റിയതാണ് നിരവധി പേർക്ക് രക്ഷയായത്.

50ലധികം പേർ മരിച്ചതായാണ് കണക്കാക്കുന്നതെന്ന് ദുരന്തസ്ഥലം സന്ദർശിച്ച മന്ത്രി വിക്രമാദിത്യ സിങ് പറഞ്ഞു. നടപടി ക്രമങ്ങൾ പൂർത്തിയാക്കി മാത്രമേ മരണം എത്രയെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കാനാവൂ. ദുരന്ത മേഖലയിൽ സർക്കാർ സാധ്യമായ എല്ലാ ഇടപെടലും നടത്തുന്നുണടെന്നും മുൻ മുഖ്യമന്ത്രി വീർഭദ്ര സിങിന്റെ മകൻ കൂടിയായ വിക്രമാദിത്യ സിങ് പറഞ്ഞു.

മുഖ്യമന്ത്രി സുഖ് വീന്ദർ സിങ് സുഖുവും സമേജിൽ സന്ദർശനം നടത്തി. പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരേയും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരേയും മുഖ്യമന്ത്രി നേരിട്ടെത്തി ആശ്വസിപ്പിച്ചു. ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് 50,000 രൂപ വീതം അടിയന്തര ധനസഹായം കൈമാറാൻ നടപടി സ്വീകരിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കും. നാശനഷ്ടങ്ങളുടെ കണക്കെടുത്ത ശേഷം കൂടുതൽ നഷ്ടപരിഹാരം അനുവദിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

### കേദാർനാഥിൽ കുടുങ്ങി നിരവധി തീർഥാടകർ

ഡെറാഡൂൺ: ഉത്തരാഖണ്ഡിൽ കഴിഞ്ഞ ദിവസമുണ്ടായ മേഘവിസ്ഫോടനത്തെതുടർന്ന് കേദാർനാഥ് ക്ഷേത്രത്തിൽ കുടുങ്ങിയ തീർത്ഥാടകരെ ഇനിയും പൂർണമായും രക്ഷപ്പെടുത്താനായില്ല.

10,500 പേരെ ഇതുവരെ ഹെലികോപ്റ്റർ ഉപയോഗിച്ച് എയർ ലിഫ്റ്റ് ചെയ്തതായി രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യോമസേന വ്യക്തമാക്കി. 1,300 പേർ ഇനിയും ക്ഷേത്രത്തിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് അധികൃതർ നൽകുന്ന വിശദീകരണം. അതേസമയം ഇതിലേറെ പേരുണ്ടെന്ന് അനൗദ്യോഗിക റിപ്പോർട്ടുകൾ പറയുന്നു.

സംസ്ഥാന ദുരന്ത നിവാരണ സേനയും ദേശീയ ദുരന്ത നിവാരണ സേനയും രക്ഷാ പ്രവർത്തനത്തിൽ പങ്കാളികളാകുന്നുണ്ട്.

വ്യോമസേനയുടെ ചിനൂക്ക്, എം.ഐ 17 ഹെലികോപ്റ്ററുകൾ ഉപയോഗിച്ചാണ് കേദാർനാഥിൽ കുടുങ്ങിയവരെ എയർ ലിഫ്റ്റ് ചെയ്യുന്നത്. അതേസമയം നൂറു കണക്കിനു പേരെ മേഘവിസ്ഫോടനത്തെതുടർന്ന് കാണാതായിട്ടുണ്ടെന്ന അഭ്യൂഹങ്ങൾ രുദ്രപ്രയാഗ് പൊലീസ് സൂപ്രണ്ട് തള്ളിക്കളഞ്ഞു. കാണാതായ ഏതാണ്ടെല്ലാ ആളുകളും വീടുകളിൽ തിരിച്ചെത്തിയിട്ടുണ്ടെന്ന് എസ്.പി പറഞ്ഞു.

## ക്യാമ്പുകളിൽ അസി. കലക്ടർ സന്ദർശിച്ചു

എടക്കര: ഉരുൾപൊട്ടൽ ഭീഷണിയെ തുടർന്ന് ആരംഭിച്ച മേഖലയിലെ ക്യാമ്പുകൾ അസിസ്റ്റന്റ് കലക്ടർ വി.എം. ആര്യ സന്ദർശിച്ചു. തുടർച്ചയായി മഴ പെയ്യുന്ന സാഹചര്യത്തിൽ മേഖലയിൽ മണ്ണിടിച്ചിലും വെള്ളപ്പൊക്ക ഭീഷണിയുള്ളതുമായ സ്ഥലങ്ങളിലെ താമസക്കാരെ മാറ്റിപ്പാർപ്പിക്കാൻ നേരത്തെ ജില്ലാ ഭരണകൂടം നിർദേശം നൽകിയിരുന്നു. അതനുസരിച്ച് ആരംഭിച്ച പോത്തുകൽ വില്ലേജിലെ പൂളപ്പാടം ഗവ. യു.പി സ്കൂളിലെയും കുറുമ്പലങ്ങോട് വില്ലേജിലെ എരുമമുണ്ട നിർമല ഹയർ സെക്കന്ററി സ്കൂളിലെയും ക്യാമ്പുകളിലാണ് അവർ സന്ദർശനം നടത്തിയത്.

## മഴ: ഇന്ന് ആറ് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ ഇന്ന് സംസ്ഥാനത്തെ ആറ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് നൽകി. കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. നാളെ നാല് ജില്ലകളിൽ യെല്ലോ അലർട്ടുണ്ട്. മധ്യകേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദപ്പാത്തി സ്ഥിതി ചെയ്യുന്നുണ്ട്. പശ്ചിമ ബംഗാളിനും ജാർഖണ്ഡ്നും മുകളിലായി രൂപപ്പെട്ട ന്യൂനമർദം ശക്തിയാർജിച്ചിട്ടുണ്ട്. കേരളത്തിൽ അടുത്ത രണ്ടു ദിവസം മഴ തുടരുമെന്നാണ് പ്രവചനം.കേരള ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ല. എന്നാൽ കർണാടക തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്.



# ഇന്ത്യ വാർത്തകൾ

## ഡി.എൻ.എ സാമ്പിളെടുക്കുന്നതിന് മാനസികാരോഗ്യ പ്രോട്ടോകോൾ

തിരുവനന്തപുരം: ഡി.എൻ.എ സാമ്പിളെടുക്കുന്നതിന് മാനസികാരോഗ്യ പിന്തുണക്കുള്ള പ്രോട്ടോകോൾ തയ്യാറാക്കി ആരോഗ്യ വകുപ്പ്. തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങളുടെയും ശരീര ഭാഗങ്ങൾ മാത്രം ലഭിച്ചവയുടെയും സാമ്പിളുകൾ ഡിഎൻഎ പരിശോധനയ്ക്കായി എടുത്തിട്ടുണ്ട്. കാണാതായ തങ്ങളുടെ പ്രിയപ്പെട്ടവരെ തേടി ആരെങ്കിലും എത്തുമ്പോൾ അവരുടെ സാമ്പിളുകൾ കൂടി എടുത്ത് ഡിഎൻഎ പരിശോധന നടത്തിയാൽ മരിച്ചത് ആരാണ് എന്നുള്ളത് തിരിച്ചറിയാൻ കഴിയും. അതിനുവേണ്ടി ജീവിച്ചിരിക്കുന്നവരുടെ പ്രത്യേകിച്ച് ദുരന്തത്തിന് ഇരയായവരുടെ സാമ്പിളുകൾ ഡിഎൻഎ പരിശോധനയ്ക്ക് എടുക്കുമ്പോൾ മാനസികമായി അവരെ സജ്ജമാക്കുന്നതിനാണ് മാനദണ്ഡങ്ങൾ തയ്യാറാക്കിയതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് വ്യക്തമാക്കി.

ദുരന്തത്തിന്റെ തീവ്രതയും പ്രിയപ്പെട്ടവരെ സംബന്ധിച്ച ആശങ്കയും വലിയ രീതിയിൽ അനുഭവിക്കുന്നവരെ മാനസികമായി അതിന് സജ്ജമാക്കുകയും അവരുടെ ഹൃദയവിചാരങ്ങൾക്കൊപ്പം നിന്നുകൊണ്ട് എന്താണ് പരിശോധന എന്നുള്ളതും എന്താണതിന്റെ പ്രാധാന്യം എന്നുള്ളതും വളരെ സൗമ്യമായി പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ മാനദണ്ഡങ്ങളിലൂടെ ലക്ഷ്യമിടുന്നത്. മക്കൾ, പേരക്കുട്ടികൾ, മാതാപിതാക്കൾ, മുത്തച്ഛൻ മുത്തശ്ശി, അച്ഛന്റെ സഹോദരങ്ങൾ, അമ്മയുടെ സഹോദരങ്ങൾ ഫസ്റ്റ് കസിൻ തുടങ്ങിയ അടുത്ത രക്ത ബന്ധുക്കളുടെ സാമ്പിളുകൾ മാത്രമേ ഡി. എൻ. എ. പരിശോധനയ്ക്ക് എടുക്കുകയുള്ളൂ. അടിയന്തര ദുരന്തഘട്ടത്തിലെ കൗൺസിലിങ്ങിന്റെ അടിസ്ഥാന തത്വങ്ങളായ നിരീക്ഷിക്കുക, കേൾക്കുക, സഹായം ലഭ്യമാക്കുക എന്നിവ ഉറപ്പാക്കിയാണ് പ്രോട്ടോകോൾ തയ്യാറാക്കിയിരിക്കുന്നത്. അവരുടെ വേദന ഉൾക്കൊണ്ട് ശാരീരിക, മാനസിക ബുദ്ധിമുട്ടുകൾക്ക് ആശ്വാസവും സഹാനുഭൂതിയോടെയുള്ള സമീപനവും ഉറപ്പുവരുത്തണം. അവരോട് കൂടുതൽ സംസാരിക്കാനോ വിവരങ്ങൾ പങ്കിടാനോ നിർബന്ധിക്കരുത്. അവർക്ക് സംസാരിക്കാൻ ശാന്തവും സുരക്ഷിതവുമായ അന്തരീക്ഷം ഒരുക്കുകയും വേണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

## മുണ്ടക്കൈ, ചൂരൽമല പ്രദേശത്തെ എല്ലാവർക്കും സൗജന്യ റേഷൻ

തിരുവനന്തപുരം: വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ എആർഡി 44, 46 എന്നീ റേഷൻകടകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആഗസ്റ്റ് മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി നൽകുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ അനിൽ. മുൻഗണനാ വിഭാഗക്കാർക്ക് നിലവിൽ സൗജന്യമായും മുൻഗണനേതര വിഭാഗക്കാർക്ക് ന്യായവിലയ്ക്കുമാണ് റേഷൻ നൽകി വരുന്നത്. ദുരന്ത ബാധിത പ്രദേശങ്ങളായ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലെ മുൻഗണനേതര വിഭാഗക്കാരായ നീല, വെള്ള കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും കൂടി പൂർണമായും സൗജന്യമായി റേഷൻ വിഹിതം നൽകാനാണ് നിർദേശം നൽകിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.


## വയനാട് ഉരുൾപൊട്ടൽ: ആശ്വാസധനം അനുവദിക്കുന്നതിന് നാലു കോടി രൂപ

തിരുവനന്തപുരം: മുണ്ടക്കൈ ചൂരൽമല അട്ടമല ഉരുൾപൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നു ജില്ലാ കളക്ടർക്ക് നാല് കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായി. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമാണ് തുക വിനിയോഗിക്കേണ്ടത്.

### ഡ്രോൺ ബേസ്ഡ് റഡാർ ഡൽഹിയിൽ നിന്നെത്തും

# ജീവന്റെ തുടിപ്പ് കണ്ടെത്താൻ ആധുനിക സംവിധാനങ്ങൾ

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടലിൽ മണ്ണിൽ പുതഞ്ഞ മൃതദേഹങ്ങൾ കണ്ടെത്താനായി ഡൽഹിയിൽ നിന്നും ഡ്രോൺ ബേസ്ഡ് റഡാർ ഉടൻ എത്തും. പൊലീസും നീന്തൽ വിദഗ്ധരായ നാട്ടുകാരുംചേർന്ന് ചാലിയാർ കേന്ദ്രീകരിച്ചും തെരച്ചിൽ തുടരുമെന്ന് മുഖ്യമന്ത്രി. തകർന്ന കെട്ടിട അവശിഷ്ടങ്ങൾക്കടിയിൽ ജീവന്റെ അംശം ഉണ്ടെങ്കിൽ കണ്ടെത്താൻ സഹായിക്കുന്ന അത്യാധുനിക ഉപകരണമായ ഹ്യൂമൻ റെസ്ക്യൂ റഡാർ രക്ഷാദൗത്യത്തിന്റെ ഭാഗമായിരുന്നു. 16 അടി താഴ്ച വരെയുള്ള ജീവന്റെ അനക്കം കണ്ടെത്താൻ ഈ ഉപകരണത്തിന് കഴിയും. കേരള പോലീസിന്റെ കെ.9 സ്ക്വാഡിൽ പെട്ട മൂന്ന് നായകളും കരസേനയുടെ കെ. 9 സ്ക്വാഡിൽ പെട്ട മൂന്നു നായകളും ദൗത്യത്തിൽ ഉണ്ട്. തമിഴ്നാട് മെഡിക്കൽ ടീമിൽ നിന്നുള്ള 7 പേരും സന്നദ്ധരായി രക്ഷാദൗത്യത്തിൽ ഉണ്ട്. പാലം നിർമാണം പൂർത്തിയായതിന് ശേഷം കൂടുതൽ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പരിശോധന നടത്തുകയാണ്. നിലവിൽ വയനാട്ടിൽ 93 ദുരിതാശ്വാസ ക്യാമ്പുകളിലായി 10,042 പേർ താമസിക്കുന്നു. ചൂരൽമലയിൽ 10 ക്യാമ്പുകളിലായി 1,707 പേർ താമസിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.



കേരള പോലീസിലെ 866 ഉദ്യോഗസ്ഥരെയാണ് ഇവിടെ നിയോഗിച്ചിരിക്കുന്നത്. വയനാട്ടിലെയും സമീപ ജില്ലകളിലെയും പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള 390 പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി പോലീസിന്റെ മറ്റു യൂണിറ്റുകളിൽ നിന്ന് നിരവധി പേരെയാണ് നിയോഗിച്ചിരിക്കുന്നത്. കേരള ആംഡ് പോലീസ് നാലാം ബറ്റാലിയൻ നിന്ന് 150 പേരും മലബാർ സ്പെഷ്യൽ പോലീസിൽ നിന്ന് 125 പേരും ഇന്ത്യ റിസർവ് ബെറ്റാലിയനിൽ നിന്ന് 50 പേരും തിരച്ചിൽ സംഘങ്ങളിലുണ്ട്. സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിലെ 140 പേരും ഡിഐജിയുടെ ക്വിക് റിയാക്ഷൻ ടീമിലെ 17 പേരും തിരച്ചിലിന് സഹായിക്കുന്നു. മലകളിലും മറ്റും കയറി ദുഷ്കരമായ സാഹചര്യത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് പരിശീലനം നേടിയ കെ എ പി അഞ്ചാം ബറ്റാലിയിൽ നിന്നുള്ള ഹൈ ആൾടിട്യൂഡ് ട്രെയിനിങ് സെന്ററിലെ 14 അംഗ സംഘവും തിരച്ചിൽ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തിന്റെ സേവനവും പ്രത്യേകം എടുത്തു പറയേണ്ടതാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സ്പെഷ്യൽ ടാസ്ക് ഫോഴ്സ് അംഗങ്ങളും സ്കൂബാ ടീമും ഉൾപ്പെടെ ഓഫീസർമാരടക്കം 300 ജീവനക്കാരും 222 സിവിൽ ഡിഫൻസ്വോളന്റിയർമാരും ദുരന്തഭൂമിയിൽ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തു. ഫയർഫോഴ്സ് നിർമ്മിച്ച സിപ് ലൈൻ പാലത്തിലൂടെയാണ് ആരംഭഘട്ടത്തിൽ രക്ഷാപ്രവർത്തനം നടത്തിയത്.

## തീവ്ര മഴ പ്രവചനം മെച്ചപ്പെടുത്തണം; കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തോട് കേരളം

തിരുവനന്തപുരം: പ്രളയം, ഉരുൾപൊട്ടൽ, കടൽക്ഷോഭം, ചുഴലിക്കാറ്റുകൾ തുടങ്ങിയ വിവിധ തരത്തിലുള്ള പ്രകൃതിദുരന്തങ്ങളുടെ ആവർത്തനമാണ് സമീപകാലത്ത് ഉണ്ടാകുന്നതെന്നും കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന വിപത്തുകൾ സംബന്ധിച്ച മുന്നറിയിപ്പുകളുടെ രീതിയിൽ കാലഘട്ടത്തിനുസരിച്ചുള്ള മാറ്റം വരുത്താൻ എല്ലാവരും തയാറാകണമെന്നും മുഖ്യമന്ത്രി.

തീവ്ര മഴയുടെ പ്രവചനം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിന് അനുസൃതമായ മോഡൽ പരാമീറ്റേഴ്സ് വികസിപ്പിക്കുന്നതിന് പഠനങ്ങൾ നടത്താൻ കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രത്തോട് ആവശ്യപ്പെടും. ഇത്തരം പഠനങ്ങളുടെ ഫലങ്ങളിലൂടെ ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾക്കുള്ള വിപുലമായ പ്രവചന ഉപാധികൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിന് പ്രത്യേകമായി ഇത്തരം പഠനങ്ങൾ നടത്തുന്നതിന് ആവശ്യമായ മാനവശേഷിയും സൗകര്യങ്ങളും ഈ കേന്ദ്രത്തിന് ലഭ്യമാക്കും. ഇങ്ങനെ ദുരന്തങ്ങൾ മുൻകൂട്ടി അറിയാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതോടൊപ്പം, ദുരന്താഘാതങ്ങൾ ലഘൂകരിക്കുന്നതിനായി മുൻകരുതലുകൾ തയ്യാറാക്കാനും കഴിയും. ആഘാതത്തിന്റെ വ്യാപ്തി കുറക്കുവാനും പൊതു സുരക്ഷയും പ്രകൃതി ദുരന്തങ്ങൾക്കെതിരായ പ്രതിരോധവും വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ള ഈ നടപടി അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിതീവ്ര മഴ പലപ്പോഴും മുൻകൂട്ടി പ്രവചിക്കപ്പെടുന്നില്ല. പൊതുവായ ആഗോള ഡാറ്റാബേസും മാനദണ്ഡങ്ങളും ഉപയോഗിച്ച് ശരാശരി മഴയാണ് പ്രവചിക്കുന്നുത്.

എന്നാൽ പൊടുന്നനെ അതിതീവ്രമായ മഴ പെയ്യുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പ്, കേന്ദ്ര ജലകമ്മീഷൻ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്നിങ്ങനെയുള്ള കേന്ദ്ര സ്ഥാപനങ്ങളാണ് മുന്നറിയിപ്പുകൾ നൽകുന്നത്. ഈ മുന്നറിയിപ്പ് രീതിയിൽ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ വരുത്തതുവാൻ എല്ലാവരും തയ്യാറാകേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

# രാഹുൽഗാന്ധിയും സിദ്ധരാമയ്യയും 100 വീടുകൾ വീതം നൽകും

### വയനാട്ടിലെ ജനതയോടുള്ള സ്നേഹത്തിന് നന്ദിയെന്ന് മുഖ്യമന്ത്രി

### ദുരിതാശ്വാസ നിധിയിലേക്ക് നയൻതാര 20 ലക്ഷം നൽകി

തിരുവനന്തപുരം: മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾപൊട്ടലിൽ നഷ്ടമായ വീടുകൾക്കു പകരം പുതിയ വീടുകൾ നിർമിച്ചു നൽകാൻ നിരവധിപേർ രംഗത്ത്. രാഹുൽ ഗാന്ധി 100 വീടുകൾ നിർമിച്ചു നൽകുമെന്നു പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ അറിയിച്ചതായി മുഖ്യമന്ത്രി പറ!ഞ്ഞു. വി.ഡി.സതീശൻ നേരിട്ടു ചുമതല വഹിക്കുന്ന 25 വീടുകളും ഇതിൽ ഉൾപ്പെടും. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ 100 വീടുകൾ നിർമിച്ചു നൽകും. അദ്ദേഹത്തെ നേരിട്ട് വിളിച്ച് നന്ദി അറിയിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

ശോഭ റിയാലിറ്റി ഗ്രൂപ്പ് 50 വീടുകൾ നിർമിച്ചു നൽകാമെന്ന് അറിയിച്ചു. കോഴിക്കോട് കേന്ദ്രീകരിച്ചുള്ള വ്യവസായികളുടെ കൂട്ടായ്മയായ ബിസിനസ് ക്ലബ് 50 വീടുകൾ നിർമിച്ചു നൽകാമെന്ന് വാഗ്ദാനം നൽകിയിട്ടുണ്ട്. ലൈബ്രറി കൗൺസിലിന്റെ ജീവനക്കാരുടെ രണ്ടു ദിവസത്തെ വേതനവും സംസ്ഥാന, ജില്ല, താലൂക്ക് കൗൺസിൽ ഭാരവാഹികളുടെ ഓണറേറിയവും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ സിറ്റിംഗ് ഫീസും ലൈബ്രേറിയൻമാരുടെ അലവൻസിൽ നിന്നുള്ള വിഹിതവും ഗ്രന്ഥശാലകളുടെ ഗ്രാന്റിൽ നിന്നുള്ള വിഹിതവും ചേർത്തുള്ള തുകയായ ഒരു കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൈമാറാനും സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നാഷണൽ സർവ്വീസ് സ്കീം (എൻഎസ്എസ്) ദുരിത ബാധിത കുടുംബങ്ങൾക്കായി 150 ഭവനങ്ങൾ നിർമ്മിച്ചു നൽകുകയോ അല്ലെങ്കിൽ അതിന്റെ തുക സർക്കാർ നൽകുന്നതിനോ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. വേൾഡ് മലയാളി കൗൺസിൽ 14 വീടുകൾ നിർമിച്ചു നൽകും. ഫ്രൂട്ട്സ് വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി 10 ഏക്കർ ഭൂമിയേറ്റെടുത്ത് കൃഷിയോഗ്യമാക്കി 10 മുതൽ 15 വരെ കുടുംബങ്ങൾക്ക് നൽകാൻ സന്നദ്ധത അറിയിച്ചു. കാന്തപുരം എപി അബൂബക്കർ മുസ്ലിയാർ ദുരിത ബാധിതർക്ക് വീടുകൾ വെച്ചുനൽകാൻ സന്നദ്ധത അറിയിച്ചു. രക്ഷാപ്രവർത്തനം തീരുന്ന മുറക്ക് മതിയായ ഭൂമി ലഭ്യമാകുന്നതോടെ നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാമെന്നാണ് അദ്ദേഹം അറിയിച്ചിട്ടുള്ളത്. കോട്ടക്കൽ ആര്യവൈദ്യശാല 10 വീടുകൾ നിർമിച്ചു നൽകുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടി രൂപ സംഭാവന നൽകി. ലിൻഡെ സൗത്ത് ഏഷ്യ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. കോഴിക്കോട് കാപ്പാട് നിന്നുമുള്ള യൂസുഫ് പുരയിൽ തന്റെ അഞ്ച് സെന്റ് സ്ഥലം ദുരിതബാധിതർക്ക് വീട് വെച്ച് നൽകാനായി വിട്ടു നല്കാമെന്ന് അറിയിച്ചു. ചലചിത്ര താരം നയൻതാര 20 ലക്ഷവും സിനിമാ നടൻ അലൻസിയർ 50,000 രൂപയും നൽകി. കിംസ് ഹോസ്പിറ്റൽ ഒരു കോടി രൂപ നൽകി. പോത്തീസ് റീട്ടെയിൽ പ്രൈവറ്റ് ലിമിറ്റഡ് 50 ലക്ഷം രൂപ നൽകി. നടൻ മോഹൻലാൽ സൈനിക വേഷത്തിൽ ദുരന്തമേഖലയിൽ എത്തി രക്ഷാപ്രവർത്തനങ്ങൾ നേരിട്ട് കണ്ടു.

മാധ്യമങ്ങൾ ഏറ്റവും പോസിറ്റിവായി സഹകരിക്കുന്നത് അഭിനന്ദനാർഹമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വയനാടിന്റെ പുനർനിർമ്മാണത്തിന്റെ നേതൃസ്ഥാനത്തു തന്നെ മാധ്യമ സാന്നിധ്യം തുടർന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

## ദലിത് സംവരണത്തിൽ ക്രീമിലെയർ നടപ്പാക്കാനുള്ള ശ്രമം പുന:പരിശോധിക്കണം: ദലിത് ലീഗ്

കോഴിക്കോട്: സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ദലിത് വിഭാഗങ്ങളുടെ സംവരണം അട്ടിമറിക്കുന്ന തരത്തിൽ ക്രീമിലെയർ നടപ്പിലാക്കാനുള്ള സുപ്രീംകോടതിയുടെ വിധി പുന:പരിശോധിക്കണമെന്ന് ദലിത് ലീഗ് സസംസ്ഥാന പ്രസിഡന്റ് ഇ.പി ബാബു ആവശ്യപ്പെട്ടു. സാമ്പത്തികമായി ഒരൽപം മുന്നോട്ട്പോയി എന്ന ഒരൊറ്റ കാരണംകൊണ്ട് ദലിത് വിഭാഗങ്ങളെ സംവരണത്തിൽനിന്ന് മാറ്റുന്നത് ശരിയല്ല. ഇത്തരം ശ്രമങ്ങൾ കാലക്രമേണ സാമ്പത്തിക സംവരണത്തിലേക്ക് നയിക്കും. ഇത് ഭരണഘടനാ പ്രമാണങ്ങളുടെ ലംഘനമാണ്. സുപ്രീംകോടതിയുടെ പുതിയ നിരീക്ഷണത്തിനെതിരെ പാർലമെന്റ് നിയമനിർമാണം നടത്തി ഇതിനെ മറികടക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സംവരണം സാമ്പത്തികത്തിന്റെ പേരിൽ ആവരുത്. ദലിത് വിഭാഗങ്ങൾ ഇപ്പോഴും പൊതു സമൂഹത്തിൽനിന്നും ഏറെ ദൂരെയാണെന്നും ഇവർക്കിടയിൽ സാമ്പത്തിക സംവരണം കൊണ്ട്വന്നാൽ ദലിതർ വീണ്ടും പിന്നാക്കാവസ്ഥയിലേക്ക് മാറുമെന്നും അദ്ദേഹം പറഞ്ഞു.

## എം.എസ്.എഫ് പ്രത്യക്ഷ സമരത്തിലേക്ക്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിലെ വിദൂര വിദ്യാഭ്യാസത്തെ നിർത്തലാക്കുന്ന തീരുമാനത്തിനെതിരെ സമരം ശക്തമാക്കാൻ എം.എസ്.എഫ് സംസ്ഥാനകമ്മിറ്റി തീരുമാനിച്ചു. പതിനായിരക്കണക്കിന് വിദ്യാർഥികളുടെ പഠനാശ്രയമായിരുന്ന വിദൂര വിദ്യാഭ്യാസം ഇല്ലാതാക്കുന്നതോടെ വിദ്യാർത്ഥികൾക്ക് മറ്റ് യൂണിവേഴ്സിറ്റികളെ ആശ്രയിക്കേണ്ട അവസ്ഥയാണ്. കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിൽ പ്രവേശന നടപടികൾ ആരംഭിച്ചപ്പോഴും കാലിക്കറ്റിനോട് തുടരുന്ന വിവേചനവും സമരത്തിന് കാരണമാവുന്നു. നാളെ നടക്കുന്ന പ്രതിഷേധ റാലിയോടെയും തുടർന്നുള്ള സത്യഗ്രഹത്തോടെയും കൂടി സമരപരിപാടികൾക്ക് തുടക്കമാവും. സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ് ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് അംഗം ഡോ. റഷീദ് അഹമദ് മുഖ്യാതിഥിയാവും. എം.എസ്. എഫ് സെനറ്റംഗങ്ങൾ, അക്കാദമിക് കൗൺസിൽ മെമ്പർമാർ,യൂണിയൻ ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിഷേധം.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

## തട്ടിപ്പ് തടയാൻ ക്യുആർ കോഡ് പിൻവലിച്ചു

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗിച്ചുള്ള തട്ടിപ്പ് തടയുന്നതിനായി ദുരിതാശ്വാസ നിധിയുടെ പോർട്ടലിലും സോഷ്യൽ മീഡിയ വഴിയും നൽകിയിരുന്ന വിവിധ അക്കൗണ്ടുകളുടെ യുപിഐ ക്യൂആർ കോഡ് പിൻവലിച്ചു. ദുരുപയോഗപ്പെടാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ക്യൂആർ കോഡ് സംവിധാനം പിൻവലിക്കാൻ തീരുമാനിച്ചതെന്ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. പകരം പോർട്ടലിൽ നൽകിയിട്ടുള്ള യുപിഐ ഐഡി വഴി ഗൂഗിൾ പേയിലൂടെ സംഭാവന നൽകാം. നിധിയിലേക്കുള്ള സംഭാവനകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ധനവകുപ്പിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകി സംവിധാനം ഒരുക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംഭാവന ചെയ്യുന്നതിനായി റീമശേീ.രാറൃള.സല്യമഹമ.ഴീ.ശി എന്ന പോർട്ടലിൽ ദുരിതാശ്വാസ നിധിയിലുള്ള വിവിധ ബാങ്കുകളുടെ എല്ലാ അക്കൗണ്ട് നമ്പറുകളും നൽകിയിട്ടുണ്ട്. പോർട്ടലിൽ നൽകിയിരിക്കുന്ന നേരിട്ടുള്ള പേയ്മെന്റ് സംവിധാനം വഴി വിവരങ്ങൾ നൽകി ഓൺലൈൻ ബാങ്കിങ്, ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ, യുപിഐ എന്നിവ വഴിയോ അക്കൗണ്ട് നമ്പർ വഴി നേരിട്ടോ സംഭാവന നൽകാം. ഇതിലൂടെ നൽകുന്ന സംഭാവനയ്ക്ക് ഉടൻ തന്നെ റെസീപ്റ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കും. യുപിഐ വഴിയുള്ള ഇടപാടുകൾക്ക് 48 മണിക്കൂറിനുശേഷമേ റസീപ്റ്റ് ലഭിക്കൂവെന്നും മുഖ്യമന്ത്രി പറഞ്ഞു.

സിഎംഡിആർഎഫിലേക്കുള്ള പണം അല്ലാതെ വിവിധ ഓഫറുകൾ പല മേഖലകളിൽ നിന്നും വരുന്നുണ്ട്. വീട് നിർമ്മിക്കാമെന്നും സ്ഥലം നൽകാമെന്നും മറ്റുമാണ് ഈ ഓഫറുകൾ. ഇതു കോഓർഡിനേറ്റ് ചെയ്യാൻ മുൻ വയനാട് കളക്ടർ കൂടിയായ ജോയിൻറ് ലാൻഡ് റവന്യൂ കമ്മീഷണർ എ. ഗീതയുടെ ചുമതലയിൽ ഹെൽപ്പ് ഫോർ വയനാട് സെൽ രൂപീകരിക്കും. ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി ഇത്തരം സഹായങ്ങൾ നൽകാൻ തയ്യാറുള്ള ദാതാക്കളുമായി ആശയവിനിമയം നടത്തുന്നതിന് മാത്രമായി letushelpwayanad @ gmail .com എന്ന ഇമെയിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കോളുകൾ സ്വീകരിക്കുന്നതിനും മറുപടി നൽകുന്നതിനുമായി ഒരു കോൾ സെന്ററും സ്ഥാപിക്കും. 9188940013, 9188940014, 9188940015 എന്നീ നമ്പറുകളിൽ കോൾ സെന്ററുകളിൽ ബന്ധപ്പെടാം. ലാൻഡ് റവന്യു കമീഷണറേറ്റിലെ മുതിർന്ന ഉദ്യോഗസ്ഥർ കോൾ സെൻറർ കൈകാര്യംചെയ്യും.

## സന്നദ്ധ സേവനം: പ്രവേശനം രജിസ്റ്റർ ചെയ്തവർക്ക് മാത്രം

തിരുവനന്തപുരം: ഉരുൾപൊട്ടൽ ദുരന്ത മേഖലയായ മുണ്ടക്കൈ, ചൂരൽമല മേഖകളിൽ സേവനം ചെയ്യാൻ എത്തുന്ന സന്നദ്ധ പ്രവർത്തകർക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കി. ഇന്നു രാവിലെ 6.30 മുതൽ ചൂരൽമല കൺട്രോൾ റൂമിന് സമീപം റവന്യൂ വകുപ്പിന്റെ രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തിക്കും. ഇവിടെയുള്ള കൗണ്ടറിൽ രജിസ്റ്റർ ചെയ്യുന്നവരെ മാത്രമാണ് ദുരന്ത മേഖലയിലേക്ക് കടത്തിവിടുക. സംഘങ്ങളായി വരുന്ന സന്നദ്ധ സേവകർ ടീം ലീഡറുടെ പേര് വിലാസം രജിസ്റ്റർ ചെയ്താൽ മതിയാകും.

## ദുരിതാശ്വാസ നിധിക്കെതിരായ പ്രചാരണം: നാലു പേർ അറസ്റ്റിൽ

കോട്ടയം: വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യണമെന്ന അഭ്യർഥനക്കെതിരെ വ്യാജ പ്രചാരണം നടത്തിയ സംഭവത്തിൽ പൊലീസ് നാലു പേരെ അറസ്റ്റ് ചെയ്തു. മുണ്ടക്കയം പൈങ്ങനാ പുത്തൻപുരയ്ക്കൽ സതീഷ് ബാബു, ഇഞ്ചിയാനി വട്ടക്കാവ് നെല്ലിക്കൽ ജിഷ പ്രകാശ്, മേലുകാവ് സ്വദേശി റിജിൽ ചാക്കോ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. പിന്നീട് ഇവരെ ജാമ്യത്തിൽ വിട്ടയച്ചു.

# പോസ്റ്റ്മോർട്ടം ടേബിളിന് മുന്നിൽ നെഞ്ച് പൊട്ടി ഡോക്ടർമാർ

നിലമ്പൂർ: പഠന കാലത്തും പിന്നീട് ആരോഗ്യ മേഖലയിൽ ജോലി ചെയ്തുവരുമ്പോഴും ഒട്ടേറെ ശരീരങ്ങളാണ് പോസ്റ്റ്മോർട്ടം ടേബിളിലും ഓപ്പറേഷൻ തിയേറ്ററിലും അവർ കണ്ടത്. അന്നൊന്നും കൈവിറച്ചിട്ടില്ല. ഗുരുതരമയി പരിക്കേറ്റവരെ ചികിത്സിക്കുമ്പോഴും കരളുറപ്പുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ച് ദിവസങ്ങളിലായി നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിയ മൃതശരീരങ്ങൾ പോസ്റ്റ്മോർട്ടം ചെയ്തത് ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണെന്ന് ഡോക്ടർമാർ പറയുന്നു. പലപ്പോഴും മനസ്സ് തകരാതെ പിടിച്ചുനിൽക്കാൻ പാടുപെട്ടു. കഴിഞ്ഞ ദിവസം ഒരു പെൺകുട്ടിയുടെ മൃതദേഹം പോസ്റ്റ് മോർട്ടം ചെയ്ത അനുഭവം ഡോക്ടർമാർ വിവരിച്ചു. കൈകളിൽ മൈലാഞ്ചിയിട്ടിരിക്കുന്നു. ആ മൈലാഞ്ചിയുടെ പുത്തൻ നിറംപോലും പോയിരുന്നില്ല. അത്രക്ക് മനോഹരമായിരുന്നു അത്. രണ്ട് കൈകളിലും മുട്ടുവരെ മൈലാഞ്ചിയുണ്ട്. എത്ര സ്വപ്നങ്ങൾ നെയ്തായിരിക്കും ആ കയ്യിലെ മൈലാഞ്ചിയിൽ ചിത്രങ്ങൾ വരച്ചത്. പാറയിലും മണ്ണിലും മരത്തിലും ഉരസി മുഖത്തും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലും ആഴത്തിലുള്ള മുറിവ് പറ്റിയിട്ടുണ്ട്. പോസ്റ്റ്മോർട്ടത്തിന് സഹായിക്കുന്ന മറ്റുള്ളവർക്കും കണ്ണീരടക്കാനാവുന്നില്ല. നെഞ്ചുപൊട്ടുന്ന കാഴ്ചയായിരുന്നു അതെന്ന് പോസ്റ്റ്മോർട്ടം ചെയ്ത എല്ലാ ഡോക്ടർമാരും പറഞ്ഞു. ഇത്തരത്തിൽ ചിലത്




രാത്രിയിലും നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നു. മോർച്ചറക്കുള്ളിലും അതിന് മുന്നിൽ പ്രത്യേകം ടേബിളുകൾ സ്ഥാപിച്ചുമാണ് പോസ്റ്റ്മോർട്ടം പൂർത്തിയാക്കുന്നത്.

മൈലാഞ്ചിയിട്ട് ഭംഗിയായിരുന്നെങ്കിൽ മറ്റു ചിലത് പുഴുവരിച്ച നിലയിലായിരുന്നു. ഇന്നലെ ലഭിച്ച കുട്ടിയുടെ ശരീരമാണ് പുഴുവരിച്ച നിലയിൽ ഇവിടെയെത്തിയത്. ഓരോ പോസ്റ്റ്മോർട്ടം കഴിയുമ്പോഴും ഡോക്ടർമാരുടെ പ്രാർഥന ഇനി ഉണ്ടാവരുതേ എന്നാണ്. എന്നാൽ നിമിഷങ്ങൾക്കുള്ളിൽ പ്രാർഥന വിഫലമാക്കി അടുത്ത ആംബുലൻസ് ചീറിപാഞ്ഞു വരികയായി മറ്റൊരു മൃതദേഹവുമായി. ഫോറൻസിക് സർജൻമാരായ ഡോ.ഹിതേഷ് ശങ്കർ,ഡോ.പ്രജിത്,ഡോ.ലെവിസ്,ഡോ.ഹസീം വിവിധ ആശുപത്രികളിൽ നിന്നുള്ള ഡോ. പാർഥ സാരഥി,ഡോ.ഹസീം,ഡോ.മഹിജ,ഡോ.ലക്ഷ്മി രാജ്മോഹൻ, ഡോ.ഷാക്കിർ,ഡോ.ഫാസിൽ,ഡോ. പ്രവീണ,ഡോ.ശ്വേത,ഡോ.സലീമ, ഡോ.ധന്യ, ഡോ.മനു,ഡോ.ശ്വേത, ഡോ.അശ്വതി തുടങ്ങിയവരാണ് പോസ്റ്റ്മോർട്ടത്തിനും ആശുപത്രിയിലെ മറ്റു സഹായങ്ങൾക്കുമായി ഇവിടെയുള്ളത്. കൂടെ നഴ്സിങ് സൂപ്രണ്ട് നിഷ, സീനിയർ നഴ്സുമാരായ ടിറ്റി, ഷാജി,ഷീജ സ്റ്റാഫ് നഴ്സ് ദിവ്യ,കൊച്ചുറാണി,ഷൈബി,ജീന,സ്നേഹ, എച്ച്.ഐ അജ്ഞന,ജിൽസൽ തുടങ്ങിയവർ എല്ലാറ്റിനും നേതൃത്വം വഹിച്ച് ഇവിടെയുണ്ട്. ഒന്നിനും മനംമടുപ്പില്ലാതെ , സമയം നോക്കാതെ ഇവർക്ക് നേതൃത്വം നൽകി സൂപ്രണ്ട് ഡോ. ഷിനാസ് ബാബുവും മുഴുവൻ സമയം അരികിലുണ്ട്.

# ഒരു മൃതദേഹത്തിന് രണ്ട് അവകാശികൾ; തീരുമാനം ഡി.എൻ.എ പരിശോധനക്ക് ശേഷം

നിലമ്പൂർ: വയനാട് ദുരന്തത്തിൽ മരിച്ചവരുടെ മൃതദേഹങ്ങളിൽ തിരിച്ചറിയുന്നവക്ക് ഒന്നിൽ കൂടുതൽ അവകാശികളെത്തുന്ന കാഴ്ചയും സങ്കടപ്പെടുത്തുന്നതായിരുന്നു. ഇന്നലെ നിലമ്പൂരിലെത്തിയ പെരിന്തൽണ്ണ തൂത സ്വദേശി പ്രസന്നയാണ് നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തി തന്റെ അമ്മ ചിന്നയുടെ മൃതദേഹം തിരിച്ചറിഞ്ഞത്. പ്രസന്ന ചൂരൽമലയിൽ താമസിക്കുന്ന ദാമോദരന്റെയും ചിന്നയുടെയും മകളാണ്. ചിന്നയുടെ കയ്യിലെ വള കണ്ടതോടെയാണ് അമ്മയെ തിരിച്ചറിഞ്ഞത്. തിരിച്ചറിഞ്ഞെങ്കിലും മേപ്പാടിയിൽ നിന്നും മൃതദേഹം ഏറ്റുവാങ്ങാനാണ് അധികൃതർ ഇവരോട് ആവശ്യപ്പെട്ടത്. തുടർന്ന് മൃതദേഹം മേപ്പാടി സി.എച്ച്.സിയിലെത്തിച്ചു. തുടർന്ന് കുടുംബത്തിലെ മറ്റുള്ളവരും ശരീരം തിരിച്ചറിഞ്ഞു.



ചിന്ന



അമ്മാളു



ഹരിദാസ്

എന്നാൽ മടിക്കൈയിലുള്ള മറ്റൊരു കുടുംബവും ഇതേ മൃതദേഹം അവരുടെ കാണാതായ അമ്മയുടേതാണെന്ന് പറഞ്ഞതോടെ ഇരുകുടുംബത്തിനും സങ്കടമായി. ഇതോടെ 80 വയസ്സു പ്രായമുള്ള മൃതദേഹത്തിന്റെ ഡി.എൻ.എ പരിശോധിക്കുവാൻ തീരുമാനിക്കുകയായിരുന്നു. മൃതദേഹം മേപ്പാടി സി.എച്ച്.സിൽ ഫ്രീസറിൽ സൂക്ഷിച്ചിരിക്കുകയാണ്. ചിന്നയുടെ കുടുംബത്തിൽ നിന്നും ഭർത്താവ് ദാമോദരൻ, ഇവരുടെ ബന്ധുക്കളായ അമ്മാളു, ഹരിദാസ് എന്നിവരാണ് ഉരുൾപൊട്ടലിൽ കാണാതായത്. ഇതിൽ ദാമോദരന്റെ മൃതദേഹം ലഭിച്ചു.

# നിരീക്ഷണം

തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ച് കൊണ്ട് ക്ഷമ കൈക്കൊള്ളുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം നൽകിയിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും, തിന്മയെ നന്മ കൊണ്ട് തടുക്കുകയും ചെയ്യുന്നവർ. അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിൻറെ പര്യവസാനം.

( വിശുദ്ധ ഖുർആൻ: 13: 22 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 മുഹറം 29 • 1199 കർക്കിടകം 20



## ദുരന്തങ്ങൾ

പ്രതികരണം

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് മലയാളിയുടെ ഉള്ളം പൊട്ടി നിൽക്കുകയാണ്. പക്ഷേ അപ്പോഴും ഇതൊന്നും പ്രശ്നമല്ലെന്നും ഇതൊക്കെ ഞങ്ങൾ തന്ന മുന്നറിയിപ്പ് അവഗണിച്ചിട്ടാണ് എന്ന് പറയുന്ന ഒരു വിഭാഗമുണ്ട്. മറ്റാരുമല്ല രാജ്യം ഭരിക്കുന്ന കേന്ദ്ര സർക്കാർ തന്നെ. മുന്നൂറിലധികം പേർ മരിക്കുകയും അത്ര തന്നെ ആളുകളെ കാണാതാവുകയും ചെയ്ത വലിയൊരു ദുരന്തത്തിനിടയിലും രാഷ്ട്രീയം കളിക്കാനാണ് കേന്ദ്രം സമയം കണ്ടെത്തുന്നത്. ദുരന്തത്തിന് മുൻപ് ആവശ്യമായ മുന്നറിയിപ്പുകൾ നൽകിയിരുന്നുവെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പാർലമെന്റിൽ പറഞ്ഞത്. രണ്ടു തവണ മുന്നറിയിപ്പ് നൽകിയെങ്കിലും ഉരുൾപൊട്ടൽ മേഖലയിൽ നിന്ന് ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് എന്തുകൊണ്ട് മാറ്റിയില്ലെന്നാണ് കേന്ദ്ര മന്ത്രിയുടെ ചോദ്യം. സംസ്ഥാന സർക്കാർ എന്ത് ചെയ്തുവെന്നും അമിത് ഷാ ചോദിച്ചിരുന്നു. എന്നാൽ ഈ അവകാശവാദത്തിന് മുന്നിൽ വല്ല വസ്തുതയും ഉണ്ടായിരുന്നോ എന്ന് ചോദിച്ചാൽ ഇല്ലാ എന്ന് തന്നെയാണ് ഉത്തരം. കോടികൾ മുടക്കിയുണ്ടാക്കിയ പാർലമെന്റിൽ ചോർച്ചകാരണം ബക്കറ്റ് വെച്ച് ചോർച്ച വഴി വരുന്ന വെള്ളം പിടിച്ചുവെക്കേണ്ട ജാള്യത മറക്കാൻ ഇത്തരമൊരു ആരോപണം കണ്ടെത്തി എന്ന് ആരെങ്കിലും സംശയിച്ചാൽ കുറ്റം പറയാനാവില്ല. ആഭ്യന്തര മന്ത്രിയുടെ അവകാശവാദങ്ങളത്രയും പൊള്ളയാണ്.

പാർലമെന്റിൽ വയനാട് ദുരന്തം ദേശീയ ദുരന്തമാക്കി പ്രഖ്യാപിക്കണമെന്നും ആവശ്യമായ സഹായം നൽകണമെന്നും വയനാട്ടിലെ മുൻ എം.പിയും നിലവിലെ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ആവശ്യപ്പെട്ടപ്പോൾ അതിനിടയിലും വർഗീയത കണ്ടെത്താനായിരുന്നു ബെംഗളൂരുവിൽ നിന്നുള്ള ബി.ജെ.പി എം.പിയെ ഉപയോഗിച്ച് സർക്കാർ വാദമുഖമുയർത്തിയത്.

വയനാട്ടിലെ ദുരന്തത്തിന് കാരണം മതസംഘടനകളുടെ കയ്യേറ്റം ഒഴിപ്പിക്കാത്തതാണെന്നും രാഹുൽ ഇതിന് മുമ്പ് ഇത്തരം കാര്യം പാർലമെന്റിൽ പറഞ്ഞില്ലെന്നുമാണ് വർഗീയത മാത്രം വിളമ്പുന്ന എം.പിയുടെ കണ്ടെത്തൽ. കഴിഞ്ഞ തവണ പാർലമെന്റിൽ എന്തിനും ഏതിനും രാഹുലിനെ വിമർശിക്കാൻ സ്മൃതി ഇറാനിയെയാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇത്തവണ ആ റോൾ അനുരാഗ് താക്കൂർ, തേജസ്വി സൂര്യ എന്നിവർക്കാണ്. മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കൃത്യമായ നടപടിയെടുത്തിരുന്നെങ്കിൽ വലിയ ദുരന്തം ഒഴിവാക്കാമായിരുന്നു എന്നാണ് അമിത് ഷാ രാജ്യസഭയിൽ പറഞ്ഞത്. രണ്ടുതവണ കേരളത്തിന് മുന്നറിയിപ്പ് നൽകി. കഴിഞ്ഞ മാസം 23നു മുന്നറിയിപ്പ് നൽകിയിരുന്നു. ഒൻപത് എൻഡിആർഎഫ് സംഘത്തെ മേഖലയിലേക്ക് അയച്ചിരുന്നു. സുരക്ഷാക്രമീകരണം ഒരുക്കുന്നതിലുണ്ടായ കാലതാമസമാണ് ദുരന്തവ്യാപ്തിക്ക് കാരണമെന്നും അമിത് ഷാ കുറ്റപ്പെടുത്തിയിരുന്നു. ജൂലൈ 30 ന് വയനാട് ജില്ലയിൽ 15 മില്ലിമീറ്റർ മഴ പെയ്യുമെന്നാണ് ഐഎംഡി പൂനെ 23 ന് പ്രവചിച്ചത്. ഐഎംഡിയുടെ കണക്ക് അനുസരിച്ച് പതിനഞ്ച് മില്ലിമീറ്റർ മഴ പെയ്യുന്നത് ആശങ്കാജനകമല്ല. പിന്നെ ഏതാണ് ആ പറയപ്പെടുന്ന മുന്നറിയിപ്പ്. നിരന്തരം തള്ളൽ മാത്രം പരിപാടിയാക്കിയവർ ദുരന്തമുഖത്തും തള്ളി രക്ഷപ്പെടാനുള്ള അടവ് അത്ര തന്നെ.

ജൂലൈ 18ന് കേരളത്തിൽ പടിഞ്ഞാറൻ തീരപ്രദേശത്ത് സാധാരണയിൽ കൂടുതൽ മഴ ലഭിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. 25 ന്, കനത്തതോ അതിശക്തമായതോ ആയ മഴയെക്കുറിച്ച് കൂടുതൽ വ്യക്തതയോടെ മുന്നറിയിപ്പ് നൽകിയെന്നാണ് അമിത് ഷാ ലോക്സഭയിൽ അവകാശപ്പെട്ടത്. ഇതും വെറും തള്ളാണ്. ഐഎംഡി പത്രക്കുറിപ്പിൽ 25 ന് കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ കനത്ത മഴ ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അനുബന്ധ നടപടികൾ സ്വീകരിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. 23 മുതൽ 27 വരെ കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴയുണ്ടാകുന്ന മുന്നറിയിപ്പും കാലാവസ്ഥ കേന്ദ്രം നൽകിയിട്ടുണ്ട്. ഈ പ്രവചന പ്രകാരം ജൂലൈ 25 ന് കേരളത്തിന് ഓറഞ്ച് അലർട്ടും ജൂലൈ 23, 24, 26, 27 തീയതികളിൽ 'യെല്ലോ വാച്ച് അലർട്ടും' നൽകിയിട്ടുണ്ട്. യെല്ലോ അലേർട്ട് പ്രകാരം പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതില്ല.

ജൂലൈ 30 ന് പുലർച്ചെയാണ് ഉരുൾപൊട്ടൽ ഉണ്ടായത്. ഉരുൾപൊട്ടലുണ്ടായതിനെത്തുടർന്ന് ഉച്ചയ്ക്ക് 1.10ന് പ്രസിദ്ധീകരിച്ച പത്രക്കുറിപ്പിൽ ജൂലൈ 30ന് റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു. ഈ പത്രക്കുറിപ്പിൽ കേരളത്തിലും മാഹിയിലും ജൂലൈ 31, ഓഗസ്റ്റ് ഒന്ന് തീയതികളിൽ ഓറഞ്ച് അലർട്ടും ഉണ്ടായിരുന്നു. 25 ന് പുറപ്പെടുവിച്ച പ്രവചനത്തിൽ, തിരുവനന്തപുരത്തെ ഐഎംഡിയുടെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ജൂലൈ 26 മുതൽ ഓഗസ്റ്റ് ഒന്നു വരെ കേരളത്തിൽ സാധാരണയേക്കാൾ കൂടുതൽ മഴ ലഭിക്കുമെന്ന് പ്രവചിച്ചു. എന്നാൽ മുന്നറിയിപ്പുകളോ നടപടികൾ എടുക്കേണ്ടതുണ്ടെന്നോ സൂചിപ്പിച്ചില്ല. ജൂലൈ 25 ന് പുറപ്പെടുവിച്ച പ്രവചനത്തിൽ, തിരുവനന്തപുരത്തെ ഐഎംഡിയുടെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ജൂലൈ 26 മുതൽ ഓഗസ്റ്റ് ഒന്നുവരെ കേരളത്തിൽ സാധാരണയേക്കാൾ കൂടുതൽ മഴ ലഭിക്കുമെന്ന് പ്രവചിച്ചു. എന്നാൽ മുന്നറിയിപ്പുകളോ നടപടികൾ എടുക്കേണ്ടതുണ്ടെന്നോ സൂചിപ്പിച്ചില്ല. ഓഗസ്റ്റ് രണ്ടു മുതൽ എട്ടു വരെ സംസ്ഥാനത്ത് സാധാരണ മഴ ലഭിക്കുമെന്നായിരുന്നു പ്രവചനം. ഇതിൽ എവിടെയാണ് ഷാ പറഞ്ഞ മുന്നറിയിപ്പ്. അതോ കേരളം സോമാലിയയാണെന്ന പഴയ നിലപാട് തന്നെയാണോ ഇപ്പോഴും ബി.ജെ.പി സർക്കാറിനുള്ളത്. ദുരന്തത്തിൽ അകപ്പെട്ടവരെ കൈപിടിച്ച് ഉയർത്തുന്നതിന് പകരം അവരെ ചവിട്ടിത്താഴ്ത്തുന്ന ഈ നിലപാട് ഇനി എന്നാണ് കേന്ദ്രം അവസാനിപ്പിക്കുക. സാമൂഹിക മാധ്യമങ്ങൾ തുറന്നാൽ വർഗീയത വിളമ്പുന്നവരെയാണ് കാണാനാവുക. രാഹുലിന്റെ മണ്ഡലമായതിനാലും മുസ്‌ലിംകൾ കൂടുതൽ ആയതിനാലും അവിടെ ദുരന്തം സംഭവിച്ചത് കണക്കായിപ്പോയെന്ന് പറയുന്ന ചാണകങ്ങളെയാണ് കാണാനാവുക. ദുരന്തത്തെ അതിജീവിക്കാൻ ഒരുമിക്കുന്ന കേരളം ഈ ദുരന്തങ്ങളേയും അതിജീവിക്കേണ്ടതുണ്ട്.

# തിരിച്ചുനൽകാം ആത്മാവുള്ള മനസ്സുകളെ

**അൻവർ കണ്ണീരി അമ്മിനിക്കാട്**

സ്ക്രീനുകളിൽ വയനാടിന്റെ ആഴമേറിയ ദുരന്തം വീക്ഷിക്കുന്ന എന്നെപ്പോലുള്ളവർക്ക് നേർച്ചിത്രത്തിന്റെ ആഴം വിശദീകരിക്കുന്നവരുടെ വാക്കുകൾ അത്ഭുതത്തേക്കാൾ മരവിപ്പാണ് തോന്നിയത്. ഒരൊറ്റ യാമത്തിന്റെ വഴിദൂരത്തിൽ ഇന്നലെകളുടെ വഴിക്കാഴ്ചകൾ മുഴുവൻ ചെമ്മണ്ണിന്റെ നിറത്തിൽ ഇവിടെയായിരുന്നന്നുവത്രെ അവർ താമസിച്ചിരുന്നതെന്നു ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ട ഗതികേടിന്റെ വിധി പുൽകിയവരാണ് ഇന്ന് നാം മലയാളികൾ.



ഒറ്റയാന്റെ മുന്നിൽ പിഞ്ചുകുഞ്ഞിനെ എടുത്തു രക്ഷിക്കണേ എന്ന് കൈകൂപ്പി നിൽക്കുന്ന മുത്തശ്ശിയുടെ വിവരണത്തിൽ സങ്കൽപങ്ങൾക്കപ്പുറത്തെ സഹായം മൃഗങ്ങൾ പോലും മനുഷ്യനോട് കാണിച്ച വയനാടിന്റെ ഈ ദുരന്തം ഒരുപാട് പാഠം നൽകുന്നതാണ്. ഉൾക്കൊള്ളലിന്റെ രീതിശാസ്ത്രത്തിനു വരും നാളിൽ ഈ മണ്ണ് മാതൃകയും ചരിത്രവുമാണ്. മലയാളി നന്മയുള്ള ചരിത്രം സൃഷ്ടിച്ച കർമ്മയോഗികളുമാണ്. അഥവാ, ഓരോ കേരളീയനും മലയാളിയായി ജനിച്ചതിൽ അഭിമാനം കൊള്ളുന്ന നിമിഷമാണത്.

മനഃശാസ്ത്ര പിന്തുണ ഏറെ ആവശ്യമുള്ള സമയമാണ് വയനാട് ഉരുൾപൊട്ടലിൽ രക്ഷപ്പെട്ടവർക്ക് എന്ന സന്ദേശം എവിടെയോ ഈ തിരക്കിനിടയിൽ കാണാനിടയായിരുന്നു. ഒരു മനുഷ്യൻ മൂന്ന് സാഹചര്യങ്ങളിലൊന്നിൽ എത്തിച്ചേരുന്ന അവസ്ഥയിലാണ് സൈക്കോളജിസ്റ്റുകൾ അവരുടെ ഉത്തരത്തിലേക്ക് നടന്നു കയറാറുള്ളത്. ഒരു മനുഷ്യൻ ഒന്നുകിൽ നിസ്സഹായാനായി പോവുന്ന സാഹചര്യം, ആരും സ്നേഹിക്കാനും ആരേയും സ്നേഹിക്കാനുമിനിയില്ല എന്ന അവസ്ഥ, എന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ലാ എന്ന തോന്നലുള്ള അവസ്ഥ. ഇതിലേതെങ്കിലും ഒരവസ്ഥയിൽ അവർ അകപ്പെടുമ്പോൾ അവരെ കൈപിടിച്ചു കയറ്റുന്ന വല്ലാത്ത ഒരു രീതിയാണ് മനഃശാസ്ത്രജ്ഞന്മാർ ഉപയോഗിക്കുന്നതെങ്കിൽ ഈ മൂന്ന് അവസ്ഥയും ഒരാളിൽ ഒരേ സമയം സംജാതമായ അവസ്ഥയാണ് വയനാട്ടിലുള്ള ഓരോ മനുഷ്യനും ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഒൻപത് അംഗങ്ങൾ ഇല്ലാതായിപ്പോയി ഒറ്റപ്പെട്ട ഒരു മനുഷ്യന്റെ രോദനം നിസ്സഹായാവസ്ഥയുടേതായിരുന്നു, ആരും സ്നേഹിക്കാനും ആരേയും സ്നേഹിക്കാനുമില്ലാത്തവന്റേതായിരുന്നു, ഇനി എനിക്ക് ഒന്നിനും കഴിയില്ലാ എന്ന തോന്നലിൽ അകപ്പെട്ടവന്റെതായിരുന്നു. ഇവരുടെ മുന്നിൽ നിസ്സഹായനായി നിന്ന് പോവുന്ന ഒരവസ്ഥയുണ്ട്. ഒന്നും പറയാനാവാതെ അവരെ ചേർത്തുപ്പിടിച്ച് അങ്ങനെ ഏറെ നേരം നിന്നു പോവുന്ന ഒരു വേളയുണ്ട്. അഥവാ, വാക്കുകൾ പോലും തിരിഞ്ഞു നടന്നുപോയ സമയമാണത്.


ഒരു മനഃശാസ്ത്ര വിദ്യാർത്ഥി എന്ന നിലയിൽ തോന്നിയ ഒരു കാര്യം പറയട്ടെ. നിലവിലെ സാഹചര്യത്തിൽ ഓരോ മലയാളിയുടെയും ഹൃദയത്തിലെ മലയാളിത്തനിമ സ്നേഹംക്കൊണ്ടും മറ്റും ഏറ്റവും ഉന്നതിയിൽ പ്രകടിപ്പിക്കുന്ന വേളയാണ് ഇപ്പോൾ. എന്തും നൽകും, എങ്ങനേയും കൂടെ നിൽക്കും. ഈ നിമിഷത്തേയും അതിജയിച്ചു തന്നെ കടന്ന് പോവും. എല്ലാവരുടേയും ഒത്തൊരുമയിൽ വയനാടിന്റെ ഈ മണ്ണിലെ ഓരോരുത്തരും അവർക്ക് ലഭിച്ച സൗകര്യങ്ങളിൽ താമസിച്ചു തുടങ്ങുമ്പോഴുണ്ടാവുന്ന ഒരു നേരമുണ്ട്. ചേർത്ത് പിടിച്ചു കിടന്ന പൊന്നുമക്കൾ ഇല്ലാതായവരുടെ മുന്നിലെ ശൂന്യത അനുഭവപ്പെടുന്ന വേള. അങ്ങനെ നെഞ്ചോടു ചേർത്തുവെച്ച ഓരോരുത്തരുടെയും ശൂന്യത അനുഭവപ്പെടുന്ന വേളയിൽ വാക്കുകൾ നിറച്ചു പോയവർ അനുഭവിക്കുന്ന നിസ്സഹായാവസ്ഥയുടെ വിങ്ങലും, എത്രയെത്ര ആരൊക്കെ ചേർത്ത് പിടിച്ചാലും ഉറ്റവരുടെ മൃതശരീരം പോലും കിട്ടാതെ അവസാനം ഒന്ന് കാണാൻ പോലും കഴിയാതെ ബാക്കിയായവരിലെ സ്നേഹിക്കാനാരുമില്ല, സ്നേഹിക്കാനുമില്ല എന്ന അവസ്ഥയൊക്കെ വരുമ്പോഴാണ് ഇനിയെന്ത് ജീവിതമെന്ന് ജീവിതത്തോട് വിലയും മൂല്യവും തോന്നാതെ മരണത്തെ നിർണയിച്ച ദിവസത്തിലേക്കുള്ള വഴിദൂരത്തിലേക്ക് അവർ നോക്കിയിരിക്കുന്ന സാഹചര്യത്തെയാണ് നാം മുൻകൂട്ടി കാണേണ്ടത്. ഇന്ന് നാം അവരുടെ മുന്നിൽ വാക്കുകൾക്കൊണ്ട് സമാധാനം നൽകാൻ ശ്രമിക്കുന്നുവെങ്കിലും വാക്കുകളിലെ ആത്മാവ് പോലും നഷ്ടപ്പെട്ട അവസ്ഥയാണ് നമുക്കുള്ളത്.

ഈ നിമിഷത്തേയും അതിജയിച്ചു ഒരുമിച്ചു മുന്നേറാൻ രാഷ്ട്രീയ, സാമൂഹിക ഐക്യത്തെ ചേർത്ത് പിടിച്ചു നമുക്ക് പോവാൻ സാധിച്ചാൽ നാളെയുടെ പുലരിവെട്ടത്തെ നമുക്ക് കൂടുതൽ പ്രശോഭിതമാക്കാം.

സന്തോഷത്തോടെ സ്വന്തമായി വീട് വെച്ചു രാവിലെ എന്നും നേരിൽ കാണാൻ സാധിച്ചിട്ടു പോലും കൂട്ടുകുടുംബത്തിൽ നിന്ന് മാറി ഒറ്റക്ക് മാറിയപ്പോൾ അനുഭവിക്കുന്ന ശൂന്യത വല്ലാത്ത അവസ്ഥയാണ്. എപ്പോഴും എത്തി നോക്കി, കൂടെ നിന്ന്, ഇടയ്ക്കിടെ താമസിക്കുന്ന മാതാപിതാക്കളെ കണ്ടിട്ടും എപ്പോഴും കിട്ടുന്നില്ലല്ലോ എന്ന പരിഭവത്തിൽ വിഷമം തോന്നുമ്പോൾ എല്ലാം നഷ്ടപ്പെട്ടു ഒറ്റപ്പെട്ടു ജീവിക്കുന്ന വേളയിലെ വയനാടിന്റെ മനോനിലയെ നാം മുന്നേ കാണേണ്ടിയിരിക്കുന്നു. കേരളത്തിലെ മികച്ച സൈക്കോളജിസ്റ്റുകളെ വളരെ കൃത്യമായി ഉപയോഗിക്കേണ്ട പദ്ധതി വളരെ വേഗത്തിൽ തയ്യാറെക്കേണ്ടത് മറ്റുള്ള കാര്യങ്ങൾ പോലെ ചടുലപ്പെടുത്തേണ്ട കാര്യമാണ്. വയനാടിന്റെ മനസ്സിനെ അവരുടെ ശൂന്യതയിൽ നിറച്ചുകൊടുക്കാൻ സാധിക്കില്ലെങ്കിലും നാളെകളിൽ പ്രതീക്ഷയോടെ ജീവിതത്തെ സ്വപ്നം കാണാൻ പഠിപ്പിക്കേണ്ടത് കേരളത്തിലെ ആരോഗ്യ മേഖല ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യമാണ്.

മനുഷ്യന്റെ രോദനം തീർക്കാൻ കുപ്പായം മാറ്റിയിറങ്ങിയ മനുഷ്യന്റെ മുന്നിലേക്ക് അകിടിലെ പാലിന്റെ ഭാരത്താൽ വേദന സഹിക്കാതെ നടന്നുവരുന്ന പശുക്കിടാവിന്റെ വേദന തിരിച്ചറിഞ്ഞു പാൽ ചുരത്തി നൽകി ആശ്വാസം നൽകിയ മനുഷ്യന്റെ പേരാണ് മലയാളി. ഒറ്റക്കൊമ്പന്റെ കൊമ്പിന്റെ താഴെ സുരക്ഷിതമാക്കി ഒരമ്മയെയും മക്കളേയും സുരക്ഷിതമാക്കി നേരം വെളുപ്പിച്ച സ്നേഹമുള്ള മൃഗങ്ങളുടെ നാടാണ് കേരളം. ഇവിടെ എന്തും അതിജയിക്കാൻ കരളുറപ്പുള്ളവരാണ്. എന്തിനേയും നെഞ്ചേറ്റാൻ കെൽപ്പുള്ളവരാണ്. അപരന്റെ വേദനയെ സ്വന്തം വേദനയായി കാണുന്ന മനുഷ്യന്റെ നാടിനെ നാളെ ചരിത്രം പഠിക്കുന്ന വിദ്യാർഥികൾ തിരയുമ്പോൾ അവരുടെ ഹൃദയങ്ങളിൽ കേരളത്തിലേക്കുള്ള വഴിദൂരം വളരെ കുറവായിരിക്കും. മലയാളിയുള്ള നാട്ടിൽ മനുഷ്യന് ഏത് ദുരിതത്തിലും അഭിമാനത്തോടെ, പ്രതീക്ഷയോടെ, പുതിയ സ്വപ്നങ്ങൾക്ക് ചിറകു നൽകി ജീവിക്കാം. ഇനിയുള്ള സമയങ്ങൾ നേടിയെടുത്ത നന്മയുടെ ഗോപുരങ്ങൾ തച്ചുടക്കാനുള്ളതല്ലാ. തിരിച്ചറിഞ്ഞു കൂടുതൽ നൽകാനുള്ളതും പുതിയ സ്വപ്നങ്ങൾക്ക് സാക്ഷാൽക്കാരം നൽകാനുള്ളതുമാണ്. അവിടെ തർക്കങ്ങൾക്കും വിതർക്കങ്ങൾക്കും സമയം പാഴക്കാതിരിക്കുക. സഹായിക്കുന്നവർ വയനാടിനായി സമർപ്പിക്കുന്നവരാണ്. ആ സഹായത്തെ എന്നും നിലനിർത്തി നൽകാനുള്ള ക്രിയാത്മകമായ ഊർജ്ജം നൽകുക. ബീർബൽ എഴുതിയത് പോലെ 'ഈ നിമിഷവും കടന്ന് പോവും'.

> അപരന്റെ വേദനയെ സ്വന്തം വേദനയായി കാണുന്ന മനുഷ്യന്റെ നാടിനെ നാളെ ചരിത്രം പഠിക്കുന്ന വിദ്യാർഥികൾ തിരയുമ്പോൾ അവരുടെ ഹൃദയങ്ങളിൽ കേരളത്തിലേക്കുള്ള വഴിദൂരം വളരെ കുറവായിരിക്കും. മലയാളിയുള്ള നാട്ടിൽ മനുഷ്യന് ഏത് ദുരിതത്തിലും അഭിമാനത്തോടെ, പ്രതീക്ഷയോടെ, പുതിയ സ്വപ്നങ്ങൾക്ക് ചിറകു നൽകി ജീവിക്കാം.



അതിജീവിക്കും നാം...

# ഉണരേണ്ട ആലോചനകൾ

**റഹീം വാവൂർ**

ഉറങ്ങാൻ കിടക്കുമ്പോഴത്തെ നാടല്ല ഉണർന്നെഴുന്നേറ്റ നാട് എന്ന അവസ്ഥ കൊണ്ടെത്തിക്കുന്ന വിധിദുരന്തം ചെറുതല്ല. ഇന്നലെ വരെ പ്രാർത്ഥനാ വചനങ്ങൾ സ്റ്റാറ്റസായി വെച്ചവർ ഇന്നതിന് മുതിരുന്നില്ല. ഇന്നവർ ശരിക്കും പ്രാർത്ഥിക്കുകയാണ്. നാടും വീട്ടുകാരും സുരക്ഷിതായിരിക്കണേ എന്ന്. ദൂര ഇടങ്ങളിൽ ആയിരങ്ങൾ അസ്വസ്ഥതയോടെ വീട്ടിലേക്ക് വിളിച്ച് കൊണ്ടേയിരിക്കുകയാണ്. പല ലാസ്റ്റ് സീനുകളും 'Yesterday' കാട്ടിത്തുടങ്ങുമ്പോൾ ബേജാർ പൊട്ടുകയാണ്. കറന്റില്ലാത്തതിനാൽ അടുപ്പക്കാരുടെ ഫോൺ കെട്ടുപോയിരിപ്പാണന്ന് തിരിയുമ്പോഴും ഔട്ടോഫ് കവറേജിലാണ് എന്ന് കേൾക്കുമ്പോൾ പേടിയോടെ വീണ്ടും ലാസ്റ്റ്സീൻ നോക്കിപ്പോവുകയാണ്. ഇറക്കങ്ങളിലെ വീടുകളിൽ നിന്ന് കിട്ടിയതെല്ലാം പെറുക്കി ബന്ധുവീടുകളിലേക്ക് വെള്ളമെത്തും മുമ്പേ എത്തിപ്പിടിക്കാൻ ഒട്ടേറെപ്പേർ ഓടുകയാണ്, കാലുകൾ നനയും മുമ്പേ കണ്ണുകൾ നനഞ്ഞ് കൊണ്ട്.



മരിയോ ഷറപ്പോവ സച്ചിനെ അറിയില്ലെന്ന് പറഞ്ഞപ്പോൾ അവരുടെ ഫേസ്ബുക്കിൽ പോയി പേടിപ്പിച്ച് മുള്ളിച്ചവരാണ് മലയാളികൾ. ഒടുവിൽ ദ്വിഭാഷിയെക്കൊണ്ട് അവർ നിസ്സഹായഖേദം നടത്തുന്നത് വരെ കാര്യങ്ങളെത്തി. ഡൊണാൾഡ് ട്രംപ് കുടിയേറ്റ വിരുദ്ധ ബിൽ പാസാക്കിയപ്പോൾ സിറിയക്കാർക്ക് വേണ്ടി ട്രംപിന്റെ വാളിൽ കിടന്ന് തെറിയരങ്ങ് നടത്തിയവരിലും , അഭയാർത്ഥികളെ തുറന്ന കയ്യോടെ സ്വീകരിച്ച കനേഡിയൻ പ്രധാനമന്ത്രിക്ക് കയ്യും പൂവും നൽകി ആദരിച്ചവരിലും ഉറുദാഗാൻ ഇടക്കൊന്ന് പതറിയപ്പോൾ അറിയാവുന്ന ഭാഷകളിൽ അദ്ദേഹത്തിന്റെ പ്രസ്താവനകൾക്ക് കീഴെ സപ്പോർട്ട് കുറിച്ചവരിലും ആനുപാതികമായി മുമ്പന്തിയിൽ മലയാളികൾ ആയിരിന്നു.

ഡൽഹിയിലെ ദേശീയ നേതാക്കളുടെ ഒഫീഷ്യൽ പേജിൽ പോയാലും മലയാള ശക്തി തിരിച്ചറിയാനാവും. ആകെ ലഭിക്കുന്ന നാലഞ്ചായിരം ലൈക്കുകളിൽ മൂല്യം നോക്കി ബട്ടണമർത്തുന്നവരിൽ ഏറെ പേരും മലയാളിയിരിക്കും. ആ നേതാക്കളുടെ സംസ്ഥാനങ്ങളിൽ നെറ്റും കരന്റുമൊന്നും ഇല്ലേ എന്ന് തോന്നിപ്പോവും കമന്റ് ബോക്സ് തുറന്നാൽ . ഈ ഇ ഇടപെടലിന് ഫലവും ഉണ്ടാവാറുണ്ട്. ലോകത്തുടനീളം നാനൂറോളം ഡയലക്റ്റുകളിൽ എഫ് ബി ഉപയോഗിക്കുന്നുണ്ട് .അതിൽ ഏറ്റവും ചെറിയ ഭാഷകളിലൊന്നാണ് മലയാളം. എന്നിട്ടും സ്പഷ്യൽ കോംപ്ലിമെന്റ് ഫീച്ചേഴ്സുകൾ വരുമ്പോൾ ലോകത്തെ വൻകിട ഭാഷകൾക്ക് നൽകുന്ന ഒപ്ഷൻ സുക്കർ ബർഗ് മലയാളത്തിനും നൽകാറുണ്ട്. ലോകകപ്പിന്റെ മുന്നോടിയായി ആഗോള മെസ്സി ഫാൻസ് ക്രിയേറ്റിയ പ്രൊ.വീഡിയോയിൽ തനി മലപ്പുറം സ്ലാങ്ങിന് ഇടം കിട്ടിയതും അങ്ങനെയാണ്.

പറഞ്ഞുവരുന്നത്, ആയിരക്കണക്കിന് കോടി ഡോളറുകൾ ലോകത്ത് പലയിടത്തും സംഭാവന ചെയ്യുന്ന സെലിബ്രിറ്റികളുടെ പേജ് ലൈക്ക് ചെയ്യുന്നവരിലും അപ്ഡേഷൻ ഫോളോ ചെയ്യുന്നതിലും ഉപേക്ഷ വരുത്താത്തവരാണ് ശരാശരി മലയാളികൾ. വിശ്വശ്രദ്ധേയരായ അക്കാദമീഷ്യന്മാർ, നേതാക്കൾ , കലാ കായിക താരങ്ങൾ തുടങ്ങിയവരുടെ പേജുകളിൽ പോയി കേരളാ പ്രളയ ചിത്രങ്ങൾ കാണിക്കേണ്ട സമയമാണിത്. ഒരു പക്ഷേ, ഇവിടെ നിന്ന് ആകെ കളക്ട് ആവുന്നതിനേക്കാൾ വലിയ തുക അങ്ങനെ ലഭിച്ചേക്കാം. മലയാളികളോടുള്ള കടപ്പാട് പലരും ഓർമ്മയിൽ വെക്കുന്നവരാണ്. സ്വന്തം നാട്ടിൽ പ്രളയം ഉണ്ടായപ്പോൾ ഇളകിയതിനേക്കാൾ ടോളിവുഡ് ഇപ്പോൾ ഇളകിയത് അങ്ങോട്ട് നൽകിയതിന്റെ മാർക്കറ്റിങ്ങ് നന്ദിയാണ്. കഴിഞ്ഞ പ്രളയത്തിൽ ക്രിസ്റ്റ്യനോ റൊണാൾഡോയുടെ പേജിൽ ഒരു നൈജീരിയക്കാരൻ കേരളത്തെ സഹായിക്കാൻ ഇട്ട അഭ്യർത്ഥന ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. അതിന് ശേഷം , പലരും മെസ്സിയുടെയും നൈമറിന്റെയും പേജിലേക്ക് വെള്ളം തേവി ഓപറേഷൻ തുടങ്ങിയതും നമ്മൾ കണ്ടതാണ് . ഫാനിസം കൊണ്ട് എന്തേലുമൊരുപകാരം കിട്ടുന്നുവെങ്കിൽ അത് ഇപ്പോഴാവണം.

ഓസിലിന്റെ സങ്കടക്കുറിപ്പിന് ചുവട്ടിൽ ഞങ്ങളുണ്ട് കൂടേ എന്ന് എഴുതിയത് ആയിരക്കണക്കിന് മലയാളികളാണ്. ചങ്ങാതിയൊക്കെ വിവരമറിഞ്ഞ് തരാൻ കരുതിയാൽ അത് ഈ വറ്റിയ കേന്ദ്ര സർക്കാരിന്റേതിനേക്കാൾ വരും. ചേർത്തു വെപ്പിന്റെ ആഗോള സ്നേഹം മലയാളികൾ അനുഭവിച്ചതാണ്. ലോകം ഇത് കാണുന്നുണ്ട്. ഇംഗ്ലീഷ് ചൈനീസ് ചാനലുകൾ കറസ്പോണ്ടിങ്ങിന് ആളെ വെച്ച് വാർത്തകൾ ലോകത്തെ അറിയിക്കുന്നു. അറബ് പത്രങ്ങൾ പോലും റിപ്പോർട്ട് ചെയ്തു. ശൈഖ് ഉമർ ഹാഫിസിനെ പോലോത്തവർ പ്രാർത്ഥനകൾ പോസ്റ്റു ചെയ്തു. ഒമാൻ രാജാവ് ചാർട്ടഡ് വിമാനത്തിൽ അന്നം തന്നുവിട്ടതും, ലോകത്തെ ഏറ്റവും സമർത്ഥനായ ഭരണാധികാരി ദുബൈ ഖലീഫ മലയാള ഭാഷയിൽ പോസ്റ്റും ടീറ്റുമിട്ട് സഹായം ചെയ്യാൻ ആഹ്വാനം ചെയ്തതും മാത്രമല്ല ,വികസിത ദുബായിയുടെ നിർമ്മിതിയിൽ മലയാളത്തിന്റെ പങ്ക് എടുത്ത് പറഞ്ഞ് തന്റെ മഹത്വം തെളിയിക്കുകവരെ ചെയ്തു. നമ്മുടെ സ്വന്തം ഭരണാധിരാരികൾക്ക് ഇല്ലാതെ പോയ നന്ദിബോധമാണത്. ഇതിന്റെയൊക്കെ കൂടെ മലയാളികൾ വിചാരിച്ചാൽ താരരാജാക്കന്മാരുടെ കരങ്ങളും ഇങ്ങോട്ട് നീളും, നീളേണ്ടതാണ്.

കരുണയുടെ കൈനീട്ടത്തിൽ ആകാവുന്നതിന്റെ അങ്ങേതലം വരെ നമ്മൾ പോവണം. ഇതെഴുതുമ്പോൾ രണ്ടു ദിവസം കൊണ്ട് മുസ്‌ലിം ലീഗിന്റെ ദുരിതാശ്വാസ നിധി മൂന്ന് കോടിയും കവിഞ്ഞ് മുന്നോട്ട് പോവുകയാണ്. കാരുണ്യപ്രവർത്തനങ്ങളെ രാഷ്ട്രീയവുമായി ബന്ധിപ്പിച്ച പാർട്ടിയാണ് മുസ്‌ലിംലീഗ്. കാരുണ്യ പ്രവർത്തനത്തെ രാഷ്ട്രീയമാക്കിയ പാർട്ടി എന്ന ബഹുമതിപ്പട്ടം ലീഗിനോളം വേറെ ഒരു പാർട്ടിക്കും ചേരില്ല. മുറിവുകളുടെ പുഴയിൽ നീന്തുന്നവരെ സ്വയം തോണിയായി കരക്കെത്തിക്കാൻ സഹായിക്കുന്ന മനുഷ്യപ്പച്ചകളാണ് വൈറ്റ്ഗാഡ്. നടുവിലെ തൂണായി നിന്ന് മറ്റുള്ളവർക്ക് വേണ്ടി സഹനങ്ങൾ ഏറ്റെടുക്കുന്ന ലീഗിന്റെ ചുണക്കുട്ടികൾ.

> രണ്ടു ദിവസം കൊണ്ട് മുസ്‌ലിം ലീഗിന്റെ ദുരിതാശ്വാസ നിധി മൂന്ന് കോടിയും കവിഞ്ഞ് മുന്നോട്ട് പോവുകയാണ്. മുറിവുകളുടെ പുഴയിൽ നീന്തുന്നവരെ സ്വയം തോണിയായി കരക്കെത്തിക്കാൻ സഹായിക്കുന്ന മനുഷ്യപ്പച്ചകളാണ് വൈറ്റ്ഗാഡ്.

നന്മയുടെ പക്ഷം ചേരാൻ അവസരം ഒത്തുവരുമ്പോൾ അതിൽ നിന്ന് ഓടിപ്പോവുകയല്ല, അങ്ങിനെയുള്ളിടങ്ങളിലേക്ക് ഓടിക്കൂടുകയാണ് വേണ്ടത്. നല്ല കാര്യങ്ങളെ അവസരങ്ങളായി കാണുന്നവനാണ് ബുദ്ധിമാൻ. ഒരാൾക്ക് ഒരാവശ്യം വരുമ്പോൾ അക്കാര്യം ചെയ്തു കൊടുക്കാൻ പടച്ചവനെന്നെ തിരഞ്ഞെടുത്തു എന്നാണ് വിശ്വസിക്കേണ്ടത്. ഒരാൾക്ക് ശ്വാസവും ആശ്വാസവുമാവുക എന്നത് വലിയ കാര്യമായി തന്നെ കാണുക. നന്മ ഉദ്ദേശിച്ച് നമ്മളൊരു കാര്യം ചെയ്താൽ ആ കാര്യവും നന്നാവും കൂടെ ബാക്കിയുള്ള നമ്മുടെ കാര്യങ്ങളും നല്ലതാവും. തപിക്കുന്ന മനുഷ്യരുടെ പതക്കുന്ന പാദങ്ങളിലേക്ക് പാതകൾ വെട്ടിയും പരന്നൊഴുകിയും മുന്നോട്ട് പോവുക. നമ്മൾ അതിജീവിക്കും.

RNI 3018/1957 Vol No. 91. Issue No.203 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com

# നോവുണങ്ങാതെ

## അഞ്ചാം ദിനം ചാലിയാറിൽ നിന്ന് കണ്ടെടുത്തത് രണ്ട് മൃതദേഹങ്ങളും ആറ് ശരീര ഭാഗങ്ങളും

എടക്കര: മുണ്ടെക്കൈ ദുരന്തത്തിൽ ചാലിയാർ പുഴയിലൂടെ ഒഴുകിവന്ന മൃതദേഹങ്ങൾക്കായി നടത്തിയ അഞ്ചാം ദിവസത്തെ തിരച്ചിലിൽ രണ്ട് മൃതദേഹങ്ങളും ആറ് ശരീര ഭാഗങ്ങളും രക്ഷാപ്രവർത്തകർ കണ്ടെടുത്തു.

ചാലിയാർ പുഴയുടെ ഇരുട്ടുകുത്തിമുതൽ താഴേയ്ക്കുള്ള ഭാഗങ്ങളിൽ ജില്ലാ പൊലീസ് മേധാവി എസ്. ശശിധരൻ, നിലമ്പൂർ ഡിവൈ.എസ്.പി പി.കെ സന്തോഷ് എന്നിവരുടെ നേതൃത്വത്തിലാണ് ശനിയാഴ്ച പരിശോധന നടത്തിയത്. വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തകരാണ് പുഴയുടെ ഇരുതീരങ്ങളിലും വിശദമായ പരിശോധന നടത്തി മൃതദേഹങ്ങളും ശരീരഭാഗങ്ങളും കണ്ടെത്തിയത്.

അമ്പിട്ടാംപൊട്ടി തകർന്ന പാലത്തിനടിയിൽ നിന്നും രാവിലെ പതിനൊന്ന് മണിയോടെയാണ് ഒരു മൃതദേഹം കണ്ടെടുത്തത്. ഒരു മൃതദേഹം പനങ്കയം പാലത്തിന് സമീപത്ത് നിന്നും കണ്ടെത്തി. ഈ ഭാഗത്ത് പുയുടെ തീരത്തടിഞ്ഞ മൺതിട്ടയിൽ മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്ത് വരെ പരിശോധന നടത്തി. ചാലിയാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി കൈകൾ, കാലുകൾ തുടങ്ങിയ ശരീര ഭാഗങ്ങളും കണ്ടെത്തി. വനം പൊലീസ് സേനകൾ സംയുക്തമായി ഇരുട്ടുകുത്തിക്ക് മുകൾ ഭാഗത്ത് ചാലിയാറിന്റെ ഇരുകരകളിലും ശനിയാഴ്ച പരിശോധന നടത്തിയിരുന്നു. നൂറ് കണക്കിന് സന്നദ്ധ പ്രവർത്തകരാണ് ചാലിയാറിന്റെ തീരങ്ങളിൽ നടന്ന പരിശോധനയിൽ ഏർപ്പെട്ടത്. അഴുകിയ ശരീരഭാഗങ്ങളുടെ ഗന്ധം തിരിച്ചറിഞ്ഞ തെരുവ് നായ്ക്കൾ ചാലിയാറിന്റെ തീരങ്ങളിൽ മാന്തിയ ഭാഗങ്ങളിൽ തിരച്ചിൽ നടത്തിയും രക്ഷാപ്രവർത്തകർ അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു.

ഇതിനിടെ സൂചിപ്പാറ വനമേഖലയിൽ കുടുങ്ങിയ മൂന്ന് രക്ഷാപ്രവർത്തകരെ വയനാട് മേപ്പടിയിൽ നിന്നും തിരച്ചിലിന് ഇറങ്ങിയ രക്ഷാ പ്രവർത്തകരും, നവികസേനയുടെ ഹെലികോപ്റ്ററും രക്ഷപ്പെടുത്തി. വൈകുന്നേരംവരെ തിരച്ചിലിന് അനുയോജ്യമായ കാലാവസ്ഥയായിരുന്നു. വൈകീട്ട് നാലരയോടെ മേഖലയിലെ ശനിയാഴ്ചത്തെ തിരച്ചിൽ അവസാനിപ്പിച്ചു. ഞായറാഴ്ച സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ ചാലിയാർ പുഴയോരങ്ങളിൽ സമഗ്രമായ തിരച്ചിൽ നടത്താൻ പോത്തുകൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇതിന് പുറമെ പൊലീസ്, വനം സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട അമ്പത് പേരടങ്ങുന്ന നാല് സംഘങ്ങൾ ഇരുട്ടുകുത്തിയിൽ നിന്നും ചാലിയാറിന്റെ മുകൾ ഭാഗത്തേക്ക് തിരച്ചിൽ നടത്തും.


ചാലിയാർ പുഴയുടെ നീർപുഴ മുക്കം ഭാഗത്ത് തിരച്ചിൽ നടത്തുന്ന പൊലീസും സന്നദ്ധ പ്രവർത്തകരും


ചാലിയാറിൽ മുണ്ടേരി കൃഷിഫാമിന് താഴെ രക്ഷാപ്രവർത്തനത്തിലേർപ്പെട്ട വൈറ്റ്ഗാർഡ് അംഗങ്ങൾ

## കാണാതായവർക്ക് വേണ്ടി വൈറ്റ് ഗാർഡിന്റെ തിരച്ചിൽ

നിലമ്പൂർ: വയനാട് മേപ്പാടി മുണ്ടക്കൈ ഉരുൾ പൊട്ടലിനെ തുടർന്ന് ഇനിയും കണ്ടെത്താനുള്ളവർക്ക് വേണ്ടി ഇന്നലെ ചാലിയാർ പുഴയിൽ വൈറ്റ് ഗാർഡിന്റെ ഊർജ്ജിത തിരച്ചിൽ. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ മുന്നൂറ് വൈറ്റ് ഗാർഡ് അംഗങ്ങളും യൂത്ത് ലീഗ് ജില്ലാ ഭാരവാഹികളും ജില്ലാ കമ്മിറ്റിയംഗങ്ങളുമാണ് തിരച്ചിൽ നടത്തിയത്.

ദുരന്തം നടന്നതിന് ശേഷം കഴിഞ്ഞ എല്ലാ ദിവസങ്ങളിലും വൈറ്റ് ഗാർഡ് ചാലിയാറിന്റെ തീരങ്ങളിൽ വ്യാപക തിരച്ചിൽ നടത്തിയിരുന്നു. ഇതിൽ ഒട്ടനവധി മൃതദേഹങ്ങളും ശരീര ഭാഗങ്ങൾ അടക്കം ലഭിക്കുകയും ചെയ്തിരുന്നു. ഇന്നലെ രാവിലെ എട്ട് മണിക്ക് പോത്തുകൽ പനങ്കയം പാലത്തിനടുത്ത് റിപ്പോർട്ട് ചെയ്തതിന് ശേഷം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വ്യത്യസ്ത ഭാഗങ്ങളിലായാണ് തിരച്ചിൽ നടത്തിയത്. തിരച്ചിലിൽ ശരീര ഭാഗങ്ങൾ ലഭിക്കുകയുണ്ടായി. അവയെല്ലാം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഏൽപ്പിച്ചു. രാവിലെ എട്ട് മണിക്ക് ആരംഭിച്ച തിരച്ചിൽ വൈകുന്നേരം അഞ്ച് മണിയോട് കൂടിയാണ് അവസാനിപ്പിച്ചത്. തിരച്ചിൽ ഇന്നും തുടരും. പ്രത്യേക പരിശീലനം നേടിയ വൈറ്റ് ഗാർഡ് ക്യാപ്റ്റൻമാരുടെ നേതൃത്വത്തിലാണ് തിരച്ചിൽ നടക്കുന്നത്. മൃതശരീരങ്ങൾ അനന്തര നടപടിക്ക് വേണ്ടി എത്തിക്കുന്ന നിലമ്പൂർ ജില്ലാ ആശുപത്രി കേന്ദ്രീകരിച്ചും നൂറിലേറെ വൈറ്റ് ഗാർഡ് അംഗങ്ങളാണ് സേവനം ചെയ്യുന്നത്. നിലമ്പൂർ സി.എച്ച് സെന്ററിൽ പ്രവർത്തിക്കുന്ന ജില്ലാ മുസ്‌ലിം യൂത്ത് ലീഗിന്റെ ക്യാമ്പ് ഓഫീസാണ് വൈറ്റ് ഗാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ഇസ്മയിൽ മൂത്തേടം, മുസ്‌ലിംയൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ഷരീഫ് കുറ്റൂർ,ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ്, മുസ്‌ലിം ലീഗ് നിയോജക മണ്ഡലം പ്രസിഡന്റ് സി.എച്ച് ഇഖ്ബാൽ മാസ്റ്റർ, ജനറൽ സെക്രട്ടറി മച്ചിങ്ങൽ കുഞ്ഞു, യൂത്ത് ലീഗ് ജില്ലാ ഭാരവാഹികളായ ട്രഷറർ ബാവ വിസപ്പടി, സീനിയർ വൈസ് പ്രസിഡന്റ് ഗുലാം ഹസ്സൻ ആലംഗീർ, ഭാരവാഹികളായ എൻ. കെ ഹഫ്സൽ റഹ്മാൻ, ടി.പി ഹാരിസ്, യൂസുഫ് വല്ലാഞ്ചിറ, നിസാജ് എടപ്പറ്റ, ജസ്മൽ പുതിയറ, ഷംസു കൊമ്പൻ, ജംഷി മൂത്തേടം, ലുഖ്മാൻ എടക്കര, എ.പി സബാഹ്, കെ.കെ റിയാസ്, എം.ടി അലി നൗഷാദ്, അനീസ് കൂരാട്, കെ.എം ഫത്താഹ്,എ.പി ഷരീഫ്,എം.ടി റാഫി, അനീസ് വെള്ളില, സൈജൽ ആമയൂർ, സജറുദീൻ മൊയ്തു, യാസർ അറഫാത്ത്, സി.ടി ചെറി,റിയാസ് കെ.പി, സാദിഖ് കൂളമടത്തിൽ, മുസ്തഫ തിരൂരങ്ങാടി, സദാദ് കാമ്പ്ര ,അബ്ബാസ് തൂളിയത് ,മുസ്തഫ കരുവാരക്കുണ്ട്, അഷ്റഫ് അയിക്കാരൻ, മൻസൂർ കൊട്ടപ്പുറം,ഉനൈസ് കക്കൂത്ത്, ഖാദർ വെട്ടം, മുനീർ തവനൂർ, അൻസാർ പുഴമ്പ്രം, ഇർഷാദ് കക്കോടൻ എന്നിവർ നേതൃത്വം നൽകി.


നിലമ്പൂർ സി.എച്ച് സെന്റർ കേന്ദ്രീകരിച്ച് നടത്തുന്ന വൈറ്റ് ഗാർഡിന്റെ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മയിൽ മൂത്തേടം, യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂർ, ജന.സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് എന്നിവരുടെ നേതൃത്വത്തിൽ വിലയിരുത്തുന്നു

### വയനാട് കാഴ്ചകൾ കരളലിയിക്കുന്നത്

## ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ പഠനവും പദ്ധതികളും വേണം: പി അബ്ദുൽ ഹമീദ്

മലപ്പുറം : വയനാട് മേപ്പാടി ചൂരൽ മലയിൽ നടന്ന ദുരന്തം കരളലിയിപ്പിക്കുന്നതാണെന്നും, ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ജില്ലയിലടക്കം സമഗ്രമായ പഠനം നടത്തി പദ്ധതികൾ ആവിഷ്ക്കരിക്കുകയും ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യണമെന്ന് മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എ പറഞ്ഞു.

വയനാട് ചൂരൽ മലയിലെ ദുരന്ത സ്ഥലവും വിവിധ സ്ഥലങ്ങളിലുള്ള ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച ശേഷം പുറത്തിറക്കിയ പത്രക്കുറിപ്പിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.ദുരന്തങ്ങൾ നടന്നതിനു ശേഷം മാത്രം പദ്ധതികളും പുനരധിവാസവും പ്രഖ്യാപിക്കുകയും ആലോചിക്കുകയും ചെയ്യുന്ന പതിവു രീതികൾകൊണ്ട് ഇത്തരം ദുരന്തങ്ങളെ ഇല്ലാതാക്കാനാവില്ല.

ജില്ലയിലെ നിലമ്പൂരിൽ കവളപ്പാറ പാതാർ പ്രദേശങ്ങളിൽ 2019-ൽ നടന്ന ദുരന്തത്തിനു ശേഷം നടന്ന പഠനങ്ങളും പദ്ധതികളും എന്തായി എന്ന് സർക്കാർ ആലോചിക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിലൂടെ കടുത്ത ചൂടും ക്രമം തെറ്റി വരുന്ന മഴയും കേരളത്തിൽ സാധാരണമായിട്ടുണ്ട്. ഇത്തരം ഘട്ടത്തിൽ പ്രകൃതിലോല പ്രദേശങ്ങൾ മുൻകൂട്ടി മനസ്സിലാക്കി പ്രതിരോധ നടപടികളും മുന്നറിയിപ്പുകളും ജനങ്ങളെ ബോധവത്കരിക്കുകയും പുനരധിവാസ പദ്ധതികൾ മുൻകൂട്ടി കാണേണ്ടതുമുണ്ട്. പ്രകൃതി ദുരന്തങ്ങൾ പതിയിരിക്കുന്നു നാടായി കേരളം മാറിയിട്ടുണ്ട് ഇത്തരം സാഹചര്യത്തിൽ സർക്കാർ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു. സെക്രട്ടറിമാരായ അൻവർ മുള്ളമ്പാറ, കെ.ടി അഷ്റഫ്, യൂത്ത് ലീഗ് ദേശീയ പ്രവർത്തക സമിതി അംഗം എൻ.എ കരീം, പി.വി ഉസ്മാൻ, എ റഫീഖ്, എ.കെ ജംഷാദ് എന്നിവർ ചൂരൽമല സന്ദർശനത്തിൽ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു.


വയനാട് ചൂരൽ മലയിലെ ദുരന്ത സ്ഥലം സന്ദർശിക്കുന്ന മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എക്കും ജില്ലാ നേതാക്കൾക്കും ഡി.വൈ. എസ്.പി ജോൺസൺ കാര്യങ്ങൾ വിശദീകരിക്കുന്നു

## മുസ്‌ലിം ലീഗ് മണ്ഡലം തല നേതൃസംഗമം 7ന് പുനരാരംഭിക്കും

മലപ്പുറം: വയനാട് പ്രകൃതി ദുരന്തം മൂലം നേരത്തെ മാറ്റിവെച്ച മുസ്‌ലിം ലീഗ് നിയോജക മണ്ഡലം നേതൃസംഗമങ്ങളുടെ പുതിയ തീയതികൾ ചുവടെ കൊടുക്കുന്നു. തദ്ദേശഭരണ തിരഞ്ഞെടുപ്പിനു പുറമേ, വയനാട് ദുരന്തത്തിൽ ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി മുസ്‌ലിം ലീഗ് സമാഹരിക്കുന്ന സഹായനിധി വിജയിപ്പിക്കുന്നത് സംബന്ധിച്ചും നേതൃയോഗം ചർച്ച നടത്തും. ഓഗസ്റ്റ് 7ന് ബുധൻ രാവിലെ 10ന്(ഏറനാട്, മഞ്ചേരി)ഉച്ചക്ക് 2ന്(വള്ളിക്കുന്ന്, വേങ്ങര) 8ന്വ്യാഴം രാവിലെ 10ന്(താനൂർ, തിരൂരങ്ങാടി) ഉച്ചക്ക് 2ന്(നിലമ്പൂർ, വണ്ടൂർ), 9ന് വെള്ളി ഉച്ചക്ക് 2.30ന്(മങ്കട, കൊണ്ടോട്ടി) ശനി രാവിലെ 10ന്(പെരിന്തൽമണ്ണ) ഉച്ചക്ക് 2ന്(തവനൂർ, തിരൂർ)

### മുസ്‌ലിം ലീഗ് വയനാട് ഫണ്ട് വിജയിപ്പിക്കുക: മുസ്‌ലിം ലീഗ്

മലപ്പുറം: വയനാടിന്റെ കണ്ണീരൊപ്പാൻ എന്ന പേരിൽ മുസ്‌ലിംലീഗ് സംസ്ഥാനകമ്മിറ്റി ഓൺലൈൻ ആപ്പ് വഴി സ്വരൂപിക്കുന്ന ഫണ്ട് ശേഖരണത്തിൽ പ്രർത്തകർ സജീവമായി രംഗത്തിറങ്ങണമെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എയും വാർത്താ കുറിപ്പിൽ അറിയിച്ചു.

## സൂചിപ്പാറ വെള്ളച്ചാട്ടത്തിന് സമീപം കുടുങ്ങിയവരെ രക്ഷപ്പെടുത്തി

### വനത്തിൽ കുടുങ്ങിയത് സന്നദ്ധ പ്രവർത്തകർ

നിലമ്പൂർ: വയനാട് ഉരുൾ പൊട്ടലിൽ മരണപ്പെട്ടവരുടെ മൃതദേഹം തിരഞ്ഞ് പോകുന്നതിനിടയിൽ രക്ഷാ പ്രവർത്തകരായ മൂന്ന് പേർ സൂചിപ്പാറ വെള്ളച്ചാട്ടത്തിന് സമീപമുള്ള പാറക്കെട്ടിൽ കുടുങ്ങി. തുടർന്ന് മണിക്കൂറുകളുടെ ശ്രമത്തിനൊടൊവിൽ മൂന്ന് പേരെയും രക്ഷപ്പെടുത്തി.

പോത്തുകൽ മുണ്ടേരി സ്വദേശികളായ റഹീസ്, സാലിം, കൊണ്ടോട്ടി സ്വദേശികളായ മുഹ്സിൻ എന്നിവരാണ് സൂചിപ്പാറ വെള്ളച്ചാട്ടത്തിലെ പാറക്കെട്ടിൽ കുടങ്ങിയത്. ഇതിൽ സാലിം, മുഹ്സിൻ എന്നിവരെ സൈനിക ഹെലികോപ്റ്റർ എയർലിഫ്റ്റ് ചെയ്താണ് രക്ഷപ്പെടുത്തിയത്. എൻ.ഡി.ആർ.എഫ്, വനം വകുപ്പ് ഉദ്യോഗസ്ഥർ, നാട്ടുകാർ എന്നിവർ ചേർന്നാണ് ഇവരെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റിയത്. ഇതിൽ റഈസ് കഴിഞ്ഞ ദിവസങ്ങളിൽ പോത്തുകൽ മേഖലയിൽ ചാലിയാർ പുഴയിൽ മൃതദേഹങ്ങൾ തിരച്ചിൽ നടത്തിയിരുന്നു. ചാലിയാറിന്റെ സൂചിപ്പാറ വെള്ളച്ചാട്ടത്തിന് സമീപത്തും വനത്തിനുള്ളിലും മൃതദേഹങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ടെന്നും വനത്തിനകത്ത് തിരിച്ചിൽ നടത്താൻ അനുമതി വേണമെന്നും റഈസ് കഴിഞ്ഞ ദിവസം അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വെള്ളിയാഴ്ചയാണ് റഹീസ് സുഹൃത്തുക്കളായ സാലിം, മുഹ്സിൻ എന്നിവർക്കൊപ്പം ചാലിയാർ പുഴയിലൂടെ തിരച്ചിൽ തുടങ്ങിയത്. മുണ്ടേരിയിൽ നിന്നും വനത്തിലൂടെ മേപ്പാടിയിലേക്കാണ് പോയത്. രാത്രിയിൽ സൂചിപ്പാറ വെള്ളച്ചാട്ടത്തിന് സമീപത്തുള്ള ഉൾവനത്തിനുള്ളിലെ മരത്തിൽ കഴിച്ചുകൂട്ടി. ഇതിനിടയിൽ ഭക്ഷണം തീർന്നു. ഇന്നലെ രാവിലെ മൂന്ന് പേരും പുഴയോരം ചേർന്ന് നടക്കാൻ തുടങ്ങി. ഇവർ നിൽക്കുന്ന സ്ഥലത്ത് നിന്നും മൂന്ന് കിലോമീറ്റർ മാത്രം ദൂരമുള്ള മേപ്പാടിയിലേക്ക് ഇവർ എത്തിച്ചേരാൻ ശ്രമിച്ചത്. കുത്തനെയുള്ള മലയിടുക്കിലൂടെ സൂചിപ്പാറ വെള്ളച്ചാട്ടത്തിലെത്തി. അവിടെ പാറക്കൂട്ടങ്ങൾക്കിടയിലൂടെ മറുകരയെത്താനുള്ള ശ്രമത്തിൽ സാലിം, മുഹ്സിൻ എന്നിവർക്ക് ദേഹാസ്വസ്ഥ്യമുണ്ടായി. ഒരാളുടെ രക്തസമ്മർദ്ദം കുറയുകയും മറ്റൊരാളുടെ കാലിന് പരിക്കേൽക്കുകയുമായിരുന്നു. തുടർന്ന് വെള്ളച്ചാട്ടത്തിന് സമീപത്തെ പാറയിൽ മൂന്നുപേരും മണിക്കൂറുകളോളം കഴിച്ചുകൂട്ടി. ഇതിൽ കാര്യമായ ആരോഗ്യ പ്രശ്നങ്ങളില്ലാത്ത റഹീസാണ് പ്രദേശത്ത് പെട്രോളിങിലുണ്ടായിരുന്ന വനംവകുപ്പ് ജീവനക്കാരെ വിവരം അറിയിച്ചത്. തുടർന്ന് മടിക്കൈക്കെയിൽ നിന്നുള്ള ആംഡ് റിസർവ്വ് ബറ്റാലിയൻ,എൻ.ഡി.ആർ.എഫ്,രഞ്ജിത് ഇസ്രായേൽ എന്നിവർ സ്ഥലത്തെത്തി. മറുകരയിലേക്ക് വടം എറിഞ്ഞുകൊടുത്തു. വടത്തിൽപിടിച്ച് റഹീസ് രക്ഷാ പ്രവർത്തകരുടെ അടുത്തെത്തി. റഹീസിൽ നിന്നാണ് മറ്റു രണ്ടുപേരുടെയും ആരോഗ്യ സ്ഥിതി മോശമാണെന്ന വിവരം അറിയുന്നത്. അവർക്ക് വടത്തിൽ പിടിച്ച് വരാൻ കഴിയില്ലെന്നും അറിയിച്ചു. ഇതോടെയാണ് മറ്റു രണ്ടു പേരെ സൈനിക ഹെലികോപ്റ്ററിൽ എയർലിഫ്റ്റ് ചെയ്തത്. കനത്ത മൂടൽ മഞ്ഞും മഴയും കാരണം മണിക്കൂറുകളുടെ ശ്രമഫലമായാണ് എയർലിഫ്റ്റിന് സധിച്ചത്. എയർലിഫ്റ്റ് ചെയ്ത് സാലിം, മുഹ്സിൻ എന്നിവരെ ചൂരൽമലയിലാണ് എത്തിച്ചത്. ഇവരെ പിന്നീട് മേപ്പാടിയിലെ ആശുപത്രിയിലേക്ക് മാറ്റി. പരിക്ക് ഗുരുതരമല്ല. റഹീസിനെ രക്ഷാ പ്രവർത്തകർ സൂചിപ്പാറയുടെ മുകളിലേക്ക് നടത്തിയാണ് കൊണ്ടുവന്നത്. റഹീസിന് ആരോഗ്യ പ്രശ്നങ്ങളില്ല.

## പാണക്കാട് ഖാസി ഫൗണ്ടേഷൻ ജില്ലാതല സംഗമങ്ങൾക്ക് 26ന് തുടക്കമാകും

### സ്വാഗതസംഘ രൂപീകരണ കൺവൻഷൻ നാളെ

മലപ്പുറം: പാണക്കാട് ഖാസി ഫൗണ്ടേഷൻ മലപ്പുറം ജില്ലാ സംഗമങ്ങൾക്ക് ആഗസ്റ്റ് 26 ന് ചെമ്മാട് ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ തുടക്കമാകും.

പരിപാടിയുടെ വിജയത്തിനായുള്ള സ്വാഗതസംഘ രൂപീകരണ കൺവൻഷൻ പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ നാളെ മൂന്ന് മണിക്ക് ചെമ്മാട് ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ ചേരും.

പ്രസ്തുത പരിപാടിയിലേക്ക് താനൂർ, തിരൂരങ്ങാടി, വേങ്ങര, വള്ളിക്കുന്ന് മണ്ഡലങ്ങളിലെ ഭാരവാഹികളും പ്രാദേശിക അംഗങ്ങളും കൺവൻഷനിൽ പങ്കെടുക്കണമെന്ന് ജില്ലാ കൺവീനർ കെ.എ റഹ്മാൻ ഫൈസി അറിയിച്ചു.

### ശിഹാബ് ഫൈസിയുടെ ബാധ്യതകൾ ഏറ്റെടുക്കും: ഖാസി ഫൗണ്ടേഷൻ

മലപ്പുറം: വയനാട് ദുരന്തത്തിൽ മരണപ്പെട്ട മുണ്ടക്കൈ ഖതീബ് ശിഹാബ് ഫൈസിയുടെ മുഴുവൻ ബാധ്യതകളും വീട് നിർമാണത്തിന്റെ പൂർത്തീകരണവും പാണക്കാട് ഖാസി ഫൗണ്ടേഷൻ ഏറ്റെടുക്കുമെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അറിയിച്ചു. കുടുംബത്തിന് കരുത്ത് പകരുകയും എല്ലാവിധ പിന്തുണയും സഹായവും നൽകുമെന്ന് തങ്ങൾ അറിയിച്ചു.


വയനാട് ഉരുൾപൊട്ടലിൽ ഒഴുകിവന്നവർക്കായി ചാലിയാറിൽ മുണ്ടേരിക്കു സമീപം മുക്കത്ത് രക്ഷാ പ്രവർത്തകർ തിരച്ചിൽ നടത്തുന്നു

## ജിഷയെ തിരിച്ചറിഞ്ഞത് ഭർത്താവിന്റെ പേരുള്ള മോതിരത്തിൽ നിന്ന്

നിലമ്പൂർ: സങ്കടക്കടലിലാണെങ്കിലും പ്രതീക്ഷയോടെയാണ് കോടഞ്ചേരി സ്വദേശികളായ കെ.ആർ.രമാസ്വാമിയും മകൾ നിഷയും നിലമ്പൂർ ജില്ലാ ആശുപത്രിയിലെ മൃതദേഹങ്ങൾ സൂക്ഷിച്ച മുറിയിലേക്ക് കയറിയത്. പൂർണ്ണ ശരീരമുള്ളവയിൽ അവർ തിരഞ്ഞത് രാമസ്വാമിയുടെ മൂത്ത മകൾ ജിഷയെയാണ്.ചൂരൽമലയിൽ നിന്നുള്ള കുത്തൊഴുക്കിൽ ചാലിയാറിന്റെ കടവിൽ നിന്നും ലഭിച്ച മൃതദേഹങ്ങളിൽ ജിഷയുണ്ടോ എന്ന ആകാംക്ഷയിലാണ് അയൽവാസി ജോയിക്കൊപ്പം രാമസ്വാമി എത്തിയത്. ഓരോ ഫ്രീസറും തുറന്നു പരിശോധിച്ചു. തണുത്ത് മരവിച്ച മുറിപ്പാടുകളുള്ള ഓരോ മൃതദേഹങ്ങളും സങ്കടപ്പെടുത്തുന്ന കാഴ്ചയായിരുന്നു. എന്നാൽ അതിലൊന്നും ജിഷയുണ്ടായിരുന്നില്ല. പിന്നീട് ഇവരെ കാണിച്ചത് ശരീര ഭാഗങ്ങളായിരുന്നു. അതിലെ ഒരു കൈ അവരുടെ ശ്രദ്ധയിൽപെട്ടു. വിരലിൽ മോതിരം കിടക്കുന്നു. മോതിരത്തിൽ മുരുകന്റെ പേര് കൊത്തിവെച്ചിട്ടുണ്ട്. ജിഷയുടെ കയ്യാണെന്നറിഞ്ഞതോടെ അവർ ഹൃദയംപൊട്ടിക്കരഞ്ഞു. കണ്ടുനിന്നിവർക്ക് പോലും നിയന്ത്രണം നഷ്ടമായ നിമിഷം. മൃതദേഹം തിരിച്ചറിഞ്ഞതിനെ തുടർന്ന് ഇന്നലെ രാവിലെ 12 മണിയോടെ ജിഷയുടെ ഭാഗികമായ മൃതദേഹം മേപ്പാടിയിലേക്ക് കൊണ്ടുപോയി. ജിഷയുടെ മകൻ അക്ഷയിന്റെ മൃതദേഹം സംഭവ സ്ഥലത്തുനിന്നും നേരത്തെ കണ്ടെടുത്തിരുന്നു. വൈകുന്നേരം 6.30ഓടെ രണ്ടുപേരുടെയും മൃതദേഹം പൊതുശ്മശാനത്തിൽ സംസ്കരിച്ചു. കോടഞ്ചേരിയിൽ നിന്നും ചൂരൽമലയിലേക്ക് വിവാഹം ചെയ്തയച്ചതാണ് ജിഷയെ. മകളുടെ ഭർത്താവ് മുരുകനും അമ്മയും മുരുകന്റെ സഹോദരൻ രാജനും ഭാര്യയും എല്ലാം ഉരുളെടുത്തതായി രാമസ്വാമി പറഞ്ഞു.


ജിഷയും മകൻ അക്ഷയും

# വയനാട് ദുരന്തം: ആർ.എ.ടി.എഫ് അംഗങ്ങൾ ഒരു ദിവസത്തെ പെൻഷൻ തുക നൽകും

മലപ്പുറം: നാടിനെ നടുക്കിയ വയനാട് ദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിനായി റിട്ടയേർഡ് അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ (ആർ.എ.ടി.എഫ്) അംഗങ്ങൾ ഒരു ദിവസത്തെ പെൻഷൻ തുക സംഭാവനയായി നൽകാൻ സംസ്ഥാന പ്രവർത്തക സമിതി യോഗം തീരുമാനിച്ചു. ആർ.എ.ടി. എഫ് പ്രതിനിധി സംഘം ദുരന്ത പ്രദേശങ്ങൾ സന്ദർശിക്കും. സംസ്ഥാന എക്സിക്യൂട്ടീവ് ക്യാമ്പ് സെപ്തംബറിൽ നടത്താൻ തീരുമാനിച്ചു.

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പ്രതിലോമ നിർദേശങ്ങൾ തള്ളിക്കളയണമെന്ന് യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ 1980ലെ ഭാഷാ സമര അനുസ്മരണവും നടത്തി. ആർ.എ.ടി.എഫ് സീനിയർ വൈസ് പ്രസിഡന്റ് അബ്ദുല്ല കരുവാരകുണ്ട് അധ്യക്ഷനായി.

സംസ്ഥാന പ്രസിഡന്റ് എം. സ്വലാഹുദ്ദീൻ മദനി ഉദ്ഘാടനം ചെയ്തു. കോ ഓർഡിനേറ്റർ കെ. മോയിൻ കുട്ടി മാസ്റ്റർ മുഖ്യപ്രഭാഷണവും സെക്രട്ടറി ടി.എ സലാം മാസ്റ്റർ ഭാഷാ സമര അനുസ്മരണ പ്രഭാഷണവും നടത്തി. ജനറൽ സെക്രട്ടറി സി.എച്ച് ഹംസ മാസ്റ്റർ, എൻ.എ സലീം ഫാറൂഖി, വി.പി അബ്ദുൽ അസീസ്, കെ.എൻ.എ ഹമീദ്, മുസ്തഫ മുക്കോല, ഹംസ പുല്ലങ്കോട്, ഉബൈദുല്ല താനാളൂർ, ടി. മുഹമ്മദലി, മാസ്റ്റർ, കെ.കെ മുഹമ്മദ്, എം. അബ്ദുസ്സമദ്, എ. മുഹമ്മദ്, കെ. അബ്ദുറഹിമാൻ സുല്ലമി, എസ്. അബ്ദുൽ കരീം, എ. അഹ്മദ് കബീർ, ശാഹുൽ ഹമീദ് മേൽമുറി, ഇമോയിൻ, ഒ.പി.എ ഗഫൂർ, വി.എ. എം. യൂസുഫ്, കെ. മുഹമ്മദ് ഖർളി, പി. മമ്മുട്ടി, എൻ. അബ്ദുൽ കരീം, എൻ. അബൂബക്കർ, അലി എം മൂർക്കനാട്, എ. മൊയ്തീൻ, എം.കെ.എ മജീദ്, വി.യു സുബൈർ, സഹ്റ ചുങ്കത്തറ തുടങ്ങിയവർ പ്രസംഗിച്ചു.

## പ്രാദേശിക വാർത്തകൾ

# എസ്.വൈ.എസ് ജില്ലാ സമ്മേളന പ്രഖ്യാപനം ഇന്ന്

മലപ്പുറം: സഹിഷ്ണുതയാണ് ഇസ്‌ലാം; സമസ്തയാണ് വഴി എന്ന പ്രമേയത്തിൽ സുന്നി യുവജന സംഘം 70 ആണ്ടിന്റെ കർമ്മമണ്ഡലങ്ങളെ ആഘോഷമാക്കുന്ന എസ്.വൈ.എസ്ണ്ട70 ന്റെ ഭാഗമായി മലപ്പുറം ഈസ്റ്റ് ജില്ലാ കമ്മിറ്റി ജില്ലാ സമ്മേളനം നടത്താൻ തീരുമാനിച്ചു. ജില്ലാ സമ്മേളന പ്രഖ്യാപനത്തിനായി ഇന്ന് വൈകുന്നേരം മൂന്നു മണിക്ക് മലപ്പുറം സുന്നി മഹലിൽ പ്രഖ്യാപന സദസ് ഒരുക്കും. സമസ്ത നേതാക്കളും സുന്നി യുവജന സംഘം ജില്ലാ പ്രവർത്തക സമിതി, മണ്ഡലം ഭാരവാഹികൾ എന്നിവർ ഉൾക്കൊള്ളുന്ന എക്സിക്യൂട്ടീവ് അംഗങ്ങളുമടങ്ങുന്ന സദസിൽ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പ്രഖ്യാപനം നടത്തും. സമസ്ത ജില്ലാ പ്രസിഡന്റ് എം.ടി അബ്ദുല്ല മുസ്‌ലിയാർ സദസ് ഉദ്ഘാടനം ചെയ്യും. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി കൂരിയാട്, സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി യു. മുഹമ്മദ് ശാഫി ഹാജി ചെമ്മാട്, എസ്.കെ.എസ്.എസ്.എഫ് ഈസ്റ്റ് ജില്ലാ പ്രസിഡന്റ് സയ്യിദ് സാബിഖലി ശിഹാബ് തങ്ങൾ, ജംഇയ്യത്തുൽ മുദരിസീൻ ജില്ലാ ജനറൽ സെക്രട്ടറി ഡോ. സി.കെ അബ്ദുറഹ്മാൻ ഫൈസി അരിപ്ര, ജംഇയ്യത്തുൽ ഖുത്വബാഅ് ജില്ലാ ജനറൽ സെക്രട്ടറി ഹംസ റഹ്മാനി കൊണ്ടിപറമ്പ് പ്രസംഗിക്കും. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ പ്രസിഡന്റായി നിലവിൽ വന്ന പ്രഥമ ജില്ലാ കമ്മിറ്റിക്ക് കീഴിലായും തുടർന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിലായി വിദ്യാഭ്യാസ സ്ഥാപനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്ന ജില്ലാ എസ്.വൈ.എസിനു കീഴിൽ മണ്ഡലം, പഞ്ചായത്ത്, യൂണിറ്റ് കമ്മിറ്റികളാണ് പ്രവർത്തിച്ചുവരുന്നത്. 'തെളിച്ചമാകാൻ വെളിച്ചമേകാൻ' എന്ന പ്രമേയത്തിൽ നടക്കുന്ന എസ്.വൈ.എസിന്റെ മെമ്പർഷിപ്പ് കാമ്പയിനിന്റെ ജില്ലാതല സമാപനം കൂടിയായിരിക്കും ജില്ലാ സമ്മേളനം.

# തിരുന്നാവായയിൽ ആയിരങ്ങൾ ബലിതർപ്പണം നടത്തി

തിരുന്നാവായ: ത്രിമൂർത്തി സംഗമസ്ഥാനത്ത് ആയിരങ്ങൾ പിതൃതർപ്പണം നടത്തി. തിരുന്നാവായ നവാമുകുന്ദ ക്ഷേത്രത്തിൽ ഇന്നലെ പുലർച്ചെ രണ്ട് മണിയോടെ ആരംഭിച്ച കർക്കിടക വാവുത്സവത്തിന് എത്തിയത് ആയിരങ്ങൾ. ദേവസ്വം അംഗീകരിച്ച 17 ഓളം കർമികളുടെ നേതൃത്വത്തിലാണ് ബലിതർപ്പണ ചടങ്ങുകൾ നടന്നത്. ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ മാസം മുതൽ തന്നെ ബലിതർപ്പണ രസീതികൾ വിവിധ കൗണ്ടറുകൾ വഴി വിതരണം ചെയ്തിരുന്നു. ക്ഷേത്രക്കടവിൽ വൻ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരുന്നത്. ഫയർ ആന്റ് റെസ്ക്യൂ സീനിയർ ഓഫീസർ ടി.കെ മദനമോഹന്റെ നേതൃത്വത്തിലുള്ള തിരൂർ ഫയർഫോഴ്സ് സംഘം പുഴയിലും കരയിലും നിലയുറപ്പിച്ചിരുന്നു. പാറലകത്ത് യാഹുട്ടിയുടെ നേതൃത്വത്തിലുള്ള മുങ്ങൽ സംഘവും ദേവസ്വം വളയണ്ടിയർമാരും പുഴയിലും കടവുകളിലുമുണ്ടായിരുന്നു. സുരക്ഷാ ക്രമീകരണങ്ങൾക്കും ഗതാഗത നിയന്ത്രണത്തിനും മേൽനോട്ടം വഹിച്ച് തിരൂർ ഡിവൈ.എസ്.പി കെ.എം ബിജുവിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം ക്ഷേത്രത്തിലും പരിസര പ്രദേശങ്ങളിലും രംഗത്തുണ്ടായിരുന്നു. ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ, മെഡിക്കൽ സംഘം, ഹരിത കർമസേന തുടങ്ങിയ സംഘങ്ങളും ക്ഷേത്രത്തിലുണ്ടായിരുന്നു.



തിരുന്നാവായ നവാമുകുന്ദ ക്ഷേത്ര കടവിൽ ബലിതർപ്പണം നടത്തുന്ന ഭക്തർ

# ഒരു കോടി രൂപയുടെ പുനരധിവാസ പദ്ധതികളുമായി ഷെൽറ്റർ ഇന്ത്യ

കൊണ്ടോട്ടി : പുളിക്കൽ ആസ്ഥാനമായി 2015 മുതൽ ഡിസാസ്റ്റർ മേനേജ്മെന്റ് രംഗത്ത് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്ന ഷെൽറ്റർ ഇന്ത്യ ചാരിറ്റബ്ൾ ട്രസ്റ്റ് വയനാട് ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന് വേണ്ടി ഒരു കോടി രൂപയുടെ വിവിധ പദ്ധതികൾ ഒരുക്കും. ഭവന നിർമാണം, സ്വയം തൊഴിൽ സാഹയം, തൊഴിലുപകരണ വിതരണം, ചികിത്സ സഹായം, പെൻഷൻ പദ്ധതി, വിഡോ കെയർ, ഓർഫൻ കെയർ, വിദ്യാഭ്യാസ സഹായം, സൗജന്യ കൗൺസലിങ് തുടങ്ങി വിവിധ പദ്ധതികൾ മറ്റു സംഘടനകളുടെയും പൊതു സമൂഹത്തിന്റെയും സഹകരണ ത്തോടെ നടപ്പിലാക്കുമെന്ന് ഷെൽറ്റർ ഇന്ത്യ ചാരിറ്റബ്ൾ ട്രസ്റ്റ് ഭാരവാഹികൾ പറഞ്ഞു. യോഗത്തിൽ ചെയർമാൻ ഡോ:പി.എൻ ശബീൽ,സെക്രട്ടറി അബ്ദുറഹിമാൻ മാനോളി, അംഗങ്ങളായ അബ്ദുല്ല അൻസാരി, പി.ടി മഷ്ഹൂർ അലി, ഫഹദ് വേങ്ങാട്ട്, കോഓർഡിനേറ്റർമാരായ കാസിം കീടക്കാടൻ, എം അബ്ദുല്ല മാസ്റ്റർ, കെ.സി അബ്ദുൽ മജീദ്, അബ്ദു നാസർ അടുമാറി,ഡോ: ടി.സി മുബഷിർ, പി.കെ അംജദ്, ജനീർ, അഡ്മിനിസ്ട്രേറ്റർ പി.സി സലാഹുദ്ദീൻ എന്നിവർ പങ്കെടുത്തു.

# കൈകുഞ്ഞുമായി കടന്ന യുവാവ് കള്ളനോട്ട് കേസിൽ അറസ്റ്റിൽ

തിരൂരങ്ങാടി: കൈക്കുഞ്ഞുമായി കടന്ന സഫീർ തിരൂരങ്ങാടിയിലെത്തിയത് ലക്ഷങ്ങളുടെ കള്ളനോട്ടുമായി. ബാഗിൽ നിന്ന് കണ്ടെത്തിയത് നാല് ലക്ഷത്തോളം രൂപയുടെ കള്ളനോട്ടുകൾ. മൂന്നിയൂർ വെളിമുക്ക് പടിക്കൽ സ്വദേശി തെക്കേപ്പാട്ട് സഫീറി(29)നെ കള്ളനോട്ടുകേസിൽ പൊലീസ് അറസ്റ്റ് ചെയ്തു. കല്ല്യാണത്തിനെന്ന് പറഞ്ഞ് ഒരു വയസ്സുള്ള മകൾ ഇനായ മെഹറിൻ എന്ന കുട്ടിയേയും കൊണ്ട് 2024 ജൂൺ 25-ന് ഒരു മണിയോടെ വീട്ടിൽ നിന്നും മുങ്ങിയ സഫീറിനെ കഴിഞ്ഞ മാസം 29-ന് കൊൽക്കത്തിയിൽ നിന്നും പൊലീസ് പിടികൂടിയിരുന്നു. കൊൽക്കത്തയിൽ നിന്നും തിരൂരങ്ങാടി പൊലീസ് പിടികൂടിയത് മുതൽ സഫീറിന്റെ കൈവശമുണ്ടായിരുന്ന ബാഗിലാണ് കള്ളനോട്ട് കണ്ടെത്തിയത്. കുഞ്ഞിന്റെ ആഭരണങ്ങൾ ബാഗിൽ ഒളിപ്പിച്ചിട്ടുണ്ടാകുമെന്ന സംശയത്തെ തുടർന്ന് ബാഗ് പരിശോധിച്ചപ്പോഴാണ് പൊലീസിന്റെ പോലും കണ്ണ് തള്ളിയ സംഭവം പുറത്ത് വന്നത്.

ബാഗിലെ പ്രത്യേക അറയിലാണ് കള്ളനോട്ട് ഒളിപ്പിച്ചിരുന്നത്. തിരൂരങ്ങാടി എസ്.ബി.ഐ ശാഖ തുറപ്പിച്ച് പരിശോധന നടത്തിയാണ് കള്ളനോട്ടാണെന്ന് പൊലീസ് സ്ഥിരീകരിച്ചത്. സംഭവത്തിൽ സഫീറിനൊപ്പം പിടിയിലായ കാമുകി സഞ്ചിത ചാറ്റർജിക്ക് പങ്കുണ്ടോയെന്നും പൊലീസ് അന്വേഷിക്കുന്നുണ്ട്. കുഞ്ഞിന്റെ ആഭരണങ്ങൾ ബാഗിൽ ഒളിപ്പിച്ചിട്ടുണ്ടാകാമെന്ന സംശയത്തിൽ സി.ഐ ശ്രീനിവാസൻ ബാഗ് പരിശോധിക്കുകയായിരുന്നു. കൊൽക്കത്തയിലെ ഡാക്കൂർ പൂക്കൂർ എന്ന സ്ഥലത്തെ ലോഡ്ജിൽ നിന്നാണ് സഫീറിനേയും കാമുകിയേയും രണ്ട് കുട്ടികളേയും പൊലീസ് കണ്ടെത്തിയത്. പൊലീസ് കസ്റ്റഡിയിലെടുത്തത് മുതൽ ബാഗ് സഫീറിനൊപ്പമുണ്ടായിരുന്നു.

വസ്ത്രങ്ങളാണെന്നാണ് പൊലീസിനോട് പറഞ്ഞിരുന്നത്. അത് വിശ്വസിച്ചതിനാൽ ആ സമയത്ത് പൊലീസ് ബാഗ് പരിശോധിച്ചിരുന്നില്ല. ഇന്നലെ രാവിലെ തിരൂരങ്ങാടിയിലെത്തിയത് മുതൽ സ്റ്റേഷനിലെ ഒരു ഭാഗത്ത് സംഘം കൊണ്ടുവന്ന ലഗേജുകൾ സൂക്ഷിച്ചിരുന്നു. കുട്ടിയുടെ മാതാവ് സൽമ കുട്ടിയുടെ ആഭരത്തെ കുറിച്ചും മറ്റും പരാതി എഴുതി നൽകിയതോടെ കുട്ടിയിൽ നിന്ന് കവർന്ന സ്വർണം ബാഗിൽ ഒളിപ്പിച്ചിട്ടുണ്ടാകുമെന്ന സംശയം ഉണ്ടായത്. അതോടെ സംശയം തോന്നിയ സി.ഐ ബാഗ് പരിശോധിക്കുകയുമായിരുന്നു. ഇതോടെ കള്ളനോട്ടുകൾ കണ്ടെത്തി. 500 ന്റെ 491 നോട്ടുകളാണ് കണ്ടെത്തിയത്. കഴിഞ്ഞ മാസം കൊടുവള്ളിയിൽ കള്ളനോട്ടുമായി പിടിയിലായ പ്രതിയുടെ മൊഴിയിൽ ഇയാളെ കുറിച്ച് പരാമർശമുണ്ടായിരുന്നതായി പൊലീസ് പറഞ്ഞു. കള്ളനോട്ട് പിടികൂടിയതോടെ പുതിയ കേസ് രജിസ്റ്റർ ചെയ്തു സഫീറിന്റെ അറസ്റ്റ് രേഖപ്പെടുത്തി. ഇന്ന് കോടതിയിൽ ഹാജറാക്കുമെന്ന് സി.ഐ അറിയിച്ചു. സഫീറിന്റെ ബംഗാളി സ്വദേശിയായ കുമുകിയേയും കുട്ടിയേയും തവനൂർ റസ്റ്റിയൂ ഹോമിലേക്ക് മാറ്റി. തട്ടികൊണ്ടുപോയ കുട്ടിയെ മാതാവ് സൽമക്കൊപ്പവും വിട്ടു. പ്രതിയായ സഫീർ ഉപയോഗിച്ചിരുന്നത് 5 ഫോണുകളാണെന്ന് സി.ഐ പറഞ്ഞു. കുട്ടിയെ തട്ടികൊണ്ടുപോയ പരാതി ലഭിച്ചത് മുതൽ അന്വേഷണം നടത്തി വരികയായിരുന്നു. ചെന്നൈയിൽ നിന്നുമാണ് സഫീറിന് കള്ളനോട്ട് കിട്ടിയത്. നോട്ടുമായി വീട്ടിലെത്തിയ സഫീർ കുട്ടിയേയും കൂട്ടി കാമുകിയുമൊത്ത് ബോംബെ, ലക്നൗ വഴി കൊൽകത്തയിലേക്ക് കടക്കുകയായിരുന്നു. കൊൽകത്തയിൽ ഫ്ളാറ്റെടുത്ത് തമസിച്ചു വരവെയാണ് പൊലീസ് പിടിയിലായത്. കള്ളനോട്ട് കേസിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതുണ്ടെന്നും കൂട്ടുപ്രതികളുണ്ടാകാമെന്നും സി.ഐ ശ്രീനിവാസൻ പറഞ്ഞു.



കള്ളനോട്ടുമായി പിടിയിലായ സഫീർ അന്വേഷണ സംഘത്തിനൊപ്പം

# തൃപ്പനച്ചി മഖാം ഉറൂസിന് നാളെ തുടക്കമാവും

മഞ്ചേരി : തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ ഉറൂസ് മുബാറകിന് നാളെ തുടക്കമാവും. വൈകീട്ട് 4.30ന് സിയാറത്തിനും ഓത്തിടലിനും പ്രഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ നേതൃത്വം നൽകും. വൈകീട്ട് 7 മണിക്ക് മജ്ലിസുന്നൂറും പ്രഭാഷണവും പാണക്കാട് സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. എം.പി മുസ്തഫൽ ഫൈസി അധ്യക്ഷനാകും. സയ്യിദ് മുഹമ്മദ്കോയ തങ്ങൾ ജമലുല്ലൈലി നേതൃത്വം നൽകും. നൗഷാദ് ബാഖവി ചിറയിൻകീഴ് പ്രഭാഷണം നടത്തും. 6ന് വൈകീട്ട് 7 മണിക്ക് പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. കോട്ടുമല മൊയ്തീൻ കുട്ടി മുസ്‌ലിയാർ അധ്യക്ഷനാകും. കീച്ചേരി അബ്ദുൽ ഗഫൂർ മൗലവി പ്രഭാഷണം നടത്തും. സൈനുൽ ആബിദീൻ തങ്ങൾ കുന്നംകൈ പ്രാർത്ഥനക്ക് നേതൃത്വം നൽകും. 7ന് രാവിലെ 9 മണിക്ക് അഖില കേരള മുശാഅറ മത്സരം സയ്യിദ് റാജിഹ് അലി ശിഹാബ് തങ്ങൾ പാണക്കാട് ഉദ്ഘാടനം ചെയ്യും. അബ്ദുല്ല ദാരിമി വളമംഗലം അധ്യക്ഷനാകും. വൈകീട്ട് 7 മണിക്ക് മതപ്രഭാഷണവും ഹിഫ്ള് സനദ് ദാനവും പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. ഡോ. ബഹാഉദ്ദീൻ നദ്‌വി കൂരിയാട് അധ്യക്ഷനാകും. കുമ്മനം നിസാമുദ്ദീൻ അസ്ഹരി പ്രഭാഷണം നടത്തും. 8ന് വൈകീട്ട് 7 മണിക്ക് സലാത്ത് മജ്ലിസ് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പാണക്കാട് ഉദ്ഘാടനം ചെയ്യും. പാണക്കാട് സയ്യിദ് അബ്ദുന്നാസർ ഹയ്യ് ശിഹാബ് തങ്ങൾ അധ്യക്ഷനാകും. സയ്യിദ് ബാപ്പു തങ്ങൾ ജമലുല്ലൈലി കുന്നുംപുറം നേതൃത്വം നൽകും. 9 മണിക്ക് ശൈഖ് ഇബ്രാഹീം അൽ ഖലീൽ ആന്റ് പാർട്ടി നാഗൂർ ശരീഫ് നേതൃത്വം നൽകും. 9ന് മത പ്രഭാഷണം പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. മാനുതങ്ങൾ വെള്ളൂർ അധ്യക്ഷനാകും. വലിയുദ്ദീൻ ഫൈസി വാഴക്കാട് അദ്കാറുൽ മസാഇന് നേതൃത്വം നൽകും. 10ന് വൈകീട്ട് 7 മണിക്ക് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ പാണക്കാട് ഉദ്ഘാടനം ചെയ്യും. എം.ടി അബ്ദുല്ല മുസ്‌ലിയാർ അധ്യക്ഷനാകും. മുസ്തഫ ഹുദവി ആക്കോട് പ്രഭാഷണം നടത്തും. 11ന് രാവിലെ 8 മണിക്ക് കൂട്ട സിയാറത്തിന് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നേതൃത്വം നൽകും. 8.15 സമാപന സംഗമം സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഉദ്ഘാടനം ചെയ്യും. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ അധ്യക്ഷനാകും. കെ ആലിക്കുട്ടി മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തും.

അബ്ദുസ്സമദ് പൂക്കോട്ടൂർ അനുസ്മരണ പ്രഭാഷണം നടത്തും. പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ, ഇ.ടി മുഹമ്മദ് ബഷീർ എം.പി, ഒ.പി കുഞ്ഞാപ്പുഹാജി, സയ്യിദ് ബാപ്പുതങ്ങൾ ജമലുല്ലൈലി കുന്നുംപുറം, ഒളവണ്ണ അബൂബക്കർ ദാരിമി, ആർ.വി കുട്ടിഹസൻ ദാരിമി, കെ.എ റഹ്മാൻ ഫൈസി, പി. ഉബൈദുല്ല എം.എൽ.എ, അഡ്വ. യു.എ ലത്തീഫ് എം.എൽ.എ, ടി.വി ഇബ്രാഹീം എം.എൽ.എ, നിർമാൺ മുഹമ്മദലി പ്രസംഗിക്കും. 9.30 മുതൽ 3 മണിവരെ അന്നദാനം നടക്കും.





കെ.എൻ.എം മർക്കസുദ്ദഅവ ജില്ലാ സമിതി മഞ്ചേരിയിൽ സംഘടിപ്പിച്ച ജില്ലാ മദ്രസ അധ്യാപക ശിൽപശാല സംസ്ഥാന പ്രവർത്തക സമിതി അംഗം ശാക്കിർ ബാബു കുനിയിൽ ഉദ്ഘാടനം ചെയ്യുന്നു

# അധ്യാപകർ മാറുന്ന കാലത്തെ അഭിമുഖീകരിക്കണം: സി.ഐ.ഇ.ആർ ശിൽപശാല

മഞ്ചേരി : മാറുന്ന കാലത്തെ അഭിമുഖീകരിക്കാൻ വിദ്യാർഥി തലമുറയെ സജ്ജമാക്കും വിധം സർഗാത്മകവും സക്രിയവുമായ അധ്യാപനത്തിന് അധ്യാപകരെ സജ്ജരാക്കേണ്ടതുണ്ടെന്ന് കെ.എൻ.എം മർക്കസുദ്ദഅവ വിദ്യാഭ്യാസ സമിതി സി.ഐ.ഇ.ആർ സംഘടിപ്പിച്ച ജില്ലാ മദ്രസ അധ്യാപക ശാക്തീകരണ ശിൽപശാല ആവശ്യപ്പെട്ടു. കാലം തേടുന്ന ഇസ്‌ലാഹ് എന്ന പ്രമേയത്തിൽ കെ.എൻ.എം മർക്കസുദ്ദഅവ സംസ്ഥാന വ്യാപകമായി നടത്തുന്ന സന്ദേശ പ്രചാരണത്തിന്റെ ഭാഗമായി മഞ്ചേരി ഇസ്‌ലാമിക് സെന്ററിൽ നടന്ന ശിൽപശാല കെ.എൻ.എം സംസ്ഥാന പ്രവർത്തക സമിതിയംഗം ശാക്കിർ ബാബു കുനിയിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ എം.കെ ബഷീർ മാസ്റ്റർ അധ്യക്ഷനായി. ഡോ. എം.ടി അബ്ദുൽ ഗഫൂർ നേതൃത്വം നൽകി. ആദിൽ എ.പി, യു.ടി മുഹമ്മദലി മൗലവി, റജ പുളിക്കൽ, നൂറുദ്ദീൻ തച്ചണ്ണ, സുഹ്റ ടീച്ചർ അരീക്കോട്, മുഹമ്മദ് മുസ്തഫ പാപ്പിനിപ്പാറ സംസാരിച്ചു. ഇ ബഷീർ അൻവാരി സമാപന പ്രഭാഷണം നടത്തി.

# ദുരന്ത ഭൂമിയിൽ കാരുണ്യ ഹസ്തവുമായി ഐ.എസ്.എം

മേപ്പാടി: വയനാട്ടിലെ ദുരന്ത ബാധിത പ്രദേശങ്ങളിൽ സഹായ ഹസ്തങ്ങളുമായി ഐ. എസ്.എം സാമൂഹ്യക്ഷേമ വകുപ്പായ ഈലാഫ്. വിവിധ ജില്ലകളിൽ നിന്നായി വിഭവങ്ങൾ സമാഹരിക്കൽ, രക്ഷാപ്രവർത്തകരടക്കമുള്ളവർക്ക് ഭക്ഷണമെത്തിക്കൽ, പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ശേഖരിക്കൽ എന്നിവയാണ് പ്രധാന ഈലാഫ് സേവനങ്ങൾ. വിവാഹം അടക്കമുള്ള ചടങ്ങുകളിലെ ധൂർത്തും ആർഭാടവും ഒഴിവാക്കി വയനാടിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ് സഹായിക്കണമെന്നും ഐ.എസ്. എം ആവശ്യപ്പെട്ടു.

# വയനാടിന്റെ കണ്ണീരൊപ്പാൻ മേൽമുറിയും കൈകോർക്കുന്നു

മലപ്പുറം: വയനാടിന്റെ പുനഃരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്ത 'വയനാടിന്റെ കണ്ണീരൊപ്പാൻ' പദ്ധതിയിൽ മേൽമുറിയും കൈകോർക്കുന്നു. യൂത്ത് ലീഗ് മേൽമുറി കോഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ മേൽമുറിയിലെ മുഴുവൻ വീടുകളിൽ നിന്നും ധനസമാഹരണം നടത്തുന്ന പദ്ധതിക്ക് തുടക്കമായി. 2018ലെ പ്രളയകാലത്ത് നിലമ്പൂരിൽ വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തിന് നിലമ്പൂരിന് മേൽമുറിയുടെ ഒരു കൈത്താങ്ങ് എന്ന പദ്ധതിയിലൂടെ വീട് നിർമിച്ചു നൽകുകയും, മലപ്പുറം സി.എച്ച് സെന്റർ യാഥാർത്ഥ്യമായ സമയത്ത് സി.എച്ച് സെന്ററിലേക്ക് 8 ലക്ഷം രൂപ വരുന്ന ഡയാലിസിസ് മെഷീൻ നൽകുന്ന പ്രവർത്തനങ്ങൾക്കും യൂത്ത് ലീഗ് മേൽമുറി കോഓർഡിനേഷൻ കമ്മിറ്റി മുന്നിട്ടിറങ്ങിയിരുന്നു. പ്രമുഖ വ്യവസായിയും കോഓർഡിനേഷൻ കമ്മിറ്റി ഉപദേശക സമിതി അംഗവുമായ നാണത്ത് കുഞ്ഞിമുഹമ്മദ് ഉദ്ഘാടനം ചെയ്തു. കോഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ പി.എ മുഹമ്മദ് അജ്മൽ അധ്യക്ഷനായി. നൗഷാദ് കപൂർ, എ.പി നൂറുദ്ദീൻ, പി.മഹറൂഫ്, അമീൻ പള്ളിയിൽ, സാദിഖ്ഫൈസൽ, ഗഫൂർ ചുങ്കം, ഇർഷാദ് മച്ചിങ്ങൽ, സാദിഖ് അണ്ടിക്കാട്, കോഓർഡിനേഷൻ കമ്മിറ്റി കൺവീനർ കെ. സിദ്ദീഖ്, ട്രഷറർ പി. അബ്ദുല്ല പ്രസംഗിച്ചു.

# കെ.ടി മാനു മുസ്‌ലിയാർ അനുസ്മരണം; സംഘാടക സമിതി രൂപീകരിച്ചു

നിലമ്പൂർ: സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സെക്രട്ടറിയും വിദ്യാഭ്യാസ ബോർഡ് ജനറൽ സെക്രട്ടറിയുമായിരുന്ന കെ.ടി മാനു മുസ്‌ലിയാർ അനുസ്മരണവും മജ്ലിസുന്നൂർ ജില്ലാ സംഗമവും 9ന് വൈകീട്ട് 4 മണിക്ക് നിലമ്പൂർ ചന്തക്കുന്ന് മർകസിൽ നടക്കും. പരിപാടിയുടെ വിജയത്തിനായി 101 അംഗ സംഘാടക സമിതി രൂപീകരിച്ചു. ഭാരവാഹികളായി പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ (മുഖ്യരക്ഷാധികാരി), മൊയ്തീൻ കുട്ടി ഫൈസി വാക്കോട്, കുഞ്ഞി മുഹമ്മദ് മുസ്‌ലിയാർ മരുതക്കാട്, കെ.ടി കുഞ്ഞിമോൻ ഹാജി വാണിയമ്പലം, കെ.ടി ഇസ്ഹാഖ് ഫൈസി ചാമപ്പറമ്പ് (രക്ഷാധികാരികൾ), ഇ. മൊയ്തീൻ ഫൈസി പുത്തനഴി (ചെയർമാൻ), ബഷീർ ഫൈസി ചന്തക്കുന്ന് (വർക്കിങ് ചെയർമാൻ), സയ്യിദ് ഒ.എം.എസ് തങ്ങൾ മേലാറ്റൂർ, അസീസ് മുസ്‌ലിയാർ മൂത്തേടം, അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, യഅ്ഖൂബ് ഫൈസി രാമൻകുത്ത്, സഹദ് ഫൈസി ചുങ്കത്തറ, കെ.ടി കുഞ്ഞാൻ ചുങ്കത്തറ, കുഞ്ഞാപ്പ മാസ്റ്റർ ചന്തക്കുന്ന്, ചെമ്മല നാണി ഹാജി (വൈ.ചെയർമാന്മാർ) കെ.കെ മുഹമ്മദ് അമാനുല്ല ദാരിമി (ജനറൽ കൺവീനർ) ഹംസ ഫൈസി രാമംകുത്ത് (കോ-ഓർഡിനേറ്റർ) ശറഫുദ്ദീൻ എടവണ്ണ, സിദ്ദീഖ് മാസ്റ്റർ ചുങ്കത്തറ, ഉസ്മാൻ പൂന്തല, സൈത് ഹാജി പൂളപ്പാടം, സി അബ്ദുല്ല മൗലവി, ഫരീദ് റഹ്മാനി കാളികാവ് (ജോ.കൺവീനർമാർ) മോയിക്കൽ ഇണ്ണി ഹാജി (ട്രഷറർ) എന്നിവരെയും വിവിധ സബ് കമ്മിറ്റി ചെയർമാൻ കൺവീനർമാരായി ഹംസ റഹ്മാനി കൊണ്ടിപറമ്പ്, സലീം എടക്കര (പ്രോഗ്രാം), ഇസ്ഹാഖ് അടുക്കത്ത്, ഇണ്ണി കുറ്റമ്പാറ (പ്രചാരണം) നൂർ മുഹമ്മദ് ഫൈസി, ബക്കർ ചുള്ളിയോട് (ഭക്ഷണം) പറമ്പിൽ ബാവ, അശ്റഫ് ശീലത്ത് (സ്റ്റേജ്, ലൈറ്റ് ആന്റ് സൗണ്ട്) പി.കെ യഅ്ഖൂബ് രാമംകുത്ത്, കോയ അകമ്പാടം (സ്വീകരണം) ടി.പി സിദ്ദീഖ് കരുളായ്, ഫള്ൽ അൻവരി മൂത്തേടം (സപ്ലിമെന്റ്) എന്നിവരെയും തിരഞ്ഞെടുത്തു.



മുണ്ടുപറമ്പ് കാവുങ്ങൽ ബൈപ്പാസിൽ മഴയെ തുടർന്ന് തകർന്ന റോഡ്. നിരവധി വാഹനങ്ങൾ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് സമീപത്തെ സ്ഥാപനങ്ങളിലുള്ളവർ മണ്ണിട്ട് മൂടാൻ ശ്രമിച്ചിരുന്നു. എന്നാൽ മഴ തുടരുന്നതിനാൽ തുടർച്ചയായി കുഴി രൂപപ്പെടുകയും കുഴിയുടെ വലിപ്പം കൂടുകയുമാണ്. ഡ്രൈവർമാർക്ക് മുന്നറിയിപ്പ് നൽകാൻ സ്ഥാപിച്ചിരിക്കുന്ന നോക്കുകുത്തിയും കാണാം. റോഡിന്റെ പലഭാഗത്തും ചെറുതും വലുതുമായ കുഴികളുണ്ട്.

## പാണ്ടികശാല വലിയ തോട് സൈഡ് ഭിത്തി ഇല്ലാത്തത് വിനയായി;

# പ്രളയദുരിതം പേറി നിവാസികൾ

വേങ്ങര: വേങ്ങര പഞ്ചായത്തിലെ വലിയോറ വലിയ തോട് സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കാത്തത്മൂലം കടലുണ്ടിപ്പുഴയിൽ വെള്ളം കൂടുമ്പോൾ പുഴയിൽ നിന്നും വെള്ളം വലിയോറപ്പാടത്തേക്ക് ഒഴുകുമ്പോൾ തോടിന്റെ സൈഡ് ഇടിഞ്ഞ് പാണ്ടികശാലയിലും പരിസരത്തും തോട്ടിലെ വെള്ളം പരന്നൊഴുകി പ്രദേശത്ത് പ്രളയദുരിതം അനുഭവിക്കുകയാണെന്ന് നാട്ടുകാർ പറയുന്നു.

ഏതാനും മീറ്റർ ഭാഗത്ത് മാത്രമാണ് ഈ തോടിന് സൈഡിൽ ഭിത്തി നിർമിച്ചിട്ടുള്ളത്. വലിയോറ പാടശേഖരത്തിലെ ചാലി ഭാഗത്തുനിന്നും തുടങ്ങി കടലുണ്ടിപ്പുഴയിലേക്ക് ഒഴുകുന്ന ഈ തോട് മൂഴിയംകടവിലാണ് അവസാനിക്കുന്നത്. ആയിരത്തിലധികം മീറ്റർ നീളമുള്ള ഈ തോട് വലിയോറ പാടശേഖരത്തിൽ നിന്നും കടലുണ്ടിപ്പുഴയിലേക്ക് വെള്ളം ഒഴുകുന്ന പ്രധാന തോടാണ് വേങ്ങര ഗ്രാമപഞ്ചായത്തിലെ 17, 18 വാർഡുകളിലൂടെ അതിർത്തി പ്രദേശം കൂടിയാണ് ഈ തോട്. ഈ തോടിന്റെ 700 ഓളം മീറ്റർ നീളം വരുന്ന ഭാഗത്ത് തോടിന് ഇരുകരകളിലായി നിരവധി വീടുകൾ ഉണ്ട്. കടലുണ്ടിപ്പുഴയിൽ വെള്ളം കൂടുമ്പോൾ ഈ തോട് വലിയോറ പാടത്തേക്ക് തിരിച്ചൊഴുകുകയാണ്. ഈ തോടിന്റെ ഇരുഭാഗത്തും താമസിക്കുന്ന ഇരുനൂറോളം കുടുംബങ്ങൾ വലിയ ഭീതിയിലാണ്. തോടിന്റെ ഇരുഭാഗത്തും സൈഡ് ഭിത്തികെട്ടി സംരക്ഷിക്കാത്തതിനാൽ തോടിന്റെ കരയടിച്ചിൽ വ്യാപകമാണ്. മണ്ണും ചെളിയും നിറഞ്ഞ് ഈ തോട് ആഴം കുറവായതിനാൽ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം നിൽക്കുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്ന് നാട്ടുകാരായ പ്രദേശവാസികൾ പറയുന്നു. ഈ മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടി സൈഡ് ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്. ഈ തോട് സൈഡ് ഭിത്തി കെട്ടി സംരക്ഷിച്ചാൽ ഒരു പരിധിവരെ വെള്ളപ്പൊക്കം ദുരിതം തടയാൻ സാധിക്കുമെന്നും പ്രദേശവാസികൾ പറയുന്നു. തോടിന്റെ കരയിടിച്ചിൽമൂലം നിരവധി വീടുകൾ ഭീഷണിയിലായിരിക്കുകയാണ്. മാത്രമല്ല ഈ തോടിന്റെ സമീപത്തുള്ള ഭൂമിയിലെ മരങ്ങളും മറ്റും തോട്ടിലേക്ക് മറിഞ്ഞു പോവുകയാണെന്നും ഇത് വ്യാപകമായ കരയിടിച്ചിലിന് കാരണമാകുകയാണെന്നും ഇതിന് ശാശ്വത പരിഹാരം വേണമെന്നും പ്രദേശവാസികൾ പറയുന്നു. ഈ തോട് സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിരവധി തവണ കൃഷി - ജലസേചന വകുപ്പ് മന്ത്രിമാർക്ക് വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം സ്ഥലം എം.എൽ.എ പി.കെ കുഞ്ഞാലിക്കുട്ടി മുഖേന പദ്ധതി സമർപ്പിച്ചതാണെന്നും ഇതിന് ഫണ്ട് അനുവദിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ അനാസ്ഥ കാണിക്കുകയാണെന്നും വാർഡ് മെമ്പർ പറഞ്ഞു.



പാണ്ടികശാല വലിയതോട് സൈഡ് ഭിത്തി ഇടിഞ്ഞ നിലയിൽ



പരപ്പനങ്ങാടിയിൽ വെള്ളം കയറിയ വീടുകൾ മലിനമുക്തമാക്കുന്നതിനായി ബേപ്പൂർ ജി.എച്ച് എസ്.എസിലെ എൻ.എസ്.എസ് യൂണിറ്റിന്റെ ശുചീകരണ ഉപകരണങ്ങൾ ചെയർമാൻ പി.പി.ഷാഹുൽ ഹമീദ് ഏറ്റുവാങ്ങുന്നു

## കർക്കിടക മാസ പിതൃതർപ്പണം

പടിഞ്ഞാറ്റുമുറി: ശ്രീ മേതൃക്കോവിൽ ക്ഷേത്രസന്നിധിയിൽ കടലുണ്ടിപ്പുഴയോരത്ത് നൂറുകണക്കിന് ഭക്തർ കർക്കിടകമാസ പിതൃതർപ്പണം നടത്തി. പുലർച്ചെ നാലുമണി മുതൽ ആരംഭിച്ച പിതൃതർപ്പണത്തിന് താമരശ്ശേരി മണി, പി.കെ. ഉണ്ണി നേതൃത്വം നൽകി. തന്ത്രി ബ്രഹ്മശ്രീ മൊടപ്പിലാപ്പള്ളി ശാസ്ത്യ ശർമൻ നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമികത്വത്തിൽ തിലഹോമം നടത്തി. ക്ഷേത്രത്തിലെത്തിച്ചേർന്ന എല്ലാവർക്കും ദേവസ്വം പ്രഭാത ഭക്ഷണമൊരുക്കി.



പടിഞ്ഞാറ്റുമുറി മേതൃക്കോവിൽ ക്ഷേത്രത്തിൽ നടന്ന കർക്കിടകമാസ പിതൃതർപ്പണം

## കേരള വാർത്തകൾ



കെ. നവീൻ



ടി.പി പ്രശാന്ത്

## മുഖ്യമന്ത്രിയുടെ ഫയർ സർവീസ് മെഡൽ നേടി

മലപ്പുറം: വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ഫയർ സർവീസ് മെഡൽ നേടിയ കെ. നവീൻ, ടി പി പ്രശാന്ത് (രണ്ട് പേരും പെരിന്തൽമണ്ണ ഫയർ സ്റ്റേഷനിലെ ഫയർ ആന്റ് റസ്ക്യൂ ഓഫീസർ ഡ്രൈവർമാരാണ്.).

## കുരുന്നുകൾക്ക് രക്ഷകനായി അബ്ബാസെത്തി

തിരൂരങ്ങാടി: കുരുന്നുകൾക്ക് രക്ഷകനായി അബ്ബാസെത്തി. തോട്ടിലൂടെ ഒഴുകി വരുന്ന ചുള്ളിപ്പാറ സ്വദേശികളായ എട്ടും പതിമൂന്നും വയസ്സുള്ള രണ്ട് കുട്ടികളെ ഓട്ടോ ഡ്രൈവർ കൂടിയായ കരിമ്പിൽ സ്വദേശി പൈനാട്ടിൽ അബ്ബാസ്(40) രക്ഷപ്പെടുത്തിയത്. കഴിഞ്ഞദിവസം 11-മണിയോടെ കരിമ്പിൽ സമൂസ കുളത്തിന്റെ പരിസരത്ത് വച്ചാണ് സംഭവം.



അബ്ബാസ്

അബ്ബാസ് തന്റെ ഓട്ടോറിക്ഷ കഴുകി കുളിച്ച് കയറുന്ന സമയത്ത് കുറച്ച് അപ്പുറത്തുനിന്ന് കുളിച്ചു കൊണ്ടിരിക്കുന്ന രണ്ടു കുട്ടികൾ തോട്ടിലൂടെ ഒഴുക്കിൽ പെട്ട് വരുന്നത് കണ്ട ഉടനെ വെള്ളത്തിലേക്ക് എടുത്തു ചാടുകയായിരുന്നു. ഉടനെ അബ്ബാസ് രണ്ട് കുട്ടികളെയും പിടിച്ച് കരക്ക് കയറ്റാൻ ശ്രമിച്ചെങ്കിലും ധരിച്ചിരുന്ന തുണി കാലിൽ കുടുങ്ങിയതിനാലും നല്ല ഒഴുക്കുള്ളതിനാലും പ്രയാസപ്പെട്ട് കുട്ടികളെ പിടിച്ചു നിന്നു. ഉടനെ പരിസരത്തുള്ള മറ്റൊരാൾ വന്ന് ഒരു കുട്ടിയെ പിടിച്ച് കയറ്റിയതോടെ അബ്ബാസ് മറ്റൊരു കുട്ടിയുമായി കരക്ക് കയറി.

13 വർഷമായി കരിമ്പിൽ ഓട്ടോ ഓടിക്കുന്ന അബ്ബാസ് കരിമ്പിൽ മൈത്രി ക്ലബ്ബ് അംഗവും സജീവ മുസ്‌ലിംലീഗ് പ്രവർത്തകനും ചന്ദ്രിക ഏജന്റ് കൂടിയാണ്. വെള്ളം കയറുന്ന വീടുകളിലെ സാധനങ്ങൾ മാറ്റുന്നതിനും വീടുകൾ വൃത്തിയാക്കുന്നതിനും കരിമ്പിൽ പ്രദേശത്ത് അബ്ബാസ് സജീവമായി രംഗത്തുണ്ട്.

## അഗ്രിതെറാപ്പിക്ക് തുടക്കം

പൊന്നാനി: അഗ്രിതെറാപ്പിയുടെ ഭാഗമായി പൊന്നാനി ബഡ്സ് സ്കൂളിലെ കുട്ടികളുടെയും അധ്യാപകരുടേയും നേതൃത്വത്തിൽ ചെണ്ടുമല്ലി കൃഷിയും പച്ചക്കറി കൃഷി ആരംഭിച്ചു. നടീൽ ഉദ്ഘാടനം പൊന്നാനി മുനിസിപ്പൽ ചെയർമാൻ ശിവദാസ് ആറ്റുപുറം നിർവഹിച്ചു.



തലക്കാട് ബാർ വിരുദ്ധ സമിതിയുടെ തെക്കൻ കുറ്റൂർ സമ്മേളനം മദ്യവിരുദ്ധ സമിതി ജില്ലാ പ്രസിഡന്റ് മജീദ് മാടമ്പാട്ട് ഉദ്ഘാടനം ചെയ്യുന്നു

## തലക്കാട് ബാർ വിരുദ്ധ സമിതി: തെക്കൻ കുറ്റൂർ യൂണിറ്റ് സമ്മേളനം

തിരുന്നാവായ: തലക്കാട് ബാർ വിരുദ്ധ സമിതിയുടെ തെക്കൻ കുറ്റൂർ യൂണിറ്റ് സമ്മേളനം ആനപ്പടി മദ്രസഹാളിൽ നടന്നു. തലക്കാട് വരാൻ പോകുന്ന ബാറിനെതിരെ അതിശക്തമായ ജനകീയ സമരം നടക്കണമെന്നും പ്രദേശത്തെ എല്ലാ വീടുകൾ തോറും ബോധവത്കരണം നടത്തി സമരം ശക്തിപ്പെടുത്തണമെന്ന് സമ്മേളനം തീരുമാനിച്ചു.

തലക്കാട് പഞ്ചായത്തംഗം എ. കുഞ്ഞിമൊയ്തീൻ ആമുഖ ഭാഷണം നടത്തി. ടി.കെ അബ്ദുൽ ഹമീദ് കട്ടച്ചിറ അധ്യക്ഷനായി. മലപ്പുറം ജില്ലാ മദ്യവിരുദ്ധ സമിതി പ്രസിഡന്റ് മജീദ് മാടമ്പാട്ട് ഉദ്ഘാടനം ചെയ്തു. ഷറഫുദ്ദീൻ കട്ടച്ചിറ, സി.പി. നാസർ, മുഹമ്മദ് പാറപ്പുറത്ത്, പാരിക്കാട്ട് ബീരാൻ, റഷീദ് എന്ന ബാവ, ഫൈസൽ ബാബു പുല്ലൂർ, ഹുസൈൻ കുറ്റൂർ പ്രസംഗിച്ചു.

തെക്കൻ കുറ്റൂർ പ്രാദേശിക കമ്മിറ്റി ഭാരവാഹികളായി എ. കുഞ്ഞിമൊയ്തീൻ (മുഖ്യരക്ഷാധികാരി), സി.പി. നാസർ, മോഹനൻ കുറ്റൂർ, എം. അബ്ദുറഹ്മാൻ എന്ന കുഞ്ഞിപ്പ (രക്ഷാധികാരികൾ), പി. മുഹമ്മദ് എന്ന ബാവ ഹാജി (ചെയർമാൻ), ഹംസ തയ്യിൽ, മുഹമ്മദ്കുട്ടി തയ്യിൽ (വൈസ് ചെയർമാൻ), കെ. ഹുസൈൻ (കൺവീനർ), റഷീദ് എന്ന ബാവ, ടി. അബ്ദുസ്സമദ് ആനപ്പടി (ജോ. കൺവീനർമാർ), പി. ബീരാൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

# പ്രളയം, പ്രളയാനന്തരം: വിശ്രമമില്ലാതെ വൈറ്റ്ഗാർഡ്

തിരൂരങ്ങാടി: വെള്ളപ്പൊക്ക ഭീഷണി നേരിട്ട തിരൂരങ്ങാടി നഗരസഭയിലെ വിവിധ ഇടങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് യൂത്ത് ലീഗ് വൈറ്റ് ഗാർഡ് പ്രവർത്തകർ. വെള്ളം കയറിയ വീടുകളിലെ ആളുകളെ മാറ്റി സുരക്ഷിത കേന്ദ്രങ്ങളിൽ എത്തിക്കാനും സാധന സാമഗ്രികൾ മാറ്റാനും വെള്ളം ഇറങ്ങിയ സ്ഥലങ്ങളിലെ വീടുകളും പള്ളികളും മദ്രസകളും വൃത്തിയാക്കാനും യൂത്ത് ലീഗ് പ്രവർത്തകർ സജീവമാണ്.

തിരൂരങ്ങാടിയിൽ കെ മുഈനുൽ ഇസ്‌ലാം, കെ.ടി ശാഹുൽ, കെ.കെ മുബശിർ, സി.പി മുസ്തഫ, ടി.കെ ഉബൈദ്, റിഷാദ്, സാലിംഷ, കെ ഫാസിൽ, പി.ടി ധാനിഷ്, അബ്ദുൽ മാസി, സി ഇസ്മയിൽ, പി അജാസ് എന്നിവരുടെ നേതൃത്വത്തിൽ ആണ് ശുചീകരണം നടത്തുന്നത്.

നന്നമ്പ്ര പഞ്ചായത്തിലും വൈറ്റ് ഗാർഡ് സജീവമാണ്. നന്നമ്പ്രയിലെ ക്യാമ്പ് അവസാനിച്ചതോടെ ആളുകൾ വീടുകളിലേക്ക് മടങ്ങി. വീട് ക്ലീനിങിനും സ്കൂൾ വൃത്തിയാക്കുന്നതിനും വൈറ്റ് ഗാർഡ് തന്നെ മുന്നിൽ. സലാഹുദ്ദീൻ തേറാമ്പിൽ, ഹക്കീം മൂച്ചിക്കൽ, ഉബൈദ് മറ്റത്ത്, അബ്ബാസ് പനയത്തിൽ, വി.പി ആശിഫ്, സലാം പനമ്പിലായി നേതൃത്വം നൽകി. സർവ്വ സഹായവുമായി നന്നമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് തസ്‌ലീന ഷാജി പാലക്കാട്ടും വൈറ്റ് ഗാർഡിനൊപ്പമുണ്ട്.

പൊന്നാനി: ഉരുൾപൊട്ടലിൽ കാണാതായ മനുഷ്യരെ തിരയാൻ മലപ്പുറം ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് കമ്മിറ്റിയുടെ യജ്ഞത്തിൽ പങ്കാളികളായി മുസ്‌ലിം യൂത്ത് ലീഗ് പൊന്നാനി മുനിസിപ്പൽ വൈറ്റ് ഗാർഡും. വെള്ളിയാഴ്ച രാത്രി പുറപ്പെട്ട സംഘം ശനിയാഴ്ച നിലമ്പൂർ ചാലിയാർ പുഴയുടെ തീരങ്ങളിളിൽ തിരച്ചിലേർപ്പെട്ടു. മുണ്ടേരി മുതൽ പനങ്കയം വരെ നിബിഡ വനത്തിൽ 15 കിലോമീറ്റർ പരിധിയിലാണ് സംഘം തിരച്ചിൽ നടത്തിയത്.



വെള്ളം കയറിയ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങിലേർപ്പെട്ട വൈറ്റ്ഗാർഡ്



മുണ്ടേരിയിൽ തിരച്ചിൽ നടത്തുന്ന യൂത്ത് ലീഗ് പൊന്നാനി മുനിസിപ്പൽ വൈറ്റ് ഗാർഡ് അംഗങ്ങൾ

ആറ് മൃതദേഹങ്ങളും 10 ശരീര ഭാഗങ്ങളും തിരച്ചിലിൽ കണ്ടെത്തി. മുസ്‌ലിം യൂത്ത് ലീഗ് പൊന്നാനി മുനിസിപ്പൽ പ്രസിഡന്റ് എൻ ഫസലുറഹ്മാൻ, ജനറൽ സെക്രട്ടറി ഇല്യാസ് മൂസ, മണ്ഡലം വൈറ്റ് ഗാർഡ് ക്യാപ്റ്റൻ അൻസാർ പുഴമ്പ്രം, വൈറ്റ് ഗാർഡ് അംഗങ്ങളായ സകീർ പാലക്കൽ, ബാദുഷ പാലക്കൽ, ബദറു കെ.കെ, ഇബ്രാഹീം കുട്ടി, മുഹമ്മദ് ശരീഫ്, ഫസലു എന്നിവരടങ്ങുന്ന സംഘമാണ് പ്രവർത്തനങ്ങളിൽ പങ്കാളികളായത്.

കൂട്ടിലങ്ങാടി: ഒരാഴ്ചയിലേറെയായി കാറ്റും മഴയും വെള്ളപ്പൊക്കവും മൂലം ദുരിതത്തിലായ നാടിന് വിളിപ്പാടകലെ വിശ്രമമില്ലാത്ത സേവന പ്രവർത്തനത്തിലാണ് കൂട്ടിലങ്ങാടി പഞ്ചായത്തിലെ വൈറ്റ്ഗാർഡ് അംഗങ്ങൾ. രാപകൽ ഭേദമന്യേ തോരാമഴയത്തും നിതാന്ത ജാഗ്രതയോടെ നടത്തിയ സ്തുത്യർഹമായ സന്നദ്ധ സേവന പ്രവർത്തനങ്ങൾ ഏവരുടെയും പ്രശംസ പിടിച്ച് പറ്റി. കാറ്റിൽ വീണതും വീടുകൾക്ക് അപകട ഭീഷണിയുയർത്തുന്നതുമായ ഒട്ടേറെ മരങ്ങൾ മുറിച്ച് മാറ്റി.

കനത്ത മഴയിൽ ഒലിച്ച് വന്ന് തട്ടാർമണ്ണ പാലത്തിൽ അടിഞ്ഞ് കൂടിയ മാലിന്യങ്ങൾ നീക്കം ചെയ്തു.വെള്ളം കയറാൻ സാധ്യതയുള്ള നിരവധി വീടുകളിൽ നിന്ന് വീട്ടു സാധനങ്ങൾ മാറ്റി, അപ്രതീക്ഷിതമായ വെള്ളപ്പൊക്കത്തിൽ വീടുകളിലും താമസസ്ഥലങ്ങളിലും കുടുങ്ങിയ ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ രക്ഷപ്പെടുത്തി സുരക്ഷിത ഇടങ്ങളിലും ദുരിതാശ്വാസ ക്യാമ്പിലും എത്തിച്ചു.

വെള്ളം കയറി ഗതാഗതം മുടങ്ങിയ പാലക്കാട് കോഴിക്കോട് ദേശീയപാതയിൽ കുടുങ്ങിയ ലോറി ഡ്രൈവർമാർക്ക് ഭക്ഷണം നൽകിയും 24 മണിക്കൂറും ഗതാഗതം നിയന്ത്രിച്ചും ദുരിതാശ്വാസ ക്യാമ്പിൽ സേവനം ചെയ്തും മാതൃകയായി. വെള്ളമിറങ്ങിയ പ്രദേശങ്ങളിലെ ഒട്ടേറെ വീടുകൾ, സ്ഥാപനങ്ങൾ കൂട്ടിലങ്ങാടി പഞ്ചായത്ത് മുസ്‌ലിം ലീഗ് ഓഫീസ്, മങ്കട ഉപജില്ലാ കെ.എസ്.ടി.യു ഓഫീസ് എന്നിവിടങ്ങളിൽ ശുചീകരണം നടത്തി.

## വയനാട് ദുരന്തത്തിന്റെ നടുക്കം മാറാതെ അജ്മൽ ഫൈസി

മങ്കട : വയനാട് ദുരന്തത്തിന്റെ നടുക്കം മാറാതെ അജ്മൽ ഫൈസി. കൂട്ടിലങ്ങാടി കൊളപ്പറമ്പ് ഗേറ്റ് പടി കണ്ടത്തിൽ വീട്ടിൽ അജ്മൽ കെ ഫൈസി വെള്ളാർമല ഹൈസ്കൂൾ അധ്യാപകനാണ്. വെള്ളാർമല ജി.എച്ച്.എസിന്റെ പിറകുവശത്തെ റോഡിന്നു സമീപമായിരുന്നു താമസം. ദുരന്തത്തെക്കുറിച്ച് അജ്മൽ ഫൈസി പറയുന്നതിങ്ങനെ. അൽപം മുകളിൽ ഉറങ്ങുകയായിരുന്നു. പുറത്ത് ശബ്ദകോലാഹലങ്ങൾ കേട്ടാണ് ഉണർന്നത്. ചില്ലു ജനാലയിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ എന്തൊക്കെയോ അപകടം നടന്നതായുള്ള സൂചന. ഒരു പെൺകുട്ടിയെ തോളിലേറ്റി വേഗം അടുത്ത റൂമിലേക്ക് ആരോ ഓടിപ്പോകുന്നത് ജനലിലൂടെ കണ്ടു. ഉടൻ വാതിൽ തുറന്നു. ശക്തമായ മഴ പെയ്യുന്നുണ്ടായിരുന്നു. പുഴയിൽ നിന്ന് ഭീകരമാം വിധം അതിശക്തമായ ഒഴുക്കിന്റെശബ്ദം കേൾക്കാം. റെയിൻകോട്ടിട്ട് പുറത്തെത്തി താഴെ 10 -15 മീറ്റർ മാത്രം അടുത്തുള്ള റോഡിൽ എത്തി നോക്കിയപ്പോൾ റോഡിലൊക്കെ ചെളി സാന്നിധ്യം കണ്ടു. അയൽ വാസികളിൽ പലരും നിലവിളിക്കുന്നു. വീടുകളും ആരൊക്കെയോ മുണ്ടക്കൈയിൽ നിന്നും ഒലിച്ചു പോയി എന്നും പറയുന്നത് കേൾക്കാം.



അജ്മൽ ഫൈസി

പലരെയും വിളിച്ചുണർത്തുന്നു. രക്ഷിക്കാൻ കഴിയാത്ത നിരാശയിൽ പലരും ആശങ്കയോടെ നിൽക്കുന്നു. ഉരുൾപൊട്ടിയെന്നും അടുത്ത പൊട്ടലും ആരോ പ്രവചിക്കുന്നതും കേൾക്കാം. റോഡിൽ ഇറങ്ങി റോഡിന്റെ ഇടതു വശത്തു താഴെയുള്ള സ്കൂളിനോട് ചേർന്ന നീണ്ട വലിയ കാന പോലെ യുള്ള താഴ്ച ഭാഗത്ത് തടിയും കല്ലും ചെളിയും മരങ്ങളും വന്നു നിറഞ്ഞു കിടക്കുന്നു.

പ്രായമുള്ള സ്ത്രീയുടെ നിരന്തരമായ വേദനയോടെയുള്ള കരച്ചിൽ കേട്ടപ്പോൾ അങ്ങോട്ട് നീങ്ങുകയും അവരെ രക്ഷപ്പെടുത്തുകയും ചെയ്തു. രക്ഷപ്പെടുത്തുന്നതിനിടയിൽ അമ്മ കൂടെ മോളും ഉണ്ട് എന്ന് പറഞ്ഞിരുന്നു. പിന്നീട് അത് പേരക്കുട്ടിയാണ് എന്നറിഞ്ഞു മോളുടെ ശബ്ദം കേൾക്കുന്നുണ്ടോന്നു കുറച്ചു നടന്നു നോക്കി. ഒന്നും കാണാനാവുന്നില്ല. ശബ്ദവും കേൾക്കുന്നില്ല. ഇനി വേഗം ഇവിടുന്ന് കയറിയില്ലെങ്കിൽ താനും പെട്ടേക്കും എന്ന് തോന്നി. അൽപം കഴിഞ്ഞതോടെ രണ്ടാമതും പൊട്ടിയെന്ന് കേട്ടു. ഉടൻ സ്ഥലം വിടാൻ എല്ലാവരും തയ്യാറായപ്പോൾ സമീപത്തുള്ള എല്ലാവരെയും രക്ഷപ്പെടുത്തി ക്കഴിഞ്ഞിരുന്നു. അവസാന നോട്ടത്തിന് വന്ന പ്രവർത്തകർക്കൊപ്പം പോകാനൊരുങ്ങി. അപ്പോൾ സമയം ഏതാണ്ട് നാല് മണി കഴിഞ്ഞു. പിന്നെയും ഉരുൾ പൊട്ടൽ ഉണ്ടായെന്നു കേട്ടു. മരണം വന്നാൽ നിന്നു കൊടുക്കാൻ തന്നെയായിരുന്നു തീരുമാനം. മുറി പൂട്ടി ഇറങ്ങി. സുരക്ഷാ പ്രവർത്തകർക്കൊപ്പം നടന്നു. 200 മീറ്റർ അകലെ അങ്ങാടിയിലെത്തിയപ്പോൾ ജെ.സി.ബികൾ തലങ്ങും വിലങ്ങും അതിവേഗം ചെളി നീക്കി ക്കൊണ്ടിരിക്കുന്നു. ചെളിയിൽ പൂണ്ടാണെങ്കിലും മൂന്നു ജീപ്പുകളിൽ രക്ഷപ്പെട്ട് മേപ്പാടിയിലെത്തി.




താനാളൂർ സർവീസ് സഹകരണ ബാങ്ക് പുതിയ ഭരണ സമിതിക്ക് നൽകിയ സ്വീകരണം വി.കെ.എം ഷാഫി സംസാരിക്കുന്നു

## താനാളൂർ സർവീസ് ബാങ്ക് ഭരണ സമിതിക്ക് സ്വീകരണം നൽകി

താനാളൂർ : താനാളൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പുതിയ പ്രസിഡന്റ് പി.അഷ്റഫ്, വൈസ് പ്രസിഡന്റ് പി.എ മുസ്തഫ മറ്റു ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് മുൻ ഭരണസമിതിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വി.പി.ഒ അഷ്ക്കർ അധ്യക്ഷനായി. ജില്ലാ പഞ്ചായത്തംഗം വി.കെ.എം ഷാഫി. മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് കെ.എൻ മുത്തുക്കോയതങ്ങൾ. ഒ രാജൻ, വി.പി.എം അബ്ദുറഹിമാൻ മാസ്റ്റർ. കെ.വി മൊയ്തീൻകുട്ടി, ടി.പി.എം മുഹ്സിൻ ബാബു, പി.എസ് ഹമീദ് ഹാജി. കുന്നുമ്മൽ ദാസൻ, സി.ഷരീഫ് ഹാജി, അബ്ദുൽ കരീം .പി . സി.കെ.എം ബാപ്പു ഹാജി. പാലാട്ട് ഹനീഫ .മാടമ്പാട്ട് ഹനീഫ, തെയ്യമ്പാടി ബാവഹാജി, കുഞ്ഞു മീനടത്തൂർ, നാസർ മാസ്റ്റർ യു. ബഷീർ പി. ഗഫൂർ വിപി, നസീർ ടി. കെ , ഉവൈസ് കുണ്ടുങ്ങൽ, ഇസ്മായിൽ പി.പി . ബാപ്പുട്ടി വി. കള്ളിക്കൽ റസാഖ് . അബു വി.പി. റഷീദ് തട്ടാരക്കൽ, നസീഹ് വി. മനോജ് സി.കെ, ഹനീഫ എം. സുബൈറ പി മുബഷിറ യു, റസ്‌ലി വി , കെ സൽമത്ത്, ഫാത്തിമ ബീവി, മജീദ് മംഗ ലത്ത്, കുഞ്ഞിപ്പ തെയ്യമ്പാടി , ടി അബ്ദുറഹ്മാൻ ഹാജി. കെ.പി ഹബീബ് റഹ്മാൻ, എം.എം അലി. ബാങ്ക് സിക്രട്ടറി കെ സജീവ് പ്രസംഗിച്ചു.

## ഗസ്റ്റ് അധ്യാപക നിയമനം

കൽപകഞ്ചേരി: ചെറിയമുണ്ടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് (ജൂനിയർ), ഫിസിക്സ് (ജൂനിയർ) , അറബിക് (ജൂനിയർ) എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി 06 ന് ഉച്ചക്ക് 2 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാവുക. 98461 99446, 98097 13011, 9946812374.

## ശിഹാബ് തങ്ങൾ അനുസ്മരണം

കൂട്ടിലങ്ങാടി: പടിഞ്ഞാറ്റുമുറി സ്മാർട്ട് സെന്റർ സംഘടിപ്പിക്കുന്ന സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അനുസ്മരണവും. വയനാട് ദുരിതബാധിതർക്ക് വേണ്ടിയുള്ള പ്രാർത്ഥനാ സദസ്സും ഇന്ന് വൈകുന്നേരം 7 മണിക്ക് സ്മാർട്ട് ഹാളിൽ നടക്കും. ടി.വി ഇബ്രാഹീം എം.എൽ.എ ഉദ്ഘാടനം ചെയ്യും.അസീം ചെമ്പ്ര അനുസ്മരണ പ്രഭാഷണം നടത്തും.

## കുറ്റിക്കാട്ടിൽ ആണ്ടു നേർച്ചക്ക് നാളെ കൊടിയേറ്റം

കോട്ടക്കൽ: പാലപ്പുറ കുറ്റിക്കാട്ടിൽ നേർച്ചക്ക് നാളെ തുടക്കം കുറിക്കും. 5ന് മഖ്ബറ സിയാറത്തിന് പാലപ്പുറ മുദരിസ് സികെ മൊയ്തീൻ ഫൈസി നേതൃത്വം നൽകും. സി.പി.എം തങ്ങൾ കൊടിയേറ്റത്തിന് നേതൃത്വം നൽകും. .ചൊവ്വ ഒ. പി അബൂബക്കർ ഫൈസി മതപ്രഭാഷണം നിർവഹിക്കും. ബുധനാഴ്ച ദിക്ർ മജ്‌ലിസ് അതാഹുല്ല അഹ്സനിയുടെ നേതൃത്വത്തിൽ നടത്തപ്പെടും. വ്യാഴാഴ്ച നടക്കുന്ന മജ്‌ലിസുന്നൂറിന് സയ്യിദ് ഒ.എം.എസ് തങ്ങൾ നിസാമി മേലാറ്റൂർ നേതൃത്വം വഹിക്കും.

വെള്ളിയാഴ്ച ദുആ സമ്മേളനത്തിൽ സി.പി. എം തങ്ങൾ അധ്യക്ഷനകും. മഹല്ല് ഖാസിയും പ്രസിഡന്റുമായ സയ്യിദ് അബ്ബാസ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിക്കും. സയ്യിദ് ഫള്ൽ ശിഹാബ് തങ്ങൾ പാണക്കാട് ദുആ സമ്മേളനത്തിന് നേതൃത്വം നൽകും. ഞായറാഴ്ച രാവിലെ 7 മണി മുതൽ 5 മണി വരെ അന്നദാനം ഉണ്ടായിരിക്കുന്നതാണ്.

## കുടുംബ സംഗമവും ഹദിയ മജ്‌ലിസ് പ്രാർത്ഥനാ സദസും ഇന്ന്

മലപ്പുറം: ഖുതുബസ്സമാൻ സെന്റർ സംഘടിപ്പിക്കുന്ന കുടുംബ സംഗമവും ഹദിയ മജ്‌ലിസ് പ്രാർത്ഥനാ സദസും ഇന്ന് മലപ്പുറം ഖുതുബസ്സമാൻ എജ്യുലാന്റിൽ നടക്കും. വൈകുന്നേരം 4.30ന് ആരംഭിക്കുന്ന കുടുംബ സംഗമത്തിൽ അബ്ബാസ് ഫൈസി വഴിക്കടവ് മുഖ്യപ്രഭാഷണം നടത്തും. സത്യമാർഗം മാസികയുടെ സ്വാതന്ത്ര്യദിന സ്പെഷൽ പതിപ്പ് ചടങ്ങിൽ പ്രകാശനം ചെയ്യും. മഗ്‌രിബ് നിസ്കാരാനന്തരം ഹദിയ മജ്‌ലിസ് പ്രാർത്ഥനാ സദസും നടക്കും. മുഹമ്മദ് അസ്‌ലം ഹുദവി കോഡൂർ, ശാഹ് നജ്മുദ്ദീൻ ജീലാനി ചേളാരി, അബ്ദുൽ വഹാബ് ഹുദവി പയ്യനാട്, സയ്യിദ് ഉമർ ബാഫഖി തങ്ങൾ, ശാഹ് സാദിഖ് ജീലാനി വലമ്പൂർ പങ്കെടുക്കും.

## പ്രളയത്തിൽ നിന്ന് ഉള്ളണം മേഖലക്ക് രക്ഷയായത് വി.സി.ബി ഷട്ടർ

പരപ്പനങ്ങാടി: വെള്ളപ്പൊക്ക കാലങ്ങളിൽ ദുരിതാശ്വാസ കേന്ദ്രങ്ങളിലും ബന്ധുവീടുകളിലും അഭയംപ്രാപിക്കേണ്ട ഗതികേടിൽ നിന്നും ഉള്ളണം മേഖലക്ക് മോചനമായത് ജനപ്രതി നിധികൾ രൂപകൽപന ചെയ്ത വി.സി.ബിയുടെ ഷട്ടർ യാഥാർത്ഥ്യമായതോടെയാണ്. മഴക്കാലങ്ങളിൽ കടലുണ്ടിപുഴ കര കവിഞ്ഞ് കിടപ്പാടങ്ങളിലേക്ക് വെള്ളം കയറുക പതിവാണിവിടെ. ഈഗതികേടിൽനിന്നും ഉള്ളണം മേഖലക്ക് മോചനമായത് ജനപ്രതിനിധികൾ രൂപകൽപന ചെയ്ത വി.സി. ബി ഷട്ടർ യാഥാർത്ഥ്യമായതോടെയാണ്. 2018 ലും 2019 ലും ഉണ്ടായ വൻപ്രളയത്തിൽ അഞ്ഞൂറോളം വീടുകളിലാണ് വെള്ളം കയറുകയും വൻ നാശനഷ്ടങ്ങൾക്കിടയാക്കുകയും ചെയ്തത്. പുഴയിൽ നിന്ന് ജനവാസ കേന്ദ്രങ്ങളിലേക്ക് വെള്ളം അടിച്ചുകയറുന്നത് കടാങ്കോടൾ, പൂവത്തിങ്കൽ, പുത്തട്ടായി തോടുകൾ വഴിയായിരുന്നു. ഈ തോടുകൾക്ക് വി.സി.ബി നിർമിക്കാനും ഫൈബർ ഷട്ടറുകൾ സ്ഥാപിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. ജനപ്രതിനിധികളായ മുൻ നഗരസഭാ ചെയർമാൻ എ.ഉസ് മാൻ, കൗൺസിലറായിരുന്ന പി.കെ.എം ജമാൽ എന്നിവരുടെ പരിശ്രമഫലമായി മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിരന്തരമായ ഇടപെടലിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായി പ്രത്യേക ദുരന്തനിവാരണ ഫണ്ട് അനുവദിക്കുകയും ചെയ്തതോടെയാണ് ഷട്ടറുകൾ സ്ഥാപിക്കാനായത്. ഇത്തവണ പുഴവെള്ളം തടയാൻ വി.സി.ബി ഷട്ടർ ഏറെ സഹായകരമായി.



പരപ്പനങ്ങാടി ഉള്ളണത്ത് തോടുകളിലെ വി.സി.ബി ഷട്ടർ

## വയനാടിന് സഹായവുമായി നാടൊന്നിച്ച്

പറവണ്ണ: വയനാടിന്റെ ദുരന്തഭൂമിയിലേക്ക് സഹായ ഹസ്തവുമായി വിദ്യാർഥികൾ. കണ്ണീർ വറ്റാത്ത ദുരന്തമുഖത്ത് സേവനമനുഷ്ഠിക്കുന്നവർക്കും എല്ലാം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്നവർക്കുമുള്ള അവശ്യവസ്തുക്കളുമായാണ് കാരുണ്യത്തിന്റെ കരുതലായി വിദ്യാർഥികൾ ശേഖരിച്ച വിവിധ വസ്തുക്കൾ വയനാട്ടിലേക്ക് കൊടുത്തയച്ചത്. പറവണ്ണ സലഫി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ റെഡ്ക്രോസ് യൂണിറ്റിന്റെ നേതൃത്വത്തിലാണ് വിദ്യാർഥികൾ വയനാട്ടിലെ ഉരുൾപൊട്ടൽ നടന്ന പ്രദേശത്തേക്ക് ഇവ എത്തിച്ചത്.

കഴിഞ്ഞ രണ്ടു ദിവസങ്ങളായി റെഡ് ക്രോസ് യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ദുരന്തബാധിതർക്കായും ദുരിതാശ്വാസ പ്രവർത്തനം നടത്തുന്നവർക്കുമുള്ള വസ്തുക്കളുടെ ശേഖരണത്തിലായിരുന്നു. ഭക്ഷ്യവിഭവങ്ങൾ, മരുന്നുകൾ, ക്ലീനിങ്ങ് വസ്തുക്കൾ, വസ്ത്രങ്ങൾ, പാഡുകൾ, ഫസ്റ്റ് എയ്ഡ് കിറ്റുകൾ തുടങ്ങിയവയാണ് എത്തിച്ചത്.

രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും സഹായത്തോടെയാണ് റെഡ്ക്രോസ് അംഗങ്ങൾ ഇവയൊക്കെ ശേഖരിച്ചത്. വിദ്യാർഥികളായ ഹിഷാം അനീഷ്, കെ. സജ, യു.പി അംന ഫാത്തിമ, ടി.കെ ആയിഷ ഹിബ, എ. നവാൽ അഹമ്മദ്, സി.പി അൽഅമീൻ, കെ.പി ഹസ ഫാത്തിമ, പ്രധാനാധ്യാപകൻ ടി. മുനീർ, റെഡ് ക്രോസ് സ്കൂൾ കൺവീനർ ഹമീദ് പാറയിൽ, സി.എം.സി അർഷദ്, സി.ടി നൂർജഹാൻ നേതൃത്വം നൽകി.



മൈൽസ് കൽപകഞ്ചേരി ദുരിതാശ്വാസ ക്യാമ്പിലേക്കുള്ള വസ്തുക്കൾ യു ബഷീറിന്,അഡ്വ: അഷ്ക്കർ അലി കാരാത്തോട് കൈമാറുന്നു

കൽപകഞ്ചേരി :വയനാട് പ്രകൃതി ദുരന്തത്തിൽ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് സാന്ത്വനമായി മൈൽസ് കൽപകഞ്ചേരി. രണ്ട് ദിവസങ്ങളിലായി മൈൽസ് കൽപകഞ്ചേരി കളക്ഷൻ പോയിന്റിൽ നിന്നും ജനകീയ പങ്കാളിത്തത്തോടെ ശേഖരിച്ച അയ്യായിരത്തിലധികം സാനിറ്ററി നാപ്കിനുകൾ,വസ്ത്രങ്ങൾ, ഭക്ഷണങ്ങൾ, അവശ്യ സാധനങ്ങൾ തുടങ്ങി മേപ്പാടി ദുരിതാശ്വാസ ക്യാമ്പിലേക്കുള്ള വസ്തുക്കൾ മൈൽസ് അഡ്മിനിസ്ട്രേറ്റർ അഡ്വ: അഷ്ക്കർ അലി കാരാത്തോട് വയനാട് വിംസ് മെഡിക്കൽ കോളജ് എക്സക്യൂട്ടീവ് ട്രസ്റ്റി യു ബഷീറിന് കൈമാറി.

മൂപ്പൻസ് മെഡിക്കൽ കോളജ് ഡീൻ ഡോ: ഗോപകുമാരൻ കർത്താ, ഡോ ഷാനവാസ് പള്ളിയാൽ, സൂപ്പി കലങ്ങോടൻ, കെ വി ഹസീം, ബഷീർ, റാഷിക് , സനാഹു റഹ്മാൻ, സുഹൈൽ പങ്കെടുത്തു.

## ദേശീയ നീന്തൽ താരത്തിന് സർവീസ് സഹകരണ ബാങ്ക് സഹായം

കൊണ്ടോട്ടി: ജമ്മു കാശ്മീരിൽ നടന്ന ദേശീയ നീന്തൽ മത്സരത്തിൽ കേരളത്തിന് വേണ്ടി മത്സരിച്ച് ബട്ടർഫ്ലൈ 50 മീറ്റർ,ഫ്രീസ്റ്റൈൽ 50 മീറ്റർ എന്നിവയിൽ ഒന്നാം സ്ഥാനവും ഫ്രീ സ്റ്റൈൽ 25മീറ്ററിൽ രണ്ടാം സ്ഥാനവും നേടിയ അംജദ് അത്തിക്കാവിലിന് ഇന്റർ നാഷണൽ മത്സരത്തിന് നേപ്പാളിലേക്ക് പോകുവാനുള്ള മുഴുവൻ ചിലവുകളും കൊണ്ടോട്ടി സർവ്വീസ് സഹകരണ ബേങ്ക് ഏറ്റെടുത്തു.ബാങ്ക് പ്രസിഡന്റ് യു.കെ മമ്മദിശ ചെക്ക് കൈമാറി. സെക്രട്ടറി കെ.എം.അമ്മാർ, ഡയറക്ടർമാരായ മഹബൂബ് കോപ്പിലാൻ,സി.അബ്ദുൽ ഗഫൂർ, ചൂലൻ അധികാരി, വി.കെ. അബ്ദുൽ റഷീദ്,ഒ.അബ്ദുൽ റസാഖ്, അബ്ദുൽ നാസർ,കെ.അനീസുറഹ്മാൻ, ഒ.പി.ഹസീന, ടി.റസിയ,പി.ഇ.തസ്‌ലീമ പങ്കെടുത്തു.

# ഞാൻ എന്റെ കറുത്ത ജോലിയെ സ്നേഹിക്കുന്നു



പാരീസ്: ഒളിംപിക്സിൽ ഇരട്ട സ്വർണം നേടിയതിന് പിന്നാലെ ഡൊണാൾഡ് ട്രംപിനെ പരിഹസിച്ച് അമേരിക്കൻ ജിംനാസ്റ്റിക് റാണി സിമോൺ ബൈൽസ്. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ട്രംപ് നടത്തിയ പരാമർശങ്ങളെ പരിഹസിച്ച് തന്റെ സാമൂഹ്യ മാധ്യമങ്ങളിലാണ് ബൈൽസ് പോസ്റ്റ് പങ്കുവെച്ചത്. ഞാൻ എന്റെ കറുത്ത ജോലിയെ സ്നേഹിക്കുന്നു' എന്ന മറുപടിക്കൊപ്പം ഒരു കറുത്ത ഹൃദയത്തിന്റെ ഇമോജിയും ബൈൽസ് പങ്കുവെച്ചിട്ടുണ്ട്. കരിയറിലെ ആറാം ഒളിംപിക്സ് സ്വർണം ആണ് പാരീസ് ഒളിംപിക്സിൽ ജിംനാസ്റ്റിക്സ് താരം സിമോൺ ബൈൽസ് നേടിയത്. എട്ട് വർഷം മുൻപ് റിയോ ഒളിംപിക്സിലാണ് താരം ആദ്യമായി ആർട്ടിസ്റ്റിക്സ് ജിംനാസ്റ്റിക്സ് ഓൾ റൗണ്ട് വിഭാഗത്തിൽ സ്വർണം നേടിയത്. പാരീസിൽ രണ്ട് സ്വർണം കൂടി നേടിയതോടെ താരത്തിന്റെ ആകെ ഒളിംപിക്സ് മെഡലുകളുടെ എണ്ണം ഒൻപതായി. ആറ് സ്വർണം, ഒരു വെള്ളി, രണ്ട് വെങ്കലം എന്നിങ്ങനെയാണത്. കഴിഞ്ഞ തവണ ടോക്യോ ഒളിംപിക്സിൽ താരം മത്സരിച്ചിരുന്നില്ല. മാനസിക സമ്മർദ്ദം കാരണം മത്സരിക്കാൻ സാധിക്കുന്നില്ലെന്നു വ്യക്തമാക്കിയായിരുന്നു താരത്തിന്റെ പിൻമാറ്റം. കായിക ലോകത്തെയാകെ ഞെട്ടിച്ച ഈ നീക്കത്തിന് ശേഷം അതിഗംഭീരമായ തിരിച്ചുവരവാണ് ഇത്തവണ ബൈൽസ് നടത്തിയത്.

## ലക്ഷ്യ സെന്നിന് എതിരാളി ലോക രണ്ടാം നമ്പർ

പാരീസ്: ഒളിംപിക്സ് ബാഡ്മിന്റണിൽ ഇന്ത്യൻ പ്രതീക്ഷയായ ലക്ഷ്യ സെൻ സെമി ഫൈനലിൽ വിക്ടർ എക്സൽസെനെ നേരിടും. ലോക റാങ്കിംഗിൽ രണ്ടാം സ്ഥാനക്കാരനാണ് ഡെൻമാർക്ക് താരമായ വിക്റ്റർ. വിക്ടറിന് കീഴിൽ പരിശീലിക്കാൻ ലക്ഷ്യക്ക് അടുത്തിടെ സാധിച്ചിരുന്നു. ദുബായിലായിരുന്നു പരിശീലനം. എന്നാൽ നേർക്കുനേർ കണക്കുകളിലേക്ക് വരുമ്പോൾ വലിയ മുൻതൂക്കമാണ് വിക്ടറിനുള്ളത്. ഇരുവരും എട്ട് തവണ നേർക്കുനേർ വന്നു. ഇതിൽ ഏഴ് തവണയും ലക്ഷ്യ പരാജയപ്പെട്ടു. 2022ൽ ജർമ്മൻ ഓപ്പൺ സെമിയിൽ 21-13, 12-21, 22-20 എന്ന സ്കോറിന് ജയിച്ചതാണ് ലക്ഷ്യയുടെ ഏക വിജയം. ക്വാർട്ടറിൽ ചൈനീസ് തായ്പേയുടെ ചൗ ടീൻ ചെൻ ഒന്നിനെതിരെ രണ്ട് ഗെയിമുകൾക്ക് തോൽപ്പിച്ചാണ് ലക്ഷ്യ സെമിയിൽ കടന്നത്. ഒളിംപിക്സ് ബാഡ്മിന്റൺ സെമിയിലെത്തുന്ന ആദ്യ ഇന്ത്യൻ പുരുഷ താരമാണ് ലക്ഷ്യ. ബാഡ്മിന്റണിൽ ഇന്ത്യയുടെ അവസാന പ്രതീക്ഷയാണ് ലക്ഷ്യ സെൻ.

ചന്ദ്രിക
സ്പോർട്സ്



*മത്സരത്തിനിടെ ചില ഘട്ടങ്ങളിൽ ഞാൻ പരിഭ്രമിച്ചുപോയി. ശാന്തമാകാനും ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കാനും ഞാൻ പരമാവധി ശ്രമിച്ചു. പക്ഷേ, അതുകൊണ്ടും ഒന്നുമായില്ല. ഇത്തവണ ഒളിംപിക്സ് എന്നെ സംബന്ധിച്ച് വളരെ മികച്ചതു തന്നെയായിരുന്നു. പക്ഷേ, ഈ ഘട്ടത്തിൽ എനിക്ക് സന്തോഷിക്കാനാകുന്നില്ല. ഈ നാലാം സ്ഥാനമെന്നു പറയുന്നത് അത്ര നല്ല സ്ഥാനായി എനിക്കു തോന്നുന്നില്ല. സത്യസന്ധമായി പറഞ്ഞാൽ ഞാൻ സമൂഹമാധ്യമങ്ങളിൽ ഇപ്പോൾ സജീവമല്ല. ഫോണും അങ്ങനെ നോക്കാറില്ല. അതുകൊണ്ട് പുറത്ത് എന്താണ് സംഭവിക്കുന്നത് എന്ന് എനിക്കറിയില്ല. പക്ഷേ, ഇവിടെ ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കാൻ ഞാൻ ആത്മാർഥമായി ശ്രമിച്ചു.*

–മനു ഭാകർ

www.chandrikadaily.com

**BREAKING** ഇന്ത്യ–ശ്രീലങ്ക രണ്ടാം ഏകദിനം ഉച്ചയ്ക്ക് 2.30 മുതൽ



**ഇന്ന്**

പാരീസ് ഒളിംപിക്സ്
ഹോക്കി ക്വാർട്ടർ
ഇന്ത്യ–ബ്രിട്ടൻ
(ഉച്ചയ്ക്ക് 1.30)
ബാഡ്മിന്റൺ
സെമി ഫൈനൽ
(വൈകീട്ട് 3.30)
100 മീറ്റർ ഫൈനൽ
(രാത്രി 1.20ന് )
സ്പോർട്സ് 18

ക്രിക്കറ്റ്
ഇന്ത്യ–ശ്രീലങ്ക
(ഉച്ചയ്ക്ക് 2.30)



### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. ചൈന 14, 10, 9, 33
2. ഓസ്ട്രേലിയ 12, 7, 5, 24
3. ഫ്രാൻസ് 11, 13, 14, 38
4. ബ്രിട്ടൻ 10, 10, 10, 30
5. യു.എസ്.എ 9, 19, 17, 45
6. ദ.കൊറിയ 8, 5, 4, 17
7. ജപ്പാൻ 8, 4, 7, 19
8. ഇറ്റലി 6, 8, 4, 18
47. ഇന്ത്യ 0, 0, 3, 3

# തലനാരിഴക്ക് മെഡൽ നഷ്ടം



പാരീസിൽ നിന്നും
കമാൽ വരദൂർ

ഒളിംപിക്സിൽ മെഡലിനരികിൽ ഇന്ത്യക്ക് നഷ്ടക്കണ്ണീർ. ഷൂട്ടിംഗിൽ മൂന്നാം വ്യക്തിഗത മെഡൽ തലനാരിഴക്കാണ് മനു ഭാകറിന് നഷ്ടമായത്. വനിതകളുടെ അമ്പെയ്ത്തിൽ ദീപികാ കുമാരിക്ക് സെമിബെർത്ത് ലഭിച്ചില്ല. മെഡൽ പട്ടികയിൽ മൂന്ന് വെങ്കലങ്ങളുമായി 48–ാമത് സ്ഥാനത്താണ് രാജ്യം. അമ്പെയ്ത്തിൽ വനിതകളുടെ വ്യക്തിഗത വിഭാഗത്തിൽ ജർമനിയുടെ മിഷേൽ ക്രോപനെയെ പ്രിക്വാർട്ടർ ഫൈനലിൽ 6–4ന് തകർത്ത് പ്രതീക്ഷ നൽകിയ ദിപികക്ക് പക്ഷേ ക്വാർട്ടർ ഫൈനലിൽ ഈ മികവ് ആവർത്തിക്കാനായില്ല. ദക്ഷിണ കൊറിയയിൽ നിന്നുള്ള 19കാരി നാം സുഹിയോന് മുന്നിലായിരുന്നു ദീപികയുടെ തോൽവി. ഇന്ത്യയുടെ ഭജൻ കൗർ പ്രിക്വാർട്ടർ ഫൈനലിൽ തന്നെ തോറ്റിരുന്നു. ഇന്നലെ വലിയ നഷ്ടം ഷൂട്ടിംഗ് റേഞ്ചിൽ നിന്നായിരുന്നു.

വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഫൈനലിൽ നാലാം സ്ഥാനത്തായിരുന്നു മനു. ഹംഗറിയുടെ വെറോണിക മേജറിനെതിരെ വെങ്കലത്തിനായി ഷൂട്ടോഫായിരുന്നു. ഈ അങ്കത്തിലായിരുന്നു നിർഭാഗ്യ തിരിച്ചടി. 10 മീറ്റർ എയർ പിസ്റ്റൾ വ്യക്തിഗത ഇനത്തിലും ടിം ഇനത്തിലും ഇതിനകം വെങ്കലം സ്വന്തമാക്കിയ മനുവിന് ഹാട്രിക്ക് മെഡലിനുള്ള അവസരമാണ് നഷ്ടമായത്. ഷൂട്ടിംഗ് പുരുഷ വിഭാഗം സ്കിറ്റിൽ ഇന്ത്യയുടെ ആനന്ദ്ജിത് സിംഗ് നെറുക നാലാം റൗണ്ടിലുണ്ട്.

പക്ഷേ മെഡൽ സാധ്യതയില്ല. വനിതാ വിഭാഗത്തിൽ മഹേശ്വരി ചൗഹാൻ ആറാം സ്ഥാനത്തുണ്ട്. ഗോൾഫിൽ ശുഭാങ്കർ ശർമ, ഗഗൻജിത് ബുലാർ എന്നിവർ മൂന്നാം റൗണ്ടിലുണ്ട്.

പുരുഷ ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ഇറങ്ങുന്നുണ്ട്. ബ്രിട്ടനാണ് പ്രതിയോഗികൾ. ബാഡ്മിന്റൺ പുരുഷ സിംഗിൾസ് സെമിയിൽ ഇന്ത്യയുടെ ലക്ഷ്യാസെൻ ഇന്ന് ഇറങ്ങുന്നുണ്ട്.

## പാരീസിലെ വേഗക്കാരനെ ഇന്നറിയാം

പാരീസ്: പാരീസ് ഒളിംപിക്സിലെ അതിവേഗക്കാരൻ ആരെന്ന് ഇന്നറിയാം. ഒളിംപിക്സിലെ ഏറ്റവും ഗ്ലാമർ ഇനങ്ങളിലൊന്നായ പുരുഷൻമാരുടെ 100 മീറ്റർ ഓട്ടമത്സരത്തിന്റെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും. രാത്രി 11.35നാണ് സെമി ഫൈനൽ മത്സരങ്ങൾ.

പുലർച്ചെ 1.20ന് ഫൈനലും നടക്കും. അമേരിക്കയുടെ നോഹ ലൈൽസ്, കിശാനെ തോംസൺ, മാർസൽ ജേക്കബ്സ് എന്നിവരെല്ലാം സെമി ഫൈനലിന് യോഗ്യത നേടിയിട്ടുണ്ട്. നിലവിലെ ലോക ചാമ്പ്യനായ നോഹ ലൈൽസിനെ ഹീറ്റ്സിൽ ബ്രിട്ടന്റെ ലൂയി ഹിഞ്ച്ലിഫെ പിന്നിലാക്കിയിരുന്നു. 9.99 സെക്കന്റിലാണ് 22കാരനായ ബ്രിട്ടീഷ് താരം ഫിനിഷ് ചെയ്തത്. ലൈൽസ് 10.04 സെക്കന്റിലും.

ടോക്കിയോയിലെ സ്വർണ മെഡൽ ജേതാവ് ജേക്കബ്സ് പരിക്കിൽ നിന്നും മുക്തനായാണ് തിരിച്ചുവരവിനൊരുങ്ങുന്നത്. ഹീറ്റ്സിൽ 10.05 സെക്കന്റോടെ രണ്ടാം സ്ഥാനവുമായാണ് സെമിയിൽ ഇടം നേടിയത്.

നൈജീരിയയുടെ കയിൻസോല അജായിയാണ് ഒന്നാമതായത്. 10.02 സെക്കന്റ്. ഈ വർഷത്തെ അതിവേഗക്കാരൻ ജമൈക്കയുടെ കിശാനെ തോംപ്സൺ 10 സെക്കന്റിലാണ് ഹീറ്റ്സ് ഫിനിഷ് ചെയ്തത്. കാമറൂണിന്റെ ഇമ്മാനുവൽ എസിമെ 9.98, ജമൈക്കയുടെ ഒബ്ലിക് സെവില്ലെ 9.99 സെക്കന്റ് എന്നിവരും സെമിയിൽ ഇടം നേടിയിട്ടുണ്ട്.

ജമൈക്കയുടെ ഉസൈൻ ബോൾട്ട് ലണ്ടനിൽ സ്ഥാപിച്ച 9.63 സെക്കന്റാണ് 100 മീറ്ററിലെ ഒളിംപിക് റെക്കോഡ്. 2009ൽ ബെർലിനിൽ സ്ഥാപിച്ച ബോൾട്ടിന്റെ തന്നെ 9.58 സെക്കന്റാണ് ഈയിനത്തിലെ ലോക റെക്കോഡ്.

## അർജന്റീനക്ക് തോൽവി; കൂട്ടയടി



പാരീസ്: ഒളിംപിക് ഫുട്ബോളിൽ അർജന്റീനയെ പുറത്താക്കി ഫ്രാൻസ് സെമിയിൽ. ക്വാർട്ടർ പോരാട്ടത്തിൽ എതിരില്ലാത്ത ഒരു ഗോളിനായിരുന്നു ഫ്രാൻസിന്റെ ജയം. അഞ്ചാം മിനിറ്റിൽ ഴീൻ ഫിലിപ്പ് മറ്റെറ്റയുടെ ഹെഡർ ഗോളാണ് ഫ്രാൻസിന് ജയമൊരുക്കിയത്. മൈക്കൽ ഒലിസെ എടുത്ത കോർണറിൽ നിന്നായിരുന്നു മറ്റെറ്റയുടെ ഗോൾ. കിണഞ്ഞു ശ്രമിച്ചെങ്കിലും ഒരു ഗോൾ തിരിച്ചടിക്കാൻ അർജന്റീനയ്ക്ക് സാധിച്ചില്ല. അർജന്റീനയ്ക്ക് മുന്നിൽ ഫ്രാൻസിന് തന്നെയായിരുന്നു മുൻതൂക്കം.

തുടക്കത്തിലുണ്ടായ ആഘാതത്തിൽ നിന്ന് അർജന്റീനയ്ക്ക് തിരിച്ചുകയറാൻ സാധിച്ചില്ല. ആദ്യപകുതിയുടെ അവസാന മിനിറ്റുകളിൽ മാത്രമാണ് അർജന്റീന മത്സരത്തിലേക്ക് തിരിച്ചെത്തിയത്. 36–ാം മിനിറ്റിൽ ഗിലിയാനോ സിമിയോണിക്ക് സുവർണാവസരം ലഭിച്ചു. ബോക്സിനുള്ളിൽ മാർക്ക് ചെയ്യപ്പെടാതിരുന്നു താരം തൊടുത്ത ഹെഡ്ഡർ ലക്ഷ്യം തെറ്റി. രണ്ടാംപകുതിയിൽ അർജന്റീന അൽപം കൂടെ മുൻതൂക്കം നേടി. ജൂലിയൻ അൽവാരസിന്റെ രണ്ടോ മൂന്നോ ശ്രമങ്ങൾ പ്രതിരോധിക്കപ്പെട്ടു. ഇതിനിടെ 85–ാം മിനിറ്റിൽ ഫ്രാൻസ് ഒരിക്കൽ കൂടി ഗോൾ നേടി. എന്നാൽ വാർ പരിശോധനയിൽ നിഷേധിക്കപ്പെട്ടു. സെമിയിൽ ഫ്രാൻസ്–ഈജിപ്തിനെ നേരിടും. സിമിയോണിയും ജൂലിയൻ അൽവാരസും ലഭിച്ച അവസരങ്ങൾ തുലച്ചതും അർജന്റീനയ്ക്ക് തിരിച്ചടിയായി. മത്സരത്തിനു ശേഷം ഇരു ടീമിലെയും താരങ്ങളും പരിശീലക സംഘത്തിലെ അംഗങ്ങളും കയ്യാങ്കളിയിലേർപ്പെട്ടത് നാണക്കേടായി മാറുകയും ചെയ്തു. ലോകകപ്പ് മുതൽ ഇരു ടീമുകളും തമ്മിൽ നിലനിന്ന പോര് ഒടുവിൽ കയ്യാങ്കളിക്ക് വഴിമാറുകയായിരുന്നു. മത്സരം ആരംഭിക്കുന്നതിന് മുമ്പ് അർജന്റീനയുടെ ദേശീയ ഗാനം ആലപിക്കപ്പെട്ടപ്പോൾ തന്നെ ഇതിനെ കൂവിയാണ് ഫ്രഞ്ച് കാണികൾ പ്രതിഷേധിച്ചത്. ഫ്രാൻസ് ജയിച്ചതോടെ ടീമിന്റെ കോച്ചിങ് സ്റ്റാഫ് അടക്കം ഗ്രൗണ്ടിലിറങ്ങി. ജയിച്ച ഫ്രഞ്ച് താരങ്ങൾ ആഘോഷിക്കുന്നത് ചില അർജന്റീനിയൻ താരങ്ങൾ ചോദ്യം ചെയ്തതോടെ പിടിവിട്ടു. അർജന്റീന ക്യാപ്റ്റൻ നിക്കോളാസ് ഒട്ടാമെൻഡിയും ഫ്രഞ്ച് താരം എൻസോ മില്ലറ്റുമായിരുന്നു വെല്ലുവിളികളുമായി ഇടപെട്ടത്. മില്ലറ്റിനെ പിന്നീട് ഇതിന്റെ പേരിൽ റഫറി പുറത്താക്കുകയും ചെയ്തു. പിന്നീട് കണ്ടത് 30 അംഗ ടീമുമുയുള്ള കയ്യാങ്കളിയായിരുന്നു. ഗ്രൗണ്ടിൽ നിന്നും കയ്യാങ്കളി വീര്യം തീരാതെ ടീമുകൾ ടണലിലൂടെ മടങ്ങുമ്പോഴും ഏറ്റുമുട്ടി. 30 ഫൗളുകൾ കണ്ട മത്സരത്തിൽ 10 മഞ്ഞക്കാർഡുകളാണ് റഫറി പുറത്തെടുത്തത്. ഫ്രഞ്ച് താരം എൻസോ മില്ലറ്റിനെ റഫറി പുറത്താക്കുകയും ചെയ്തു. യു.എസ്.എയെ എതിരില്ലാത്ത നാലു ഗോളുകൾക്ക് തകർത്ത് സെമിയിലെത്തിയ മൊറോക്കോയും ജപ്പാനെ മൂന്നു ഗോളുകൾക്ക് തകർത്ത് അവസാന നാലിലെത്തിയ സ്പെയിനും തമ്മിലാണ് രണ്ടാം സെമി ഫൈനൽ. പരാഗ്വെയെ പെനാൽറ്റി ഷൂട്ടൗട്ടിൽ മറികടന്നാണ് ഈജിപ്ത് സെമി ഫൈനലിന് യോഗ്യത നേടിയത്. നിശ്ചിത സമയത്ത് ഇരു ടീമുകളും ഓരോ ഗോൾ വീതം നേടിയിരുന്നു.

## ഹോക്കി: ഇന്ത്യയിന്ന് ബ്രിട്ടനെതിരെ

പാരീസ്: സെമിഫൈനൽ തേടി ഹർമൻപ്രീത് സിംഗും സംഘവും ഇന്നിറങ്ങുന്നു. പുരുഷഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ ഇന്നത്തെ പ്രതിയോഗി ബ്രിട്ടൻ. ഇന്ത്യൻ സമയം ഉച്ചക്ക് 1.30 നാണ് കളി. മറ്റ് ക്വാർട്ടർ പോരാട്ടങ്ങളിൽ ഓസ്ട്രേലിയ നെതർലൻഡ്സിനെയും ബെൽജിയം സ്പെയിനിനെയും അർജന്റീന ജർമനിയെയും എതിരിടും. എല്ലാ മൽസരങ്ങളും ഇന്ന് തന്നെ നടക്കും. പ്രാഥമിക റൗണ്ടിൽ ബെൽജിയത്തോട് മാത്രം തോറ്റവരാണ് ഇന്ത്യ. കരുത്തരായ ഓസ്ട്രേലിയയെ 3-2ന് മറികടന്നാണ് ശ്രീജേഷും സംഘവും പൂൾ ബിയിൽ രണ്ടാം സ്ഥാനക്കാരായി ക്വാർട്ടർ ഫൈനലിലെത്തിയത്. പൂൾ എയിലെ മൂന്നാം സ്ഥാനക്കാരാണ് ബ്രിട്ടൻ. ആകെ രണ്ട് വിജയങ്ങൾ മാത്രം. അവസാന മൽസരത്തിൽ ജർമനിയോട് 1–2 ന് തോറ്റാണ് അവർ ഇന്ന് ഇന്ത്യക്കെതിരെ ഇറങ്ങുന്നത്. ക്വാർട്ടർ ഫൈനൽ ഇന്ത്യക്ക് വെല്ലുവിളിയാവിലെന്നാണ് കരുതപ്പെടുന്നത്. സെമിയിൽ പക്ഷേ ജർമനിയാവാനാണ് സാധ്യതകൾ. ഇത് വരെ നടന്ന മൽസരങ്ങളിൽ ആധികാരിക പ്രകടനമാണ് ഇന്ത്യൻ ടീം നടത്തിയിട്ടുള്ളത്. നായകൻ ഹർമൻ ആറ് ഗോളുകളുമായി ടീമിനെ മുന്നിൽ നിന്ന് നയിക്കുന്നു. യുവതാരം അഭിഷേക് കഴിഞ്ഞ രണ്ട് മൽസരങ്ങളിലും ഗോളുകൾ നേടിയിട്ടുണ്ട്. ഓസീസിനെതിരായ മൽസരത്തിൽ ഇന്ത്യൻ പ്രതിരോധവും ശക്തമായിരുന്നു. ബാറിന് താഴെ പി.ആർ ശ്രീജേഷ് പതിവ് പോലെ വിശ്വസ്തനാണ്. രാവിലെ പത്ത് മണിക്ക് കനത്ത ചൂടിലാണ് ഇന്ത്യയുടെ മൽസരമെന്നത് മാത്രമാണ് പ്രശ്നം.

## പാരീസ് ചന്തയിൽ മത്തിയുണ്ട് അയലയുണ്ട്.. തക്കാളി ഒന്ന് മാത്രം




കമാൽ വരദൂർ

ഇന്നലെ ഒരു പാരീസ് മാർക്കറ്റിൽ പോയി. വാഴ്സായി എന്ന പാരീസ് പ്രാന്തത്തിലെ ഇടത്തരം മാർക്കറ്റ്. ആഴ്ച്ചയിൽ മൂന്ന് ദിവസം പ്രവർത്തിക്കുന്ന താൽകാലിക ചന്തകളാണിവ. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ ഏഴിന് തുടങ്ങിയാൽ ഉച്ചക്ക് 12ന് അവസാനിക്കും. ചന്തയാണെന്ന് കരുതി മുഷിഞ്ഞ വേഷത്തിൽ അല്ലാട്ടോ കച്ചവടക്കാർ. നല്ല വൃത്തിയുള്ള അടിപൊളി വേഷക്കാർ. വനിതകളാണ് കൂടുതൽ. നമ്മുടെ ഒമ്നി ടൈപ്പ് കാറുകളിൽ ഇവർ രാവിലെ എത്തുന്നു. പിന്നെ ഞൊടിയിടയിൽ കാറിനുള്ളിൽ നിന്ന് ടെൻഡ് നിർമിക്കാനുള്ള സാമഗ്രികൾ എടുക്കുന്നു. 10 മിനിറ്റിനകം താൽക്കാലിക ടെൻഡ് റെഡി.

പിന്നെ റെഡിമെയ്ഡ് മേശകൾ. പെട്ടെന്ന് തന്നെ മേശപ്പുറത്തേക്ക് ചെറിയ ട്രേകൾ. അവയിൽ പച്ചക്കറികൾ, പഴവർഗങ്ങൾ, മൽസ്യം, മാംസം, ബേക്കറി സാധനങ്ങൾ എന്നിവ നിറക്കുന്നു. എല്ലാം നാടൻ സാധനങ്ങൾ. സ്വന്തം കൃഷിയിടത്തിലെ ജൈവ ഉൽപ്പന്നങ്ങൾ. മായമില്ല എന്നാണ് ഉറപ്പ്. അരമണിക്കൂർ സമയത്തിനകം സ്റ്റാൾ റെഡി. അതാ വരുന്നു ഉപഭോക്താക്കൾ. അവിടെയും വനിതകൾ തന്നെ ഒന്നാമത്. 90 വയസ് തോന്നിക്കുന്നവർ മുതൽ യുവതികൾ വരെ. മൽസ്യ വിഭവങ്ങളോടാണ് വലിയ താൽപര്യം. നമ്മുടെ മത്തി, അയല, കൊഞ്ച് തുടങ്ങി എല്ലാമുണ്ട്. ഫ്രഞ്ചുകാർക്ക് പ്രിയപ്പെട്ട മൽസ്യം ഏതെന്ന് തേടിയപ്പോൾ ഞെട്ടാതിരുന്നില്ല, മ്മളെ മത്തി തന്നെ. മൂപ്പരുടെ പേര് സർദിൻ എന്നാണ്. എല്ലാവരും വാങ്ങുന്നത് ഇവനെ തന്നെ. കാഴ്ച്ചയിൽ നമ്മുടെ മത്തി തന്നെ. അൽപ്പം വൃത്തിയധികമുണ്ട്.

കിലോഗ്രാമിന് വില രണ്ട് യൂറോ. ആരും കൂടുതലൊന്നും വാങ്ങുന്നില്ല. അര കിലോഗ്രാമാണ് ശരാശരി വിൽപ്പന. അതിന് കാരണവുമുണ്ട്. ഫ്രഞ്ചുകാർ നമ്മളെപോലെ കുറെയധികം വാങ്ങില്ല. ഒരു ദിവസത്തേക്ക് മാത്രമാണ് പർച്ചേസ്. ഇത് പറയാൻ കാരണം അവർ രണ്ട് തക്കാളി മാത്രമെടുക്കുന്നു, ഒരു ഉള്ളി മാത്രമെടുക്കുന്നു. ചിരിച്ചു പോയത് പച്ചമുളക് എടുക്കുന്നത് കണ്ടപ്പോഴാണ്രണ്ടെണ്ണം...! എരിവ് ഇവർക്ക് പറ്റില്ല. അത്യാവശ്യത്തിന് മാത്രം. മൽസ്യങ്ങളിൽ അയലയും സാൽമണും ടൂണയുമെല്ലാമുണ്ട്. അളവ് തൂക്കങ്ങളിൽ കൃത്രിമത്വമൊന്നുമില്ല. അത് പോലെ വിലപേശലുമില്ല. വില കൃത്യമായി എഴുതിവെച്ചിട്ടുണ്ട് അത് നൽകണം. മാംസങ്ങളിൽ ബീഫ്, ചിക്കൺ, പോർക്ക് എന്നിവയാണ് മുന്നിൽ. ബീഫ് പല തരത്തിലുണ്ട്. ഹലാൽ ബീഫിന് മുന്നിൽ അങ്ങനെ തന്നെ എഴുതിയിരിക്കുന്നു. ചിക്കനൊക്കെ മനോഹരമായി നിരത്തി വെച്ചിരിക്കയാണ്. പല തരം കടലകൾ, ചിപ്സുകൾ, മധുര പലഹാരങ്ങൾഎല്ലാം കുടിൽ വ്യവസായമാണ്.



വാഴ്സായി ചന്തയിൽ നിരത്തിയിരിക്കുന്ന മത്തി

ഫ്രഞ്ചുകാർക്ക് വൻകിടക്കാരെ ഇഷ്ടമല്ല. വലിയ കോർപ്പറേറ്റുകൾക്കെതിരാണ് ഈ സാധാരണ കച്ചവടക്കാർ. നമ്മുടെ നാട്ടിലെ അതേ പ്രശ്നം തന്നെ. വൻകിടക്കാർ വന്ന് വലിയ മാളുകൾ പണിയുന്നു. ഹൈപ്പർമാർക്കറ്റും സൂപ്പർ മാർക്കറ്റുമെല്ലാം തുറക്കുന്നു. വില കുറഞ്ഞ ഉൽപ്പന്നങ്ങൾ മൊത്തത്തിൽ വാങ്ങി വലിയ വിലക്ക് അൽപ്പം വൃത്തിയിൽ നൽകുന്നു.

എന്നാൽ ഇവിടെയുള്ള സാധാരണ കർഷകർ പറയുന്നത് സ്വന്തം കൃഷിയിടങ്ങളിലെ ഉൽപ്പന്നങ്ങളാണ് തങ്ങൾ വിപണിയിലെത്തിക്കുന്നതെന്നും ഫ്രഞ്ചുകാർ ഇതാണ് വാങ്ങേണ്ടതെന്നുമാണ്. ചൈനീസ് ഉൽപ്പന്നങ്ങളെയാണ് ഇവർ ലക്ഷ്യമിടുന്നത്. ഒളിംപിക്സിന് മുമ്പായി വലിയ ഒരു കാർഷിക സമരം പാരീസിൽ നടന്നിരുന്നു. സ്വന്തം ട്രാക്ടറുകളുമായി കർഷകർ പാരീസിലെത്തി. നഗരം ആകെ സ്തംഭിച്ചു. ആഭ്യന്തര കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ താങ്ങു വില വേണമെന്നായിരുന്നു ആവശ്യം. സർക്കാർ കർഷകരുടെ ആവശ്യം അംഗീകരിച്ചു. സമരം വിജയകരമായി. നമ്മുടെ വാഴ്സായി ചന്ത അവസാനിക്കാൻ സമയമായിരിക്കുന്നു. കച്ചവടക്കാർ ടെൻഡുകൾ പൊളിക്കുകയാണ്. കാറുകളിൽ അവ എടുത്ത് വെക്കുന്നു. അരികിലായി പാരീസ് നഗരസഭയുടെ വലിയ ക്ലീനിംഗ് വാഹനങ്ങൾ. കച്ചവടക്കാർ പോയാലുടൻ കോർപ്പറേഷൻ പരിസരങ്ങൾ വൃത്തിയാക്കും. അൽപ്പം മുമ്പ് അവിടെ ചന്തയുണ്ടായിരുന്നതായി തോന്നുകയേ ഇല്ല....



## ദേശീയ നീന്തൽ താരത്തിന് സർവീസ് സഹകരണ ബാങ്ക് സഹായം

കൊണ്ടോട്ടി: ജമ്മു കാശ്മീരിൽ നടന്ന ദേശീയ നീന്തൽ മത്സരത്തിൽ കേരളത്തിന് വേണ്ടി മത്സരിച്ച് ബട്ടർഫ്ലൈ 50 മീറ്റർ,ഫ്രീ സ്റ്റൈൽ 50 മീറ്റർ എന്നിവയിൽ ഒന്നാം സ്ഥാനവും ഫ്രീ സ്റ്റൈൽ 25മീറ്ററിൽ രണ്ടാം സ്ഥാനവും നേടിയ അംജദ് അത്തിക്കാവിലിന് ഇന്റർ നാഷണൽ മത്സരത്തിന് നേപ്പാളിലേക്ക് പോകുവാനുള്ള മുഴുവൻ ചിലവുകളും കൊണ്ടോട്ടി സർവ്വീസ് സഹകരണ ബേങ്ക് ഏറ്റെടുത്തു.ബാങ്ക് പ്രസിഡന്റ് യു.കെ മമ്മദിശ ചെക്ക് കൈമാറി. സെക്രട്ടറി കെ.എം.അമ്മാർ, ഡയറക്ടർമാരായ മഹബൂബ് കോപ്പിലാൻ,സി.അബ്ദുൽ ഗഫൂർ, വി.കെ. അബ്ദുൽ റഷീദ്,ഒ.അബ്ദുൽ റസാഖ് പങ്കെടുത്തു.

## വയനാടിന് സ്പിന്നിങ് മിൽ ജീവനക്കാരുടെ കൈത്താങ്ങ്

മലപ്പുറം: നാടിനെ നടുക്കിയ വയനാട് ഉണ്ടായ ഉരുൾപൊട്ടലിൽ ഒരു നാടിനെ ഒന്നാകെ ചേർത്ത് നിർത്തുന്നതിൽ വ്യവസായ വകുപ്പിന് കീഴിലുള്ള മലപ്പുറം കോ ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലും പങ്കുചേരുന്നു. മലപ്പുറം കോഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് സ്വരൂപിച്ച തുകയുടെ ആദ്യ ഗഡുവായ 1 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സ്പിന്നിങ്മിൽ മാനേജിങ് ഡയറക്ടർ എം.കെ. സലീമും കെ. മജ്നുവും ചേർന്ന് ജില്ലാ ഡെപ്യൂട്ടി കലക്ടർ ഷേർലി പൗലോസിന് കൈമാറി.

## തയ്യിൽ മെഷീൻ വിതരണം

എടവണ്ണപ്പാറ: നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷന്റെ മൈക്രോ അപ്പാര ക്ലസ്റ്റർ പദ്ധതിയുടെ ഭാഗമായി സാമൂഹിക സംരംഭകത്വ വികസന പരിപാടി സ്ത്രീ ശാക്തീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നതായി ഇ.ടി മുഹമ്മദ് ബഷീർ എം.പി. കോൺഫെഡറേഷൻ ഇംപ്ലിമെന്റ് ഏജൻസിയായ കോട്ടക്കുന്ന് അഗ്രോ ആന്റ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി എടവണ്ണപ്പാറയിൽ 172 ഗുണഭോക്താക്കൾക്ക് 50% സാമ്പത്തിക സഹായത്തോടെ നൽകുന്ന തയ്യൽ മെഷിനുകളുടെ വിതരണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചെയർമാൻ ബഷീർ മുതുവല്ലൂർ അധ്യക്ഷനായി.

# കേരള വാർത്തകൾ

## മലവാരത്തിലെ നിർമാണ പ്രവൃത്തികൾക്കെതിരെ നടപടി വേണമെന്ന്

കരുവാരകുണ്ട്: പാണ്ടൻ മലക്കരികിൽ നടക്കുന്ന നിർമാണ പ്രവൃത്തികൾക്കെതിരെ കൂടുതൽ നടപടി വേണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് മണ്ഡലം കമ്മിറ്റി രംഗത്ത്. പ്രവൃത്തി നടത്തുന്നവർക്കെതിരെ ക്രിമിനൽ കുറ്റം ചുമത്തണമെന്ന് സ്ഥലം സന്ദർശിച്ച കോൺഗ്രസ് നേതാക്കൾ പറഞ്ഞു. ഉരുൾപ്പൊട്ടൽ സാധ്യത നിലനിൽക്കുന്ന പ്രദേശത്താണ് മഴക്കുഴികൾ എന്ന പേരിൽ സ്വകാര്യ വ്യക്തികൾ കുളങ്ങൾ നിർമിച്ചിട്ടുള്ളത്. സൈലന്റ് വാലി വനമേഖലയ്ക്ക് തൊട്ടരികിലായി നടക്കുന്ന ഇത്തരം പ്രവൃത്തി വലിയ പ്രത്യാഘാതങ്ങൾക്കാകും വഴി ഒരുക്കുക. വിഷയത്തിൽ ഗൗരവമായി ഇടപ്പെടാൻ ഗ്രാമപ്പഞ്ചായത്ത് വിമുഖത കാണിക്കുന്നുണ്ടോ എന്ന സംശയം നിലനിൽക്കുന്നുണ്ട്. എന്നാൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ കോൺഗ്രസ് ശക്തമായി രംഗത്തിറങ്ങിയിട്ടുണ്ടെന്നും, പരിസ്ഥിതിക്ക് ആഘാതം വരുത്തുന്ന ഇത്തരം പ്രവൃത്തികൾ തടയാൻ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുമെന്നും മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് വി.ആബിദലി പറഞ്ഞു.യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് കെ. ജിനേഷ് കുട്ടൻ, അഷ്റഫ്, റസാഖ് പുന്നക്കാട്, മുജീബ് ചുള്ളിയോട്, പി.സജ്നു , യാസർ വാലയിൽ, റാഷിദ്, വൈശാഖൻ, സലാം , റസാഖ് തുടങ്ങിയവർ നേതൃത്വം നൽകി.

## ദുരന്ത മേഖലക്ക് കൈത്താങ്ങായി അരീക്കോട് പഞ്ചായത്ത്

അരീക്കോട് : വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലക്ക് കൈത്താങ്ങുമായി അരീക്കോട് ഗ്രാമ പഞ്ചായത്തും ഒരു പറ്റം യുവ കൂട്ടായ്മയും. വയനാട്ടിലെ ചൂരൽ മലയിലും മുണ്ടക്കയത്തും ദുരന്തം പെയ്തിറങ്ങിയ വാർത്തകൾ മാധ്യമങ്ങളുടെ കണ്ടയുടൻതന്നെ ദുരന്തത്തിന്റെ ഗൗരവമറിഞ്ഞു കൈത്താങ്ങുമായി കലക്ഷൻ സെന്ററിലൂടെ രംഗത്തിറങ്ങുകയായിരുന്നു. അരീക്കോട് ഗ്രാമപഞ്ചായത്തും പ്രദേശത്തെ ഒരു പറ്റം യുവാക്കളും. ഈ വിവരം സമൂഹ മാധ്യമങ്ങളിലൂടെയും മറ്റുമായി പ്രചരണങ്ങൾ നടത്തിയതോടെ ജില്ലക്കകത്തു നിന്നും പുറത്തുനിന്നുമായി നിരവധി സുമനസ്സുകളാണ് ഭക്ഷണസാധനങ്ങൾ തുടങ്ങി നിത്യോപയോഗ സാധനങ്ങളും, വസ്ത്രങ്ങളും മറ്റുമായി ഒഴുകിയെത്തിയത്. തുടക്കം തന്നെ ക്യാമ്പുകളിലേക്കും രക്ഷാപ്രവർത്തനത്തിനും ആവശ്യമായ വസ്തുക്കളാണ് ശേഖരിച്ചത്. തുടർന്ന് വലിയ രീതിയിലുള്ള ഒഴുക്കാണ് കലക്ഷൻ സെന്ററിലേക്കെത്തിയത്. ഒന്നര ദിവസം കൊണ്ട് പൂർത്തിയാക്കിയ ആവശ്യസാധനങ്ങളുമായി വ്യാഴാഴ്ച രാവിലെ ലോറിയിൽ വയനാട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള കൽപ്പറ്റ സെന്റ് ജോസഫ് കോൺവെൻ്റ് സ്കൂളിൽ എത്തിച്ചു കൈമാറി. രണ്ടാംഘട്ട കൈത്താങ്ങിന്റെ ഭാഗമായി രക്ഷാപ്രവർത്തനം നടത്തുന്ന പോത്തുകല്ലിൽ മെഡിക്കൽ അവശ്യവസ്തുക്കളും വെള്ളിയാഴ്ച കൈമാറി. വരും ദിവസങ്ങളിലും പ്രളയമേഖലക്ക് കൂടുതൽ കൈത്താങ്ങുമായി മുന്നോട്ടു പോകാനാണ് ഗ്രാമപഞ്ചായത്തിന്റെയും കൂട്ടായ്മയുടെയും തീരുമാനം. 25 മുതൽ 30 ലക്ഷം രൂപയുടെ മരുന്നുകൾ ഉൾപ്പെടെയുള്ള വസ്തുക്കളാണ് കലക്ഷൻ സെന്ററിലൂടെ ശേഖരിക്കാൻ കഴിഞ്ഞതെന്ന് അരീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൗഷർ കല്ലട പറഞ്ഞു.





അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സുമനസ്സുകളുടെ സഹായം കൊണ്ട് അരീക്കോട്ടെ കലക്ഷൻ സെന്ററിൽ ശേഖരിച്ച വയനാട്ടിലെ ദുരിത മേഖലയിലേക്കുള്ള അവശ്യവസ്തുക്കൾ



'വയനാടിന്റെ കണ്ണീരൊപ്പാൻ' പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ട് മേൽമുറി യൂത്ത് ലീഗ് മേൽമുറി കോഓർഡിനേഷൻ കമ്മിറ്റി പ്രവർത്തകർ

## വയനാടിന്റെ കണ്ണീരൊപ്പാൻ മേൽമുറിയും കൈകോർക്കുന്നു

മലപ്പുറം: വയനാടിന്റെ പുനഃരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്ത 'വയനാടിന്റെ കണ്ണീരൊപ്പാൻ' പദ്ധതിയിൽ മേൽമുറിയും കൈകോർക്കുന്നു. യൂത്ത് ലീഗ് മേൽമുറി കോഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ മേൽമുറിയിലെ മുഴുവൻ വീടുകളിൽ നിന്നും ധനസമാഹരണം നടത്തുന്ന പദ്ധതിക്ക് തുടക്കമായി. 2018ലെ പ്രളയകാലത്ത് നിലമ്പൂരിൽ വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തിന് നിലമ്പൂരിന് മേൽമുറിയുടെ ഒരു കൈത്താങ്ങ് എന്ന പദ്ധതിയിലൂടെ വീട് നിർമിച്ചു നൽകുകയും, മലപ്പുറം സി.എച്ച് സെന്റർ യാഥാർത്ഥ്യമായ സമയത്ത് സി.എച്ച് സെന്ററിലേക്ക് 8 ലക്ഷം രൂപ വരുന്ന ഡയാലിസിസ് മെഷീൻ നൽകുന്ന പ്രവർത്തനങ്ങൾക്കും യൂത്ത് ലീഗ് മേൽമുറി കോഓർഡിനേഷൻ കമ്മിറ്റി മുന്നിട്ടിറങ്ങിയിരുന്നു. പ്രമുഖ വ്യവസായിയും കോഓർഡിനേഷൻ കമ്മിറ്റി ഉപദേശക സമിതി അംഗവുമായ നാണത്ത് കുഞ്ഞിമുഹമ്മദ് ഉദ്ഘാടനം ചെയ്തു. കോഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ പി.എ മുഹമ്മദ് അജ്മൽ അധ്യക്ഷനായി. ഭാരവാഹികളായ നൗഷാദ് കപൂർ, എ.പി നൂറുദ്ദീൻ, പി. മഹറൂഫ്, അമീൻ പുള്ളിയിൽ, സാദിഖ് ഫൈസൽ, ഗഫൂർ ചുങ്കം, ഇർഷാദ് മച്ചിങ്ങൽ, സാദിഖ് അണ്ടിക്കാട് പ്രസംഗിച്ചു.

## ദുരിത ബാധിതർക്ക് കൈത്താങ്ങായി ക്ലബ്ബ് പ്രവർത്തകർ

കാളികാവ്: വയനാട്ടിലുണ്ടായ ഉരുൾ പൊട്ടലിലെ ദുരിത ബാധിത മേഖലയിലെ കാണാതായ ആളുകൾക്കായി തിരച്ചിലിലിനു ദുരിതാശ്വാസ പ്രവർത്തനത്തിനും മുൻപന്തിയിലാണ് കാളികാവ് പഞ്ചായത്തിലെ ക്ലബ്ബ് പ്രവർത്തകർ. അഞ്ചച്ചവിടി എൻ.എസ്. സി , പടി അക്ഷയ ക്ലബ്ബ് പ്രവർത്തകരും അഞ്ച് ദിവസങ്ങളായി വയനാട്ടിലും നിലമ്പൂരിലുമായി പ്രവർത്തനത്തിൽ സജീവമാണ് കാളികാവ് പഞ്ചായത്തിലെ മുഴുവൻ ക്ലബ്ബ് പ്രവർത്തകരുടെ കൂട്ടായ്മ ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്തിട്ടുണ്ട്.



താനാളൂർ സർവീസ് സഹകരണ ബാങ്ക് പുതിയ ഭരണസമിതിക്ക് നൽകിയ സ്വീകരണത്തിൽ വി.കെ.എം ഷാഫി സംസാരിക്കുന്നു

## താനാളൂർ സർവീസ് ബാങ്ക് ഭരണസമിതിക്ക് സ്വീകരണം നൽകി

താനാളൂർ : താനാളൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പുതിയ പ്രസിഡന്റ് പി.അഷ്റഫ്, വൈസ് പ്രസിഡന്റ് പി.എ മുസ്തഫ മറ്റു ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് മുൻ ഭരണസമിതിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വി.പി.ഒ അഷ്ക്കർ അധ്യക്ഷനായി.

ജില്ലാ പഞ്ചായത്തംഗം വി.കെ.എം ഷാഫി. മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് കെ.എൻ മുത്തുക്കോയതങ്ങൾ. ഒ രാജൻ, വി.പി.എം അബ്ദുറഹിമാൻ മാസ്റ്റർ. കെ.വി മൊയ്തീൻകുട്ടി, ടി.പി.എം മുഹ്സിൻ ബാബു, പി.എസ് ഹമീദ് ഹാജി. കുന്നുമ്മൽ ദാസൻ, സി.ഷരീഫ് ഹാജി, അബ്ദുൽ കരീം .പി . സി.കെ.എം ബാപ്പു ഹാജി. പാലാട്ട് ഹനീഫ .മാടമ്പാട്ട് ഹനീഫ, തെയ്യമ്പാടി ബാവ ഹാജി, കുഞ്ഞു മീനടത്തൂർ, നാസർ മാസ്റ്റർ യു. ബഷീർ പി. ഗഫൂർ വിപി, നസീർ ടി.കെ , ഉവൈസ് കുണ്ടുങ്ങൽ, ഇസ്മായിൽ പി.പി . ബാപ്പുട്ടി വി. കള്ളിക്കൽ റസാഖ് . അബു വി.പി. റഷീദ് തട്ടാരക്കൽ, നസീഹ് വി. മനോജ് സി.കെ, ഹനീഫ എം. സുബൈറ പി മുബഷിറ യു, റസ്‌ലി വി , കെ സൽമത്ത്, ഫാത്തിമ ബീവി, മജീദ് മംഗ ലത്ത്, കുഞ്ഞിപ്പ തെയ്യമ്പാടി , ടി അബ്ദുറഹ്മാൻ ഹാജി. കെ.പി ഹബീബ് റഹ്മാൻ, എം.എം അലി. ബാങ്ക് സിക്രട്ടറി കെ സജീവ് പ്രസംഗിച്ചു.

## വയനാടിന് ഗ്രേസ് വാലിയുടെ കൈത്താങ്ങ്

കോട്ടക്കൽ: മരവട്ടം ഗ്രേസ് വാലി കോളജ് എൻഎസ്എസ് യൂണിറ്റിന്റെയും എസ്.ഐ.പിയുടെയും ആഭിമുഖ്യത്തിൽ സമാഹരിച്ച വയനാട് ദുരിതാശ്വാസ ക്യാമ്പിലേക്കുള്ള ആവശ്യസാധനങ്ങൾ എത്തിച്ചു. വസ്ത്രങ്ങൾ, ശുചീകരണ വസ്തുക്കൾ, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ മറ്റു നിത്യോപയോക വസ്തുക്കൾ തുടങ്ങിയവയാണ് കൽപ്പറ്റ എൻ.എം.എസ്.എം ഗവഃ കോളജിലെ എൻ.എസ്.എസ് കലക്ഷൻ സെന്ററിൽ ഏൽപ്പിച്ചു.

ഗ്രേസ് വാലി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജർ ഫൈസൽ വാഫി കാടാമ്പുഴയിൽ നിന്ന് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ പിപി.മുനീർ വസ്തുക്കൾ ഏറ്റുവാങ്ങി. എസ്.ഐ.പി കോഓർഡിനേറ്റർ പി.കെ.സഫ്‌വാൻ, കെ.ടി ബാസില, റമീസ് മരവട്ടം, കെ.കെ.റജീൽ, കെ.സി. മുഹമ്മദ് ഫെബിൻ, എ.പി. ഹാനിഷ് ബാസിൽ, എ.നാഫിയ നേതൃത്വം നൽകി.



നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്നും വയനാട്ടിലേക്ക് മാറ്റുന്ന മൃതദേഹങ്ങളുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിക്കുന്ന സൂപ്രണ്ട് ഡോ. ഷിനാസ് ബാബു, ഇൻസ്പെക്ടർ സുനിൽ പുളിക്കൽ, ഇസ്മായീൽ മൂത്തേടം തുടങ്ങിയവർ

## ദുരന്തമുഖത്ത് മാതൃകയായി നിലമ്പൂർ ജില്ലാ ആശുപത്രി

നിലമ്പൂർ: ദുരന്തമുഖത്ത് എങ്ങിനെയായിരിക്കണം ആശുത്രികൾ പ്രവർത്തിക്കേണ്ടതെന്നതിന്റെ മാതൃകയായി നിലമ്പൂർ ജില്ലാ ആശുപുത്രി. ആരോഗ്യവകുപ്പ്, മാനേജ്മെന്റായ ജില്ലാ പഞ്ചായത്ത്, പൊലീസ് , സന്നദ്ധ സംഘടനകൾ എല്ലാവരെയും കോർത്തിണക്കി തിളക്കമാർന്ന പ്രവർത്തനമാണ് ആശുപത്രിയിൽ നടന്നത്. ഇതിന് ചുക്കാൻ പടിച്ച ആശുപത്രി സൂപ്രണ്ട് ഡോ.ഷിനാസ് ബാബുതന്നെയാണ് ഇതിലെ തേരാളി. ഓരോ ആംബുലൻസിലും മൃതദേഹം വരുമ്പോഴും തടസ്സങ്ങളില്ലാതെ നേരെ മോർച്ചറിയിലേക്ക്. അവിടെവെച്ച് ഇൻക്വസ്റ്റ്. തുടർന്ന് പോസ്റ്റ്മോർട്ടം. പോസ്റ്റ്മോർട്ടത്തിന് ശേഷം ശുചീകരണവും കുളിപ്പിക്കലും. തുടർന്ന് നേരെ ഫ്രീസറിൽ സൂക്ഷിപ്പുമറിയുള്ള പേവാർഡ് കെട്ടിടത്തിലേക്ക്. അവിടെ രേഖപ്പെടുത്താൻ ആശുപത്രിയിലെയും പൊലീസിലെയും ഉദ്യോഗസ്ഥർ. ഇതിനിടെ മൃതദേഹം തിരിച്ചറിയാനായി വരുന്ന ബന്ധുക്കളെ കാണിക്കാനായുള്ള പ്രത്യേക സംവിധാനം.

തിരിച്ചറഞ്ഞവ കൃത്യമായി രേഖപ്പെടുത്തി വിട്ടുനൽകുന്നു. അല്ലാത്തവ നേരെ വയനാട്ടിലേക്ക്. എല്ലാം കൃത്യം ഓരോ കണക്കും മടിയില്ലാതെ അപ്പോൾ തന്നെ മാധ്യമങ്ങൾക്കും നൽകി ഡോ.ഷനാസ്ബാബു. ആവശ്യത്തിന് ആംബുലൻസുകളും ഫ്രീസറുകളും ഇതിനിടയിൽ ഇസ്മായീൽ മൂത്തേടം ഒരുക്കിക്കൊടുത്തു. പൊലീസും പ്രശംസിനീയമായാണ് പ്രവർത്തിച്ചത്. അവരുടെ സമർഥനായ ഉദ്യോഗസ്ഥനെ തന്നെ ഇവിടെ ഏകോപന ചുമതല നൽകി നിയമിച്ചു, ഇൻസ്പെക്ടർ സുനൽപുളിക്കൽ. നിലമ്പൂർ മേഖലയിലെ എല്ലാ സ്റ്റേഷനിലും സേവനം അനുഷ്ടിച്ച സുനിൽ പുളിക്കലിന് ഇവിടെയുള്ള എല്ലാ രാഷ്ട്രീയ-സാമൂഹ്യ-മത സന്നദ്ധ സംഘടനാ നേതാക്കളും പ്രവർത്തകരുമായി വലിയ ബന്ധം. മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടായിരുന്ന കാലത്ത് ഇവിടെയുള്ള വനമേഖലയും അദ്ദേഹത്തിന് പരിചിതമായിരുന്നു. ആശുപത്രിയിലെ ഏകോപനത്തിന് ഈ പരിചയം വലിയ സഹായകമായി.

സൗഹാർധവും കർശനമായ ഇടപെടലും നടപടികൾ വേഗത്തിലാക്കി. ജില്ലാ പൊലീസ് മേധാവി എസ്.ശശിധരനും നിലമ്പൂർ ഡി.വൈ.എസ്.പി.കെ സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള ഡി.വൈ.എസ്.പിമാരും ഇൻസ്പെക്ടർമാരും എസ്.ഐമാരും സി.പി.ഒമാരും ജില്ലാ ആശുപത്രിയിലും ചാലിയാർ തിരിച്ചിലിനും നേതൃത്വം നൽകി.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായീൽ മൂത്തേടം മുഴുവൻ സമയം ആശുപത്രിയിൽ ചിലവഴിച്ചു. എച്ച്.എം.സി അംഗങ്ങളും ഇവർക്ക് പിന്തുണ നൽകി. കെ.ടി. കുഞ്ഞാൻ, ജസ്മൽ പുതിയറ,ശംസുദ്ധീൻ കൊമ്പൻ,ഇ.പത്മാക്ഷൻ,മുജീബ് റഹ്മാൻ തുടങ്ങിയവർ മൃതദേഹം ആശുപത്രിയിൽ സൂക്ഷിക്കുന്നതിനും സന്നദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സജീവമായി നിലകൊണ്ടു.

ആശുപത്രിയിലെ സൂപ്രണ്ട് ഷിനാസ് ബാബുവിനെ കൂടാതെ മറ്റു ഡോക്ടർമാരും ജീവനക്കാരും ഡി.എം.ഒ ഡോ.രേണുക, ഡി.പി.ഒ ഡോ.അനൂപ് തുടങ്ങിവരെല്ലാം ഒറ്റക്കെട്ടായി നിലനിന്നതിന്റെ ഫലംകൂടിയായിയിരുന്നു വയനാട്ടിലെ ഉറ്റവർക്ക് തങ്ങളുടെ ജീവന്റെ ജീവനായ ബന്ധുക്കളുടെ മൃതദേഹങ്ങൾ വേഗത്തിൽ കാണാൻ കഴിഞ്ഞത്. ഡോ.ഹിതേഷ് ശങ്കർ,ഡോ.പ്രജിത്, ഡോ.ലെവിസ്,ഡോ.ഹസീം വിവിധ ആശുപത്രികളിനിന്നുള്ള ഡോ.പാർഥ സാരഥി,ഡോ.ഹസീം,ഡോ.മഹിജ, ഡോ.ലക്ഷ്മി രാജ്മോഹൻ, ഡോ. ഷാക്കിർ, ഡോ. ഫാസിൽ,ഡോ.പ്രവീണ,ഡോ.ശേശ്വത,ഡോ.സലീമ,ഡോ.ധന്യ, ഡോ.മനു,ഡോ.ശ്വേത,ഡോ. അശ്വതി നഴ്സിംഗ് സൂപ്രണ്ട് നിഷ, സീനിയർ നഴ്സുമാരായ ടിറ്റി,ഷാജി,ഷീജ സ്റ്റാഫ് നഴ്സ് ദിവ്യ,കൊച്ചുറാണി, ഷൈബി,ജീന,സ്നേഹ, എച്ച്.ഐ അജ്ഞന,ജിൽസൽ ഇവരെല്ലാം രാത്രിയും പകലുമില്ലാതെ ഇവിടെ സങ്കടങ്ങൾക്കൊപ്പം കഴിഞ്ഞവരാണ്.

## പാർട്ടിയിലെ വിഭാഗീയത
## സഖാവ് കുഞ്ഞാലിയുടെ ചരമവാർഷികം ചേരിതിരിഞ്ഞ് നടത്തി

കാളികാവ് : സഖാവ് കുഞ്ഞാലിയുടെ ജന്മനാടായ കാളികാവ് ലോക്കൽ കമ്മിറ്റിക്ക് കീഴിലെ വെന്തോടംപടി പ്രദേശത്താണ് ചേരിതിരിഞ്ഞ് കുഞ്ഞാലി ദിനത്തിൽ പ്രഭാതഭേരി നടത്തിയത്. സി.പി.ഐ.എമ്മിന് ശക്തമായ സ്വാധീനമുള്ള വെന്തോടം പടി പ്രദേശത്ത് മൂന്ന് വർഷം മുന്നേ ലോക്കൽ കമ്മിറ്റിയുമായുള്ള പ്രദേശിക വിഷയവുമായി ബന്ധപ്പെട്ടാണ് വിഭാഗീയത ആരംഭിക്കുന്നത്. ഇതിന് ശേഷം പ്രദേശത്തെ നൂറോളം പ്രവർത്തകർ ചേർന്ന് 'റെഡ് ആർമി ' കൂട്ടായ്മ രൂപീകരിച്ച് ജീവകാരുണ്യ പ്രവർത്തനവുമായി മുന്നോട്ട് പോവുകയാണ് .വെന്തോടം പടിയിലെ പ്രാദേശിക നേതാവിന്റെ മകന് നൽകിയ ജോലി സംബന്ധിച്ചാണ് പാർട്ടിയിൽ ഭിന്നത തുടങ്ങിയത്, കൂടാതെ തുടർച്ചയായി പത്ത് വർഷക്കാലം വാർഡ് സിപിഎമ്മിന്റെ കൈയിലായിരുന്നിട്ടും നാട്ടുകാരുടെ ആവശ്യമായിരുന്ന ചോക്കാട് കാളികാവ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മുത്തൻതണ്ട് പാലം കൊണ്ടു വരുമെന്ന് ജനങ്ങളെ വിശ്വസിപ്പിച്ചു വിഡ്ഢികളാക്കിയ ദേഷ്യവും പ്രവർത്തകർക്കിടയിലുണ്ട്. കഴിഞ്ഞ പ്രളയത്തിൽ പാടെ തകർന്ന പാലം സർക്കാരിന്റെ പദ്ധതിയിൽ പാസായി എന്ന് പറഞ്ഞ് ഫ്ലക്സ് വരെ നാട്ടിൽ സ്ഥാപിച്ചവരാണ്.

എന്നാൽ പാലം നിർമാണം നടക്കാതെ പോയതും പ്രവർത്തകർക്ക് നാണക്കേടുണ്ടാക്കി. തുടർന്ന് യു.ഡി.എഫ് മെമ്പർ വന്നതോടെ ജില്ലാ പഞ്ചായത്തിൽ നിന്ന് പദ്ധതി വകയിരുത്തി പാലം യാഥാർത്ഥ്യമായതും സി.പി.എം പ്രവർത്തകരെ ചൊടിപ്പിച്ചു. ഇതേ തുടർന്ന് യുവാക്കളും മുതിർന്നവരും രണ്ട് തട്ടിലായാണ് വെന്തോടം പടിയിൽ സിപിഎം പ്രവർത്തിക്കുന്നത്.



നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടക്കുന്ന മോർച്ചറിയിൽ സഹായത്തിനായി എത്തിയ വളണ്ടിയർമാർ.

## ഇവർക്കാകട്ടെ നാടിന്റെ ബിഗ് സെല്യൂട്ട്

നിലമ്പൂർ: വയനാട് ദുരന്തത്തിൽ മരിച്ചവരെ ചാലിയാർ പുഴയിൽ നിന്നും കണ്ടെടുത്ത് ജില്ലാ ആശുപത്രിയിലെത്തിക്കുന്ന നൂറ് കണക്കിന് സന്നദ്ധ സംഘടനാ പ്രവർത്തകർ. പൊലീസ്, ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ് എന്നിവർക്കൊപ്പം തോളോട് ചേർന്ന് യൂത്ത് ലീഗ് വൈറ്റ്ഗാർഡ്, സാന്ത്വനം, വിഖായ, ടീംവെൽഫെയർ, യൂത്ത് കോൺഗ്രസ്,എസ്.ഡി.പി.ഐ ,ഡി.വൈ.എഫ്.ഐ ബ്രിഗേഡ് തുടങ്ങിയ വിവിധ സംഘടനാ പ്രവർത്തകർ.

എസ്.ടി.യു അടക്കമുള്ള തൊഴിലാളി യൂണിയൻ പ്രവർത്തകർ എല്ലാവരും ഒറ്റക്കെട്ടായി. ചാലിയാറിലൂടെ ഒഴുകിയെത്തിയ മൃതദേഹങ്ങൾ അറപ്പുമില്ലാതെ മനക്കരുത്തോടെ അവർ ജില്ലാ ആശുപത്രിയിലെത്തിച്ചു. ജില്ലാ ആശുപത്രിയിൽ അവരെ കാത്ത് വലിയൊരു സന്നദ്ധസൈന്യം തന്നെയുണ്ടായിരുന്നു. പോസ്റ്റ്മോർട്ടം ടേബിളിൽ കിടത്തുന്നതിന് മുമ്പ് കഴുകി വൃത്തിയാക്കാനും ഇൻക്വസ്റ്റ് നടപടികൾക്ക് പൊലീസിനെ സഹായിക്കാനും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വനിതകൾ അടക്കമുള്ള വളണ്ടിയർമാർ.

ഇതുവരെ ജീവിതത്തിൽ കാണുകപോലും ചെയ്യാത്തവർക്കുവേണ്ടി അവർ കഴിഞ്ഞ അഞ്ചു ദിവസവും ജില്ലാ ആശുപത്രിയുടെ മോർച്ചറിയിൽ കഴിഞ്ഞു. ശരീരമെത്താത്ത ഇടവേളകളിൽ മാത്രം അവർ വിശ്രമിച്ചു. മോങ്ങം സ്വദേശി ഹതിയാബി, ആമിനാ അക്ബർ പോത്തുകൽ,സൽമ,റഹ്മത്ത് പെരിന്തൽമണ്ണ, കോണ്ടോട്ടിയിൽ നിന്നുള്ള ബഷീർ,തിരൂരിൽ നിന്നുള്ള കോളാടി ഷറഫുദ്ധീന, മുഹമ്മദ് ആസാദ്,മമ്പാട്ടുകാരായ റഷീദ്,പോരുരിൽ നിന്നുള്ള ഉണ്ണിക്കൃഷ്ണൻ, മൻസൂരലി കൊളത്തൂർ,മുഹമ്മദ് ഷാഫി പോത്തുകൽ,സലിൽ മുണ്ടുപറമ്പ്, ഷമിം മേൽമുറി,അബ്ദുൽ ബാസിത് മേൽമുറി,നാസർ വടക്കാങ്ങര,ഷുക്കൂർ കൂട്ടിലങ്ങാടി,സലാം കൂട്ടിലങ്ങാടി, ഹമീ,ഫ്ലആമിർ,അബ്ദുള്ള കൂട്ടില്ലങ്ങാടി,ഉനൈസ് വെള്ളുവെമ്പ്രം, പെരിന്തൽമണ്ണയിലെ ജെൻ അസോസിയേറ്റ്സിലെ ക്ലീനിംഗ് സ്റ്റാഫ്, സെക്യാരിറ്റി സ്റ്റാഫ് എന്നിവർ എല്ലാം നാടിന്റെ കരുതലിൽ ഒപ്പമായിരുന്നു.

ആരുടെയും കൽപനയില്ലാതെ അവർ ഇവിടെ എത്തിയപ്പോൾ വയനാടിന്റെ സങ്കടങ്ങളിൽ നിലമ്പൂരും കൂടചേരുകയായിരന്നു. ഇവർക്കാകട്ടെ നാടിന്റെ ബിഗ് സെല്യൂട്ട്.

## പ്രളയത്തിൽ നിന്ന് ഉള്ളണം മേഖലക്ക് രക്ഷയായത് വി.സി.ബി ഷട്ടർ

പരപ്പനങ്ങാടി: വെള്ളപൊക്ക കാലങ്ങളിൽ ദുരിതാശ്വാസ കേന്ദ്രങ്ങളിലും ബന്ധുവീടുകളിലും അഭയംപ്രാപിക്കേണ്ട ഗതികേടിൽ നിന്നും ഉള്ളണം മേഖലക്ക് മോചനമായത് ജനപ്രതി നിധിക ൾ രൂപകൽപന ചെയ്ത വി.സി.ബിയുടെ ഷട്ടർ യാഥാർത്ഥ്യമായതോടെയാണ്. മഴകാലങ്ങളിൽ കടലുണ്ടി പുഴ കര കവിഞ്ഞ് കിടപ്പാടങ്ങളിലേക്ക് വെള്ളം കയറുകപതിവാണിവിടെ.ഈഗതികേടിൽ നിന്നുംഉള്ളണം മേഖലക്ക് മോചനമായത് ജനപ്രതിനിധികൾ രൂപകൽപന ചെയ്ത വി.സി.ബി ഷട്ടർ യാഥാർത്ഥ്യമായ തോടെയാണ്. 2018 ലും 2019 ലും ഉണ്ടായ വൻപ്രളയത്തിൽ അഞ്ഞൂറോളം വീടുകളിലാണ് വെള്ളം കയറുകയും വൻ നാശനഷ്ടങ്ങൾക്കിടയാക്കുകയും ചെയ്തത്. പുഴയിൽ നിന്ന് ജനവാസ കേന്ദ്രങ്ങളിലേക്ക് വെള്ളം അടിച്ചുകയറുന്നത് കടാങ്കോടൾ, പൂവത്തിങ്കൽ, പൂത്തട്ടായി തോടുകൾ വഴിയായിരുന്നു. ഈ തോടുകൾക്ക് വി.സി.ബി നിർമിക്കാനും ഫൈബർ ഷട്ടറുകൾ സ്ഥാപിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. ജനപ്രതിനിധികളായ മുൻ നഗരസഭാ ചെയർമാൻ എ.ഉസ് മാൻ, കൗൺസിലറായിരുന്ന പി.കെ.എം ജമാൽ എന്നിവരുടെ പരിശ്രമഫലമായി മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിരന്തരമായ ഇടപെടലിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായി പ്രത്യേക ദുരന്തനിവാരണ ഫണ്ട് അനുവദിക്കുകയും ചെയ്ത തോടെയാണ് ഷട്ടറുകൾ സ്ഥാപിക്കാനായത്. ഇത്തവണ പുഴ വെള്ളം തടയാൻ വി.സി.ബി ഷട്ടർ ഏറെ സഹായകരമായി.



പരപ്പനങ്ങാടി ഉള്ളണത്ത് തോടുകളിലെ വി.സി ബി ഷട്ടർ

## ഗസ്റ്റ് അധ്യാപക നിയമനം

കൽപകഞ്ചേരി: ചെറിയമുണ്ടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി പൊളിറ്റിക്കൽ സയൻസ് (ജൂനിയർ), ഫിസിക്സ് (ജൂനിയർ) , അറബിക് (ജൂനിയർ) എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി 06 ന് ഉച്ചക്ക് 2 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാവുക. 98461 99446, 98097 13011, 9946812374.

## ദേശീയ നീന്തൽ താരത്തിന് സർവീസ് സഹകരണ ബാങ്ക് സഹായം

കൊണ്ടോട്ടി: ജമ്മു കാശ്മീരിൽ നടന്ന ദേശീയ നീന്തൽ മത്സരത്തിൽ കേരളത്തിന് വേണ്ടി മത്സരിച്ച് ബട്ടർഫ്ലൈ 50 മീറ്റർ,ഫ്രീ സ്റ്റൈൽ 50 മീറ്റർ എന്നിവയിൽ ഒന്നാം സ്ഥാനവും ഫ്രീ സ്റ്റൈൽ 25മീറ്ററിൽ രണ്ടാം സ്ഥാനവും നേടിയ അംജദ് അത്തിക്കാവിലിന് ഇന്റർ നാഷണൽ മത്സരത്തിന് നേപ്പാളിലേക്ക് പോകുവാനുള്ള മുഴുവൻ ചിലവുകളും കൊണ്ടോട്ടി സർവ്വീസ് സഹകരണ ബേങ്ക് ഏറ്റെടുത്തു.ബാങ്ക് പ്രസിഡന്റ് യു.കെ മമ്മദിശ ചെക്ക് കൈമാറി. സെക്രട്ടറി കെ.എം.അമ്മാർ, ഡയറക്ടർമാരായ മഹബൂബ് കോപ്പിലാൻ,സി.അബ്ദുൽ ഗഫൂർ, ചൂലൻ അധികാരി, വി.കെ. അബ്ദുൽ റഷീദ്,ഒ.അബ്ദുൽ റസാഖ്, അബ്ദുൽ നാസർ,കെ.അനീസുറഹ്മാൻ, ഒ.പി.ഹസീന, ടി.റസിയ,പി.ഇ.തസ്‌ലീമ പങ്കെടുത്തു.



വയനാട് ചൂരൽമല ഉരുൾപൊട്ടൽ രക്ഷാപ്രവർത്തനത്തിനിടെ സൂചിപ്പാറ വെള്ളച്ചാട്ടത്തിനു സമീപത്ത് കുടുങ്ങിയ രക്ഷാപ്രവർത്തകരെ സൈന്യം പുറത്തെത്തിക്കുന്നു

# ഇൻഷുറൻസ് ക്ലെയിമുകൾ വേഗത്തിൽ തീർപ്പാക്കണം

## നിർദേശം നൽകി കേന്ദ്രം

ന്യൂഡൽഹി: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, ദുരന്ത ബാധിതരുടെ ഇൻഷുറൻസ് ക്ലെയിമുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദേശം നൽകി കേന്ദ്ര സർക്കാർ. ഇൻഷൂറൻസ് കമ്പനികൾക്കാണ് സർക്കാർ ഇതുസംബന്ധിച്ച നിർദേശം നൽകിയത്. എൽ.ഐ.സി, നാഷണൽ ഇൻഷുറൻസ്, ന്യൂ ഇന്ത്യ അഷുറൻസ്, ഓറിയെന്റൽ ഇൻഷുറസ്, യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് അടക്കമുള്ള പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്ക് കേന്ദ്ര കമ്പനികാര്യ മന്ത്രാലയമാണ് നിർദേശം നൽകിയിരിക്കുന്നത്. നടപടി ക്രമങ്ങൾ പൂർത്തിയാക്കി നഷ്ടപരിഹാരത്തുക എത്രയും വേഗം വിതരണം ചെയ്യണമെന്നും കമ്പനികളോട് ആവശ്യപ്പെട്ടു.

ദുരന്തത്തിൽ സർവ്വതും നഷ്ടമായ ജനങ്ങൾക്ക് ക്ലെയിമുകൾ തീർപ്പാക്കുന്നതിന് ഡോക്യുമെന്റേഷനിൽ സമഗ്ര ഇളവ് നൽകണമെന്നും നിർദേശത്തിൽ പറയുന്നു. അതേസമയം ക്ലെയിമുകൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി തുടങ്ങഇയതായി ഇൻഷുറൻസ് കമ്പനികൾ വ്യക്തമാക്കി. പത്രങ്ങളിലൂടെയും സമൂഹമാധ്യമങ്ങൾ വഴിയും, എസ്.എം.എസിലൂടെയും കമ്പനി വെബ്സൈറ്റുകളിലൂടെയും വിവരങ്ങൾ നൽകിത്തുടങ്ങി. നടപടികൾ വേഗത്തിലാക്കാൻ ജനറൽ ഇൻഷുറൻസ് കൗൺസിലിനെയും നിയോഗിച്ചിട്ടുണ്ട്.

# ശേഷിപ്പ് തേടി ആറാം ദിനം

## ചാലിയാറിലെ തിരച്ചിൽ ഇന്ന് വനമേഖല കേന്ദ്രീകരിച്ച്

നിലമ്പൂർ: വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവരെ കണ്ടെത്താൻ ആറാം ദിനമായ ഇന്ന് ചാലിയാറിൽ പുഴ ഒഴുകിവരുന്ന ഉൾവനം കേന്ദ്രീകരിച്ചു തിരച്ചിൽ നടത്തും. ജില്ലാ പൊലീസ് മേധാവി എസ്.ശശിധരനാണ് ഇക്കാര്യം അറിയിച്ചത്. ഉൾവനത്തിൽ തിരച്ചിൽ നടത്താൻ സന്നദ്ധ സംഘടനാ പ്രവർത്തകരെ വനം വകുപ്പ് അനുവദിക്കുന്നില്ലെന്ന് പരാതി ഉയർന്ന സഹാചര്യത്തിൽ ഇന്നത്തെ തിരച്ചിൽ എല്ലാ സന്നദ്ധ സംഘടനാ പ്രവർത്തകരേയും ഉൾപ്പെടുത്തിയാണ് നടത്തുക. കാട്ടാനകളുടെ വിഹാര കേന്ദ്രമായ മുണ്ടേരി ഫാം മുതൽ 13 കിലോമീറ്റർ ദൂരം മലപ്പുറം-വയനാട് അതിർത്തി പ്രദേശമായ പരപ്പൻപാറ വരെയാണ് സംഘമായി തിരിഞ്ഞ് തിരിച്ചൽ നടത്തുന്നത്.

ഇന്നു തിരച്ചിൽ തീർന്നില്ലെങ്കിൽ നാളെ കൂടി വനത്തിൽ തിരച്ചിൽ നടത്തും. തിങ്കളാഴ്ചയോടെ വനത്തിനകത്തെ തിരച്ചിൽ അവസാനിപ്പിക്കാനാണ് തീരുമാനം. ഇനി ശരീരാവശിഷടങ്ങൾ ലഭിച്ചാലും തിരിച്ചറിയാൻ സാധ്യതയില്ലാത്തതാണ്. ജീർണിച്ച നിലയിലാണ് ഇപ്പോൾ ലഭിക്കുന്നവയിലേറെയും. ചിലത് നായ അടക്കമുള്ള മൃഗങ്ങൾ കടിച്ചിട്ടുണ്ട്.

പുഴയുടെ തീരങ്ങളിൽ മണ്ണിൽപൊതിഞ്ഞ നിലയിലാണ് ശരീരാവശിഷ്ടങ്ങൾ. ഇടക്ക് മൃഗങ്ങളുടെ അവശിഷ്ടങ്ങൾ ലഭിക്കുന്നത് തിരിച്ചറായാൻ കഴിയാത്തതും പ്രയാസപ്പെടുത്തുന്നുണ്ട്. അഞ്ചാം ദിവസമായ ഇന്നലെ 3 പൂർണമായ മൃതദേഹങ്ങളും 11 ശരീരഭാഗങ്ങളും ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നിന്നും ലഭിച്ചു. ഇതോടെ 73 പൂർണ മൃതദേഹങ്ങളും 132 ശരീര ഭാഗങ്ങളുമടക്കം 205 മൃതദേഹങ്ങളാണ് ചാലിയാറിൽ നിന്നും ലഭിച്ചത്. ഇതിൽ 37 പുരുഷൻമാരും 29 സ്ത്രീകളുടേതും മൂന്ന് ആൺകുട്ടികളുടേതും നാല് പെൺകുട്ടികളുടെതുമാണ്. മൂന്ന് ശരീര ഭാഗങ്ങൾ ഡി.എൻ. എ പരിശോധനക്കയച്ചു. ഇതിൽ 198 മൃതദേഹങ്ങൾ വയനാട്ടിലേക്ക് പോസ്റ്റ് മോർട്ടം ചെയ്ത ശേഷം കൊണ്ടുപോയി. ശേഷിച്ച ഏഴ് ശരീര ഭാഗങ്ങൾ മാത്രമാണ് ഇനി നിലമ്പൂർ ജില്ലാ ആശുപത്രിയിൽ അവശേഷിക്കുന്നത്. മൂന്ന് പേരെ ഇവിടെ നിന്നും തിരച്ചറിഞ്ഞതിനെതുടർന്ന് ബന്ധുക്കൾ നേരിട്ട് ഏറ്റുവാങ്ങികൊണ്ടുപോയിരുന്നു. ഹെലികോപ്റ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ തിരച്ചിലിന് ഉപയോപ്പെടുത്തുന്നുണ്ട്. രാവിലെ തിരച്ചിലിനുള്ള സംഘത്തെ പോത്തുകല്ലിൽ നിന്നും ഹെലികോപ്റ്ററിൽ എത്തിക്കുകയും വൈകുന്നേരം തിരച്ചിൽ അവസാനിപ്പിച്ച ശേഷം തിരിച്ച് കൊണ്ടുവരികയുമാണ് ചെയ്യുന്നത്. വയനാട് അതിർത്തി പങ്കിടുന്ന പരപ്പൻപാറവരെ തിരിച്ചിൽ നടക്കുന്നുണ്ട്.



വയനാട് മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾപൊട്ടലിൽ മരിച്ചവരുടെ മൃതദേഹങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്നും മേപ്പാടിയിലേക്ക് കോണ്ടുപോകുന്നതിനായി ആംബുലൻസിൽ കയറ്റുന്നു



ഇന്ത്യൻ ആർമി താത്കാലികമായി നിർമിച്ച പാലത്തിന് മുകളിൽ നിന്നും ദുരന്തം നടന്ന പ്രദേശം വീക്ഷിക്കുന്ന ലഫ്. കേണൽ മോഹൻലാൽ

## നൊമ്പരപ്പൂവായി നീതു

# പാപ്പിക്ക് ഇനി പപ്പ മാത്രം

ചൂരൽമല: കളിപ്പിക്കാനും കൊഞ്ചിക്കാനും കുഞ്ഞുപാപ്പിക്കിനി പപ്പ മാത്രം. മമ്മി ഉടനെയെത്തുമെന്ന പ്രതീക്ഷ ചൂരൽമല സെന്റ് സെബാസ്റ്റ്യൻ ചർച്ചിലെ സെമിത്തേരിയിൽ അന്ത്യനിദ്രയിലാണ്ടു. ചൂരൽമല ഉരുൾപൊട്ടലിൽ അകപ്പെട്ട നീതുവിന് വേണ്ടിയുള്ള കാത്തിരിപ്പ് ഇന്നലെ വൈകിട്ടോടെ അവസാനിച്ചു.

ചൂരൽമല ഹൈസ്കൂളിനു തൊട്ടടുത്തായിരുന്നു നീതുവിന്റെ വീട്. തിങ്കളാഴ്ച രാത്രി പന്ത്രണ്ടരയോടെയായിരുന്നു ചൂരൽമലയിൽ ആദ്യ ഉരുൾ പൊട്ടിയത്. കുത്തിയൊലിച്ചെത്തിയ മലവെള്ളത്തിൽ തൊട്ടടുത്ത രണ്ടുമൂന്നു വീടുകളിൽ വെള്ളം കയറിയതോടെ അവരൊക്കെ അടച്ചുറപ്പുള്ള ജോജുവിന്റെ വീട്ടിൽ അഭയം തേടി. വീട്ടിലെ വലിയ ഹളിലായിരുന്നു ജോജുവും അച്ഛനും അമ്മയും അഞ്ചുവയസുകാരൻ മകനും. അയൽവീട്ടുകാരിൽ ചിലരും ഹാളിലും തൊട്ടടുത്ത മുറിയിൽ നീതുവിനും ഒപ്പമുണ്ടായിരുന്നു. ആദ്യത്തെ ഉരുൾപൊട്ടലിൽ അയൽ വീട്ടിലെ കാറുൾപ്പെടെ ഒഴുകിവന്ന് ജോജോയുടെ വീടിന്റെ ചുമരിൽ തങ്ങി. നാടിനെയാകെ കശക്കിയെറിഞ്ഞ ഉരുൾപൊട്ടലിൽ മാതാപിതാക്കളെയും ഏകമകനെയും മരണത്തിന് വിട്ടുകൊടുക്കാതെ സുരക്ഷിതമാക്കി. പക്ഷേ പുലർച്ചെ നാലുമണിയോടെ അതിഭീകര ശബ്ദത്തിൽ പൊട്ടിയ രണ്ടാമത്തെ ഉരുൾപൊട്ടലിൽ വീട്ടിനകത്തേക്ക് കുത്തിയൊലിച്ചെത്തിയ പെരുവെള്ളത്തിൽനിന്ന് പ്രിയതമ നീതുവിനെ മാത്രം ജോജോ വി. ജോസഫിന് ജീവിതത്തിലേക്ക് കൈപിടിച്ചു കയറ്റാനായില്ല. വൻമരങ്ങളും കൂറ്റൻ പാറക്കലുകളും വീട്ടുചുമരിൽ ശക്തിയിൽ വന്നിടിക്കുന്നുണ്ടായിരുന്നു. മുട്ടിനുമേൽ വെള്ളമെത്തിയതോടെ വീട്ടിലെ സോഫയും കട്ടിലുമൊക്കെ ഒഴുകിപ്പോകാൻ തുടങ്ങി. ഉടൻ ജോജോ അച്ഛനെ സോഫയിൽ ഇരുത്തി. വീണ്ടും ചെളിവെള്ളം ഇരച്ചെത്തിയതോടെ അമ്മ അടിതെറ്റി വീണു. ഒലിച്ചുപോകാതിരിക്കാൻ അവർ ഹാളിലുണ്ടായിരുന്ന ഫ്രിഡ്ജിൽ പിടിച്ചെങ്കിലും അതും കുത്തൊഴുക്കിൽ പെട്ടു. മുൻവാതിലിലൂടെ ഓമന ഒഴുകാൻ തുടങ്ങിയപ്പോൾ എങ്ങനെയെല്ലാമോ ജോജോ അവരെ അകത്തേക്കു വലിച്ചുകയറ്റി. ഈ സമയം മകൻ നിലയില്ലാവെള്ളത്തിൽ പെട്ടതോടെ ജോജു ഹാളിലെ വലിയ കർട്ടൻ വലിച്ചുകീറി നെഞ്ചിൽ കെട്ടി അവനെ അതിനകത്താക്കി. ഒട്ടും വൈകാതെ അച്ഛനെയും അമ്മയെയും ഇരുകൈകളിലും താങ്ങി എങ്ങനെയല്ലാമോ പുറത്തുകടന്ന് തൊട്ടടുത്ത വീടിന്റെ ടെറസിലെത്തിച്ചു. അടുത്ത ക്ഷണം ജോജോ വീട്ടിലേക്ക് കുതിച്ചെങ്കിലും നീതു ഉൾപ്പെടെയുള്ളവർ ഉണ്ടായിരുന്ന മുറി ഉരുളെടുത്തിരുന്നു. മുന്നിൽ കൂരാക്കൂരിരുട്ടും നിലയില്ലാ വെള്ളവും മാത്രം.



അത്രമേൽ നിസഹായനായി കരയാനേ അപ്പോൾ ജോജോക്കായുള്ളൂ. പിറ്റേന്ന് രക്ഷാപ്രവർത്തകരുടെ തിരച്ചിലിൽ അയൽവാസി ശ്രീലേഷിന്റെയും മറ്റ് രണ്ടു സത്രീകളുടെയും മൃതദേഹം ജോജോയുടെ വീടിനു തൊട്ടുതാഴെ നിന്ന് കണ്ടെത്തി. മൂന്നു ദിവസമായി തുടരുന്ന തിരച്ചിലിലും നീതുവിനെയും മറ്റ് അയൽവാസികളെയും കണ്ടെത്താനായിരുന്നില്ല. കഴിഞ്ഞ ദിവസം ആഭരണങ്ങൾ പരിശോധിച്ചതിൽ നീതുവിന്റേതാണെന്ന് ബന്ധുക്കൾ തിരിച്ചറിഞ്ഞിരുന്നുവെങ്കിലും മൃതദേഹം സംബന്ധിച്ച് ആശയക്കുഴപ്പത്തിലായിരുന്നു.

ഇന്നലെ വൈകിട്ടോടെയാണ് മൃതദേഹം നീതുവിന്റേതാണെന്ന് സ്ഥിരീകരിച്ചത്. നടപടികൾക്ക് ശേഷം സ്വന്തം ഇടവകയായ ചൂരൽമല സെന്റ് സെബാസ്റ്റ്യൻ ചർച്ചിലെ അവസാന പ്രാർത്ഥനയും കഴിഞ്ഞ് നീതു ഉരുൾ പൊട്ടലില്ലാത്ത ലോകത്തേക്ക് മടങ്ങി. പ്രാർത്ഥനാ ചടങ്ങുകളവസാനിച്ച് പാലവയലിലെ കുടുംബവീട്ടിലെത്തുമ്പോൾ പാപ്പിയോടെന്ത് പറയുമെന്നറിയാതെ കണ്ണീർ വാർക്കുകയാണ് ജോജോ. തേയിലത്തോട്ടത്തിന് നടുവിലെ സെമിത്തേരിയിൽ മമ്മി ഉരുൾ പൊട്ടലിനെ പേടിക്കാതെ ഉറങ്ങുകയാണെന്ന് ഏകമകനോട് ജോജോ എങ്ങിനെ പറയും?



കണ്ടൽകാട്

# നശിച്ചുതീരുന്നു പ്രകൃതിയുടെ രക്ഷാകവചം

ഫൈസൽ മാടായി
കണ്ണൂർ

പ്രളയജലത്തിന്റെ കുത്തൊഴുക്കിനെ ചെറുക്കാനാകുന്ന കണ്ടൽവനങ്ങളെ ഗൗനിക്കുന്നില്ല ഭരണകൂടം. പ്രകൃതി ദുരന്തങ്ങളിൽ വിലപിക്കുമ്പോഴും നശിച്ച് തീരുകയാണ് രക്ഷാകവചമാകും തീരദേശങ്ങളിലെ കണ്ടൽക്കാടുകൾ. പ്രകൃതിദുരന്തങ്ങളെ ചെറുക്കാനേറെ ശേഷിയുള്ള കണ്ടൽക്കാടുകളുടെ സംരക്ഷണം ശക്തമാക്കണമെന്ന ആവശ്യം ശക്തമാകുമ്പോഴാണ് കേരള തീരത്ത് പലയിടത്തും കണ്ടൽവനങ്ങൾ നശിച്ച് തീരുന്നത്. നിലവിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കണ്ടൽവനങ്ങളുള്ളത് കണ്ണൂർ ജില്ലയിലാണ്.

810.75 ഹെക്ടറാണ് ജില്ലയിലെ കണ്ടൽവന വിസ്തൃതി. കണ്ടൽവനങ്ങളിൽ ഭൂരിഭാഗവും സ്വകാര്യവ്യക്തികളുടെ അധീനതയിൽ വരുന്ന സ്ഥലങ്ങളിലായതിനാൽ നശിപ്പിക്കപ്പെടാനാണ് സാധ്യതയേറെയും. ഏക്കറിന് നാലായിരം രൂപ ഇവർക്ക് ധനസഹായം നൽകാൻ പദ്ധതി തയ്യാറാക്കിയെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കാനായിരുന്നില്ല.

കണ്ടൽ നശീകരണം തടയാനും കാടുകളുടെ സംരക്ഷണത്തിനും 2006-07 വർഷം വനം വകുപ്പ് കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാംഗ്രോവ്സ് പദ്ധതി മുതൽ നടപ്പാക്കിയിരുന്നു. ഇതനുസരിച്ച് വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികളും നടക്കുന്നുണ്ട്. എന്നാൽ ഇതേ സാഹചര്യത്തിൽ തന്നെ കണ്ടൽക്കാടുകൾക്ക് നേരെ കൈയേറ്റങ്ങളും വ്യാപകമാണ്.

സ്വകാര്യ വ്യക്തികളുടെ അധീനതയിൽ വരുന്ന കണ്ടൽക്കാട് മേഖല സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കണമെന്ന ആവശ്യവും ശക്തമാണ്. നിലവിൽ ജില്ലയിൽ പലയിടത്തും. സ്വകാര്യ വ്യക്തികൾ വൻതോതിൽ കണ്ടൽകാടുകൾ വെട്ടിനിരപ്പാക്കുന്നുണ്ട്.

### ഏറെയും സ്വകാര്യ വ്യക്തികളുടെ അധീനതയിൽ

സംസ്ഥാനത്ത് ആകെ കണ്ടൽകാടുകളുടെ ഭൂരിഭാഗവും നിലവിൽ സ്വകാര്യമേഖലയിലാണെന്നാണ് കണക്ക്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി രണ്ട് വർഷം മുമ്പ് നടത്തിയ പഠന റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്താകെ 1000 സ്ക്വയർ മീറ്ററിന് മുകളിൽ വിസ്തൃതി വരുന്ന കണ്ടൽകാടുകൾ 1798.5 ഹെക്ടർ ആണ്. ഇതിൽ സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ളത് 792.28 ഹെക്ടർ ആണ്. സർക്കാർ അധീനതയിൽ 550.84 ഹെക്ടർ ആണുള്ളത്.

സർക്കാറിന്റെയും സ്വകാര്യവ്യക്തികളുടെയും ചേർന്ന് 180.14 ഹെക്ടർ കണ്ടൽവനമെന്നാണ് കണക്ക്. ഏത് പരിധിയിൽപ്പെടുമെന്ന് തീരുമാനമാകാത്ത 274.99 ഹെക്ടർ കണ്ടൽവനങ്ങളും സംസ്ഥാനത്തുണ്ട്. സംസ്ഥാനത്ത് രണ്ടാമതായി കണ്ടൽ കാടുകൾ കൂടുതലുള്ള എറണാകുളം ജില്ലയിൽ 437.40 ഹെക്ടർ വിസ്തൃതി വരുന്ന സ്ഥലത്താണ് കണ്ടൽകാടുകളാണുള്ളത്.

### സുനാമിയെയും ചെറുത്ത കണ്ടൽ

മത്സ്യ സമ്പത്തിന്റെ ഉറവിടമായ കണ്ടൽവനങ്ങൾ ദേശാടന പക്ഷികൾക്കും ജല പക്ഷികൾക്കും ആവാസമൊരുക്കുന്നയിടമാണ്. കൂടാതെ മലിനീകരണം, കരയിടിച്ചിൽ, ഉപ്പുവെള്ള കയറ്റം, വെള്ളപ്പൊക്കം, സുനാമി എന്നിവയെ തടയുന്നു.

തമിഴ്നാട്ടിൽ ചെന്നൈക്ക് സമീപം പിച്ചാവരം, മുത്തുപേട് എന്നീ സ്ഥലങ്ങൾ സുനാമി ദുരന്തത്തിൽ നിന്നും ഒഴിവായത് അവിടെയുണ്ടായിരുന്ന കണ്ടൽ കാടുകൾ കാരണമാണ്. കണ്ടലിന്റെ വേരുകൾ മണ്ണിനെയുൾപ്പെടെ പിടിച്ചുനിർത്തി കരയെ സംരക്ഷിക്കുന്നതിനൊപ്പം വെള്ളം അരിച്ച് ശുദ്ധമാന്നു. കോറൽ പാറകളെ സംരക്ഷിച്ച് മത്സ്യങ്ങൾക്ക് പ്രജനന സൗകര്യങ്ങൾ ഒരുക്കന്ന കണ്ടലുകൾ വിവിധ പ്രദേശങ്ങളെയും പിടിച്ചുനിർത്തുന്നുണ്ട്.

ഗൾഫ് ചന്ദ്രിക
വാരാന്തപ്പതിപ്പ്
2024 ആഗസ്റ്റ് 04 ഞായർ



ഫോട്ടോ: കെ. ശശി

# വെള്ളാർമലയിലെ കണ്ണീർപ്പുഴകൾ

## കേരളം കണ്ട ഏറ്റവും വലിയ ദുരന്തത്തിന്റെ നേർക്കാഴ്ചകൾ

അബൂതാഹിർ

മരങ്ങൾ, നനുത്ത കരിംപച്ച തൊപ്പി ധരിച്ച് മുണ്ടക്കൈ മുതൽ പുന്നപ്പുഴക്കര വരെ നിരനിൽക്കുന്നു. ചൂരൽ മലയിലേക്ക് ഇറങ്ങി വരുന്ന വെൺമേഘക്കാടുകളിൽ കുഞ്ഞുങ്ങളുടെ പൂർത്തിയാകാത്ത ചിത്രങ്ങൾ. വെള്ളാർമല സ്കൂളിൽ ഫസ്റ്റ് ബെൽ അടിച്ചു.അമീൻ സൈക്കിൾ സ്കൂളിനോട് ചേർത്ത് നിർത്തി. ശാലിനി ടീച്ചർ പെൺകുട്ടികളെ സൈക്കിളിലിരുത്തി ഗ്രൗണ്ടിൽ വലം വെക്കുന്നു. ലയയുടെ, പ്രകൃതിയുടെ രഹസ്യമുറങ്ങുന്ന ഡയറികുറിപ്പുകൾ

ഉണ്ണി മാഷ് വായിക്കുന്നു. പുഴക്കരയിലെ വെള്ളാരം കല്ലുകൾ കുട്ടികൾ ശേഖരിച്ച് അടുക്കി വെച്ച് സ്വപ്ന നിർമ്മിതി തീർക്കുന്നു.ആടുകളും പശുക്കളും വശ്യമായ സ്വർണ്ണവെയിൽ പരന്ന വെള്ളാർമലയുടെ പുൽത്തടങ്ങളിൽ മേയുന്നു. വെള്ളാർമല ഒരു പുലർകാലസ്വപ്നമായി മുണ്ടക്കൈനിവാസികളിലേക്ക് പടരുന്നു.

പുലർച്ചെ ഒരുമണിയായി കാണും.മഴ പെയ്തു കൊണ്ടേയിരുന്നു.

അപ്പോൾ ഉത്തുംഗമായ പർവ്വതനിരകളുടെ ഗൂഢാന്തർഭാഗത്ത് നിന്നും ഏറ്റവും മനോഹരമായ ഗ്രാമ്യസ്വപ്നങ്ങളിലേക്ക് ചെളിമണ്ണും, ഭീമൻ ഉരുളൻ കല്ലുകളും നീങ്ങാൻ തുടങ്ങി. അതിശക്തമായ മലവെള്ളപ്പാച്ചിൽ നിദ്രയിലാണ്ട അനേകം ജീവനുകളെടുത്ത് ചാലിയാറിലൂടെ ഒഴുകി.

പ്രകൃതിയുടെ ചാരുത ഭീകരതയിലേക്ക് മാറുകയായിരുന്നു. ജൂലൈ 30 ന് രാത്രി ഒരു മണിക്ക് മുണ്ടക്കൈയ്യിൽ നടന്ന ഉരുൾപൊട്ടലിൽ മനുഷ്യരും മൃഗങ്ങളും വിറങ്ങലിച്ചു. എങ്കിലും ഉദാത്തവും അത്ഭുതകരവുമായ മനുഷ്യനന്മയുടെ വെളിച്ചത്താൽ മഹാപ്രളയ ദുരന്തത്തെ മറികടന്ന അനവധി കഥകൾ തലമുറകൾക്ക് പകർന്നുകൊടുക്കാൻ അവിടെ പിറന്നു.

ഞങ്ങൾ ഇരുനൂറ്റമ്പതോളം പേർ ഇവിടെ മരണത്തെ മുഖാഭിമുഖം കണ്ട് കുടുങ്ങിക്കിടക്കുകയാണ് എന്ന് ചാനലിലേക്ക് നിലവിളിച്ച് കൊണ്ട് പറഞ്ഞ മെമ്പർ നൂറുദ്ധീന്റെ ഫോൺ കാൾ കേട്ട് രക്ഷാപ്രവർത്തകർ മുണ്ടക്കൈയിലേക്ക് ഇരച്ചെത്തി. മനോധൈര്യവും സഹജീവി സ്നേഹവും കലപ്പയും കയറുകളുമായിരുന്നു അവർക്കാകെയുള്ള ആയുധങ്ങൾ . ഹരിതാഭയാർന്ന പ്രകൃതിയുടെ പ്രവിശാലമായ താഴ്‌വര ചെളിമണ്ണും കലക്കവെള്ളവും പരന്ന്, പാറക്കൂട്ടങ്ങൾ നിറഞ്ഞ ദുരന്തഭൂമിയായിരിക്കുന്നു. ചെളിമണ്ണിൽ പുതഞ്ഞ മനുഷ്യ ജീവനുകളെ അവർ വാരിയെടുത്തു. പാറക്കൂട്ടങ്ങൾ തകർത്ത കുഞ്ഞുവീടുകൾക്കുള്ളിൽ കുടുങ്ങിയ മനുഷ്യരെ നെഞ്ചോട് ചേർത്തു. മരിച്ചു പോയവരെ മണ്ണും കല്ലും മാറ്റി പുറത്തെടുത്തു. ചെളി മാറ്റി പൂച്ചകളേയും നായകളേയും രക്ഷിച്ചു.

വെള്ളാർമലയിലെ ഒരു വീട്ടിലെ വല്ല്യുമ്മയേയും മകളേയും ചെറുമകളേയും ഉരുൾപൊട്ടലിൽ കാണാതായി. വല്ല്യുമ്മയുടേയും മകളുടേയും മൃതദേഹം ലഭിച്ചു. പള്ളിയിൽ ആഴത്തിൽ ഒരു ഖബർ വെട്ടി. മൂവരെയും ഒരു ഖബറിൽ അടക്കം ചെയ്യാമെന്ന് ഏവരും തീരുമാനിച്ചു. ചെറുമകളെ കിട്ടിയില്ല. വല്ല്യുമ്മയും മകളും ഒരു ഖബറിൽ ഒരുമിച്ചു.

പുഞ്ചിരിമട്ടത്തെ ആയിഷാത്ത ചെളിമൺ പാളികൾ കുത്തിയൊലിക്കുന്ന ദുരന്തഭൂമിയിലെ തന്റെ തകർന്ന വീട്ടിലേക്ക് വേച്ച് നടക്കുന്നു.

താഴെ കുത്തൊഴുക്കിൽ അകലുന്ന മൃതശരീരത്തെ വ്യക്തമായി കണ്ടു.

അയൽക്കാരി സുജയല്ലേ അത്.

സുജേ...ഒരാർത്ത നാദം അവരുടെ തൊണ്ടയിൽ കുരുങ്ങി.

ഉപ്പയും ഉമ്മയും ഒഴുകി അകന്നപ്പോൾ അനാഥയായ മാസങ്ങൾ പ്രായമായ കുഞ്ഞിന്റെ വാർത്ത മാധ്യമങ്ങളിൽ വന്നപ്പോൾ , അനാഥരായ കുഞ്ഞുങ്ങൾക്ക് ഞാൻ മുലപ്പാൽ നൽകാമെന്ന് പറഞ്ഞ് അമ്മമാർ സമൂഹത്തിന് വർണ്ണ വർഗ ഭേദമന്യേയുള്ള മുലപ്പാലിന്റെ സത്യം പകർന്ന് മാതൃത്വത്തിൻ മഹനീയത ഉയർത്തി.

മുണ്ടക്കൈ പുഴയിൽ നിന്നും സൂചിപ്പാറയിലൂടെ ചാലിയാറും കടന്ന് കാനനയോരങ്ങൾ പിന്തള്ളി മൃതദേഹങ്ങൾ നിലമ്പൂരിലെത്തി. കാടിനുള്ളിലൂടെ ട്രാക്ടറിൽ വെള്ളച്ചാട്ടങ്ങളിൽ നിന്നും ലഭിച്ച ചിന്നിച്ചിതറിയ മൃതദേഹാവശിഷ്ടങ്ങൾ ശേഖരിച്ച് കുത്തിയൊലിക്കുന്ന പുഴ മുറിച്ച് കടന്ന് വരുന്ന ട്രാക്ടറിൽ നിറയെ കണ്ട നിലമ്പൂരിന്റെ യുവത പ്രതീക്ഷയും പ്രത്യാശയുമാണ്.

നിലമ്പൂരിലെ മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹങ്ങളിൽ മകളേയും മകനേയും അഛനേയും അമ്മയേയും ചേട്ടനേയും അനുജനേയും തിരഞ്ഞ് ഒടുവിൽ സ്വയം നഷ്ടപ്പെട്ട് ഒരാർത്ത നാദമായവരെ നെഞ്ചേട് ചേർത്തവർ.

മഹാദുരന്തത്തിന്റെ വേദന മനുഷ്യരോടൊപ്പം വന്യമൃഗങ്ങളും പങ്കുവെച്ചു. മലവെള്ളപ്പാച്ചിലിൽ അകപ്പെട്ട്, ഒരുപാട് ദൂരം ഒഴുകി കാനനത്തിൽ കരപറ്റിയ മുത്തശ്ശിയും അമ്മയും കുഞ്ഞും. അവരുടെ മുന്നിൽ കാട്ടുകൊമ്പൻ.





ദുരിതപർവ്വും താണ്ടിയാണ് ഞങ്ങൾ എത്തിയത്. ഉപദ്രവിക്കരുതെന്ന അമ്മയുടെ അപേക്ഷ കൊമ്പൻ കണ്ണുനീരൊഴുക്കി കേട്ടു. അവർക്ക് കൂട്ടായി കാട്ടുകൊമ്പൻ രക്ഷാപ്രവർത്തകർ എത്തും വരെ നിലകൊണ്ടു.

ഗ്രാമമാകെ തുടച്ചു നീക്കപ്പെട്ടു ശിവക്ഷേത്ര മുറ്റത്തെ ആൽമരം മാത്രം ആ ഭൂമികയുടെ മധ്യഭാഗത്തായി അതിജീവനമുദ്രയുടെ പര്യായമായി. രക്ഷാപ്രവർത്തകർ കയർ ആദ്യം ബന്ധിപ്പിച്ചതീ ആൽമരത്തിലായിരുന്നു.

മഴപെയ്തു കൊണ്ടേയിരുന്നു. മനുഷ്യർ ദുരന്തം പെയ്തിറങ്ങിയ ഇരുകരകളിലായി പരസ്പരം നോക്കി. അനുനിമിഷം ചെളിയിലാണ്ട് പോകുന്ന ഒരാളെ ജീവന്റെ കയർ നൽകി കരയിലെത്തിക്കുന്നു.

മകളെ തേടി നടന്ന പിതാവിന് ഒടുവിൽ ചേതനയറ്റ കുരുന്നിനെ കിട്ടുന്നു. അമ്മയെ തെരയുന്ന മകൾ. ഒരു കുടുംബത്തിലെ പതിനാറ് പേർ ദുരന്തത്തിൽ അപ്രത്യക്ഷമായി. ചിലർക്ക് അഛനെ കിട്ടി, മകളേയും മരുമകനേയും കിട്ടിയില്ല.മറ്റ് ചിലർക്ക് ഭാര്യയേയും മകളേയും കിട്ടി, മകനെ കിട്ടിയില്ല. വേദനയുടെ തുരുത്തിൽ അവരെല്ലാം തിരഞ്ഞു കൊണ്ടേയിരുന്നു.

ജീവിതങ്ങളെ പിളർത്തി പരന്നൊഴുകുന്ന പ്രളയനദിയുടെ ഇരുകരകളിൽ വിറങ്ങലിച്ച മനുഷ്യരെ ബന്ധിപ്പിക്കാൻ സൈനികർ സ്നേഹത്തിന്റെ ബെയിൽ പാലം നിർമ്മിച്ചു.

320 മരണം. 150 പേരെ ഇനിയും കണ്ടുകിട്ടാനുണ്ട്. തേയില തൊഴിലാളികളുടെ കുടിയേറ്റ ഭൂമികയായ മുണ്ടക്കൈയിൽ 1975 വരെ വലിയ ദുരന്തങ്ങളൊന്നും ഉണ്ടായിട്ടില്ല. 1975 ൽ കള്ളാടിപ്പാലം തകർന്ന് 9 പേർ മരണപ്പെട്ടു. കൽപ്പറ്റയിൽ നിന്നും സർക്കസ് കണ്ട് മടങ്ങുന്ന ഒരു കുടുംബം സഞ്ചരിച്ച വാഹനം പുഴയിലേക്ക് മറിയുകയായിരുന്നു. അടുത്ത വ്യാഴവട്ടത്തിനിടെ പുത്തുമല, മുണ്ടക്കൈ, അട്ടമല , വെള്ളരിമല, ചൂരൽമല പ്രദേശങ്ങളിൽ ഉരുൾപൊട്ടലുകളുണ്ടായി. 1984 ലെ മുണ്ടക്കൈ ഉരുൾപൊട്ടലിൽ 14 പേർ മരണപ്പെട്ടു. തൊഴിലാളികളുടെ ജീവിതം പതുക്കെ തളിർത്ത 34 വർഷങ്ങൾക്ക് ശേഷം 2019 ആഗസ്റ്റ് എട്ടിന് പുത്തുമലയിൽ 17 പേർ മരണപ്പെട്ട മഹാദുരന്തമുണ്ടായി. അഞ്ചാളുകളെ കാണാതായി. അന്നും ഒട്ടകപുഞ്ചികൾ പോലുള്ള മലനിരകളിലെ പുഞ്ചിരിമട്ടത്തായിരുന്നു ഉരുൾപൊട്ടലിന്റെ പ്രഭവസ്ഥാനം. 900 പേരുള്ള മുണ്ടക്കൈ ഗ്രാമത്തിലെ മുന്നൂറ് വീടുകളും പൂർണ്ണമായും തകർന്നു.

മനുഷ്യരുടെ ഹൃദയകരങ്ങളാലുള്ള ചേർത്തുപിടിക്കലിൽ നിഷ്കളങ്കവും ചാരുതയാർന്നതുമായ വെള്ളാർമലയിലെ ജീവൽ സ്വപ്നങ്ങൾ ഉത്തുംഗമായ ഗിരിനിരകളോളം പടരുകയും പുലരുകയും ചെയ്യും.

വീണ്ടും വെള്ളാർമലയിലെ കുഞ്ഞുങ്ങൾ നൃത്തം വെക്കുകയും പാട്ടുപാടുകയും ചെയ്യും. സ്നേഹിക്കാൻ മാത്രമറിയുന്ന മുണ്ടക്കൈയിലെ ജനത വീണ്ടും ഒരു ഗാനത്തിലെ സ്വരങ്ങളായി ലയിക്കും. ചൂരൽമലയിലെ കർഷകരുടേയും തൊഴിലാളികളുടേയും ജീവിതത്തിൽ ഇനിയും തളിരിലകൾ വിടരും .

(പേരുകൾ സ്വകാര്യതക്കായ് സാങ്കൽപികമാണ്)



അനുഭവം

സമദ് പട്ടനിൽ

# മാനവികതയുടെ മജ്‌ലിസ് കാഴ്ചകൾ





കാലത്ത് തുടങ്ങിയ ജോലിക്ക് ഉച്ച കഴിഞ്ഞ് വിരാമം, അല്പം ആലസ്യവും മയക്കവും കഴിഞ്ഞ് സന്ധ്യയോടെ നടു നിവർന്ന് എഴുന്നേറ്റ് മജ്‌ലിസിലേക്ക്,

അറബി കാപ്പിയുടെ (ഖഅവ) ഗന്ധവും ഗുളു ഗുളു ശബ്ദം ഉയരുന്ന ഹുക്കയുടെ പുക ചുരുളുകളും നിറഞ്ഞ അറേബ്യൻ മജ്‌ലിസ്.

ഒരു സാധാരണ അറബി ജീവിതത്തിന്റെ ചര്യയാണിത്.

പതിറ്റാണ്ടുകളായി തുടർന്ന് പോരുന്ന തനിയാവർത്തനങ്ങൾ.വൈകുന്നേരം വെടിപറയാനും സമയം കൊല്ലാനുമൊരിടം

എന്നതിലപ്പുറം കുടുംബ സംഗമത്തിന്റെയും സൗഹൃദം പുതുക്കലിന്റെയും കൂടി വേദിയാണിത്. ഒത്ത് കൂടാനും ദൈനംദിന കാര്യങ്ങൾ ചർച്ച ചെയ്യാനും അന്താരാഷ്ട്ര രാഷ്ട്രീയ വിശകലനങ്ങൾക്കും ഒരിടം.. ലോകത്ത് എവിടെ ഫുട്ബോൾ മൽസരം നടന്നാലും പക്ഷം ചേർന്ന് ആർപ്പുവിളികൾ ഉയരുന്നിടം.അറബി ജീവിതത്തിൽ ഇങ്ങിനെ വിവിധ കാര്യങ്ങളുടെ സംഗമവേദിയാണ് മജ്‌ലിസുകൾ.

ഒരോ അറബി വീടിനൊപ്പവും കമനീയമായി അലങ്കരിച്ച ഒരു മജ്‌ലിസുണ്ടാവും. വീട്ടുടമയുടെ പ്രതാപവും സമ്പന്നതയും വിളിച്ചു പറയുന്നതാണീ മജ്‌ലിസുകൾ. വലിയ പട്ടണങ്ങളിൽ ജീവിതം ഫ്ലാറ്റു സമുച്ചയങ്ങളിലേക്ക് മാറ്റപ്പെട്ടപ്പോഴും ഓരോ അറബി വീട്ടിലും ഒരു അനിവാര്യതയായി മജ് ലിസുകളുണ്ടാക്കപെടുന്നു. അറബി പാരമ്പര്യ മനുസരിച്ച് കുടുംബാഗങ്ങൾ ഇവിടെ ഒത്ത് ചേരണം മുതിർന്നവരുടെ നെറുകയിൽ ചുമ്പിക്കണം യുവാക്കൾ ഖഅവ പകർന്ന് അതിഥികൾക്കും മജിലിസിലുള്ളവർക്കും നൽകണം. അങ്ങിനെ ഒരോ ദിസത്തിന്റെയും സായാഹ്നങ്ങളിൽ ഈ മജിലിസുകളിൽ സൗഹൃദത്തിന്റെ സുഗന്ധം നിറഞ്ഞിരിക്കും

ഇവിടെ ദൃശ്യങ്ങളും ശബ്ദവും ഗന്ധവും സൗഹൃദം വളർത്തുന്നതാണ്. ഇവിടെ ചർച്ചകൾ വർത്തമാനകാലത്തിന്റെ പ്രതിധ്വനികളാണ്, കുടുംബങ്ങൾക്കിടയിലെ വഴക്കുകൾ, വിവാഹാലോചനകൾ, രാജ്യത്ത് വന്ന് കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, പുതുതായി വന്നുകൊണ്ടിരിക്കുന്ന നിയമങ്ങൾ എല്ലാം ഇവിടെ ചർച്ചയാണ്..

ഈ മജ്‌ലിസുകൾ പാലിച്ചു പോരുന്ന ചില മര്യാദകളുണ്ട്.സന്ധ്യകളിൽ കുടുംബാംഗങ്ങൾ ഒരു ചടങ്ങ് പോലെ ഇവിടെ എത്തിയിരിക്കണം. മാതാപിതാക്കൾ എവിടെയാണോ അവിടെയാണ് ഒത്തുചേരൽ,എല്ലാവരും പിരിഞ്ഞ് പോവുന്നത് മിക്കവാറും രാത്രി ഭക്ഷണം കഴിച്ചായിരിക്കും എന്തെങ്കിലും വിശേഷങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നത് കൊണ്ട് തന്നെ അത് ആവി പറക്കുന്ന ആട്ടിറച്ചിയുടെ തളികകൾ തന്നെയാവും.

കുടുംബത്തിലെ അംഗങ്ങൾ

ആശുപത്രികളിൽ നിന്നുംരോഗമുക്തി നേടി വീട്ടിൽ തിരിച്ചെത്തുമ്പേൾ ദൈവത്തോടുള്ള നന്ദിസൂചകമായും ഇങ്ങനെ സദ്യ ഒരുക്കാറുണ്ട്.

കൂടാതെ പുതുതായി വണ്ടി വാങ്ങുകയോ ജോലി ലഭിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിലും ഈ മജ് ലിസുകളിൽ ആവി പറക്കുന്ന ആട്ടിറച്ചി നിറച്ച തളികകളെത്തും. ഭക്ഷണം കഴിക്കുന്നതിനു ചില മര്യാദകളൊക്കെയുണ്ട് അതിഥികളുണ്ടെങ്കിൽ അവർക്കാണ് ആദ്യ പരിഗണന കൂടെ മുതിർന്നവർക്കും, കുട്ടികൾ അവസാന അവസരക്കാരാണ് ഒരാൾ കഴിച്ച് കഴിയുമ്പോൾ മറ്റൊരാൾ അവിടെ വന്നിരിക്കും അങ്ങിനെ രണ്ട് റൗണ്ട് കഴിയുമ്പോൾ കുട്ടികളടക്കം കഴിച്ചു കഴിഞ്ഞിരിക്കും പഴയ ബദവി ആചാരപ്രകാരം ബാക്കി വരുന്നതാണ് സ്ത്രീകൾക്ക് മുമ്പിലെത്തുന്നത്. ചില ബദവി കല്യാണങ്ങളിലൊക്കെ ഇപ്പോഴും ഈ രീതി നിലനിൽക്കുന്നുണ്ട്.

അറബികളുടെ ഉപചാരമര്യാദകൾ പ്രശസ്തമാണ് മജ്‌ലിസിലെക്ക് സലാം ചൊല്ലി കയറി വരുന്നവർ വലത്ത് നിന്നും ഹസ്തദാനം നടത്തി കൂട്ടത്തിലെ അവസാനത്തെ ആൾക്കും കൈ കൊടുക്കും എല്ലാവരും അതിഥിയെ എഴുന്നേറ്റ് നിന്ന് സ്വീകരിക്കണം എന്നാണ് ആതിഥ്യമര്യാദ. സൗകര്യപ്രദമായ ഇരിപ്പിടത്തിൽ അതിഥി ഇരിക്കും വരെ ആതിഥേയർ ഇരിക്കില്ല.

മുതിർന്ന കുട്ടികളോ ജോലിക്കാരോ അറബി ഖഅവയുമായെത്തും വലത് കൈയിൽ ചെറിയ കപ്പ് പിടിച്ച് ഇടത് കൈയിലെ

ഭല്ല - ഫ്ലാസ്കിൽ നിന്നും ഖഅവ പകർന്ന് തുടങ്ങും കൈകൾ താഴോട്ടും മേലോട്ടും ഉയർന്ന് ഒരു തരം താളത്തിലാണ് ഖഅവ ഒഴിച്ച് നൽകൽ, ഖഅവ നിറച്ച കൂജയുടെ നീണ്ട നാളം കപ്പിൽ ചെന്ന് തട്ടി ഒരു പ്രത്യേക ശബ്ദമുണ്ടാക്കി വീണ്ടും ഉയർന്ന് പോങ്ങും. കപ്പിന്റെ കാൽ ഭാഗത്തെ ഖഅവ രണ്ട് മൂന്ന് തവണയായി മൊത്തി രുചിക്കും. അതിഥി മതിയാക്കി കപ്പിന്റെ മുകൾഭാഗം പൊത്തി പിടിച്ച് ഇരുവശത്തെക്കും കുലുക്കി മതിയെന്ന

സൂചന നൽകും വരെ വിളമ്പുകാരൻ സമീപത്ത് തന്നെ കാത്തിരിക്കും. ഖഅവക്ക്

പിന്നാലെ കട്ടൻ ചായ വരും ചായയുടെ യഥാർത്ഥ രുചി അറിയണമെങ്കിൽ അത് അറബികളുടെ മജ്‌ലിസിൽ നിന്ന് തന്നെ കുടിക്കണം. ചായ പ്പൊടിവരുന്നത് ഇന്ത്യയിൽ നിന്നും ശ്രീലങ്കയിൽ നിന്നും മറ്റുമാണ് എങ്കിലും അവിടങ്ങളിൽ കിട്ടാത്ത മേത്തരം ചായയാണ് അറബികളുടെ അടുപ്പുകളിൽ തിളക്കുന്നത് മജ്‌ലിസുകളുടെ ഒരു ഭാഗത്ത് ചായ കൂട്ടുന്നതിനും ഖഅവ പാകം ചെയ്യുന്നതിനും പ്രത്യേകം തയ്യാറാക്കിയ ഒരു ഇടം കാണും അവിടെ സദാ ചൂട് നിലനിർത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിരിക്കും, ഹുക്ക അറേമ്പ്യൻ സന്ധ്യകൾക്ക് ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. ഹുക്കയുടെ ഗള ഗള ശബ്ദവും ഉയരുന്ന പുകച്ചുരുളകളും മജ്‌ലിസുകളുടെ താളത്തോട് ചേർന്ന് ഉയരുന്നതാണ്. ഖഅവയും കാരക്കയും ഇഷ്ട വിഷയങ്ങളിലെ സംഭാഷണവുമായി അർദ്ധരാത്രിയോളം സജീവമായിരിക്കും മജ്‌ലിസിന്റെ അകത്തളങ്ങൾ. ആധുനികത അറേമ്പ്യയുടെ ഭൗതിക പ്രതലത്തിൽ പല മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും അറബികൾ ഇന്നും കൈവിടാതെ കൂടെ പൊറുപ്പിക്കുന്ന ശീലങ്ങളാണിതെല്ലാം, ഒരു സാധാരണ അറബി ജീവിതത്തിന്റെ പരിഛേദം കൂടിയാണീ മജ്‌ലിസുകൾ.

അറബി സംസ്കാരത്തിൽ എന്നും ഉയർന്ന് നിൽക്കുന്നതാണ് അതിഥികളോടുള്ള മര്യാദ, മത വിശ്വാസത്തിൽ നിന്നും ആർജിച്ചെടുത്തതാണിത്. അതിഥികളോട് മൂന്ന് ദിവസം വരെ എന്തിനാണ് വന്നതെന്ന്പോലും ചോദിക്കരുതെന്നാണ്. അതിഥികൾക്ക് കുറവുകൾ വരുത്തുന്നത് അഭിമാന ക്ഷതമായാണവർ കാണുന്നത്,

ഇതുമായി ബന്ധപ്പെട്ട് പ്രചാരത്തിലുള്ള ഒരു കഥയുണ്ട്. ഹൈൽ പ്രവിശ്യയിൽ ജീവിച്ചിരുന്ന ഹാത്തിമത്തുത്വാഹാ എന്ന ഉദാരമതിയുടെ കഥ, ഹാ ത്തിമത്തുത്വാഹ സമ്പന്നനും ഉന്നതകുലജാതനുമായിരുന്നു. അതിഥി സൽക്കാര പ്രിയൻ. അത് വഴി കടന്നുപോവുന്ന യാത്രക്കാരെല്ലാം ഹാത്തിമിയുടെ അതിഥികളായിരുന്നു. ഈ ഉദാരത അദ്ദേഹത്തെ ദരിദ്രനാക്കി എന്നിട്ടും ഉള്ളത് കൊണ്ട് അദ്ദേഹം സൽക്കാരം നടത്തികൊണ്ടിരുന്നു. ഹാത്തിമിയുടെ ദയനീയ അവസ്ഥ കണ്ട ഏതാനും ചെറുപ്പക്കാർ അദ്ദേഹത്തെ സഹായിക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ സമ്പാദ്യത്തിൽ അവശേഷിച്ചിരുന്ന രണ്ട് കുതിരകളെ വലിയ വില നൽകി വാങ്ങി ഹാത്തിമിയുടെ പ്രശ്നം പരിഹരിക്കാനവർ തീരുമാനിച്ചു. അവർ ഹാത്തിമിയുടെ വീട്ടിലെത്തി പതിവു പോലെ ഇറച്ചിയും ചോറും റൊട്ടിയും നൽകി ഹാത്തിമി അവരെ സ്വീകരിച്ചു അതിഥി മര്യാദ പ്രകാരം മൂന്ന് ദിവസം കഴിഞ്ഞ് ചെറുപ്പക്കാർ ആഗമന ഉദ്ദേശം പറഞ്ഞു. എല്ലാം കേട്ട ഹാത്തിമത്തുത്വാഹ അവരോട് പറഞ്ഞു സുഹൃത്തുക്കളെ നിങ്ങൾ വൈകിപ്പോയി നിങ്ങൾ പൊന്നും വിലക്ക് വാങ്ങാൻ വന്ന കുതിരകളെ അറുത്താണ് ഞാൻ നിങ്ങളെ സൽക്കരിച്ചത്! അറബികൾക്കിടയിൽ പ്രചാരത്തിലുള്ള ഉദാരതയുടെ കഥയാണിത്. (ഹാത്തിമ താഹയുടെ ഖബറിടം ഇന്നും സന്ദർശകർക്ക് കാണാവുന്നതാണ്)

ചില മര്യാദകൾ അറബികളിൽ നിന്നും ലോകം പഠിക്കേണ്ടതുണ്ട്,

സമത്വവും സഹോദര്യവുമാണിതിൽ മുന്നിട്ടു നിൽക്കുന്നത് വർണ ദേശവ്യത്യാസമില്ലാതെ ഒരു അറബി നമ്മെ അവന്റെ ഭക്ഷണ തളികയിലേക്ക് ക്ഷണിക്കും. വട്ടം കൂടിയിരുന്നു വലിയതളികയിലെ ചോറും ആട്ടിറച്ചിയും കഴിക്കുന്നവരിൽ കറുത്ത സുഡാനിയുണ്ട് വെളുത്ത ഈജിപ്തുകാരനുണ്ട് ആന്ധ്രക്കാരനായ ഇന്ത്യൻ ആട്ടിടയരുണ്ട്. എന്നാൽ ഈ പാത്രത്തിന്ന് മുമ്പിൽ അവർ സമൻ മാരാണ്. നാം ഒരു ജോലിക്കാരന്ന് ഭക്ഷണം നൽകുന്നത് എങ്ങിനെയെന്ന്കൂടി ആലോചിച്ച് നോക്കുക.

ഖാഫില സംഘങ്ങൾ കടന്നുപോവുന്ന വഴികളിൽ വെള്ളം കോരിനൽകുന്ന അറബി സ്ത്രീകളെ കുറിച്ച് മുഹമ്മദ് അസദ് പറയുന്നുണ്ട്. യാത്രയുടെ വിശ്രമ സ്ഥലങ്ങളിൽ ഖഅവയും ഈത്തപഴവും ഒരുക്കി വെക്കും.

താങ്കൾ ജീവിതത്തിൽ കണ്ടിട്ടില്ലാത്ത കാണാൻ വിദൂര സാദ്ധ്യത പോലുമില്ലാത്ത എവിടെ നിന്നു വരുന്നെന്നോ എവിടെക്ക് പോകുന്നുവെന്നോ അറിയാത്തവർക്ക് വേണ്ടിയാണ് ഈ ഒരുക്കങ്ങൾ,

മാനവികതയുടെ മായം കലരാത്ത ശേഷിപ്പുകൾ. പ്രാർത്ഥനാവാക്കുകളോടെയല്ലാതെ ഒരു അറബിയും സംസാരം തുടങ്ങുകയും അവസാനിപ്പിക്കുകയുമില്ല.

അള്ളാ യർഹം വാലിദക്ക് (ദൈവം നിന്റെ മാതാപിതാക്കൾക്ക് അനുഗ്രഹം നൽകട്ടെ)

അള്ളാ ആത്തീഖ് ആഫിയ (ദൈവം ആരോഗ്യം പ്രധാനം ചെയ്യട്ടെ)

തവ്വലള്ളാഹു ഉംറക്ക് (ദീർഘായുസ് നൽകട്ടെ)

അള്ളാ ഹയ്യീഖ്

തുടങ്ങി സാഹചര്യത്തിനും ബന്ധത്തിനുമനുസരിച്ച് ഇത്തരം പ്രയോഗങ്ങൾ ഏറെയുണ്ട്.

ചെറിയ കുട്ടികൾ പോലും നമ്മുടെ ക്ഷേമവും നമ്മുടെ കുട്ടികളുടെ കാര്യവും ആരോഗ്യ കാര്യവുമൊക്കെ ചോദിക്കുമ്പോൾ അൽഭുതപ്പെടാറുണ്ട്. അറബികൾ റോഡുകളിൽ കാണിക്കുന്ന വല്ലാത്തൊരു മര്യാദയുണ്ട്.

അവർ വേഗതയിൽ വാഹനമോടിക്കുന്നവരും നിയമങ്ങൾ തെറ്റിച്ചോടുന്നവരും എന്നൊക്കെയാണ് വെപ്പ്. എന്നാൽ വല്ല അപകടവും പറ്റിയാൽ കാണിക്കുന്ന മര്യാദ ഉദാത്തമാണ്. വണ്ടി ഇടിച്ചവനും ഇടിക്കപ്പെട്ടവനും തമ്മിൽ യാതൊരു വയക്കും ഇല്ല . വാഹനത്തിൽ നിന്നറങ്ങി സലാമാത്ത് (ദൈവത്തിന്റെ രക്ഷ) എന്ന് പരസ്പരം പറഞ്ഞ് അധികാരികളെ വിളിച്ചു വരുത്തി നടപടി ക്രമങ്ങൾ പൂർത്തിയാക്കും. ഭൂരിഭാഗവും പരസ്പരം ക്ഷമിക്കാറാണ് പതിവ്.

വാഹനം തട്ടിയാൽ ഡ്രൈവർ ഇറങ്ങി ഓടലോ പരസ്പരം തെറി വിളിക്കലോ അടി പിടിയോ ഒന്നും അറേബ്യൻ നിരത്തുകളിൽ കാണില്ല. വലിയ അപകടങ്ങൾ നടന്ന് വേണ്ടപ്പെട്ടവർ ചിന്നി ചിതറി മാംസ തുണ്ടങ്ങളായികിടക്കുമ്പോൾ കാണിക്കുന്ന ഒരു മനോ ധൈര്യമുണ്ട് അത് അറബികൾക്ക് മാത്രം അവകാശപ്പെട്ടതാണ്. തവക്കുൽ (ദൈവത്തിൽ അർപ്പിക്കൽ) എന്നത് ജീവിതത്തോട് ഇത്രമാത്രം ചേർത്ത് വെച്ച മറ്റൊരു കൂട്ടരുണ്ടാവില്ല.

വഴിയിൽ ഒരു വാഹനം നിന്നു പോയാൽ ആദ്യ സഹായവുമായെത്തുക അറബി സഹോദരങ്ങളായിരിക്കും. മരുഭൂമിയിലെ പരുപരുത്ത ജീവിതം തലമുറകളെ പഠിപ്പിച്ച പരസ്പര സഹകരണത്തിന്റെ പാഠങ്ങളാണത്,

ഈ കൊടുക്കൽ വാങ്ങലുകളിലൂടെയാണ് അറബികൾ ജീവിതത്തിന് അനുയോജ്യ ഘടകങ്ങൾ ഒന്നുമില്ലാത്ത അറേബ്യൻ മരുഭൂമിയുടെ പ്രതികൂലതയെ അതിജീവിച്ചത്.

ഇങ്ങിനെ ഇടപെടലുകളിലൂടെ അനുഭവിച്ചറിഞ്ഞ ഒട്ടേറെ ഗുണഗണങ്ങൾ ഓർത്തെടുക്കാൻ പ്രവാസ ജീവിതം നമുക്ക് അവസരം നൽകിയിട്ടുണ്ട്, എന്നാൽ അറബികൾ വിവരമില്ലാത്തവരും നാമൊക്കെ മഹാ ബുദ്ധിമാൻമാരുമാണെന്നാണ് പലരുടേയും വെപ്പ്.

കൂലി കഫീലൻ മാരോടും വിസക്കച്ചവടക്കാരോടും മാത്രം ഇടപെട്ട് ശീലിച്ചവരുടെ ജല്പനങ്ങൾ മാത്രമാണിത്. ഒരു അറബിയുടെ ബുദ്ധിയും സാമർഥ്യവും കാണണമെങ്കിൽ അത്തരക്കാരോട് ഇടപെട്ട് നോക്കണം. നമ്മുടെ മനസിലുള്ളതവർ വായിച്ചെടുക്കും.

ഏന്തങ്കിലും നിയമ പ്രശ്നങ്ങളിൽ അകപ്പെട്ടാൽ നാം നിരപരാധികളാണെങ്കിൽ ഒന്ന് രണ്ട് ചോദ്യങ്ങൾ കൊണ്ടു തന്നെ ഉദ്യോഗസ്ഥർക്കത് ബോധ്യമാവും.

അറബി ലോകത്ത് നടക്കുന്ന എത് തരം ക്രൈമും ദിവസങ്ങൾക്കകം പിടിക്കപ്പെടും. ഇത് അന്വേഷിക്കുന്നതും കണ്ടെത്തുന്നതും സമർത്ഥരായ അറബികൾ തന്നെയാണ്.

അറേബ്യയിലെ നിരത്തു വക്കുകളിൽ കാണുന്ന കാഴ്ചകളിലൊന്നാണ് തണുത്തവെള്ളത്തിനായുള്ള കൂളറുകൾ പെരും ചൂടിൽദാഹിച്ചു വലയുന്നവർക്ക് വല്ലാത്ത ആശ്വാസമാണിത്. ഇതിൽ കുടിവെള്ളം നിറക്കുന്നതും ഫ്രീസറുകൾ സ്ഥാപിക്കുന്നതും ദൈവ പ്രീതി മാത്രം കാംക്ഷിക്കുന്ന അജ്ഞാതനായ എതോ ഒരു മനുഷ്യനാണ്. കൂടാതെ ഫ്രിഡ്ജുകളിൽ ഭക്ഷണസാധനങ്ങളും റോഡരുകുകളിൽ കാണാനാവും. പാശ്ചാത്യ സംസ്കാരത്തിന്റെ തള്ളിക്കയറ്റത്തിൽ അറേമ്പ്യയുടെ നന്മകൾ മലീമസപ്പെടാനുള്ള സാദ്ധ്യതകൾ പെരുത്തുണ്ടെങ്കിലും അവയെല്ലാം അതിജയിച്ചു കൊണ്ട് ഇസ്ലാം വിതച്ചു പോയ സുഗന്ധം ഇന്നും ഈ മണ്ണിൽ നിറകതിർ ചാർത്തി നിൽക്കുന്നു. ■

പൂനിലാവ്

ഡോ. ഇസ്മയിൽ മരിതേരി

# ഉരുൾപൊട്ടൽ ചരിത്രം നൽകുന്ന ചില പാഠങ്ങൾ

**ഉരുൾപൊട്ടലിന്റെ ചരിത്രത്തിൽ നിന്നുള്ള നിർണായക പാഠങ്ങളിലൊന്ന് സമൂഹത്തിന്റെ ഇടപെടലിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യമാണ്.**



ദശലക്ഷക്കണക്കിന് വർഷങ്ങളായി ഭൂമിയുടെ ചലനാത്മക പ്രക്രിയകളുടെ ഭാഗമാണ് മണ്ണിടിച്ചിലും ഉരുൾപൊട്ടലും. കനത്ത മഴ, ഭൂകമ്പങ്ങൾ, അഗ് നിപർവ്വത പ്രവർത്തനങ്ങൾ, വനനശീകരണം, ഖനനം, നിർമ്മാണം തുടങ്ങിയ മനുഷ്യ പ്രവർത്തനങ്ങളാൽ അവ സംഭവിക്കാം. മണ്ണിടിച്ചിലിന്റെ ചരിത്രം മനസ്സിലാക്കുന്നത് മനുഷ്യ ജീവിതത്തിലും അടിസ്ഥാന സൗകര്യങ്ങളിലും അവയുടെ ആഘാതങ്ങൾ ലഘൂകരിക്കാൻ സഹായിക്കുന്ന വിലപ്പെട്ട പാഠങ്ങൾ നൽകുന്നു.

ആയിരക്കണക്കിന് വർഷങ്ങളായി മണ്ണിടിച്ചിൽ മനുഷ്യ വാസ കേന്ദ്രങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് ചരിത്ര രേഖകളും ഭൂമിശാസ്ത്രപരമായ തെളിവുകളും കാണിക്കുന്നു. ചൈനയിലെയും മെഡിറ്ററേനിയനിലെയും പോലെയുള്ള പുരാതന നാഗരികതകൾ വിനാശകരമായ മണ്ണിടിച്ചിൽ അനുഭവിച്ചിട്ടുണ്ട്. അത് അവയുടെ വികസനത്തെയും തകർച്ചയെയും സ്വാധീനിച്ചു. ബിസി 200-നടുത്തുണ്ടായ മണ്ണിടിച്ചിൽ മൂലം ചൈനയിലെ കിൻ രാജവംശത്തിന്റെ വൻമതിൽഭാഗികമായി തകർന്നത് മണ്ണിടിച്ചിൽ ചരിത്രപരമായ സ്വാധീനം ചെലുത്തിയതിന്റെ ആദ്യകാല ഉദാഹരണമാണ്.

ആധുനിക ചരിത്രത്തിലെ ഏറ്റവും വിനാശകരമായ മണ്ണിടിച്ചിൽ 1963 ൽ ഇറ്റലിയിലാണ് സംഭവിച്ചത്. ഭൗമശാസ്ത്രപരമായി അസ്ഥിരമായ പ്രദേശങ്ങളിലെ എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ അപകടസാധ്യതകളെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലാണ് വയോണ്ട് ഡാം ദുരന്തം. ഒരു വലിയ പാറയും മണ്ണും റിസർവോയറിലേക്ക് തെന്നിമാറിയപ്പോഴാണ് മണ്ണിടിച്ചിലുണ്ടായത്. അണക്കെട്ടിന് മുകളിലൂടെ തിരമാല കുതിച്ചൊഴുകി 2,000 ത്തോളം ആളുകൾക്ക് ആ ദുരന്തത്തിൽ ജീവനഷ്ടം സംഭവിച്ചിട്ടുണ്ട്. വൻകിട കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് മുമ്പ് സമഗ്രമായ ഭൗമശാസ്ത്ര സർവേകളുടെയും പ്രാദേശിക ഭൂപ്രകൃതി മനസ്സിലാക്കുന്നതിന്റെയും പ്രാധാന്യം ഈ ദുരന്തം എടുത്തുകാണിച്ചു.

1966-ൽ വെയിൽസിലെ അബർഫാൻ ഗ്രാമത്തിൽ കൽക്കരി മാലിന്യം കുന്നിൻ ചെരുവിലൂടെ താഴേക്ക് പതിക്കുകയും ഒരു സ്കൂളിനെ വിഴുങ്ങുകയും 116 കുട്ടികളും 28 മുതിർന്നവരും മരിക്കുകയും ചെയ്തപ്പോൾ ലോകം കണ്ടത് അതി ദാരുണമായ ഒരു മണ്ണിടിച്ചിലായിരുന്നു. ഖനന പ്രവർത്തനങ്ങളിലെ അപര്യാപ്തമായ മാലിന്യ സംസ്കരണത്തിന്റെ അപകടങ്ങളും കർശനമായ സുരക്ഷാ ചട്ടങ്ങളുടെ ആവശ്യകതയും ഈ ദുരന്തം അടിവരയിടുന്നു. അബർഫാൻ ദുരന്തം മാലിന്യ നിർമാർജന രീതികളിൽ കാര്യമായ മാറ്റങ്ങൾ വരുത്തുകയും അത്തരം നുറുങ്ങുകളുമായി ബന്ധപ്പെട്ട അപകടസാധ്യതകളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുകയും ചെയ്തു.



മണ്ണിടിച്ചിലിന്റെ ചരിത്രം ഏറെയുള്ള നാടാണ് പ്രകൃതിദുരന്തങ്ങൾ കൂടുതലുള്ള രാജ്യമായ ജപ്പാൻ. മണ്ണിടിച്ചിൽ നിരീക്ഷണത്തിലും മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളിലും ഈ രാജ്യം നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മണ്ണിടിച്ചിലുകൾ പ്രവചിക്കാൻ മഴമാപിനികൾ, ഗ്രൗണ്ട് സെൻസറുകൾ, ഉപഗ്രഹ ചിത്രങ്ങൾ എന്നിവയിൽ നിന്നുള്ള തത്സമയ ഡാറ്റ എന്നിവ ഉപയോഗിക്കുന്നത് ശ്രദ്ധേയമായ ഒരു ഉദാഹരണമാണ്. മണ്ണിടിച്ചിൽ അപകടസാധ്യതകളെക്കുറിച്ചുള്ള സാങ്കേതിക വിദ്യയിലും പൊതുവിദ്യാഭ്യാസത്തിലും ജപ്പാന്റെ നിക്ഷേപം എണ്ണമറ്റ ജീവൻ രക്ഷിക്കുകയും മറ്റ് രാജ്യങ്ങൾക്ക് മാതൃകയാവുകയും ചെയ്തിട്ടുണ്ട്.

ദ്രുതഗതിയിലുള്ള നഗരവൽക്കരണവും കാലാവസ്ഥാ വ്യതിയാനവും മണ്ണിടിച്ചിലിന്റെ ആവൃത്തിയും തീവ്രതയും വർദ്ധിപ്പിക്കുന്നു. വനനശീകരണം, കുത്തനെയുള്ള ചരിവുകളിലെ നിർമ്മാണം, കാലാവസ്ഥാ വ്യതിയാനം മൂലം മഴയുടെ തീവ്രത എന്നിവ ഗണ്യമായ തരത്തിൽ ഉരുൾപൊട്ടലിന് കാരണമാവുന്നുണ്ട്. കനത്ത മഴയുടെയും ദുർബല പ്രദേശങ്ങളിലെ മനുഷ്യരുടെ കടന്നുകയറ്റത്തിന്റെയും മാരകമായ ഫലമാണ് 300-ഓളം പേർ കൊല്ലപ്പെട്ട 1985-ലെ പ്യൂർട്ടോ റിക്കോയിലെ മാമെയിസ് മണ്ണിടിച്ചിൽ.

മണ്ണിടിച്ചിലിന്റെ അപകടസാധ്യതകൾ ലഘൂകരിക്കുന്നതിന് കാര്യക്ഷമമായ സാങ്കേതിക വിദ്യകൾ ആധുനിക എഞ്ചിനീയറിംഗ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. നിലനിർത്തൽ മതിലുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, ചരിവ് ശക്തിപ്പെടുത്തൽ എന്നിവയാണ് സാധാരണയായി ഉപയോഗിക്കുന്ന രീതികൾ. ഉദാഹരണത്തിന്, ഹോങ്കോങ്ങിൽ, സ്ലോപ്പ് സ്റ്റബിലൈസേഷൻ ടെക്നിക്കുകളുടെ വിപുലമായ ഉപയോഗം മണ്ണിടിച്ചിൽ ഗണ്യമായി കുറച്ചിട്ടുണ്ട്.

ഉരുൾപൊട്ടലിന്റെ ചരിത്രത്തിൽ നിന്നുള്ള നിർണായക പാഠങ്ങളിലൊന്ന് സമൂഹത്തിന്റെ ഇടപെടലിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യമാണ്. പല പ്രദേശങ്ങളിലും, ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ ആദ്യം പ്രതികരിക്കുന്നത് പ്രാദേശിക സമൂഹങ്ങളാണ്. ഉരുൾപൊട്ടലിന്റെ ആദ്യ ലക്ഷണങ്ങൾ തിരിച്ചറിയുന്നതിനെക്കുറിച്ചും സുരക്ഷിതമായ ഒഴിപ്പിക്കൽ നടപടിക്രമങ്ങളെക്കുറിച്ചും ചരിവുകൾ എങ്ങനെ പരിപാലിക്കാമെന്നതിനെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നത് അപകടങ്ങൾ ഗണ്യമായി കുറയ്ക്കും. നേപ്പാൾ പോലുള്ള രാജ്യങ്ങളിലെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള പരിപാടികളുടെ വിജയം പ്രാദേശിക ജനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഫലപ്രാപ്തി തെളിയിക്കുന്നു.

നിരവധി പേരുടെ ജീവനെടുക്കുന്ന ദുരന്തമുഖത്ത് നിസ്സഹായരായി പരസ്പരം പഴി പറഞ്ഞൊഴിയുന്നതിന് പകരം പ്രകൃതിദുരന്തങ്ങളുടെ ചരിത്രങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾകൊണ്ട് അവ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ കൈകൊള്ളുന്നതിലായിരിക്കണം വിവേകമതികളുടെ ജാഗ്രത. ■

വായന

റിസ്‌വാൻ ചോലക്കോട്

# കാലം തേടുന്ന പത്ത് കഥകൾ

**ജനാധിപത്യപരമായ സാമുദായിക രൂപകൽപ്പന എന്ന ലക്ഷ്യം മുൻനിർത്തി, മാനുഷികസമത്വം എടുത്തുയർത്തുന്ന പത്ത് കഥകളിലൂടെയും കഥാകൃത്തുകൾക്ക് തങ്ങളുടെ നിലപാടുകളും കാഴ്ചപ്പാടുകളും വ്യക്തമാക്കാൻ സാധിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്.**



'ദലിത് ഗോത്ര ബഹുജന കഥകൾ' എന്ന ആശ്ചര്യഭരിതമായ അടിക്കുറിപ്പാണ് 'സമത'യെ വായനക്കാരിലേക്ക് വലിച്ചടുപ്പിക്കുന്നത്. മലയാള സാഹിത്യത്തിൽ സവിശേഷമായ ഒരു പുനർവിചിന്തനം നിർമിച്ചെടുക്കുന്നതിന് സമകാലിക കേരളത്തിൽ ദലിത് ഗോത്ര ബഹുജന കഥകൾക്ക് സാധിച്ചിട്ടുണ്ടെന്ന വസ്തുതയുടെ തെളിഞ്ഞ പ്രതീകമാണ് ബുക്ക്പ്ലസ് പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 'സമത: ദലിത് ഗോത്ര ബഹുജന കഥകൾ'. ദലിത് സാഹിത്യകാരൻ എം.ബി മനോജ് എഡിറ്റിങ് നിർവഹിച്ച പത്തു കഥകളുടെ സമാഹാര രൂപമാണ് കൃതി. മനുഷ്യരോടും പ്രകൃതിയോടും ജീവജാലങ്ങളോടും പുലർത്തേണ്ട അടിസ്ഥാന വികാരം സമത്വമാണെന്ന യാഥാർത്ഥ്യമാണ് കഥകളിലൂടെ പത്ത് പ്രമുഖ സാഹിത്യകാര ാർ പുസ്തകത്തിൽ അവതരിപ്പിക്കുന്നത്. കവിയും കഥാകാരനുമായ പി.കെ പ്രകാശിന്റെ 'മർദ്ദിതം ശബ്ദം പോലും' എന്ന കഥയോടെയാണ് പുസ്തകം തുടങ്ങുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ രാഷ്ട്രീയാവബോധത്തിൽ ബഹുജനസമുദായം രൂപീകരിച്ച വ്യതിയാനങ്ങളും സാമൂഹിക വീക്ഷണങ്ങളും വ്യക്തമാക്കാൻ പ്രസ്തുത കഥയിലൂടെ ശ്രമിക്കുകയാണ് കഥാകൃത്ത്. പ്രത്യേക ആശയഭാവനകൾ ഉൾക്കൊള്ളുന്ന മറ്റൊരു കഥയാണ് നവീനമായ രചനാലോകം ആവിഷ്കരിച്ച കഥാകാരൻ പ്രിൻസ് ഐമനത്തിന്റെ 'ചാരുമാനം'. പുരോഗമനവും സമത്വവും പറഞ്ഞു നടക്കുന്ന മനുഷ്യർ സ്വന്തം പ്രവർത്തനങ്ങളിൽ എത്രത്തോളം മനുഷ്യവിരുദ്ധരാണെന്ന് ഈ കഥ വരച്ചുകാട്ടുന്നു. കഥയിലെ പ്രധാന കഥാപാത്രമായ 'കുഞ്ഞാപ്പി' ദലിതർക്കെതിരെയുള്ള സാമുദായിക വീക്ഷണങ്ങളുടെ ഉത്തമ പ്രതീകമാണ്.


നിരവധി ഭാവനകൾ ഒന്നിക്കുന്ന രസകരമായ മറ്റൊരു കഥയാണ് ധന്യ എം.ഡിയുടെ ഒറ്റാൽ'. വിദ്യാർഥികൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന രൂപവർണ വിവേചനങ്ങളെ ശക്തമായി എതിർക്കാൻ ശ്രമിക്കുകയാണ് ഒറ്റാൽ. പുസ്തകത്തിൽ സവിശേഷതയുള്ള മറ്റൊരു കഥയാണ് സുഭാഷ് ഒട്ടുംപുറത്തിന്റെ 'കവിത്'. ചരിത്രവും ഭാവനയും സംയുക്തമായാണ് കഥ അവതരിപ്പിക്കുന്നത്. പതിനാറാം നൂറ്റാണ്ടിൽ രൂപം കൊണ്ടെന്നു വിശ്വസിക്കപ്പെടുന്ന കവിത എന്ന ഗ്രാമത്തിലെ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരെ വധിച്ചു കളയാൻ രൂപംകൊണ്ട കൽക്കഴുമരത്തിന്റെ ചരിത്രം തേടുന്ന രണ്ട് യുവതിയുവാക്കളുടെ ആത്മീയ ഭാവനകളാണ് കഥയുടെ പ്രമേയം. അതേസമയം, പേരില്ലാത്ത ഒരു നാട്ടിൽ ഉന്നത സമുദായക്കാരുടെ അവകാശ പരിധികൾ ലംഘിച്ച് മറുജാതിക്കാരെ പോലെ വളരാൻ ശ്രമിക്കുന്ന 'അമ്മണൻ' എന്ന കഥാപാത്രത്തിലൂടെ, ആ ഗ്രാമത്തിൽ അരങ്ങേറുന്ന ദൈവീകാനുഭവങ്ങളും പ്രതിഫലനങ്ങളും 'ഒരു അധഃകൃതൻ ചരിത്രത്തിൽ ഇടപെടുന്നു' എന്ന കഥയിലൂടെ ആവിഷ്കരിക്കുകയാണ് ബിനു സചീവോത്തമപുരം.



എം.ബി മനോജ്

'പേപ്പട്ടിക്കുട്ടപ്പൻ' എന്ന കഥയിലൂടെ ദലിതർ നേരിടുന്ന സാമൂഹിക നിന്ദ്യകളെ വിമർശിക്കുകയാണ് കഥാകാരനായ നീഗ്രോ. നിലവിലെ സാഹചര്യങ്ങളിലും സാമൂഹിക സന്ദർഭങ്ങളിലും ദലിതർ പുലർത്തുന്ന അനൈക്യവും അശക്തതയും സമത്വ ദാഹിയായ 'തങ്കപ്പൻ' എന്ന ദലിതൻ ഉയർന്ന ജാതിക്കാർക്കെതിരെ നടത്തുന്ന നീക്കങ്ങളുമാണ് മാത്യു ഡേവിഡ് കാണക്കാരിയുടെ 'പശു ഒരു ദേശീയ മൃഗമാണ്' എന്ന കഥ വ്യക്തമാക്കുന്നത്. ആത്മീയതയുടെയും ദൈവീകതയുടെയും മറവിൽ തുടർന്നുപോരുന്ന തട്ടിപ്പുകളെ ആക്ഷേപരൂപേണ ഡോ.രാജീവ് മോഹൻ തന്റെ 'മറുലോകം' എന്ന കഥയിൽ വരച്ചുകാട്ടുന്നു. ഇത്തരം കഥകൾക്ക് സമകാലിക പരിഹാസങ്ങളെ വിമർശിക്കുന്ന സ്വഭാവമാണുള്ളത്. മോഹനൻ ചെഞ്ചേരിയുടെ 'കാടകം' എന്ന കഥയിൽ പാരിസ്ഥിതികതയും പ്രകൃതിസമത്വവും, സീന തച്ചങ്ങോടിന്റെ 'അത് എന്നെ വിസ്മയിപ്പിച്ചു കൊണ്ടേയിരിക്കുന്നു' എന്ന കഥയിൽ പാരിസ്ഥിതികതയോടൊപ്പം അൽപം ലൈംഗികതയും ട്രാൻസ്ജെന്ററിസവും ചർച്ചക്ക് വെക്കുന്നുണ്ട്.

ജനാധിപത്യപരമായ സാമുദായിക രൂപകൽപ്പന എന്ന ലക്ഷ്യം മുൻനിർത്തി, മാനുഷികസമത്വം എടുത്തുയർത്തുന്ന പത്ത് കഥകളിലൂടെയും കഥാകൃത്തുകൾക്ക് തങ്ങളുടെ നിലപാടുകളും കാഴ്ചപ്പാടുകളും വ്യക്തമാക്കാൻ സാധിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്. ■





സമത
കഥകൾ
എം.ബി മനോജ്
ബുക് പ്ലസ്
വില 170



# മിന്നൽ കഥകൾ

സമദ് പനയപ്പിള്ളി
വര: **ഫസൽ കക്കോവ്**





## അപമാനം

**അ**യാൾ കള്ളനായ ശേഷമാണ് ഞങ്ങളുടെ ഗ്രാമ വഴികളിലൂടെ തലയും താഴ്ത്തി നടക്കാൻ തുടങ്ങിയത്.

000

## ആത്മീയത

**പു**റമേക്ക് നേരും അകമേക്ക് നെറിവും എന്നതാണ് ഇന്നത്തെ ആത്മീയത.

000

## പാചകം

**ഭാ**ര്യ സുഖമില്ലാതെ കിടക്കുമ്പോഴും അവർ വീട് വിട്ട് പോകുമ്പോഴുമാണ് ഭർത്താവ് പാചകം അറിയാത്തതിന് സ്വയം ശപിക്കുക

## മരണം

**സ്വ**പ്നം അയാളോട് ചോദിച്ചു. 'ഞാൻ നിനക്ക് കാട്ടി തരുന്ന കാഴ്ചകളിലൊക്കെ നീ മരിച്ചവനാണല്ലോ? 'നീ കരുതും പോലെയുള്ള മരണഭയമൊന്നും എനിക്കിപ്പോഴില്ല. ഈ ഭൗതിക ജീവിതത്തിൽ ഞാനെന്നേ മരിച്ചിരിക്കുന്നു'.' ഇത് കേട്ട് സ്വപ്നം ഒന്നും പറയാതെ മൗനിയായി.

000

## അഞ്ച്

**അ**ഞ്ചെന്ന സംഖ്യയോട് അയാൾക്ക് വലിയ പ്രിയമായിരുന്നു. ഒന്നാം ക്ലാസ് മുതൽ ബിരുദം വരെ പഠിച്ചത് ഹാജർ പുസ്തകത്തിൽ അഞ്ചാമനും അഞ്ചാമത്തെ ബെഞ്ചിൽ ഇരുന്നു മാണ്. അഞ്ചാമത്തെ കാമുകിയെയാണ് വിവാഹം കഴിച്ചതെങ്കിലും അഞ്ച് കുട്ടികൾ എന്ന മോഹത്തെ എത്ര ശ്രമിച്ചിട്ടും അയാൾക്ക് യാഥാർത്ഥ്യമാക്കാനായില്ല.

## കറുത്ത പൂച്ച

**സ**കല വെളിച്ചങ്ങളും നിലച്ച ഒരു രാത്രിയിലാണ് ദേഹം മുഴുവൻ കറുത്ത പൂച്ച അയാളുടെ വീട്ടിൽ അതിഥിയായി എത്തിയത്.
പിന്നെ ഇതുപോലൊരു രാത്രിയിലെ ഇരുട്ടിനെ മറയാക്കി ആ പൂച്ച വന്നത് പോലെ എങ്ങോട്ടോ അപ്രത്യക്ഷയായി.

000



## ആയുധം

**വാ**ളിനേക്കാൾ മൂർച്ചയുള്ള നാവ് കൊണ്ടാണ് അവൾ അയാളെ മുറിവേൽപ്പിച്ചിരുന്നത്. അതുകൊണ്ടാണ് ആയുസ് മുഴുവൻ ശുശ്രൂഷിച്ചിട്ടും അവ ഉണങ്ങാതിരിക്കുന്നതും.

000





## മഴ

**മ**ഴയെ പ്രാകുന്നത് കേട്ട് പുരോഹിതൻ പറഞ്ഞു. മഴയെ പ്രാകരുത്. മഴ ദൈവത്തിന്റെ അനുഗ്രഹമാണെന്ന്. പിന്നെ പിന്നെ പെയ്ത മഴയുടെ നനവ് മുഴുവൻ അയാളുടെ മനസും ദേഹവും ഏറ്റുവാങ്ങാൻ തുടങ്ങി.



കവിത

സഫൂ വയനാട്

# ദുരന്ത ഭൂമിക

**ഇ**രുളായി ഉരുൾ,
ഇരമ്പിയാർത്ത് താണ്ഡവം.
ഇരവ് തുരന്ന്, ഉഴുതു മറിച്ചു
പുതുകാവ്യം രചിക്കുന്നു....

ചേതനയറ്റ ഉടലുകൾ
ചാലിയാർ രൗദ്രം
ചതുർക്കളത്തിൽ ചാവുകടലാൽ
ചിത്രം വരച്ചു വേരുകൾ

വർഷകാല രോഷം
വിപത്ത് വിതച്ചു രൂക്ഷം
വിനാശമേഘം വിതച്ച
വിധിയിൽ
വിതുമ്പിപ്പെയ്തു വയനാട്

കലി തുള്ളി കർക്കിടകം
കുത്തിയൊലിച്ചു ക്രൗര്യം
കാതടിപ്പിക്കുമലർച്ചയിൽ
ഭൂമിതന്നുടൽ കീറി സംഹാരം

കുരുന്നിൻ നിലവിളി കണ്ടും കേട്ടും
മതിച്ചു മതിയാവാതെ കുരുതിക്കളം
കൈയറുത്ത, കാലറുത്ത,
തലയറുത്ത താണ്ഡവം

കരളു കല്ലിച്ച കാഴ്ച
കനവ് കുമിഞ്ഞു തേർച്ച
കണ്ണീർ കുന്നിൻ വീഴ്ച
കാലനായിരുന്ന് വാഴ്ച

നോക്കൂ, ദുരന്ത ഹൃദയത്തിൽ മണ്ണിനെ
പുണർന്നുറങ്ങുന്ന പെൺകുട്ടി.
അവളുടെ കൺപോളകളിലൂടെ
ശലഭം പറന്നിറങ്ങുന്നു

ചളിക്കളത്തിൽ ഉടലുരുകി,
ചിറകൊടിഞ്ഞ പൂക്കളുടെ
പ്രാണപ്പിടപ്പുകൾ കൊണ്ടത്
ആകാശം തൊടാൻ തുനിയുന്നു.

മച്ചു പാകിയ ഇരുട്ടറയിൽ
ഇപ്പോൾ ബഹളങ്ങളില്ല,
ജാതിയും നിറവും ചൊല്ലി
മാർജാരർ കലഹിക്കുന്നില്ല
സ്വസ്ഥം, ശാന്തം

തലച്ചോറിനാഴിയിൽ
മുട്ടയിട്ടു പെരുകിയ
ചെകുത്താൻ ഉറുമ്പുകളുടെ
സീൽക്കാരമെവിടെ?

മലയിറങ്ങി കുന്നിറങ്ങി
അഷ്ടദിക്കുകൾ താണ്ടി
ഒറ്റമൂലിയേന്തി പുറപ്പെട്ടുവത്രെ
മദനഫല വേരോടെ പിഴുത്
വേദ ഭിഷഗ്വരൻ

മക്കയും ജെറുസലേമും
രാമേശ്വരവും പിന്നിട്ട്
അയാളെത്തുമ്പഴേക്കുമവർ
ദുരന്തമുഖം പിന്നിട്ടിരിക്കും തീർച്ച ■

ക്യാമ്പസ് ടോക്ക്


# ശവം തീനികൾ

മുഹമ്മദ് റിദിൽ,
പാലത്തിങ്ങൽ
ഇസ്‌ലാഹുൽ ഉലൂം
അറബിക് കോളജ്
താനൂർ

എന്നെ മറ്റാരേക്കാളും
സ്നേഹിച്ചവൾ
പച്ചയുടുപ്പുമായി മാത്ര
മേയവൾ എന്റെയടുത്ത്
വന്നിരുന്നൊള്ളൂ...
പേരെന്തെന്ന ചോദ്യ
ത്തിനൊടുവിൽ
പ്രകൃതി എന്ന മറു
പടിയായിരുന്നു...
പക്ഷെ,
ജനങ്ങളവളെ
വെറുക്കുകയായിരുന്നു
എന്ന് ഞാൻ വൈകിയറിഞ്ഞു
അപ്പോഴേക്കും അത്
അതിര് കടന്നിരുന്നു...
പലർക്കും സ്നേഹം
മാത്രം കൊടുത്തവൾക്ക്
കിട്ടിക്കൊണ്ടിരുന്നത്
വെറും വെറുപ്പായിരുന്നു
നിസ്സഹായത-
ക്കൊടുവിലവൾ
അവർക്കെതിരെ തിരിഞ്ഞു
പക്ഷെ,
വാക്കുകളിലവൾ
ഇന്നലകളിൽ
പത്രത്താളുകളിൽ
കണ്ട വെറും ശവം തീനി...
■

കാർ'ട്രോൺ'

ശ്യാം ശ്രീനിവാസ്




## ഇംഗ്ലീഷ് ശൈലിയും പ്രയോഗവും -3

എ.കെ അബ്ദുൽ മജീദ്

# BEGIN TO SEE THE LIGHT



B

**Babe in the woods**
പ്രായോഗിക ജ്ഞാനമില്ലാത്ത, മറ്റുള്ളവർ പറയുന്നതെന്തും വിശ്വസിക്കുന്ന വ്യക്തി.
Harsha is a babe in the woods. She thinks that every man she meets is her well-wisher.

**Baby**
- Cry like a baby
മുതിർന്നവർ കുഞ്ഞിനെ പോലെ നിർത്താതെ കരയുക
My sister cried like a baby when she watched the movie -'Ardram-'.

**throw the baby out with the bath water**
നിസ്സാര/അനാവശ്യ വസ്തുക്കളുടെ കൂടെ വിലപ്പെട്ട വസ്തുവും കളയുക

The management decided to cancel all the projects. I think they are throwing the baby out with the bathwater.

**Back**
- at the back of beyond
വിദൂര സ്ഥലത്ത്
The writer lives by himself in a hut out in the back of beyond.

**- back and forth**
മുമ്പോട്ടും പിറകോട്ടും, അങ്ങോട്ടും ഇങ്ങോട്ടും
We shuttled back and forth between office and home.

**- back-to-back**
1. ഒന്നിനു പിറകെ ഒന്നായി, തുടർച്ചയായി
The short films were played back to back.
2. വിപരീത ദിശകളിലേക്ക് തിരിഞ്ഞു
The players sat back to back.



**- back someone up**
പിന്തുണ, സഹായം നൽകുക

My friends backed me up throughout my studies.

**-on the back oF**
ആദ്യവിജയത്തിൻറെ തൊട്ടു പിറകെ
The cricket team won the National Championship on the back of its previous success.

**- on the back burner**
തത്ക്കാലം മാറ്റി വയ്ക്കുക
We-'ve all had to put our plans on the back burner for a while.

**- behind somebody -'s back**
ഒരു വ്യക്തി അറിയാതെ, രഹസ്യമായി
She made some dealings behind her husband-'s back.

**- break your back**
അതികഠിനമായി ജോലി ചെയ്യുക
We broke our back to get the constitution work finished on time.

**- get somebody off your back**
എന്റെ പിന്നാലെ കൂടുന്നത്, വിമർശിക്കുന്നത് മതിയാക്കൂ!
Do me a favour and get off my back!

**- know something like the back of your hand**
ഒരു സ്ഥലത്തെ സംബന്ധിച്ച് വളരെ നന്നായി അറിവുണ്ടായിരിക്കുക
Prashant knows Delhi like the back of his hand.

**- stab in the back**
പിറകിൽ നിന്ന് കുത്തുക, വിശ്വസിച്ച ആൾ ചതിക്കുക
It was his friends who stabbed him in the back.

**- take a back seat**
അപ്രധാന സ്ഥാനം സ്വീകരിക്കുക
After retirement he took a back seat in politics.

**- turn your back on**
സഹായിക്കാതിരിക്കുക, സഹായം നിർത്തുക
After marriage he turned his back on his mother.

**- watch your back**
അപ്രതീക്ഷിത ആക്രമണം കരുതി ഇരിക്കുക
A politician should alway watch his back.

**- you scratch my back I-'ll scratch yours**
എൻ പൃഷ്ഠം നീ ചൊറിഞ്ഞീടിൽ നിൻ പൃഷ്ഠം ഞാൻ ചൊറിഞ്ഞീടാം, നീ എന്നെ സഹായിച്ചാൽ ഞാൻ നിന്നെ സഹായിക്കാം
Here's your book-you scratch my back and I-'ll scratch yours.

**- back and fill**
വച്ചു താമസിപ്പിക്കുക (കാറ്റ് അനുകൂലമാവുന്നതു വരെ കപ്പൽ നിർത്തിയിട്ട് സാധനങ്ങൾ നിൽക്കുന്ന സമ്പ്രദായത്തിൽ നിന്ന്)
You should stop backing and filling. Do something to solve the problem.

**-back the wrong horse**
വിജയ സാധ്യതയില്ലാത്തതിൽ മുത് മുടക്കുക
As a seasoned businessman he never backs the wrong horse.

**- back to square one**
വീണ്ടും തുടക്കത്തിൽ തന്നെ എത്തുക
My professor rejected all my research proposals. So I-'m back to square one. I have to work on new proposals.

**- back to the salt mine**
സുഖകരമല്ലാത്ത ജോലിയിലേക്ക് പുനപ്രവേശിക്കുക
I have just got back to the salt mines after my vacation.

**- talk out of the back of one-'s head**
വിഡ്ഢിത്തം പറയുക
He is talking out of the back of his head. Nobody can buy a flat for five lakh rupees.

**Backroom boys**
അണിയറ പ്രവർത്തകർ, സംഘടനകളിലും സ്ഥാപനങ്ങളിലും ഉള്ള പുറമേക്ക് അറിയപ്പെടാത്ത പ്രവർത്തകർ.
There are too many backroom boys in the film industry. (തുടരും)

# ടർബോ ജോസ്
## അറബ് ലോകത്ത് ടർബോ ജാസിം

അദുല റഫീഖ്



**അ**റബ് ലോകത്ത് ടർബോയുടെ തകർപ്പൻ പ്രകടനം. ഇത്തവണ ടർബോ ജോസും ഒപ്പമുള്ളവരും സംസാരിക്കുന്നത് അറബിയിൽ. ഇവിടെയെത്തിയപ്പോൾ ടർബോ ജോസ്, ടർബോ ജാസിം ആയി. മമ്മൂട്ടിയും മലയാള താരങ്ങളും അറബിയിൽ സംസാരിക്കുന്നു. മമ്മൂട്ടിക്ക് വേണ്ടി അറബി ഭാഷയിൽ ഡബ്ബ് ചെയ്തത് മലയാളിയായ അഹമദ് സലാഹും മറ്റുള്ളവർക്ക് യുഎഇയിലെ ഇമാറാത്തികളും. തിയേറ്ററുകളെ കോരിതരിപ്പിച്ച മമ്മൂട്ടിയുടെ ഏറ്റവും പുതിയ സിനിമയാണ് വൈശാഖ് സംവിധാനം ചെയ്ത 'ടർബോ'. മെയ് 23 ന് റിലീസ് ആയ ചിത്രത്തിന് മികച്ച പ്രതികരണമാണ് കേരളത്തിലും ഗൾഫ് നാടുകളിലും ലഭിച്ചത്. കോമഡി, ആക്ഷൻ വിഭാഗത്തിൽപ്പെട്ട ചിത്രമായതുകൊ് തന്നെ ഓപ്പണിങ് അടക്കമുള്ള ബോക്സ് ഓഫീസ് കളക്ഷനും ചിത്രം നേടിയിരുന്നു. മലയാളത്തിൽ തകർപ്പൻ പ്രകടനം കാഴ്ചവെച്ച സിനിമയുടെ അറബിക് പതിപ്പ് ആഗസ്റ്റ് 2ന് ജിസിസിയിൽ പ്രദർശനത്തിനെത്തി. ടർബോ ജോസിന് പകരം ടർബോ ജാസിം എന്ന പേരിലാണ് ചിത്രം പ്രദർശിപ്പിച്ചത്. മമ്മൂട്ടിയുടെ ആക്ഷൻ രംഗങ്ങൾ സ്വദേശികളായ അറബ് പ്രേക്ഷകരെ ഏറെ അവേശത്തിലാക്കിയിരുന്നു. ആദ്യമായി അറബിയിൽ മൊഴിമാറ്റിയ ഇന്ത്യൻ ചിത്രമായി മാറിയിരിക്കുകയാണ് മമ്മൂട്ടിയുടെ ടർബോ. ട്രെയിലറടക്കം വൻ സ്വീകാര്യതയാണ് ചിത്രത്തിന് ലഭിച്ചത്. 17 ഡബ്ബിങ് ആർട്ടിസ്റ്റുകൾ ചേർന്നാണ് ഈ ചിത്രം അറബിയിൽ ഡബ്ബ് ചെയ്തിരിക്കുന്നത്. അതിൽ 11 പേർ യുഎഇ സ്വദേശികളാണ്. മൂന്നാഴ്ച സമയമെടുത്താണ് ഈ ചിത്രം അറബിയിലേക്ക് പൂർണ്ണമായി ഡബ്ബ് ചെയ്തത്. സമദ് ട്രൂത്ത് നേതൃത്വം നൽകുന്ന ട്രൂത്ത് ഗ്ലോബൽ ഫിലിംസ് ആണ് ഈ ചിത്രം ഗൾഫ് രാജ്യങ്ങളിലുടനീളം പ്രദർശിപ്പിച്ചത്. മമ്മൂട്ടിക്കൊപ്പം കന്നഡ താരം രാജ് ബി ഷെട്ടി, തെലുങ്ക് നടൻ സുനിൽ എന്നിവരും, മലയാളത്തിൽ നിന്ന് ശബരീഷ് വർമ്മ, ബിന്ദു പണിക്കർ, അഞ്ജന ജയപ്രകാശ്, നിരഞ്ജന അനൂപ്, ദിലീഷ് പോത്തൻ, ജോണി ആന്റണി എന്നിവരും അണിനിരന്ന ഈ ചിത്രത്തിന് സംഗീതമൊരുക്കിയത് ക്രിസ്റ്റോ സേവ്യർ, എഡിറ്റ് ചെയ്തത് ഷമീർ മുഹമ്മദ് എന്നിവരാണ്. നിർമ്മാണം മമ്മൂട്ടി കമ്പനി ബാനറിലാണ്.

മമ്മുട്ടി അവതരിപ്പിച്ച നായക കഥാപാത്രമായ ടർബോ ജോസിന് വേി അറബിക് സംസാരിക്കുന്നത് ഒരു മലയാളിയാണ്. ഷാർജ സ്പേസ് അക്കാദമിയിൽ അസ്ട്രോനേറ്റും കന്റ് ക്രിയേറ്ററുമായ തിരുവനന്തപുരം കല്ലമ്പലം സ്വദേശി അഹമദ് സലാഹാണ് അറബി ജോസേട്ടായിക്ക് ശബ്ദം നൽകിയത്. മലയാളികളെക്കാൾ മലയാളം സംസാരിച്ച് അത്ഭുതപ്പെടുത്തിയ സ്വദേശികളായ മറിയം, നൂറ സഹോദരിമാരാണ് ചിത്രം മൂന്നു ദിവസംകൊ് അറബിയിലേക്ക് രചിച്ചത്. കൂടാതെ ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളിലൊന്നായ അമ്മച്ചിയെ അവതരിപ്പിച്ച ബിന്ദു പണിക്കർക്ക് വേി മറിയമും നായിക ഇന്ദുവായി വേഷമിട്ട അഞ്ജന ജയപ്രകാശിന് വേി നൂറയുമാണ് സംഭാഷണം നൽകിയത്. ഇന്ത്യൻ സിനിമകളെ ഏറെ ഇഷ്ടപ്പെടുന്ന സ്വദേശിയായ അഹ്മദ് അൽ മർസൂഖിയും നിരവധി കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയിട്ടു്. സ്വദേശിയായ അലിയാണ് രാജ് ബി.ഷെട്ടി അഭിനയിച്ച വില്ലൻ കഥാപാത്രത്തിന് ശബ്ദം നൽകിയത്. നാസർ സെയ്ദ് ഹുസൈന് എന്നാ പേരിലാണ് വെട്രിവേൽ ഷൺമുഖ സുന്ദരം എന്ന കഥാപാത്രം അരങ്ങേറിയത്. മറ്റു കഥാപാത്രങ്ങൾക്ക് സ്വദേശി കലാകാരന്മാരും ശബ്ദം നൽകി. അറബി ഭാഷയുടെ പ്രചാരവും അവിടുത്തെ പ്രതിഭകളുടെ കഴിവ് ദേശീയ അന്തർദേശീയ തലത്തിലെത്തിക്കുക എന്ന ഉദ്ദേശവും മുന്നിൽ വെച്ചാണ് ഇങ്ങനെയൊരു ശ്രമത്തിന് അവർ മുന്നിട്ടിറങ്ങിയത്. സൗദിയിൽ ഒരു മലയാള ചിത്രം നേടുന്ന എക്കാലത്തെയും മികച്ച കളക്ഷനുമാണ് ടർബോ നേടിയത്. ചിത്രത്തിന്റെ ഒടിടി റിലീസ് സോണി ലിവിലൂടെ ഈ മാസമാണ്. ■



# ഇവനെ പടച്ചുവിട്ട കടവുളുക്ക് പത്തിൽ പത്ത്

## മങ്കടക്കാരൻ ഗുജറാത്തി കുടുംബത്തിന് നായകനായ കഥ

**ആലപ്പുഴയിലേക്ക് ഒരു അധ്യാപകൻ നടത്തിയ ഏകാംഗ യാത്രക്ക് സിനിമക്കഥകയെ വെല്ലുന്ന ക്ലൈമാക്സ്. മലപ്പുറത്തുകാരനായ അധ്യാപകൻ യാത്രക്കിടെ ഗുജറാത്തിലെ ഒരു അധ്യാപികയെ പരിചയപ്പെടുന്നതോടെയാണ് യാത്രയുടെ ഗതി മാറുന്നത്. പിന്നീട് നടന്നതൊരു പോരാട്ടമായിരുന്നു. ഗുജറാത്തിൽ നിന്ന് മോഷണം പോയ ലക്ഷങ്ങൾ വിലവരുന്ന കാർ തിരിച്ചുപിടിക്കുന്നതിൽ വരെ എത്തി ആ പോരാട്ടം. യാത്രക്കിടെ പരിചയപ്പെട്ടൊരു മധ്യവയസ്കയായ റിട്ടയേർഡ് അധ്യാപികയുടെയും കുടുംബത്തിന്റെയും വിഷമത്തിനൊപ്പം അടിയുറച്ചുനിന്ന് അധ്യാപകൻ നടത്തിയ വലിയ പോരാട്ടം കേരളീയർക്ക് അഭിമാനമായിരിക്കുകയാണ്.**



ഷഹബാസ് വെള്ളില



സംഭവ ബഹുലമായൊരു ആലപ്പുഴ യാത്ര മങ്കട കർക്കിടകം സ്വദേശിയും കോട്ടക്കലിലെ ഹായർസെക്കന്ററി സ്കൂൾ ഇംഗ്ലീഷ് അധ്യാപകനുമായ തങ്കയത്തിൽ സമീർ ബാബു വിവരിക്കുന്നത് ഇങ്ങനെ:

മെയ് മാസത്തിലാണ് ആലപ്പുഴയിലേക്ക് ഒരു യാത്ര പോകുന്നത്. ഒരു തിങ്കളാഴ്ചയായിരുന്നു അത്. അന്ന് രാത്രി അവിടെ തങ്ങി ചൊവ്വാഴ്ച തിരികെ പോരുന്ന തരത്തിലായിരുന്നു യാത്ര ആസൂത്രണം ചെയ്തത്. രാത്രി തങ്ങാൻ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ റൂമും നേരത്തെ ബുക്ക് ചെയ്തിരുന്നു. അവിടെ എത്തിയപ്പോൾ ശക്തമായ മഴ കാരണം ഒരു ദിവസം കൊണ്ട് ഉദ്ദേശിച്ച കാഴ്ചകളൊന്നും തന്നെ ശരിയാകില്ലെന്ന് മനസ്സിലായതോടെ യാത്ര ഒരു ദിവസം കൂടി നീട്ടാൻ തീരുമാനിച്ചു. അങ്ങനെ ഹോട്ടിലിൽ നിന്നും പരിചയപ്പെട്ട തെലങ്കാന സ്വദേശി പ്രവീണിന്റെ കൂടെ ബൈക്കും വാടകക്കെടുത്ത് ഞങ്ങൾ ആലപ്പുഴ കറങ്ങാനിറങ്ങി. ചൊവ്വാഴ്ച ഇങ്ങനെ തീർന്നു. അടുത്ത ദിവസം ബുധനാഴ്ച കെ.ടി.ഡി.സിയുടെ ഹൗസ് ബോട്ടിന് ടിക്കറ്റെടുത്തു. അഞ്ച് മണിക്കൂർ കായൽ പരപ്പിലൂടെയുള്ള മനോഹരമായ യാത്രയാണ് കെ.ടി.ഡി.സി ഓഫർ ചെയ്യുന്നത്. 12 മണിക്ക് ബോട്ടിൽ കയറിയാൽ വൈകുന്നേരം അഞ്ചു മണിവരെ ശീതീകരിച്ച സർക്കാർ ഉല്ലാസ ബോട്ടിൽ ആലപ്പുഴയെ അനുഭവിക്കാം. അങ്ങനെ കൃത്യസമയത്ത് തന്നെ ബോട്ട് യാത്ര ആരംഭിച്ചു. മലയാളികൾ എന്ന് പറയാൻ ബോട്ടിൽ ആരുമില്ലെന്ന് ഒറ്റ നോട്ടത്തിൽ തന്നെ തിരിച്ചറിയാമായിരുന്നു. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളിലുളളവരും കുറച്ച് ഉത്തരേന്ത്യക്കാരുമാണ് ബോട്ടിലുള്ളത് എന്ന് അവരുടെ സംസാരത്തിലൂടെ മനസ്സിലായി. പൊതുവെ സംസാരപ്രിയനായ ഞാൻ എല്ലാവരെയും പരിചയപ്പെടാനുള്ള വെപ്രാളത്തിലായിരുന്നു. പരിചയപ്പെട്ടവരെല്ലാം നന്നായി സംസാരിക്കുന്നവർ. അല്ലെങ്കിലും യാത്രികരെല്ലാം നല്ല സംസാരപ്രിയരും കൂടുതൽ ബന്ധങ്ങൾ ഉണ്ടാക്കാൻ തൽപര്യക്കാരുമാകുമല്ലോ. എല്ലാവരോടും പരിചയപ്പെട്ടും ഫോട്ടോ, വീഡിയോ എല്ലാം പകർത്തിയും എന്റെ യാത്രയിലെ സ്ഥിരം കലാപരിപാടികളുമായി മുന്നോട്ടുപോകുന്നതിനിടെയാണ് ഒരു സ്ത്രീ അങ്ങോട്ട് വന്നത്. സാരിയായിരുന്നു വേശം. ഒറ്റനോട്ടത്തിൽ കണ്ടാൽ മലയാളിയെ പോലെ തന്നെ. പ്രായം ഒരു അൻപത് കഴിഞ്ഞിട്ടുണ്ടാകുമെന്ന് മുഖം പറയും. അങ്ങനെ എല്ലാവരോടും പരിചയപ്പെട്ട് ഇടക്കൊന്ന് വെറുതെ ഇരുന്ന സമയത്ത് ആ സ്ത്രീ എന്റെ അടുത്തുവന്നിരുന്നു. 'എവിടെയാണ് സ്ഥലം'. ഹിന്ദിയിലായിരുന്നു ചോദ്യം. മലപ്പുറം എന്ന് പറഞ്ഞാൽ മനസിലായില്ലെങ്കിലോ എന്ന് കരുതി കാലിക്കറ്റ് എന്നാണ് ഉത്തരം നൽകിയത്. അങ്ങനെയാണ് അവർ കൂടുതൽ സംസാരിക്കാൻ വരുന്നത്. ഗുജറാത്ത് വഡോദര സ്വദേശിനി പാർവീൻ ബീഗം റിട്ടയേർഡ് അധ്യാപികയാണ്. ഒരേ മേഖലയിൽ നിന്നുള്ളവർ ആയത് കൊണ്ടു തന്നെ സംസാരിക്കാൻ കൂടുതൽ താൽപര്യം ആയി. അങ്ങനെ കൂടുതൽ അടുത്തു. ഞങ്ങൾ ഒരുമിച്ച് ഫോട്ടോയെടുത്തു. ഇതിനിടയിൽ പെട്ടന്നുള്ള അവരുടെ ആ ചോദ്യം എന്നെ അത്ഭുതപ്പെടുത്തി. മലപ്പുറം അറിയാമോ എന്നതായിരുന്നു ആ ചോദ്യം. ആദ്യം ഒന്ന് അമ്പരെന്നെങ്കിലും ഞാൻ മലപ്പുറത്തുനിന്നാണ് എന്ന് പറഞ്ഞതോടെ അവരുടെ മുഖത്ത് എന്തോ തെളിച്ചം ഞാൻ കണ്ടു. എന്റെ ആകാംശ കൂടി കൂടി വന്നു. എന്താണ് മലപ്പുറവുമായി ബന്ധം എന്ന് ചോദിച്ചതോടെയാണ് സംഭവ ബഹുലമായ ആ കഥയുടെ ചുരുളഴിയുന്നത്. പിന്നീട് ഞാനും അതിലൊരു കഥാപാത്രമായി മാറുകയായിരുന്നു.

## ഗുജറാത്ത്-ഡൽഹി-മലപ്പുറം

മലപ്പുറത്തുകാരനാണ് എന്നറിഞ്ഞതോടെ അവർ കാര്യങ്ങൾ ഒരോന്നായി പറയാൻ തുടങ്ങി. അവരുടെ കാർ രണ്ടു വർഷം മുമ്പേ ഗുജറാത്തിൽ നിന്നും മോഷണം പോയി. ടയോട്ട ഫോർച്ച്യൂണർ കാറാണ് മോഷണം പോയത്. അത് ഇപ്പോൾ നിങ്ങളുടെ നാട്ടിലുണ്ടെന്നും അവർ പറഞ്ഞു. അവർ എന്താണ് പറയുന്നതെന്ന് മനസിലാകാതെ ഞാൻ കുടുതൽ കാര്യങ്ങൾ ചോദിച്ചറിഞ്ഞപ്പോഴാണ് കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നത്. അവരുടെ മോഷണം പോയ കാറിന് എ.ഐ ക്യാമറയിൽ നിന്നും ലഭിച്ചൊരു ഫൈൻ അവരുടെ മൊബൈലിലേക്ക് വന്നിട്ടുണ്ടെന്നും ക്യമാറയുടെ ലൊക്കേഷൻ മലപ്പുറമാണ് കാണിക്കുന്നതെന്നും പറഞ്ഞതോടെ എനിക്കും ആകാംക്ഷ കൂടി. കാര്യങ്ങളെല്ലാം ചോദിച്ചതോടെ ചലാൻ അടച്ചതും വണ്ടിയുടെ ഫോട്ടോയും മറ്റുമെല്ലാം അവർ എനിക്ക് കാണിച്ചു തന്നു. ആർ.സിയും രേഖകളും കാണിച്ചു. ഇതൊന്ന് കണ്ടെത്തിതരാൻ സഹായം ചെയ്യാമോ എന്നായി അവരുടെ അടുത്ത അഭ്യർത്ഥന. ഗുജറാത്ത് പൊലീസിലൊക്കെ പരാതി നൽകിയെങ്കിലും ഫലമൊന്നുമില്ലെന്നും അവർ നിസഹായതോടെ പറയുന്നു. നിങ്ങൾ വിഷമിക്കാതിരിക്കൂ നമ്മുക്ക് നോക്കാമെന്ന് ഞാനും സമാധാനിപ്പിച്ചു. കാസർകോട് മുതൽ കൊല്ലം വരെ വിവിധ പൊലീസ് സ്റ്റേഷനുകളിൽ വന്ന ഫൈനുകൾ അതിലുണ്ടായിരുന്നു. എവിടെ പോയി ആരെ തപ്പും എന്നതായി ചിന്ത. എന്നാൽ അവരെ സഹായിക്കണമെന്നും എനിക്ക് അതിയായ അഗ്രഹം ഉണ്ടായിരുന്നു. ഗുജറാത്തിൽ നിന്നും ഡൽഹി വഴി മലപ്പുറത്ത് എത്തിയ ഒരു കാർ റോബറിയുടെ കഥയാണ് ഇവിടെ ചുരുളഴിയാൻ പോകുന്നതെന്ന് ചിന്ത എന്നിൽ ത്രില്ലടിപ്പിച്ചു.



സമീർ ബാബു പാർവീൻ ബീഗത്തിനൊപ്പം




## ഇൻവെസ്റ്റിഗേഷൻ സ്റ്റാർട്ടഡ്

എങ്ങനെ ആളെ കണ്ടെത്തും എന്ന് തലപുകഞ്ഞ് ആലോചിക്കുന്നതിനെയാണ് ഇവരുടെ സഹോദരിയുടെ മകൻ ഈ വണ്ടിയിൽ പുതുതായി ഫാസ്റ്റ്ടാഗ് ചെയ്ത കോട്ടക്കലിലുള്ള ഷാജഹാന്റെ ആളുടെ വിവരങ്ങൾ കൈമാറുന്നത്. ഇതായിരുന്നു ആദ്യ തുമ്പ്. ആളുടെ മൊബൈൽ നമ്പറും കിട്ടി. വാഹനം ആരുടെ കയ്യിലാണ് എന്നറിയില്ലെങ്കിലും ഫാസ്റ്റ്ടാഗ് ഇയാളുടെ പേരിലാണ് ചെയ്തിരിക്കുന്നത് എന്ന് മനസിലായി. അങ്ങനെ ഈ വിഷയം എന്റെ അടുത്ത ചില സുഹൃത്തുക്കളുമായി പങ്കുവച്ചു. കിട്ടിയ പേരു വിവരവും വീട്ടുപേരും വെച്ചിട്ടുള്ള ചെറിയൊരു അന്വേഷണം. ഇതിലേക്ക് ആദ്യ സഹായം കിട്ടിയത് സുഹൃത്തും അധ്യാപകനുമായ മുഹമ്മദ് അസ്ലമിൽ നിന്നായിരുന്നു. അദ്ദേഹത്തിന്റെ സ്കൂളിലെ പി.ടി.എ പ്രസിഡന്റിന്റെ വീട്ട് പേരും ഫാസ്റ്റ്ടാഗ് ചെയ്ത ആളുടെ വീട്ട് പേരും ഒന്നാണ്. ആ വഴിക്ക് ഒരു അന്വേഷണം എന്നതായിരുന്നു ആദ്യ ചുവട്. തിരൂർ ആർ.ടി.ഓഫിലെ പരിചയംവച്ച് ഇതേ സുഹൃത്തിന്റെ അന്വേഷണത്തിൽ ഇയാളുടെ പേരിൽ തിരൂർ ആർ.ടി.ഒക്ക് കീഴിൽ മറ്റൊരു വാഹനം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് മനസിലായി. കോട്ടക്കൽ ഭാഗത്തുള്ളയാളാണ് ഇയാൾ എന്ന് മനസിലായതോടെ സുഹൃത്തുക്കളും അധ്യാപകരും സ്കൂളിലെ പൂർവ വിദ്യാർഥി വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെയെല്ലാം രഹസ്യമായി ഇയാളെ തപ്പി. അങ്ങനെ കണ്ടെത്തിയ ഷാജഹാനാവട്ടെ ഇയാളായിരുന്നില്ല. പക്ഷെ ഞങ്ങൾ പ്രതീക്ഷ കൈവിട്ടില്ല. ഒടുവിൽ ഇതേ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി തന്നെ യഥാർത്ഥ ഷാജഹാന്റെ വിവരങ്ങൾ കിട്ടി. തിരൂരങ്ങാടി പൊലീസ് സ്റ്റേഷന് പരിധിയിലുള്ളയാളാണെന്നും പിടികിട്ടി. ഇത്രയുമെല്ലാം ആലപ്പുഴയിൽ ഇരുന്ന് തന്നെയാണ് ചെയ്തത്. ഇതോടെ ആത്മവിശ്വാസമായി. വ്യാഴാഴ്ച നാട്ടിലെത്തി. യാത്രയിലുടനീളം ഇതുമായി ബന്ധപ്പെട്ട കൂടുതൽ അന്വേഷണങ്ങളിലായിരുന്നു. ഇതോടെ അവരോട് ഷൊർണൂരിലേക്ക് ട്രെയിൻ കയറാൻ പറഞ്ഞ് ഞാനും ഷൊർണൂരിലിറങ്ങി. അങ്ങാടിപ്പുറത്തേക്ക് ട്രെയിനിൽ കയറിയ ഞാൻ അവർക്ക് പെരിന്തൽമണ്ണ പി.ഡബ്ല്യു.ഡി ഗസ്റ്റ് ഹൗസിൽ താമസ സൗകര്യം ഏർപ്പാടാക്കി ഞാൻ വീട്ടിലേക്ക് തിരിച്ചു.

## തിരൂരങ്ങാടി പൊലീസിലേക്ക്

വെള്ളിയാഴ്ച രാവിലെ തിരൂരങ്ങാടി പൊലീസ് സ്റ്റേഷനിൽ ഞങ്ങളെത്തി. ഗുജറാത്തിൽ എഫ്.ഐ.ആർ ഇട്ടൊരു കേസ് ആയതിനാൽ അവിടന്നുള്ള പേപ്പറുകൾ വന്നാൽ മാത്രമേ ഞങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്നായി പൊലീസ്. എന്നാൽ ഗുജറാത്ത് പൊലീസ് മാസങ്ങളായി പരാതി നൽകിയിട്ടും മോഷണ കേസിൽ എഫ്.ഐ.ആർ ഇടാൻ തയാറായിരുന്നില്ല. പിന്നെ ഇവിടന്ന് സമ്മർദം ശക്തമായതോടെയാണ് വാഡോദര പൊലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തതും എഫ്.ഐ.ആർ കോപ്പി അയക്കുന്നതും. ഞങ്ങളുടെ നിസഹായാവസ്ഥ എല്ലാം വിവരിച്ചതോടെ സ്റ്റേഷൻ ഓഫീസർ ഞങ്ങൾക്കൊരു പൊലീസുകാരനെ വിട്ടുതന്നു. ഇതിനിടയിൽ ഗുജറാത്തിൽ നിന്ന് മെയിൽ വന്നു. ഞങ്ങൾക്കായി തന്ന പൊലീസുകാരനും വൈകുന്നേരത്തോടെ സ്റ്റേഷനിലെത്തി. അങ്ങനെ പൊലീസുകാരൻ ഷാജഹാന്റെ വീട്ടിലെത്തി കാര്യങ്ങൾ അന്വേഷിച്ചപ്പോൾ അയാൾ വാഹനം വാടകക്ക് എടുത്തതായിരുന്നുവെന്നും ആൾ ഇപ്പോൾ ഗൾഫിലാണെന്നുമാണ് വിവരം കിട്ടിയത്. സുൽഫിക്കർ എന്നയാളുടെ അടുത്തു നിന്നാണ് വാഹനം വാടകക്ക് എടുത്തതെന്ന് മനസിലായതോടെ പൊലീസ് സുൽഫിക്കറിനെ വിളിച്ചു. കാര്യമായ ഒന്നും സംഭവിച്ചില്ല. വെള്ളിയും കഴിഞ്ഞു ശനിയാഴ്ചയും.. ഞായറാഴ്ച കാർ സ്റ്റേഷനിലെത്തുമെന്ന് പൊലീസ് ഞങ്ങൾക്ക് ഉറപ്പുനൽകി. അങ്ങനെ ഞായറാഴ്ച വൈകുന്നേരം സുൽഫിക്കർ സ്റ്റേഷനിൽ എത്തി. നൗഷാദ് എന്ന് സുഹൃത്തിൽ നിന്നാണ് വാഹനം വാടകക്ക് എടുത്തതെന്നാണ് ഇവർ പൊലീസിനോട് പറഞ്ഞത്. യു.പിയിൽ നിന്ന് വണ്ടി പൈസ കൊടുത്ത് വാങ്ങിയതാണെന്നും ഇതിന് തെളിവായി ഫോട്ടോസും അവർ ഞങ്ങളെയും പൊലീസിനെയും കാണിച്ചു. അപ്പോഴും വണ്ടി സ്റ്റേഷനിൽ എത്തിയിട്ടില്ല. ഇത് ഇടക്കിടക്ക് പോലീസുകാരെ ഓർമിപ്പിച്ചെങ്കിലും അവർ ഒന്നും തന്നെ മറുപടി നൽകിയില്ല.

## ഗുജറാത്ത് പൊലീസിന്റെ എൻട്രി

ഇവിടെ നിന്നാൽ കൂടുതൽ ഒന്നും തന്നെ നടക്കില്ലെന്ന് ബോധ്യപ്പെട്ടതോടെ ഞാൻ ടീച്ചറോട് ഗുജറാത്ത് പൊലീസിനെ ബന്ധപ്പെട്ട് ഇവിടെ വന്ന് കാര്യങ്ങൾ അന്വേഷിക്കാനുള്ള നടപടികൾ ചെയ്തുകൂടെ എന്ന് ചോദിച്ചു. ഇങ്ങനെ ഇവർ തിരിച്ച് ഗുജറാത്തിലേക്ക് മടങ്ങി. തിരഞ്ഞെടുപ്പ് തിരക്കായതിനാൽ മെയ് കഴിഞ്ഞ് ജൂണിലാണ് ഗുജറാത്ത് പൊലീസിനെയും കൊണ്ട് അവർ പിന്നെ തിരൂരങ്ങായിൽ മടങ്ങി എത്തുന്നത്. എന്നാൽ ഗുജറാത്തിൽ നിന്ന് പോലീസ് ഉദ്യോഗസ്ഥർ എത്തിയെങ്കിലും കാര്യങ്ങൾ മുന്നോട്ടുനീങ്ങിയില്ല. ഇതോടെ ഗുജറാത്ത് പൊലീസ് തിരൂരങ്ങാടി പൊലീസ് സഹകരിക്കുന്നില്ലെന്ന് കാണിച്ച് ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകി. എസ്.പി ഓഫീസിൽ നിന്നും തിരൂരങ്ങാടി സ്റ്റേഷനിലേക്ക് വിളി വന്നു. ഇതോടെ പൊലീസുകാരും ഉഷാറായി. ഇതുമായി ബന്ധപ്പെട്ട കേസിനായി ഗുജറാത്ത് വഡോദരയിൽ വരേണ്ടി വരുമെന്നും കേസിൽ കുടുങ്ങിയാൽ ഒരു എയർപോർട്ട് വഴിയും നിങ്ങൾക്ക് പുറത്തുപോകാനാകില്ലെന്നുമെല്ലാം ഗുജറാത്ത് പൊലീസ് സംഘത്തോട് പറഞ്ഞതോടെ ഇവർ ഭയപ്പെട്ടു. ആർ.സി ഓണറുടെ സമ്മതമില്ലാതെ വണ്ടി പേരിലേക്ക് മാറ്റാനാവില്ലെന്ന് തിരിച്ചറിഞ്ഞതോടെ വണ്ടി വെച്ചിരുന്നിട്ട കാര്യമില്ലെന്ന് അവർക്ക് തന്നെ മനസിലായി കാണണം.

## എട്ടു ലക്ഷത്തിന്റെ പൊല്ലാപ്പ്

നൗഷാദ് രണ്ടുവർഷം മുമ്പേ എട്ടു ലക്ഷം രൂപകൊടുത്ത് ഏജന്റ് മുഖേനെ വാങ്ങിയതായിരുന്നു വണ്ടി. കള്ള പേപ്പറുകളും മറ്റും കാണിച്ചാണ് ഏജന്റുമാൻ ഇവരെ പറ്റിച്ചത്. രേഖകൾ കൃത്യമായി പരിശോധിക്കാതിരുന്നത് കാരണം പണം മാത്രമല്ല ചീത്തപ്പേരും കൂടിയാണ് ബാക്കിയായത്. മോഷണ വണ്ടികൾക്ക് കള്ള പേപ്പറുകൾ ഉണ്ടാക്കി ഡൽഹി കേന്ദ്രീകരിച്ച് ആളുകളെ പറ്റിക്കുന്ന വലിയ റാക്കറ്റ് തന്നെ പ്രവർത്തിക്കുന്നുണ്ട്. നിരവധിയാളുകളാണ് ഇവരുടെ ചതികുഴിയിൽ വീഴുന്നത്. വാഹനം വിലകുറച്ച് കിട്ടുന്നത് കാരണം രേഖകളൊന്നും തന്നനെ നോക്കാതെ എടുത്തുപോരുന്നവരാണ് ഇത്തരം പൊല്ലാപ്പിൽ പെടുന്നത്. വണ്ടി രണ്ടു ദിവസം കൊണ്ടുതന്നെ ഇവർ സ്റ്റേഷനിൽ ഹാജരാക്കും. കേസ് രേഖകൾ ശരിയാകുന്ന മുറക്ക് വാഹനം ലഭിക്കും. റോഡ് മാർഗം ഇവർ വഡോദരയിലേക്ക് കൊണ്ടുപോകും. ആലപ്പുഴയിലേക്ക് യാത്രക്കിറങ്ങിയ ഒരു അധ്യാപകന്റെ ധീരമായ ഇടപെടലാണ് മോഷണം പോയ വാഹനം തിരിച്ചുകിട്ടുന്നതിന് കാരണമായത്. മാത്രമല്ല, ഇതര സംസ്ഥാനങ്ങളിൽ നിന്നും ഉപയോഗിച്ച വാഹനങ്ങൾ എടുക്കുന്നവർക്കുള്ള വലിയ പാഠം കൂടിയാണ് ഈ സംഭവം. ■

# എ.ഐ വിപ്ലവം

## അവസരങ്ങളും വെല്ലുവിളികളും

മുഹമ്മദ് ഹദിക്
കൈപ്പമംഗലം


ആധുനിക ലോകം വളരെ വേഗത്തിൽ പരിവർത്തനം ചെയ്യപ്പെടുകയാണ്. ഈ മാറ്റത്തിന്റെ മുൻനിരയിൽ നിൽക്കുന്നത് നിർമിത ബുദ്ധി അഥവാ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്-എ.ഐ) എന്ന വിപ്ലവകരമായ സാങ്കേതിക വിദ്യയാണ്. ഇന്ന് നമ്മുടെ ചുറ്റുപാടുകളിൽ എല്ലായിടത്തും എ.ഐയുടെ സ്വാധീനം കാണാം. സ്മാർട്ട് ഫോണുകളും വെർച്വൽ അസിസ്റ്റന്റുകളും മുതൽ വിദ്യാ ്യാസ രീതികളിൽ വരെ എ.ഐയുടെ കടന്നുവരവുണ്ടായിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ യുവജനങ്ങളുടെ ജീവിതത്തെ എ.ഐ എത്രത്തോളം സ്വാധീനിക്കുന്നു എന്ന് നാം ചിന്തിക്കേണ്ടതുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് യുവജനങ്ങൾക്ക് വളരെയധികം അവസരങ്ങൾ നൽകുന്നു. പഠനത്തിലും ഗവേഷണത്തിലും എ.ഐ ഉപകാരപ്പെടുന്നു.വിഷയങ്ങൾ പഠിക്കാനും ഗൃഹപാഠങ്ങൾ പൂർത്തിയാക്കാനും വിവരങ്ങൾ അന്വേഷിക്കാനുമെല്ലാം വിദ്യാർഥികളെ സഹായിക്കുന്ന വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നിലവിലുണ്ട്. മാത്രമല്ല, ക്ലാസ് മുറികളിൽ പോലും അധ്യാപന സഹായികളായി നിർമിത ബുദ്ധി ഉപയോഗിക്കപ്പെടുന്നു. ഇത് അധ്യാപകർക്ക് കൂടുതൽ വ്യക്തിഗതമായ ശ്രദ്ധ വിദ്യാർത്ഥികൾക്ക് നൽകാൻ സഹായിക്കുന്നു.

സർഗാത്മകതയുടെയും കണ്ടുപിടിത്തത്തിന്റെയും മേഖലയിലും എ.ഐ യുവജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നു. ഉദാഹരണത്തിന്, സംഗീത രചനയിലും ചിത്രരചനയിലും വരെ എ.ഐ ഉപയോഗപ്പെടുന്നു. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് യുവജനങ്ങൾക്ക് പുതിയ കാര്യങ്ങൾ പരീക്ഷിക്കാനും അവരുടെ കഴിവുകൾ വികസിപ്പിക്കാനുമുള്ള അവസരം ല ിക്കുന്നു. അതിന് ഏറ്റവും വലിയ ഉദാഹരണങ്ങളിൽ ഒന്നാണ് മെറ്റ ഈയിടെ പുറത്തിറക്കിയ മെറ്റ എ.ഐ. മെറ്റയുടെ വാട്സാപ്, ഫെയ്സ്ബുക്ക്,ഇൻസ്റ്റഗ്രാം തുടങ്ങിയ എല്ലാ ആപ്പുകളിലും മെറ്റ എ.ഐ വന്നു കഴിഞ്ഞു. മറ്റു ഒരുപാട് എ.ഐ പോർട്ടുകൾ ഇന്ന് നിലവിലുണ്ട്. ഓപൺ എ.ഐ പുറത്തിറക്കിയ ചാറ്റ് ജിപിടി, ഗൂഗിളിന്റെ ജെമിനി എ.ഐ ഇവയെല്ലാം അതിൽ പെട്ടതാണ്.

ഇതെല്ലാം യുവതലമുറയെ വലിയ തോതിൽ സ്വാധീനിക്കുന്നതാണ്. ാവിയിൽ അധികം വൈകാതെ മനുഷ്യന്റെ തലച്ചോറിൽ ഘടിപ്പിക്കാൻ സാധിക്കുന്ന എ.ഐ ബ്രെയിൻ ചിപ്പ് നിലവിൽ വരുമെന്നും അതിന്റെ പരീക്ഷണം വിജയകരമായി പൂർത്തീകരിച്ചെന്നും സ്പെയ്സ് എക്സ്, ടെസ്‌ല എന്നീ കമ്പനികളുടെ ഉടമസ്ഥനായ ഇലോൺ മസ്ക് പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നെല്ലാം ഇനി വരാനിരിക്കുന്നത് പൂർണമായും എ.ഐ അടിസ്ഥാനപ്പെടുത്തിയ കാലഘട്ടമാണെന്നതിൽ ഒരു തർക്കവുമില്ല.

സാധാരണക്കാരായ യുവാക്കളെ ആശങ്കപ്പെടുത്തുന്ന ചില ഘടകങ്ങളും ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ടുണ്ട്. എ.ഐ തങ്ങളുടെ ജോലിയെ എങ്ങനെയാവും ബാധിക്കുക എന്നതാണ് കൂടുതൽ യുവാക്കളുടെയും പ്രധാന ആശങ്ക. ഈ മേഖലയിൽ കൂടുതൽ നടപടിക്രമങ്ങൾ രൂപപ്പെടുത്തിയെടുക്കേണ്ടതിന്റെയും ഇവ സ്വീകരിക്കാൻ ജനങ്ങൾ തയാറാണെന്ന് ഉറപ്പാക്കേണ്ടതിന്റെയും പ്രാധാന്യം കൂടിയാണ് ഇതു സൂചിപ്പിക്കുന്നത്.




എ.ഐ കടന്നുവരുന്നതു മനുഷ്യർക്കു ജോലി ചെയ്യാനുള്ള അവസരങ്ങൾ ഇല്ലാതാക്കുമെന്നാണ് ഈ മേഖലയിലെ ഏറ്റവും വലിയ വിമർശം. എന്നാൽ, ഇതുമായി ബന്ധപ്പെട്ട യഥാർഥ വസ്തുതകൾ എന്താണെന്നാൽ എ.ഐ ഗവേഷണ,വികസന മേഖലയിൽ നിന്നു മുന്നേറി യഥാർഥ ബിസിനസിലേക്കു കടന്നു വരുമ്പോൾ കാണുന്നതു വ്യത്യസ്തമായ കാഴ്ചയാണ്. പുതുതലമുറ മാതൃകകൾ വികസിപ്പിച്ചു മാനവ വി വശേഷി കൂടുതൽ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുക എന്നതാണു പല ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗങ്ങളിലും നമുക്കു കാണാനാവുന്നത്.

അതിനാൽ, നിർമിത ബുദ്ധിയെ ഒരു ഉപകരണമായി കണ്ട് അതിനെ കാര്യക്ഷമമായി ഉപയോഗിക്കാനുള്ള പരിശീലനം യുവജനങ്ങൾക്ക് ആവശ്യമാണ്. എ.ഐ ഒരു മാർഗദർശകനായി യുവതയെ നയിക്കുമ്പോൾ, അവർ ഈ സാങ്കേതിക വിദ്യയെ കൂടുതൽ പ്രയോജനപ്പെടുത്തുന്നു. 21ാം നൂറ്റാണ്ടിലെ പരിവർത്തനത്തിന്റെ ഹൃദയ ാഗത്ത് നിന്നാണ് യുവതയും എ.ഐയും പരസ്പര ആശയവിനിമയം നടത്തുന്നത്. ഇത്തരമൊരു സാങ്കേതിക, സൃഷ്ടിനിർമാണ തന്ത്രം പുതുതലമുറയെ കൂടുതൽ പ്രതീക്ഷയോടെ മുന്നോട്ടു നയിക്കുന്നു. അതുകൊണ്ടുതന്നെ എ.ഐയെ കുറിച്ച് യുവജനങ്ങൾക്ക് അവബോധം നൽകേണ്ടതും പ്രധാനമാണ്. എ.ഐ എങ്ങനെ പ്രവർത്തിക്കുന്നു, അതിന്റെ ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണ് എന്നിങ്ങനെയുള്ള കാര്യങ്ങൾ പഠിക്കാൻ അവർക്ക് അവസരങ്ങൾ നൽകണം. ഇത് എ.ഐയുടെ ഉത്തരവാദിത്തപ്പെട്ട ഉപയോഗത്തിന് വഴിയൊരുക്കും.

പക്ഷെ,നിർ ാഗ്യവശാൽ, നമ്മുടെ രാജ്യത്ത് വിവിധ സ്കൂളുകളും കോളജുകളും പിന്തുടരുന്നത് വിവിധ സിലബസുകളാണ്. സി.ബി.എസ്.ഇ സിലബസുകളിൽ എ.ഐ ഇന്ന് പാഠ്യവിഷയമാണ്. ഇത് എ.ഐ സാക്ഷരതയിൽ രാജ്യം നേടിയ പുരോഗതിയല്ല അടയാളപ്പെടുത്തുന്നത്. മെട്രോ നഗരങ്ങളായ ഡൽഹി,മുംബൈ പോലെയുള്ള സ്ഥലങ്ങളിൽ ഏഴ്,എട്ട് ക്ലാസുകളിലെ കുട്ടികൾ എ.ഐ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുമ്പോൾ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ അവസ്ഥ മറ്റൊന്നാണ്. രാജ്യത്തെ ഏറ്റവും മുൻനിര സ്ഥാപനങ്ങൾ മാറ്റി നിർത്തിയാൽ താഴേ തട്ടിലേക്ക് വരുംതോറും എ.ഐ സാക്ഷരത തികച്ചും ശൂന്യമാണ്. കേരളത്തിലെ പല പ്രമുഖ കോളജുകളിലെ വിദ്യാർഥികൾക്കും ചാറ്റ് ജി.പി.ടി. എന്തെന്നു പോലും അറിയില്ല എന്നതാണ് വസ്തുത. ഇതിനെല്ലാം പുറമെ എ.ഐയുടെ കടന്നുവരവ് സമൂഹത്തിൽ ചില വെല്ലുവിളികളും ഉയർത്തുന്നു. ഉദാഹരണത്തിന്, എ.ഐയിൽ അമിതമായി ആശ്രയിക്കുന്നത് ചിന്താശേഷിയുടെയും വിമർശനാത്മക കഴിവുകളുടെയും വികാസത്തെ തടയാൻ ഇടയാക്കും. അതിലൂടെ അവർ മടിയന്മാരായിത്തീരുകയും ചെയ്യും. മാത്രമല്ല, എ.ഐ ഉപയോഗിച്ച് ഡീഫേക്കുകൾ സൃഷ്ടിക്കുക ഇന്ന് വളരെ എളുപ്പമുള്ള കാര്യമാണ്. ഇൻസ്റ്റഗ്രാമിൽ നരേന്ദ്രമോദിയുടെയും പിണറായി വിജയന്റെയും ശബ്ദത്തിൽ പാടുന്ന പാട്ടുകൾ ഇതിനോടകം തരംഗമായി കഴിഞ്ഞു. ഇത് നിർമിക്കുന്നതിനുള്ള എ.ഐയും ഇന്ന് വളരെ സുല മാണ്. എന്നാൽ ഇത് ഉയർത്തുന്ന വെല്ലുവിളികളെയും ഗൗരവത്തോടെ കാണേണ്ടതുണ്ട്. മുമ്പ് ഫോട്ടോഗ്രാഫുകൾ തെളിവുകളായി ഹാജരാക്കിയിരുന്നു. എന്നാൽ കുറച്ചു കാലം പിന്നിട്ടപ്പോൾ ഫോട്ടോകളിൽ കൃത്രിമത്വം കാണിക്കാമെന്ന സ്ഥിതി വന്നു. ഫോട്ടോഷോപ്പ് പോലെയുള്ള സോഫ്റ്റ്‌വെയറുകളെ കുറിച്ച് ആളുകൾ പഠിച്ചുതുടങ്ങി. പിന്നീട് വീഡിയോഗ്രാഫിയുടെ കാലമായപ്പോഴും ഇത് തന്നെ സം വിച്ചു. വീഡിയോകളും മോർഫ് ചെയ്യാൻ സാധിക്കുമെന്ന് മനസിലായി. ഡീഫേക്കുകൾ ഈ വെല്ലുവിളിയെ കൂടുതൽ സങ്കീർണമാക്കുകയാണ്. ൂരി ാഗം യുവാക്കളും അകപ്പെടുന്നതും ഇത്തരം ചതിക്കുഴികളിലാണ്.

ചുരുക്കത്തിൽ, യുവജനങ്ങളുടെ ജീവിതത്തിൽ എ.ഐ വലിയ പങ്ക് വഹിക്കാൻ പോവുകയാണ്. അവസരങ്ങളും വെല്ലുവിളികളും ഒരുപോലെ നേരിടുന്ന ഈ രംഗത്ത് വിവേകത്തോടെയും ഉത്തരവാദിത്തത്തോടെയും പ്രവർത്തിക്കേണ്ടത് വിജയത്തിന് നിർണായകമാണ്. ■